
# The MALAYALARAJYAM

ILLUSTRATED Weekly

3 AS.

29th June 1953.

മലയാളരാജ്യം



# സിനിമാപംക്തി

## രാമറാവു

★

രാജ്യംപിക്ചേഴ്സിന്റെ "വേലക്കരിമകൾ" എന്ന തമിഴ്ചിത്രത്തിൽ വണ്ടിക്കാരൻ അരുമുഖമായി അഭിനയിച്ചിരിക്കുന്ന എൻ. ടി. രാമറാവുവിനെ ആ ചിത്രം കണ്ടിട്ടുള്ളവർ വിസ്മരിക്കുന്നതിനു് ഇടയില്ല. ഒരു വണ്ടിക്കാരന്റെ ഭംഗം ഇതിൽ കവിഞ്ഞു് തന്മയത്വമായി മറ്റാരും നടനം അഭിനയിച്ചുകണ്ടിട്ടില്ല. യഥാർത്ഥത്തിൽ രാമറാവു ഒരു വണ്ടിക്കാരൻതന്നെയാണോ എന്നു് ആരും സംശയിച്ചുപോകും. അത്രയ്ക്കു് സ്വാഭാവികമായിട്ടുണ്ടു് ആ അഭിനയം. ഒരുപക്ഷെ രാമറാവു സിനിമാലോകത്തിൽ വലിയ ഒച്ചപ്പാടുണ്ടാക്കിയിട്ടില്ലാത്ത ഒരു നടനായിരിക്കും. പക്ഷെ പ്രസിദ്ധരായ പല നടന്മാർക്കും ലഭിച്ചിട്ടില്ലാത്ത നിരവധി വിശിഷ്ടഗുണങ്ങളുടെ നിറകുടമാണു് സുപ്രസിദ്ധനല്ലെങ്കിലും കുപ്രസിദ്ധി നേടിയിട്ടില്ലാത്ത ആ ആന്ധ്രദേശനടൻ. ഒരു ബ്യൂക്കിലോ, ചവർലറിലൊ സിഗാറുകടിച്ചു് സ്റ്റീയറിംഗുപിടിച്ചു് അങ്ങിനെ ഡംഭോടുകൂടി പോയാൽ മാത്രമെ അന്തസ്സും അഭിജാത്യവും വെളിപ്പെടുകയെള്ളുവെന്നാണു് പ്രമുഖരായ പല നടന്മാരും വിശ്വസിക്കുന്നതു്. സാധാരണ നടന്മാരിൽ കാണുന്ന ഔദ്ധത്യമൊന്നും രാമറാവുവിൽ ദർശിക്കുകസാധ്യമല്ല. മദ്രാസിനിമാനടന്മാർ സാധാരണക്കാരന്റെ ജീവിതത്തിൽനിന്നു് അന്തരിച്ചു അകന്നുപൊയ്ക്കൊണ്ടിരിക്കുമ്പോൾ സുശീലനായ രാമറാവു യാതനകൾനിറഞ്ഞ അവരുടെ ജീവിതരീതികളോടു് അടുത്തുപെരുമാറുകയാണു്. ഒരുപക്ഷെ ആ നടന്റെ ഏളിയ ജീവിതരീതിയായിരിക്കും അതിനെ ബഹളത്തിലൂടെ പുറത്തുകൊണ്ടുവരാതിരിക്കുന്നതും. പ്രശസ്തിക്കുവേണ്ടി കൃത്രിമോപാധിക്കളൊന്നും ആ നടൻ സ്വീകരിക്കാറുമില്ല. അഭ്യസ്തവിദ്യനും സംസ്കാരസമ്പന്നനുമാണു് എൻ. ടി. രാമറാവു.

1923-ജൂൺ പതിനഞ്ചാംതീയതി ആന്ധ്രദേശത്തു് കൃഷ്ണാജില്ലയിൽ രാമറാവു ജനിച്ചു. ലക്ഷ്മയ്യായാണു് രാമറാവുവിന്റെ പിതാവു്. ബ്രാഹ്മണനായിലാണു് രാമറാവു ചെറുപ്പകാലവും വിദ്യാഭ്യാസവും കഴിച്ചുകൂട്ടിയതു്. 1947-ൽ രാമറാവു ബി. എ. ബിരുദവുംനേടി. ഒരു വിദ്യാർത്ഥിയായിരുന്നപ്പോൾത്തന്നെ "നവജ്യോതി അമച്വേഴ്സ്" ആർട്ടസ്ക്ലബ്ബ്കാരുടെ നാടകങ്ങളിൽ രാമറാവുവും അഭിനയിക്കാറുണ്ടായിരുന്നു. ഒരിക്കൽ ഡയറക്ടർ പ്രസാദു്, രാമറാവുവിന്റെ ഒരു നാടകാഭിനയം കാണുന്നതിനു് ഇടയായി. അതോടുകൂടി താൻ നിർമ്മിക്കുന്ന ഒരു ചിത്രത്തിൽ രാമറാവുവിനെക്കൊണ്ടു് അഭിനയിപ്പിക്കുന്നതിനു് ഡയറക്ടർ പ്രസാദു് തീരുമാനിക്കുകയുംചെയ്തു.

ബിരുദധാരിയായിത്തീർന്ന രാമറാവു ശവമ്മെൻറിൽ ഒരു ഉദ്യോഗത്തിനു് അപേക്ഷസമർപ്പിച്ചു. ശവമ്മെൻറിൽനിന്നു് അദ്ദേഹത്തെ ആദ്യമായി ഒരു സബ്രജിസ്ട്രാറായി നിയമിക്കുകയുംചെയ്തു. പക്ഷെ ആധാരം രജിസ്റ്റർചെയ്യൽ ആ ജീവിതം പാഴാക്കണമെന്നുള്ള വിധി നിശ്ചയിച്ചതു്. രാമറാവു സബ്രജിസ്ട്രാരായിരിക്കുമ്പോൾ അപ്രതീക്ഷിതമായി ഒരുദിവസം ഒരു കത്തുകിട്ടി. ആ കത്തിൽ "വനദേശം" എന്ന ചിത്രത്തിൽ അഭിനയിക്കുന്നതിനു് ഉടനെ ചെന്നെത്തുന്നതിനു് ഡയറക്ടർ പ്രസാദു് ആവശ്യപ്പെട്ടിരുന്നു. ശാന്തമായ ആലോചനയ്ക്കുശേഷം രാമറാവു ഉദ്യോഗം രാജികൊടുത്തിട്ടു് ചലച്ചിത്രാഭിനയത്തിനു് ഉടനെ പുറപ്പെടുകയുംചെയ്തു. തന്റെ പ്രവൃത്തിയിൽ പിൽക്കാലത്തു് പശ്ചാത്തപിക്കേണ്ട സന്ദർഭവും ആ നടനു് ഉണ്ടായിട്ടില്ല. വനദേശത്തിൽ രാമറാവു വിജയകരമായി അഭിനയിച്ചു. തുടർന്നു് "വല്ലട്ടറിപില്ലൈ" "സംസാരം" "സംസ്കാർ" എന്നീ ചിത്രങ്ങളിൽ അഭിനയിക്കുന്നതിനു് രാമറാവുക്ഷണിക്കപ്പെട്ടു. ആ ചിത്രങ്ങളിലും രാമറാവു പ്രേക്ഷകലോകത്തെ നിരാശപ്പെടുത്തിയില്ല. അതിനുശേഷം വിജയപ്രൊഡക്ഷൻസിന്റെ "പാതാളഭൈരവി" എന്ന തമിഴ്ചിത്രത്തിലാണു് രാമറാവു പ്രത്യക്ഷപ്പെട്ടതു്. ആ ചിത്രത്തിലെ അഭിനയത്തോടുകൂടി രാമറാവുവിന്റെ പ്രസിദ്ധിയും വർദ്ധിച്ചു. "മല്ലീശ്വരി" എന്ന ചിത്രത്തിലും "കല്യാണംചെയ്യുപാർ" എന്ന ചിത്രത്തിലും രാമറാവു വിജയകരമായി അഭിനയിച്ചിട്ടുണ്ടു്. "കല്യാണംചെയ്യുപാർ" എന്ന ചിത്രം സാമ്പത്തികമായി വൻപിച്ച വിജയം നേടിയിട്ടുള്ള [ഒരു വിനോദപ്രധാനമായ ചിത്രമാണു്. പ്രസ്തുത ചിത്രത്തിന്റെ വിജയത്തിൽ രാമറാവുവും ഗണ്യമായി സഹായിച്ചിട്ടുണ്ടു്. രാജ്യംപിക്ചേഴ്സിന്റെ വേലക്കാരിമകളിലും രാമറാവുവിന്റെ അഭിനയം സ്തുത്യർഹമായിട്ടുണ്ടു്. കൃഷ്ണപിക്ചേഴ്സിന്റെ മരുമകളിലും രാമറാവു ഒരു പ്രധാനഭാഗം അഭിനയിച്ചിട്ടുണ്ടു്. രാമറാവു ഇപ്പോൾ വിജയപ്രൊഡക്ഷൻസിന്റെ "ചന്ദ്രഹാരം" ഭരണിപിക്ചേഴ്സിന്റെ "ചണ്ഡിറാണി" എ. വി. എം. കുമാരന്റെ "പെൺ" എന്നീ ചിത്രങ്ങളിൽ അഭിനയിച്ചുകൊണ്ടിരിക്കുകയാണു്. രാമറാവു ഇതുപര്യന്തം പ്രത്യക്ഷപ്പെട്ടിട്ടുള്ള ഒരു ചിത്രത്തിലും പരാജയപ്പെട്ടിട്ടില്ലെന്നുള്ളതു് ആ നടന്റെ ഒരു നേട്ടമായികരുതാവുന്നതാണു്. തമിഴിലേയും തെലുങ്കിലേയും അടുത്തറിഞ്ഞിട്ടുള്ളതും ഇറങ്ങുവാൻ പോകുന്നതുമായ പല പടങ്ങളിലേയും കഥാനായകസ്ഥാനം രാമറാവു കൈക്കലാക്കിയിരിക്കുന്നു. രാമറാവു ചലച്ചിത്രനടനാകുന്നതിനു് ഒരു വിശിഷ്ടമാതൃകതന്നെയാണു്. പ്രമാണിമാരായ നമ്മുടെ നടന്മാരും, ഭാവിനടിനടന്മാരും അദ്ദേഹത്തെ അനുകരിച്ചിരുന്നെങ്കിൽ!

★

ചലച്ചിത്രനിരൂപണം

## തരംഗ്

★

സ്നേഹിതന്മാരുടെ ആത്മാർത്ഥതയേയും ത്യാഗത്തേയും ചിത്രീകരിക്കുന്ന പല ചലച്ചിത്രങ്ങളും ഇതിനകം തിരശ്ശീലയിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ടു്. "ദോസ്ത്" "അൻമോൽഘടി" "ചർക്കാനീരാത്തു്" തുടങ്ങിയ ചിത്രങ്ങളുടെ പട്ടികയിൽപ്പെട്ടതാണു് സോഫർ ഫിലിംസിന്റെ തരംഗ്. കാരുണ്യം കോളും നിറഞ്ഞ ജീവിതസംഗരത്തിലെ തിരമാലകളും ഏതെല്ലാം വിധത്തിൽ ഉയർന്നു് എവിടെയെല്ലാം ചെന്നടിച്ചു് ചിന്നിച്ചിതറുമെന്നു് ഈ ചിത്രത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ടു്. തരംഗ് ഒരു പാർഥിക കഥയാണു്. വിഷാദം കാറ്റി, കത്തിക്കുത്തു് തുടങ്ങിയ സംഭ്രമജനകമായ സംഭവപരമ്പരയൊന്നുമില്ലെങ്കിലും പ്രേക്ഷകരെ രസിപ്പിക്കുന്നതിൽ വിജയിച്ചിട്ടുണ്ടു്. തത്വങ്ങളിലും ആദർശങ്ങളിലും ഭ്രമിച്ചു് ഭർതൃഗൃഹത്തിൽ അലസത പ്രകടിപ്പിക്കുന്ന അഭ്യസ്തവിദ്യയായ തരുണിക്കു സംഭവിക്കുവാൻ പോകുന്ന ജീവിതപരാജയങ്ങളാണു് തരംഗിൽ പ്രദർശിപ്പിച്ചിരിക്കുന്നതു്. സ്ത്രീ ഏതു നിലയിൽ ഉയർന്നവളാണെങ്കിലും ഭർത്താവിന്റെ അഭിലാഷങ്ങൾക്കും ആജ്ഞയ്ക്കും വിധേയമായി ജീവിച്ചാൽമാത്രമെ അവൾക്കു ദാമ്പത്യജീവിതത്തിൽ വിജയംവരിക്കുകയെള്ളുവെന്നാണു് ഈ ചിത്രംനൽകുന്ന തത്വം. പുരുഷനോടൊപ്പം ജീവിതത്തിന്റെ എല്ലാ തുറകളിലും സമത്വത്തിനും സ്വാതന്ത്ര്യത്തിനുംവേണ്ടി സമരംചെയ്യുകൊണ്ടിരിക്കുന്ന ഇന്നത്തെ വനിതാലോകത്തിനു് തരംഗിലെ ആശയം പിൻതിരിപ്പനായി തോന്നിയേക്കാം. അതു് സഹജവും സ്വാഭാവികവുമാണു്.

തരംഗിന്റെ കഥ വിചിത്രമായൊന്നാണു്. സാധാരണ ലോകത്തു് സംഭവിക്കാനിടയില്ലാത്ത ഒരു കഥ. ആത്മസുഹൃത്തുക്കളായ രാജും ഗോപാലും ഒരേദിവസം വിവാഹിതരാകുന്നു. അഭിഭാഷകനായ രാജു് ഒരു ലേഡീഡോക്ടറായ വർഷായേയാണു് വിവാഹംചെയ്തതു്. വർഷാകുടുംബത്തിന്റെ ആദേശ്യസംരക്ഷകയും ഗൃഹത്തിലെ അധിനായികയുമാണെന്നു വിശ്വസിച്ചു. ഗോപാലിന്റെ ഭാര്യ ഗോപിയാകട്ടെ ഭാരതീയ സംസ്കാരപ്രകാരമുള്ള ഒരു ആദർശഗൃഹനിതയും. കുടുംബനിഷ്ഠയും സ്ഥിരതയുമുള്ള വർഷാ അവളുടെ അചഞ്ചലമായ വിശ്വാസങ്ങൾക്കുവേണ്ടി എന്തും സഹിക്കുന്നതിനു് സന്നദ്ധയാണു്. അതുനിമിത്തം ശോഭനമായ വൈവാഹികജീവിതത്തിനാവശ്യമായ യാതൊരു വിട്ടുവീഴ്ചകൾക്കും അവൾ തയ്യാറായില്ല. അവളുടെ ഈ സ്വഭാവം ഒരു മനോഹരവും സന്തോഷദായകവുമായ കുടുംബജീവിതത്തെപ്പറ്റിയുള്ള രാജിന്റെ സങ്കല്പങ്ങളെ തകർത്തു. അടിക്കടി അയാളുടെ അഭിപ്രായങ്ങളെ വർഷാ അനാദരിച്ചുപോന്നതു് അയാളിൽ ഒരു ചിന്താക്ഷയപ്പാതന്നെ സൃഷ്ടിച്ചു. ഒടുവിൽ അവർ വിചിത്രമായ ഒരു ഒത്തുതീർപ്പിൽ എത്തിച്ചേർന്നു. ഓരോദിവസവും ഓരോരുത്തർ അധിനായകത്വം വഹിക്കണമെന്നു്. ഈ സംഭവവികാസങ്ങൾ ശാന്തജീവിതം നയിച്ചിരുന്ന ഗോപാലിന്റെയും ഗോപിയുടെയും ജീവിതത്തിലും ചില പ്രത്യാഘാതങ്ങളുണ്ടാക്കി. വർഷായെപ്പോലെ അവളും വീട്ടരിക്കണമെന്നു ശഠിച്ചു. ഗോപാലിന്റെ സന്തോഷമയമായ ജീവിതം അവതാളസമ്പന്നമായി. രാജിന്റെ സഹോദരി രേഖയുടെ വിവാഹത്തിനു് അയാൾ നിർലോഭം ധനംവ്യയംചെയ്തു. വ്യർത്ഥമായ ആഡംബരത്തെ വർഷാ എതിർത്തു. ഇതു രാജിനേയും വർഷായേയും

(ശേഷം 35-ാംപേജിൽ)

മലയാളരാജ്യം

# മലയാളരാജ്യം

## ആഴ്ചപ്പതിപ്പ് !

പുസ്തകം ൨൭ | കൊല്ലം ൧൧൫൨ മിഥുനം ൧൭ ഞായർ-തിങ്കളാഴ്ച | ലക്കം ൮൮൯


# ഡാ: ശ്യാമപ്രസാദ് മുക്കർജി



"രാജ്യത്തിനുവേണ്ടി പ്രശസ്തസേവനം നടത്തിയ ഉത്തമസന്താനം"

ജമ്മു-കാഷ്മീർ സ്റ്റേററിന്റെ തലസ്ഥാനമായ ശ്രീനഗറിൽ തടങ്കലിലായിരുന്ന ഡാക്ടർ ശ്യാമപ്രസാദ് മുക്കർജി ഹൃദ്രോഗംമൂലം ജൂൺ 22-23-വെള്ളപ്പിനു് പരലോകപ്രാപ്തനായെന്നുള്ള ഹൃദയഭേദകമായ വാർത്ത ഇന്ത്യയിലെ ജനങ്ങളെ ഒട്ടാകെ ഞെട്ടിപ്പിക്കുകയുണ്ടായി. 52-വയസ്സു് പ്രായമുള്ള ഡാ: മുക്കർജിയുടെ ജീവിതം സംഭവബഹുലമായ ഒരു ചരിത്രമാണു്. ഡാ: അല്ലാടി കൃഷ്ണസ്വാമിഅയ്യർ പ്രസ്താവിക്കുന്നതുപോലെ നമ്മുടെ ദേശീയചരിത്രത്തിന്റെ ഈ ഘട്ടത്തിൽ ഡാ: എസ്. പി. മുക്കർജിയുടെ നിര്യാണം രാജ്യത്തിനു് നികത്താനാവാത്ത ഒരു നഷ്ടംതന്നെ ആയിരിക്കുന്നു. ഇന്ത്യൻ സ്വാതന്ത്ര്യശില്പികളിൽ ഒരാളായ് ഡാ: മുക്കർജിയുടെ ചരമം രാജ്യത്തെ ഏറ്റവും ഒന്നാംകിടയിലുള്ള പ്രമുഖ പാർലമെന്ററി നേതാവിന്റെ വേർപാടുമായിരിക്കുന്നു.

ക്രൂട്ടതൽ പ്രായംതോന്നിക്കുമായിരുന്നെങ്കിലും ഡാ: ശ്യാമപ്രസാദുമുക്കർജിക്കു് 52 വയസ്സേ ഉണ്ടായിരുന്നുള്ളൂ. പരേതനായ സർ അശുതോഷ് മുക്കർജിയുടെ പുത്രനാണദ്ദേഹം. ഭവാനിപൂരിലുള്ള മിത്രാ ഇൻസ്റ്റിറ്റ്യൂഷൻ, കൽക്കട്ടായിലെ പ്രസിഡൻസികോളേജ്, ലണ്ടൻയൂണിവേഴ്സിററി എന്നീ സ്ഥാപനങ്ങളിലായി അദ്ദേഹം വിദ്യാഭ്യാസംനടത്തി. ഇന്നർടെംപിളിൽനിന്നു ബാരിസ്റ്ററായിരുന്ന അദ്ദേഹം കൽക്കട്ടായിൽ ഹൈക്കോടതിയിൽ ഏർപ്പെട്ടു. കൽക്കട്ടാ യൂണിവേഴ്സിററിയുമായുള്ള അദ്ദേഹത്തിന്റെ ബന്ധം എത്രയും ഹൃദ്യമായിരുന്നു. 1924-ൽ 24 വയസ്സുമാത്രം പ്രായമുള്ളപ്പോൾ അദ്ദേഹം ആ യൂണിവേഴ്സിററിയിലെ ഫെല്ലോ ആയി. 1934-ൽ 34 വയസ്സുമാത്രമുള്ളപ്പോൾ വൈസ്ചാൻസലറുമായി. 1938 വരെ അദ്ദേഹം ആ സ്ഥാനം വഹിച്ചു.

1929-ാമതുവർഷം അദ്ദേഹത്തിന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവുഘട്ടമാണു്. ആ വർഷത്തിലാണു് അദ്ദേഹം ബംഗാളിലെജിസ്ലേറ്റീവുകൗൺസിലിലേയ്ക്കു തെരഞ്ഞെടുക്കപ്പെട്ടതു്. എങ്കിലും കൗൺസ്സ് അംഗങ്ങളോടൊപ്പം അദ്ദേഹം തൽസ്ഥാനം രാജിവച്ചു. വീണ്ടും അദ്ദേഹം കൗൺസിലിലേയ്ക്കു തെരഞ്ഞെടുക്കപ്പെട്ടു. 1937 വരെ പ്രസ്തുതസ്ഥാനംവഹിച്ചു. കൽക്കട്ടാ യൂണിവേഴ്സിറ്റിയുടെ കാര്യത്തിൽ തൽക്കാലസമയം മിക്കതും ചെലവഴിക്കേണ്ടിവന്നിരുന്നുവെങ്കിലും 1941-42-ൽ അദ്ദേഹം ബംഗാൾ അസംബ്ലിയിൽ അംഗമായിരുന്നു. ഫസ്ലുൽഹക്കിന്റെ സങ്കലിതമന്ത്രിസഭയിൽ ഡാ: മുക്കർജി ധനം കൈകാര്യംചെയ്യുന്ന മന്ത്രിയായിരുന്നു. ആ മന്ത്രിസഭയുമായുള്ള അദ്ദേഹത്തിന്റെ ബന്ധം എത്രയും ഹൃദ്യമായിരുന്നു. അദ്ദേഹം രാജിവയ്ക്കുവാൻ നിർബ്ബന്ധിതനായി.

ഇന്ത്യൻ കൗൺസ്സംബ്ലിയിലേക്കും ഡാ. മുക്കർജി തെരഞ്ഞെടുക്കപ്പെട്ടു. ശ്രീ: ജവഹർലാൽനെഹ്രുവിന്റെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട ആദ്യമന്ത്രിസഭയിൽ ഡാ: മുക്കർജി അംഗമായിരുന്നു.

ഏതെങ്കിലും രാഷ്ട്രീയകക്ഷിയിൽ ദീർഘകാലം ഇരുന്നിട്ടില്ല. ഏറ്റവും കൂടുതൽകാലം ഏതെങ്കിലും കക്ഷിയോടു് അദ്ദേഹം ബന്ധപ്പെട്ടിരുന്നെങ്കിൽ, അതു ഹിന്ദുമഹാസഭയോടാണു്. ഏതാണ്ടുകാലം അദ്ദേഹം ഹിന്ദുമഹാസഭയുടെ പ്രസിഡൻറായിരുന്നു. ഒരു നിരോധനാജ്ഞയെലംഘിച്ചു യോഗം നടത്തിയെന്നതിനു് ഹിന്ദുമഹാസഭയുടെ ഭഗൽപൂർ സമ്മേളനത്തിൽവച്ചു് അദ്ദേഹം ഏതാണ്ടു ഹിന്ദുമഹാസഭാനേതാക്കളോടൊപ്പം അറസ്റ്റു് ചെയ്യപ്പെട്ടു. എന്നാൽ, മഹാത്മജിയുടെ വധം കേട്ടു ഞെട്ടിപ്പോയ അദ്ദേഹം ആ സംഘടനയിൽനിന്നു രാജിവയ്ക്കുകയും കൗൺഗ്രസ് പ്രതിജ്ഞാപത്രത്തിൽ ഒപ്പുവയ്ക്കുകയും ചെയ്തു. 1950-ൽ അദ്ദേഹം കൗൺഗ്രസ്സുപാർലമെൻററിപാർട്ടിയോടുള്ള ബന്ധം വിട്ടുത്തുകയും കേന്ദ്രമന്ത്രിസഭയിൽനിന്നു വിട്ടുപോരുകയും ചെയ്തു. നെഹ്രു—ലിയാക്കത്തു് കരാറിനെ പ്രതിഷേധിച്ചുണ്ടു് അദ്ദേഹം അങ്ങിനെ ചെയ്തതു്. പ്രസ്തുത കരാർ പൂർവ്വബംഗാളിലെ ഹിന്ദുക്കളുടെ തല്പര്യങ്ങളെ അപകടത്തിലാക്കുമെന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം.

പുതുതായി സംഘടിപ്പിക്കപ്പെട്ട ജനസംഘത്തിന്റെ പ്രസിഡൻറായതുമുതല്ക്കു പാകിസ്ഥാനോടു് ഉറച്ച ഒരു നിലകൈക്കൊള്ളണമെന്നു് അദ്ദേഹം നിരന്തരമായി വാദിച്ചു. ജമ്മുവും കാഷ്മീരും പൂർണ്ണമായി ഇന്ത്യയിൽ ലയിക്കണമെന്ന ആവശ്യപ്പെട്ടുകൊണ്ടു പ്രജാപരിഷത്തുപ്രക്ഷോഭണത്തിൽ നേരിട്ടു ഭാഗഭാക്കായതോടെ അദ്ദേഹം അധികാരസ്ഥാനങ്ങളുമായി സംഘട്ടനത്തിലേപ്പെട്ടു.

കഴിഞ്ഞ മാർച്ചുമാസത്തിൽ ഡെൽഹിയിൽവച്ചു് അദ്ദേഹത്തെ അറസ്റ്റു് ചെയ്യുകയുണ്ടായി. പക്ഷെ ഹേബിയസ് കാർപ്പസ് ഹർജിയെ അടിസ്ഥാനമാക്കി സുപ്രീംകോടതി നൽകിയ

**മുഖചിത്രം**

—o—

ഡാക്ടർ ശ്യാമപ്രസാദ് മുക്കർജി

# മതനിഷ്ഠയും ആത്മവികാസവും

## അവതമ്മിലുള്ള പൊരുത്തക്കേട്

— വി. കരുണാകരൻനായർ

മതസംബന്ധമായ ഒരു ദിനചര്യ ക്രമമായി അനുഷ്ഠിച്ചുപോരുന്ന ജനങ്ങളെയാണ് മതനിഷ്ഠയുള്ളവർ (Religious People) എന്ന് നാം പറയാറുള്ളത്. എന്നാൽ അനേകവർഷങ്ങളായി അങ്ങിനെ ഒരു ചട്ടത്തു മുടങ്ങാതെ നടത്തുന്നവരോട് "ഒരു പത്തുകൊല്ലത്തിനുള്ളിൽ നിങ്ങൾക്ക് ആധ്യാത്മികമായി എന്തു പുരോഗതി ഉണ്ടായി", എന്നു ചോദിച്ചാൽ, അധികം പേരിൽനിന്നും കിട്ടുന്ന സമാധാനം എന്തായിരിക്കും? ഒരു വിധിയെത്തുടർന്ന് അദ്ദേഹം വിമോചിതനായി. തൻറെപേരിലുള്ള കേസ് അവസാനിക്കുന്നതിനുമുമ്പ് കിടന്നതിനേക്കാൾ, വീണ്ടും ജയിലിൽ പോകുന്നതിനുള്ള ഒരു വിഫലശ്രമം അദ്ദേഹം നടത്തി. വ്യവസ്ഥകൾ നിർദ്ദേശിച്ചുകൊണ്ടു പ്രധാനമന്ത്രിയുമായി നടത്തിയ എഴുത്തുകുത്തുകളും പാർലമെൻറിലെ ചൂടുപിടിച്ച വാദപ്രതിവാദങ്ങളും കശ്മീർപ്രശ്നത്തിൽ അദ്ദേഹത്തിൻറെ നിലപാടിനെ തീവ്രതരമാക്കിത്തീർത്തു. ഇതിനു മുമ്പും പ്രധാനമന്ത്രി നെഹ്റുവും ഡോ: ശ്യാമപ്രസാദ് മുക്കർജിയും തമ്മിൽ വാദപ്രതിവാദങ്ങൾ നടന്നിട്ടുണ്ട്. എന്നാൽ അവയൊന്നും കാശ്മീരിനെ സംബന്ധിച്ചു നടന്ന വാദപ്രതിവാദങ്ങൾപോലെ ശുഷ്കവും തീവ്രവും ആയിരുന്നില്ല.

മേയ് 11-നു രാവിലെ പെർമിറ്റു കൂടാതെ ജമ്മു കാശ്മീർ സംസ്ഥാനത്തിൽ അദ്ദേഹം പ്രവേശിച്ചു. തൻറെ തീരുമാനം നേരത്തെ അറിയിച്ചുകൊണ്ടാണ് അദ്ദേഹം ആവിധം ചെയ്തത്. സംസ്ഥാനപോലീസ് അദ്ദേഹത്തെ അറസ്റ്റുചെയ്യുകയും തടങ്കലിൽ വയ്ക്കുന്നതിനായി ശ്രീനഗരിലേയ്ക്കു കൊണ്ടുപോകുകയും ചെയ്തു.

ഡോ: മുക്കർജിയുടെ രണ്ടു പുത്രന്മാരും രണ്ടു പുത്രിമാരും മൂന്നു സഹോദരന്മാരും വിധവയായ വൃദ്ധമാതാവും ജീവിച്ചിരിപ്പുണ്ട്. ജസ്റ്റീസ് രാമപ്രസാദമുക്കർജി അദ്ദേഹത്തിൻറെ സഹോദരനാണ്. അദ്ദേഹത്തിൻറെ ഭാര്യ ഇരുപതുവർഷത്തിനുമുമ്പു മരിച്ചുപോയി.

—o—

വാസ്തവം പറയാൻ മടിക്കാത്തവരാണെങ്കിൽ "ഒട്ടും മുന്നോട്ടു പോയിട്ടില്ല" എന്ന സമ്മതിക്കും. എങ്കിലും അവർക്ക് അതിലൊരു സുഖമുണ്ട്. തങ്ങളുടെ വിശ്വാസത്തിനനുസരിച്ചു ഒരു മാമൂൽ തെറ്റാതെ നടത്തിപ്പോന്നതിൽ അവർക്ക് ഒരു സംതൃപ്തിയുണ്ട്. അവർ അഭിമാനത്തോടുകൂടി പറയും "..... വർഷമായിട്ടു ഞാൻ ഈ ചിട്ട വിട്ടിട്ടില്ല" എന്ന്. അതവർക്കൊരു രക്ഷാകവചമാണ്; അതു മുടങ്ങിയാൽ ആപൽശങ്കയുണ്ട്. ആ ദിനകൃത്യം അവർക്കധീനമാണെന്നു പറയുന്നതിനേക്കാൾ അവർ അതിനധീനമാണെന്നു പറയുന്നതായിരിക്കും ശരി. സ്ഥായിയായിത്തീർന്ന അതിനെ മാറ്റി മറ്റൊന്നു പരീക്ഷിക്കുവാൻ അവർക്കു ധൈര്യമുണ്ടാവില്ല. എന്നാൽ ഇതിൽ അൽഭുതപ്പെടാനോ ആക്ഷേപിക്കുവാനോ ഒന്നുമില്ല. ഭൂരിപക്ഷം ജനങ്ങളും ഭോഗവാഞ്ഛകളുടെ തള്ളലിനനുസരിച്ചു നിലയും നിയമവും വകവെയ്ക്കാതെ കാലപ്രവാഹത്തിൻറെ ഒഴുക്കിലെ പൊങ്ങുതടികളായി അങ്ങിനെ പൊയ്ക്കൊണ്ടിരിക്കെ ജീവിതത്തിൽ ഉൽകൃഷ്ടങ്ങളും ശാശ്വതങ്ങളും ആയ ചില നിയന്ത്രണശക്തികളുണ്ട് എന്ന വിശ്വസിച്ച്, അവയെ ആധാരമാക്കി, കുറെയൊക്കെ ഇന്ദ്രിയസംയമവും, ആത്മത്യാഗവും ശീലിച്ചു ഒരു ദിനചര്യ നടത്തിവരുക എന്നുള്ളതു തീർച്ചയായും ശ്ലാഘനീയമാണ്. എന്നു മാത്രമല്ല, ഉറച്ച വിശ്വാസത്തിൻറെയും നിരന്തര ഭജനത്തിൻറെയും ഫലമായി പല ആപത്തുകളിൽനിന്നും രക്ഷ കിട്ടിയെന്നും, പല ലൌകികകാര്യങ്ങളും സാധിച്ചുവെന്നും അവർക്കു പറയുവാനുണ്ടാകും. അതു വാസ്തവമാവാം.

### ആത്മീയപ്രബുദ്ധതയുടെ ലക്ഷണം

എന്നാൽ ദീർഘകാലത്തെ ഈ ശ്രദ്ധഭജനംകൊണ്ട് കൈവരേണ്ട ഫലം ഇത്രമാത്രമാണോ? നാം പ്രാർത്ഥിച്ചും പ്രയത്നിച്ചും സമ്പാദിച്ച ധനവും സുഖവും നിയതി ഒരടിക്കു തകർത്തുകളഞ്ഞു എന്നു വരാം. നാം ഒരിക്കലും അർഹിക്കാത്ത അപമാനം സഹിക്കേണ്ടിവന്നേക്കാം. ഇങ്ങനെയുള്ള ഘട്ടങ്ങളിൽ അടിതെറ്റാതെ നിൽക്കത്തക്ക സാത്വികധീരത എത്രത്തോളം നമുക്കു കിട്ടിയിട്ടുണ്ട്?

സാധാരണ ജനങ്ങളെ അസ്വസ്ഥരാക്കുകയും അസഹ്യപ്പെടുത്തുകയും ചെയ്യുന്ന സംഭവങ്ങളുടെ പിന്നിൽ, ബുദ്ധിപൂർവ്വകവും വിശ്വവിശാലവുമായ ഏതോ ഒരു കർമ്മപരിപാടിയുടെ ആസൂത്രണം കാണുമാറുള്ള കണ്ണ് നമുക്കുണ്ടോ? പൊതുജനക്ഷേമത്തിനുവേണ്ടി കുറവും കൂറവുമുള്ള ഏതു സംഘപ്രവർത്തകനോടും ചേർന്ന് പ്രവർത്തിക്കുവാനുള്ള സഹിഷ്ണുതയും ഉദാരതയും നമുക്ക് സിദ്ധിച്ചിട്ടുണ്ടോ? ദുഃഖിതർക്ക് സാന്ത്വനവും കലഹികൾക്ക് ശാന്തിയും സംശയഗ്രസ്തർക്ക് സംശയനിവൃത്തിയും നൽകത്തക്ക ഒരു അന്തരീക്ഷം നമ്മുടെ സാന്നിദ്ധ്യംകൊണ്ട് സംജ്ഞിക്കുന്നുണ്ടോ? ഈ ചോദ്യങ്ങൾക്ക് തൃപ്തികരമായ സമാധാനം നൽകുവാൻ കഴിയുന്നവരെയാണ് ആത്മവികാസമുള്ളവരെന്നു പറയേണ്ടതു. ചിരകാലത്തെ മതനിഷ്ഠകൊണ്ട് ഈ പന്ഥാവിൽ ഒട്ടും മുന്നോട്ടുപോകാൻ സാധിക്കാത്തവർ അതിൻറെ കാരണം അന്വേഷിക്കേണ്ടതാണ്.

### സാധാരണ മതനിഷ്ഠ എന്തു?

സാധാരണമായി നാം കണ്ടുവരുന്ന "മതനിഷ്ഠ" എന്താണ്? കുറേ നാമം ജപിക്കുക, സ്തോത്രങ്ങൾ ചൊല്ലുക, മന്ത്രം ഉരുവിടുക, ചിലപ്പോൾ പൂജ, ഹോമം, വ്രതം, ക്ഷേത്രദർശനം അവിടെ ഇന്നിന്ന ദേവൻറെ മുന്നിൽ ഇന്നിന്നതെല്ലാം ചെയ്യുക എന്ന ചിട്ടയുണ്ട് — ഇങ്ങിനെ ചിലതായിരിക്കും ആ നിഷ്ഠാക്രമത്തിൻറെ ഉള്ളടക്കം.

ഉത്സാഹത്തോടും ദൃഢനിശ്ചയത്തോടുംകൂടിയായിരിക്കും ആദ്യം ആ നിഷ്ഠ ആരംഭിച്ചതു. അതിൽ ഒരു സന്തോഷവും സുഖവും ഉണ്ടായിക്കാണും. ക്രമേണ ആ ഉജ്ജീവകശക്തി കുറഞ്ഞുവന്നു, അതൊരു യന്ത്രികപരിപാടിയായിത്തീർന്നു, ഇതാണ് വാസ്തവം. ഉപാസനയിൽ ഇങ്ങിനെ ഒരു തഴമ്പു വീഴുവാൻ കാരണമെന്തെന്നാണ് ഒന്നു ചുഴിഞ്ഞുനോക്കേണ്ടതുണ്ട്.

ഉപാസനയുടേയോ സൽസർഗ്ഗത്തിൻറേയോ ഫലമായി, ആധ്യാത്മികമായ ഒരു ഉൽകർഷത്തിനുള്ള ആദ്യമുണ്ടാ



കമ്പി Republic.

## വൻപിച്ചസമ്മാനങ്ങൾ

### നിങ്ങളും ഒന്നു നേടണം!

എല്ലാ സമ്മാനങ്ങളും ഉത്തരവാദമുള്ളതു.

ശരിഉത്തരത്തിനു രൂ: 3000/- ആദ്യ രണ്ടുവരി ശരിയാക്കുന്നവർക്ക് രൂ: 1000/- ആദ്യ ഒരുവരി ശരിയാക്കുന്നവർക്ക് രൂ: 100/- ആദ്യ രണ്ടക്കം ശരിയാക്കുന്നവർക്ക് രൂ: 10/- വീതം നൽകപ്പെടും.



2 മുതൽ 17 വരെയുള്ള അക്കങ്ങൾകൊണ്ട് നേരേയും കുറുകെയും കോണോടുകോണും കൂട്ടിയാൽ ആകെത്തുക 38 കിട്ടത്തക്കവണ്ണം പൂരിപ്പിക്കുക. ഒരക്കം ഒരുപ്രാവശ്യംമാത്രമെ ഉപയോഗിക്കാവൂ.

ഉത്തരം അയയ്ക്കേണ്ട അവസാനതീയതി 15-7-'53.

ഉത്തരം പ്രസിദ്ധപ്പെടുത്തുന്നതു 24-7-'53.

ഫീസ് ഒരുത്തരത്തിനു 1 രൂപ. 4 ഉത്തരങ്ങൾക്ക് രൂ: 3/- 8 ഉത്തരങ്ങൾക്ക് രൂ: 5/-

കഴിഞ്ഞ ശരി ഉത്തരം ആകെ തുക 34.

| | | | |
|---|---|---|---|
| 1 | 7 | 6 | 11 |
| 4 | 13 | 16 | 1 |
| 15 | 2 | 3 | 14 |
| 5 | 12 | 9 | 8 |

നിബന്ധനകൾ — വെള്ളക്കടലാസ്സിൽ എഴുതിയ എത്രഉത്തരങ്ങളും നിശ്ചിത ഫീസ് സഹിതം അയയ്ക്കാം. ഉത്തരത്തോടൊപ്പം മണിഓർഡർ രസീതോ, പോസ്റ്റൽ ഓർഡറോ, ബാങ്ക് ഡ്രാഫ്റ്റോ അയയ്ക്കണം.

മീററിലെ ഒരു പ്രധാനബാങ്കിൽ സീൽവച്ചു സൂക്ഷിച്ചിരിക്കുന്ന ഉത്തരത്തിനു സമമായി വരുന്നതാണ് ശരി ഉത്തരം. ഉത്തരങ്ങൾ ഇംഗ്ലീഷ് അക്കത്തിൽ എഴുതണം. എഴുത്തുകുത്തുകൾ ഇംഗ്ലീഷിൽ.

മേൽവിലാസം എഴുതി സ്റ്റാമ്പൊട്ടിച്ച കവർ അയയ്ക്കുന്നതിൽ ശരി ഉത്തരം, മാനേജരുടേയും അവസാനവും നിശ്ചയമായും തീരുമാനമായിരിക്കും.

മേൽവിലാസം:— LIBERTY CONCERNS (Regd.) (M.R.)
P. B. 86, Saddar, MEERUT, U. P.

യി. അതായത്, ആന്തരശത്രുക്കളിൽ ആത്മചൈതന്യം തൽക്കാലം ഒരു കോളിളക്കമുണ്ടാക്കി. ചണ്ഡിക ഉത്തിൽ കയ്യിട്ടിളക്കിയപോലെ, ഉപാധികൾ — ഇന്ദ്രിയങ്ങളും മനസ്സും — ആ വിപ്ലവത്തിനു് വഴങ്ങിക്കൊടുത്തു. അപ്പോൾ ആത്മീയമായ ഒരു ചെറിയ ആനന്ദം ഉപാസകനുണ്ടായി. എന്നാൽ ക്രമേണ ഉപാധികളുടെ സ്വാഭാവികമായ സമ്മർദ്ദം ആ പുറത്ത് ആവർത്തിക്കുഞ്ഞു. അങ്ങിനെ ആ ഉപാസനാപദ്ധതി വെറും ഒരു നിഷ്ക്രിയപരിപാടിയായിത്തീർന്നു. ഇതാണു് വാസ്തവത്തിൽ ഉണ്ടായ പരിണാമം.

## യഥാർത്ഥ സിദ്ധൻ

വാക്കിലും നോക്കിലും പെരുമാറ്റത്തിലും ആത്മചൈതന്യത്തിന്റെ പൊന്നൊളി ചിതറുവാൻ സാധിക്കുന്നവനല്ലോ ഒരു യഥാർത്ഥ സിദ്ധൻ. അതു് എങ്ങിനെ സാധിക്കുന്നു! ബാഹ്യലോകത്തിലെ ആകർഷകവസ്തുക്കളിൽ അകപ്പെട്ടു് അലഞ്ഞുതിരിയുന്ന ഇന്ദ്രിയങ്ങളെ (കണ്ണു്, ചെവി) അവയിൽനിന്നു് പിൻതിരിച്ചു് ആത്മാവിനെ ലക്ഷ്യമാക്കി ഏകാഗ്രത ശീലിക്കുമ്പോൾ, അതുവരെ അജ്ഞാതമായിക്കിടന്നിരുന്ന ആത്മചൈതന്യം ഉണർന്നുവരുന്നു; അതനുസരിച്ചു് ആന്തരമായ ശാന്തിയും ആനന്ദവും അനുഭവമാകും. എന്നാൽ അതുകൊണ്ടായില്ല. ഉപാസകന്റെ മനോമയതലംവരെമാത്രം പ്രവർത്തമാനമായിരുന്ന ആത്മചൈതന്യം, മേൽപറഞ്ഞ അന്തർമുഖീഭവനത്തിന്റെ ഫലമായി, ഉപരിതലങ്ങളെ ജാഗ്രത്താക്കുമ്പോൾ ഉണ്ടാകുന്ന ഉച്ചതരസ്തരത്തിനനുസരിച്ചു് സ്പന്ദിക്കുവാനുള്ള നൈർമ്മല്യവും ലാഘവവും ഉപാധികൾക്കു് — സൂക്ഷ്മദേഹംമുതൽ മനസ്സുവരെയുള്ള ഭാഗങ്ങൾക്കു് — ഉണ്ടാവേണം. എന്നാൽ മാത്രമേ ആ ഉപാസന പൂർണ്ണമാകയുള്ളൂ. ഉച്ചശ്രുതിയിൽ വാഹിക്കുവാനുള്ള ഫിഡിൽകമ്പിക്കു് അതിനു തക്ക ബലവും ഉലച്ചിലും നേർമ്മയും (temper, strength and thinness) ഉണ്ടായിരിക്കണമല്ലോ. ആ കാകകളുടെയും കാച്ചിവളയ്ക്കലും എങ്ങിനെ നടത്തണം?

## ആത്മപരിശോധന

ആദ്യമായി വേണ്ടതു് ഒരു ആത്മപരിശോധനയാണു്. അതു്, രോഗമുണ്ടായാൽ ശ്രീദോഷകോപകാരണങ്ങളെ ആരായുന്നതുപോലെ, വികാരങ്ങളിലെയും വിചാരങ്ങളിലെയും തമസ്സും രജസ്സും ബീജങ്ങളെ ചികഞ്ഞുനോക്കി കണ്ടുപിടിക്കൽതന്നെയാണു്.

പ്രതിദിനം ആത്മപരിശോധന ചെയ്തു് ദോഷം കണ്ടറിയുക എന്നതു് പ്രാചീനകാലംമുതൽക്കേ ഉപാസനയുടെ പ്രാരംഭോപാധിയാണു്. * നിർഭയനും നിർദ്രോഹിണിയും ആയിരിക്കണം ആ ആത്മപരിക്ഷണം. സ്വന്തം ചപലതകളെ സംശുദ്ധീകരിക്കുവാനോ ഉന്മൂലനം ചെയ്യുവാനോ അവയുടെനേരെ കണ്ണടയ്ക്കുവാനോ ഒരു വാസനമനസ്സുണ്ടാകും. ഉപാസനയിൽ രോഗചികിത്സയെന്നപോലെ ആ ദുർബലതയും അപകടമാണു്, ആത്മവഞ്ചനയാണു്.

## ആത്മപരിശുദ്ധി

ഇങ്ങിനെയുള്ള അപഗ്രഥനംകൊണ്ടു് കണ്ടെടുക്കുന്ന ദോഷങ്ങളെ ഓരോന്നായി നീക്കംചെയ്യാനുള്ള ഉദ്യമം, നിത്യഭ്യാസത്തിന്റെ ഒരു പ്രധാനലക്ഷ്യമാക്കണം. ആഹാരശുദ്ധി, ആചാരശുദ്ധി, ആഗ്രഹശുദ്ധി, ആലോചനാശുദ്ധി എന്നിവ ഈ ശുദ്ധീകരണത്തിൽ ഉൾപ്പെടും =

അതിനുള്ള ശക്തി തന്റെ അന്തരാത്മാവിൽനിന്നും ഇഷ്ടദേവനിൽനിന്നും ആത്മാർത്ഥതയുള്ള ഉപാസകനു് തീർച്ചയായും കിട്ടും. യേശുസംസിദ്ധന്മാരുടെ പ്രാർത്ഥനകളിലും ഉപദേശങ്ങളിലും ഈ ആത്മശുദ്ധീകരണത്തിന്റെ സൂചനകൾ ധാരാളമുണ്ടു്. ശ്രീശങ്കരൻ പറയുന്നു "അല്ലയോ സ്വാമിൻ, ആടിക്കിഴിതനായ ഭഗവാൻ, നായാട്ടിനായി അങ്ങുമിങ്ങും അലയുന്നുണ്ടു്. എന്റെ മനസ്സാകുന്ന കാട്ടിൽ, മദം, മാത്സര്യം, മോഹം മുതലായ മൃഗങ്ങളും ഉണ്ടല്ലോ, അവയെ കൊന്നു് നായാട്ടിന്റെ സന്തോഷം അനുഭവിച്ചാലും." †

## ശ്രുതികൊണ്ടു് അശ്രുതത്തെ ജയിച്ചാലും

എന്നാൽ ഒരുകാര്യം ഇവിടെ ശ്രദ്ധിക്കേണ്ടതുണ്ടു്. ചാപല്യങ്ങളെ കണ്ടുപിടിച്ചാൽ അവയെ നിർമ്മാർജ്ജനംചെയ്യുവാൻ, അവയെപ്പറ്റി ചിന്തിക്കുകയല്ല, അവയുടെ വിപരീതഗുണങ്ങളിൽ മനസ്സു് നിഷ്ഠയാവണം വേണ്ടതു്. ഞാൻ നിർമ്മലൻ, ഞാൻ ശക്തൻ, ഞാൻ ധീരൻ, ഉദാരൻ എന്നങ്ങിനെയുള്ള ദൈവിക ഭാവങ്ങളെ നിരന്തരധ്യാനംചെയ്തു് ഉറപ്പിക്കുന്നവന്റെ ചാപല്യങ്ങൾ, തീ കണ്ണുമ്പോൾ തണുപ്പെന്നപോലെ, തന്നെ അകന്നുപോകും. "തെയ്യാലും വിശ്വാസവേണ പെട്ടോതെ ദുസ്സംസർഗ്ഗമാകുന്ന പുഴുക്കുട്ട ബാധിക്കാതെ, ദുശ്ശീലമാകുന്ന ഇത്തിക്കണ്ണി അപ്പോഴപ്പോൾവലിച്ചുകളഞ്ഞു", സദ്ഗുണങ്ങളെ പരിപോഷിക്കുന്നതിനുള്ള കാലിടുക്കിനുള്ളിൽ കുടുങ്ങിക്കിടക്കുന്നതുകൊണ്ടു് ഉദ്ദിഷ്ടഫലം കിട്ടാതിരിക്കയില്ല.

★

# ഇന്ത്യൻ സംസ്കൃത പണ്ഡിതൻ

★

## ബ്രി: സർവ്വകലാശാലകളും സന്ദർശിക്കുന്നു

ലണ്ടൻ, മദ്രാസ് സർവ്വകലാശാലയിലെ സംസ്കൃതാധ്യാപകനും ഗവേഷണനായ ഡോക്ടർ വി. രാഘവൻ ശാസ്ത്രവേഷണപ്രവർത്തനങ്ങളുടെ ക്രമീകരണാർത്ഥം ബ്രിട്ടനിൽ ആറുമാസത്തെ പര്യടനം നടത്തുന്നതായറിഞ്ഞു. സംസ്കൃതവും ഭാരതീയവിജ്ഞാനങ്ങളും പഠിപ്പിക്കുന്ന സർവ്വകലാശാലകളും സംസ്കൃത, പ്രാകൃത, പാലി ഭാഷകളിലെ കൈയെഴുത്തുപ്രതികളും സൂക്ഷിച്ചിരിക്കുന്ന ഗ്രന്ഥാലയങ്ങളും സന്ദർശിക്കുന്നതായിരിക്കും.

ഇന്ത്യയിലെ സംസ്കൃതനിപുണന്മാരിൽ പ്രഥമഗണനീയനായ ഡോ: രാഘവൻ അനേകം പുസ്തകങ്ങളെഴുതുകയും ഗവേഷണപ്രബന്ധങ്ങൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ടു്. ബ്രിട്ടീഷ് കൗൺസിലിന്റെ അഭിമുഖ്യത്തിലാണു് അദ്ദേഹം ഇപ്പോൾ പര്യടനം നടത്തുന്നതു്.

ഇന്ത്യയുടെ നാനാഭാഗങ്ങളിലും യൂറോപ്പിലും അമേരിക്കയിലും ചിന്നിച്ചിതറിക്കിടക്കുന്ന സംസ്കൃത പ്രാകൃത പാലി ഭാഷകളിലെ കൈയെഴുത്തുപ്രതികളുടെയും അച്ചടിക്കപ്പെട്ട കൃതികളുടെയും വ്യത്യാസകമായ വിവരം ശേഖരിക്കുകയാണു് ഡോ: രാഘവന്റെ പര്യടനോദ്ദേശം. എല്ലാ ഗ്രന്ഥങ്ങളെപ്പറ്റിയും കാലാനുക്രമപരവും ചരിത്രപരവും വിമർശനപരവുമായ വിവരം ശേഖരിച്ചു് ഒരു പട്ടിക പ്രസിദ്ധപ്പെടുത്തുകയെന്ന വമ്പിച്ച ജോലിയിലാണു് അദ്ദേഹം ഏർപ്പെട്ടിരിക്കുന്നതു്. ഇതുപോലൊരു പട്ടിക ഏതാണ്ടു് അര നൂറ്റാണ്ടുമുമ്പു് ഒരു ജർമ്മൻ സംസ്കൃതപണ്ഡിതൻ തയ്യാറാക്കുകയുണ്ടായി.

(ശേഷം 30-ംപേജിൽ)

# കേരളത്തിലെ പഥ്യമായ ആഹാരവസ്തു

## മലയാള-നിവാസികളുടെ സത്വരശ്രദ്ധയ്ക്ക്

— എ ജി. മേനോൻ അരിസ്റ്റ; പാലക്കാട് —

വിദേശിയർപോലും നെൽക്കുടിയുടെ മാഹാത്മ്യം മനസ്സിലാക്കിരിക്കുന്നവെന്ന ഇക്കാലത്തെ നിന്റെ ക്ഷാമം നമ്മെ ബോദ്ധ്യപ്പെത്തിക്കഴിഞ്ഞുവെല്ലോ.

കേരളത്തിലെ പ്രധാന ഭക്ഷണത്തിനാവശ്യമായ നെല്ല് കൃഷിചെയ്തുണ്ടാക്കേത്തതിന്റേയും വിളവ് കുറയുകുന്നതിന്റേയും കാരണമായ നാടുകളിൽ നിന്നെന്നും, ഏഷ്യൻരാജ്യങ്ങളിൽനിന്നെന്നും, അമേരിക്കൻ നാടുകളിൽനിന്നും പലതും അമിതവിലകൊടുത്തു് ഇറക്കുമതിചെയ്യുന്നതിനും അരിക്ഷാമത്തിക്കൊണ്ടുവെന്നിട്ടുള്ളതു് എന്നുള്ളതെ ശവമെന്റെ വെളിപ്പെടുത്തീട്ടുണ്ടല്ലൊ. ഇതിലെ ഒരു പക്ഷം ലേയാളികളിലില്ലെക്കേം ഉണ്ടെല്ലോം. നാധാന്യങ്ങളും തിന്നു ശീലിക്കാത്തലേയാളികൾക്കാർ ബുദ്ധിമുട്ടീട്ടുള്ളതും രുന്നും കഷ്ടപ്പെട്ടുന്നതും ധനവാന്മാരെല്ലാത്തവക്കൊക്കെ അറിയാം.

ഇന്നത്തെ കഷ്ടപ്പാടിനും കഷ്ടപ്പെടുത്തലിനും മറ്റു ചില കാരണങ്ങളുമുണ്ടായിരിക്കാം. ആ ഭാഗം തൽക്കാലം വിടുക!

ഇന്നുള്ളവക്ക്, നമ്മുടെ പൂർവികർ പാല്യാഹാരങ്ങൾക്കു കല്പിച്ചിട്ടുള്ള വൈശിഷ്ട്യം എന്തുയെന്നു്, അറിവാനുള്ള കെല്പില്ലായ്മയല്ലയോ നെല്ല് തലായ ധാന്യങ്ങളും കൃഷിചെയ്യുണ്ടാവാനുള്ള ശ്രദ്ധക്കുറവു് വരുത്തിയതെന്നു ശങ്കിക്കേണ്ടിയിരിക്കുന്നു.

നെല്ലുകളുടെ തരംതിരിക്കൽ നമ്മുടെ പൂർവന്മാർ—കാർഷികവകുപ്പുകാർ എന്നുള്ളതിൽ വർദ്ധിപ്പിച്ചിട്ടുള്ളതായിട്ട് ഏതഭിപ്രായവിവരണപ്പട്ടികയിൽനിന്നു ധരിക്കാവുന്നതാണു്. ശരീരപോഷണാവശ്യമായ തരങ്ങളും—അവയുടെ ഗുണദോഷങ്ങളെ വിവേചിച്ചറിഞ്ഞു് — മാത്രം തിരഞ്ഞെടുത്തു് ആവക നെല്ലുകളെ വേണ്ടതുപോലെ കൃഷിചെയ്യിപ്പിക്കുവാൻ പ്രോത്സാഹിപ്പിക്കുകയെന്നതു കാണുന്നില്ലെന്നതന്നെ പറയാം.

എന്നാൽ നമ്മുടെ പൂർവികാചാര്യന്മാർ (ഇന്നത്തെ ആരോഗ്യവകുപ്പിന്റെ ധാടി—മോടിയോ, ആകാശവിമാനസഞ്ചാരസൗകര്യമോ ഇല്ലാത്ത കാലത്തെ ആരോഗ്യാധികാരികൾ) നെല്ലിന്നരി ഭക്ഷിക്കുന്നതുകൊണ്ടു ആരോഗ്യം സമ്പാദിക്കാമെന്നു തീരുമാനിച്ചിരുന്നതായിട്ടു് ഈ ചെറു വിവരണം തെളിയുന്നതാകുന്നു.

കർഷികവൃത്തികൊണ്ടു കുടുംബം പുലർത്തിവന്നിരുന്ന പഴയ കാലത്തെ കാരണവന്മാർക്കു വിവിധ നെല്ലിന്നരിയിൽ, രസവീര്യവിപാകാന്തരങ്ങൾ നല്ലപ്പോലെ രസവീര്യാദികൾക്കു ഏറ്റക്കുറവുണ്ടെന്നറിയാമായിരുന്നു. "കേരളകേന്ദ്രനെല്ല്" ഗവേഷണശാലയുടെ അഭിപ്രായം പുറത്തുവന്നതുപരയ്യും—അതായതു് ഭക്ഷണപദാർത്ഥങ്ങൾ നൽകുന്ന "പോഷണപ്രധാനപദാർത്ഥ"ത്തിൽ നാലിലൊരംശം നൽകിക്കൊണ്ടിരിക്കുന്ന ഏക ധാന്യം നെല്ലാണെന്നു"—അരിയിലുള്ള "പശ" (സ്റ്റാർ) യുടെയും (സ്റ്റാച്ച്) ദഹിപ്പാനെളുപ്പമായതിന്റേയും മറ്റുമായ ചില ചില്ലറ ഗുണദോഷാംശങ്ങളും മാത്രമായിരുന്ന അധികപേരുടേയും അറിവിൽ പെട്ടിരുന്നതു്.

നെല്ലിന്നരിയിൽ ശ്രേഷ്ഠമായതു് "ചെന്നല്ല"രിയത്രെ. ചെന്നെല്ലിനോടു സാമ്യപ്പെടുത്താവുന്നതു് 'നവര'നെല്ലിൻ അരിയുമാണെന്നു പറയപ്പെട്ടിരുന്നു. നോക്കുക, അതിൻ ഗുണവിവേചനം!

"ത്രിദോഷം—വാതം, പിത്തം, കഫം, ഇവയുടെ ദോഷം—രക്തദോഷം, തണ്ണീർദാഹം, മുഖരോഗം, ശ്രമം, ചുട്ടുനീറൽ, ചുമ, വായുമുട്ടൽ, വിഷം, വ്രണം, നേത്രരോഗം, എന്നിവയെ ശമിപ്പിക്കുകയും ശുക്രത്തേയും അഗ്നിയേയും ബലത്തേയും വർദ്ധിപ്പിക്കുകയും മൂത്രത്തെ പെരുപ്പിക്കുകയും ദേഹകാന്തി, പുഷ്ടി ഇവയെ ഉണ്ടാക്കുകയും ഒച്ചയെ നന്നാക്കുകയും ഹൃദയപ്രസാദത്തെ വരുത്തുകയും ചെയ്യുന്നതാകുന്നു."

മേല്പറഞ്ഞതിൽനിന്നു ആരോഗ്യോദയമായ സകലജീവകങ്ങളും പ്രസ്തുത നെല്ലുകളിൽ —ചെന്നല്ല്, നവര—അടങ്ങീട്ടുണ്ടെന്നു വ്യക്തമാകുന്നില്ലേ? ചെന്നല്ല് (ചോന്നനെല്ല്) അരി എല്ലാരോഗങ്ങളിലും പഥ്യമാകുന്നു എന്നാണു് 'ധന്വന്തരീയം.'

"ശാല്യഭാവേ ച ഷഷ്ടികഃ"

എന്നതനുസരിച്ചു് ചെന്നല്ലരിക്കു് പ്രയാസമായാൽ നവരയരി ഉപയോഗിക്കാം.

'നവര' തെക്കേമലയാളത്തിൽ കൃഷിചെയ്യുന്നുണ്ടെങ്കിലും ഭക്ഷണാവശ്യം ഉപയോഗിക്കുന്നവർ ചുരുക്കമാണു്. ചികിത്സാവശ്യവും ചില പ്രത്യേകഭക്ഷണാവശ്യവും ആയിട്ടു വാങ്ങുന്നവക്കു് വിറ്റാൽ ലാഭമെടുക്കലാണു് ഈ നെല്ലു് കൃഷിചെയ്യുന്നവരുടെ പതിവു്. അവക്കു് ഇതിൻ ഗുണമറിഞ്ഞിരുന്നുവെങ്കിൽ അവരുടെ നിത്യഭക്ഷണത്തിനിതിനെ ഉപയോഗപ്പെടുത്തുമായിരുന്നിരിക്കാം. ഇനിയെങ്കിലും ഭക്ഷിപ്പാനുള്ള ഒന്നാന്തരം അരിയെന്നവർ ധരിക്കട്ടെ!

ഭോജ്യവസ്തുപ്രകാരം നെല്ലുകളെ മൂന്നവകയായി വിഭജനംചെയ്തിട്ടുണ്ട്. 1. ശാലികം, 2. വ്രീഹികം, 3. ഷഷ്ടികങ്ങൾ.

ഈ എനങ്ങളിൽപെട്ട നെല്ലിൽ പലതും, ദേശഭേദക്കണക്കനുസരിച്ച പേരോടുകൂടെ പല പ്രദേശങ്ങളിലും കൃഷിചെയ്യപ്പെടുന്നുണ്ടാവാം. അതിനാൽ മൊത്തത്തിൽ നഞ്ചയും പുഞ്ചയും ആയിട്ടു കൃഷിചെയ്യുവരുന്ന നെല്ലിൽ ഗുണദോഷാംശങ്ങളുടെ നിലയെക്കുറിച്ചു പറയുന്നതു് ആവശ്യത്തിനതകമെന്നകരുതുന്നു.

### പഠനകൃഷി

പഠനു് വെട്ടിച്ചുട്ട് (പുനം) ഉണ്ടാക്കുന്ന നെല്ലിൽ ചവർപ്പുരസവും രൂക്ഷതയും (നെയ്യുശയില്ലായ്മ) കൂടിയിരിക്കും; ആ അരി എളുപ്പത്തിൽ ദഹിക്കും, മലമൂത്രങ്ങളെ തടുക്കും, കഫത്തെ ശമിപ്പിക്കും,

### ഉഴവുചെയ്ത സ്ഥലത്തെ നെല്ല്

നല്ല ഉഴവുചെയ്ത സ്ഥലത്തുണ്ടാകുന്ന നെല്ലിനു് മധുര-ചവർപ്പ് രസങ്ങളും കൂടും, ഗുരുതവും ഉണ്ടാകും. അതിൻഅരി വാതപിത്തങ്ങളെ ശമിപ്പിക്കും, കഫത്തേയും രൂക്ഷത്തേയും ബലത്തേയും വർദ്ധിപ്പിക്കും, മലത്തെ കുറയ്ക്കുകയും മൂത്രപ്രസാദത്തെ ഉണ്ടാക്കുകയും ചെയ്യുന്നതാണു്.

### ഉഴവുചെയ്യാത്ത മണ്ണിലെ നെല്ല്

ഉഴവുചെയ്യാത്ത നിലത്തു്—കയ്യോട്ടകൊണ്ടു് കിളച്ചിട്ടുമാത്രം—ഉണ്ടാക്കുന്ന നെല്ലിനു് മധുരം, ചവർപ്പു്, തിക്തം എന്നീരസങ്ങൾ കൂടുതൽ പാകത്തിൽ എരിച്ചുതു് (ഉഷ്ണം) ആയിരിക്കും. അതിനാൽ കഫപിത്തങ്ങളെ ശമിപ്പിക്കുകയും കുറഞ്ഞൊന്നു വാതത്തേയും അഗ്നിയേയും വർദ്ധിപ്പിക്കുകയും ചെയ്യും.

### ഇളക്കിനടാത്ത നെല്ല്

ഉഴവുചെന്നനിലത്തിലോ ഉഴവുചെല്ലാത്തനിലത്തിലോ വിതച്ചാൽ ഇളക്കിനടാതെ ഉണ്ടാകുന്ന നെല്ലിനു് മധുരം, ചവർപ്പു്, ഗുരുതവം, ശീതം എന്നിതുകൊണ്ടുണ്ടായിരിക്കുന്നതാണു്. അതിനാൽ പിത്തത്തെ ശമിപ്പിക്കുന്നതും കഫം, ശുക്രം, ബലം, എന്നിവയെവർദ്ധിപ്പിക്കുന്നതുമാകുന്നു.

### ഇളക്കി നട്ടുണ്ടാക്കുന്ന നെല്ല്

ഇളക്കി നട്ടുണ്ടാക്കിയ നെല്ലിന്റെ അരി—പുതിയതു്—ശുക്രത്തെ വർദ്ധിപ്പിക്കുകയും, പഴകിയാൽ, ഗുരുതവത്തെ കുറയ്ക്കുകയും തമസിയാതെ ദഹിക്കുകയും ചെയ്യുന്നതാകുന്നു.

### രണ്ടുപ്രാവശ്യത്തിലധികം ഇളക്കിനട്ടുന്ന നെല്ല്

രണ്ടുപ്രാവശ്യത്തിലധികം ഇളക്കി നട്ടുണ്ടാക്കിയ—നൊറ് പറിച്ചുനട്ടുന്നതു്—നെല്ലിന്നരി എളുപ്പത്തിൽ ദഹിക്കുന്നതും, ഗുണമേറിയതുമാകുന്നു. വിശേഷാൽ ത്രിദോഷങ്ങളേയും നശിപ്പിക്കും. മൂത്രത്തെ അധികമാക്കും. വിദഹിയുമല്ല.

### മുറിച്ചുനട്ടുണ്ടാക്കുന്ന നെല്ല്

നെല്ല് മുറിച്ചുനട്ടുണ്ടാക്കുന്നതിനു കയ്പ് ചവർപ്പ്, എന്നീ രസങ്ങളും നെയ്യുശയില്ലായ്മയും ലഘുത്വവും ശീതവീര്യവും ഉണ്ടായിരിക്കും. അരി "പിത്തത്തെ" ശമിപ്പിക്കും. കഫത്തെ വർദ്ധിപ്പിക്കും; മലത്തെത്തടുക്കും; തമസിയാതെ ദഹിക്കും. പിത്ത-കഫങ്ങളെ ശമിപ്പിക്കുമെന്നും ഒരു പക്ഷം.

### തനെയുണ്ടാകുന്ന നെല്ല്

തനെയുണ്ടാകുന്ന നെല്ല് (പട്ടമുറിഞ്ഞ ഗുണങ്ങളോടുകൂടിയത്രെ. മേല്പറഞ്ഞ കാർഷികസമ്പ്രദായത്തെ അടിസ്ഥാനപ്പെടുത്തിയാണു് പറമ്പു്, പൊറാ, ആഴിയപ്പാടം എന്നിവക ഭേദങ്ങളോടുകൂടെ ഭൂമിയെ വിഭാഗിച്ചു നെല്ല് കൃഷിചെയ്യുവരുന്നതെന്നു പറയേണ്ടതില്ലല്ലോ!

നെല്ലിന്നരി ആയുർവൃദ്ധപ്രദമായ വസ്തുക്കളിൽ പ്രാധാന്യമേറിയതായിട്ടാകുന്നു പൂർവികന്മാർ കണക്കാക്കിട്ടുള്ളതെന്നു നമ്മുടെ വിദഗ്ദ്ധവൈദ്യശാസ്ത്രങ്ങളും സാക്ഷ്യപ്പെടുത്തുന്നുണ്ടു്. അതുകൊണ്ടു നെൽക്കൃഷിക്കു് മലയാളത്തിൽ മഹിമയുണ്ടാകുവാൻ കാരണം.

ഭാരതീയഗവേഷണപട്ടികളുടെ മസ്തിഷ്ക്കപ്രഭാവം ആരംഭത്തിലായുവാൻ വിദൂരവിദേശിയരായ അമേരിക്കക്കാർ സാധ്യപ്പെടുത്തിന്റെ ഫലമാകുന്നതെക്കെ അമേരിക്കയിലെ ഒരാറാത്തു കിടക്കുന്ന ബ്രേസിൽനിന്നു പോലും ഇന്ത്യക്കു് അരി അയപ്പാനിടയാക്കിത്തീർത്തതെന്നതു് വിസ്മരിക്കത്തക്കതല്ലാതിരിക്കും!

കർഷകവൃത്തിക്കാരായ കേരളീയയുവജനങ്ങളും ഇനിയെങ്കിലും കർഷകമാഹാത്മ്യം അറിഞ്ഞു്, വിദേശ അരിക്ക കാത്തുകിടക്കാതെ,—സകുടുംബങ്ങളുടേയും മാതൃഭൂമിയുടേയും കഷ്ടപ്പാടുകൾ പോക്കുവാനായ്യെന്നുണ്ടു്—സേതുസാഹം കാർഷികവൃത്തി കയ്യേറ്റുണ്ടു് കേരളജനതയുടെ ആ

# അന്ത്യവിശ്രമം

കൈക്കുളങ്ങര
എസ്. വിശ്വനാഥ്, കൊല്ലം

[ കേക ]

ശ്യാമളേ! സൽക്കർമ്മത്തിൻ-
ശാശ്വതസന്ദേശം നീ,
ആമയക്കാശ്വാസത്തിൻ-
ക്ഷേമമാണീ വിതച്ചവൻ,
പൂതമാം ത്യാഗത്തിന്റെ-
നവ്യമാം പ്രഭാപൂരം,
പ്രീതിയോടെനിക്കേകി-
യെങ്ങനീ വിസ്മരിപ്പൂ?
ജീവിതദർശത്തിന്റെ-
മാതൃകാക്ഷേത്രത്തിൽനിൻ-
പാവനസ്സംഗീതത്തൻ-
മാറൊലി മുഴങ്ങുവെ
നീയും നിൻമന്ദസ്മിത-
ശോഭയും സൗന്ദര്യവും
മായയിൽ നിഷ്ക്രിയമാ-
യന്ത്യവിശ്രമം കൊൾവൂ!
തീവ്രമാം യത്നത്താൽ നീ-
ക്ഷീണിച്ച വിവശയായ്.
മേനിയേ നിന്നാശ്രമവു
സാദ്ധ്യത്തിലെന്നെന്നേയ്ക്കും?
നിന്നുടെ പരിശ്രമ-
ത്യാഗത്തിൽ പൊലിയാത്ത,
സുന്ദരസുമോഹനം
മത്കാവ്യം സമർപ്പിപ്പൂ!
അന്തരാമൊരുമിച്ച-
കണ്ടൊരാവനികയിൽ
ഇന്നു ഞാനേകനാ മുട്ട-
കണ്ണീരൽ തർപ്പിക്കവെ,
സാന്ത്വനമോതാൻപോലു-
മന്തികത്തില്ലാരുമേ,
ശാന്തിനീയനിക്കില്ലാ-
താശ്രമമില്ലീവിശ്വത്തിൽ.
ദുർവ്വിധിതന്നേയിയ്യു-
ദ്ധരന്ത്രത്തിയിൽപെട്ടും
ഉർവ്വിയിൽ വിരഹാർത്ത-
നായി ഞാൻ കഴിഞ്ഞീടാം.
ഉണർന്നു മനക്കണ്ണി-
ലുദിച്ച വിയോഗത്തിൻ,
കണിക നശിക്കാത്ത-
ജീവിതസ്മരണകൾ
സതൃത്തിൻപ്രകാശമായ്-
ശാന്തിതൻ കേദാരമായ്
നിത്യവും നീയെൻചിന്ത-
വീഥിയിൽ തെളിയവെ,
"ചൊരിയും ബാഷ്പാഞ്ജലീ-
യുയരും വിഷാദത്താ-
ലുരുകും വിനീതൻ ഞാ-
നനുഭവിപ്പൂനിതാ ശാന്തി."

★

# കുമാരനാശാൻ

★

എൻ. ഭാർഗ്ഗവി

വേലവഹ്നിയത്തിൽ ഉള്ളും വാത്സല്യത്താൽ
ലീലയെ മകളെപ്പോലോമനിക്കുന്ന ചിന്ത:
ബാലിക കൊഞ്ചുംകൊഞ്ചിക്കിളിപോലണയുമ്പോൾ
ലോലമാം കവിളിൽ പൊൻതരുകൾ വിരിയുമ്പോൾ
ഓലുന്ന മിഴിയുമായോടിപ്പോമഭംഗിനി
കാലത്തിൻ കളിയാലെ മാഞ്ഞതൻശിശുവിനെ
ആരാരുമറിയാതെ ഉടയ്ക്കും കണ്ണീരുടൻ
പൂരിതനെഞ്ചംപൂണ്ട പൈതലെ വാരിപ്പുൽകും.

ആദ്യാഴ്ചയിൽനിങ്ങളായത്രയും പരുങ്ങുന്ന
ദാരുണവിഷാദത്താൽ നീറുമാവേലക്കാരി.
തീരാത്തതലനോവും പനിയും തെറിക്കയാൽ
വീടാടെ പണയേതും ചെയ്യുവാൻ വയ്യാതായി.
പാരിലെ ദുരിതങ്ങൾക്കാശ്വാസമരുളുന്ന
മാരകനിമേഷത്തെക്കൊതിച്ചു നിരാലംബ-
വേവാൻ വിറയ്ക്കുന്ന പാണിയാലെടുത്തവൾ
ജീവനെ സ്വസ്ഥമായ് സൂക്ഷിച്ചുപോരും പൊതി,
മാറിലെമ്പാടുംചേർത്തു നിശ്വസിച്ചനുവേലം
ക്രൂരത്വം കുമാരിക്കായുള്ളിലിഞ്ഞുനൽകി.
മന്ദമായെന്തോ ചിന്നെച്ചൊല്ലുവാൻ തുനിഞ്ഞെന്നാൽ
സന്നചേതനയായി നിപതിച്ചിതു പാവം!

വാടിയിലുച്ചവുമ്പോൾ ലീലതൻവിലാപംകേ-
ട്ടോടിവന്നെത്തീവേഗമമ്മയുമുന്മത്തനും.
വാടിയ ലതപോലെ തളർന്ന വിവശമായ്
പാടേ പാരിടംചേർന്ന നിശ്ചേഷ്ടശരീരവും
വ്യാകുലവ്യന്നിതയും പൈതലിൻ നിലപാടു-
മാകെക്കണ്ടമ്പരന്നു ഭയന്ന ഗൃഹനാഥ.
മോഹിതശരീരത്തിൽ ചൈതന്യം തളിപ്പിക്കാൻ
സാഹസപ്പെട്ട പാരമാശ്ലിതഭയംപോലെ.

പട്ടണമിതിൽ കാന്തനുദ്യോഗമായ്വന്നപ്പോൾ
പ്രത്യക്ഷയായി ദുർദ്ദൈവവും ഭാഗ്യത്തായേ.
അന്നതൊട്ടണുപാലുമല്ലലെന്നിയേയോരാ
ഭംഗിയായ് ഭവിക്കുന്ന ഭവനം കുടുംബിനി.
വാരാറാ വിനയവും സ്നേഹവും വിശ്വാസവും
ചേരുമാഭരണശീല വീട്ടിനു വിളക്കായ്.
അല്പീപം പൊലിഞ്ഞുപോമെങ്കിലോ ഗൃഹലക്ഷ്മി
സ്വസ്ഥമനത്തിരിക്കുവാൻ പ്രാപ്തയല്ലെന്നോ വരു.

ഓർക്കാത്തവിപത്തുകണക്കേയ്ക്കരം ശബ്ദിക്കാതെ-
യാശ്ലിഷ്ടപരാധീനനായ് നിന്ന ശേഖരാധിപൻ.
വിസ്മൃതനയനത്തിൽ രശ്മികളവ്യക്തമാം
വിസ്മൃതിക്കയത്തിങ്കൽ മുങ്ങിനോക്കുകയായി.

ക്ലേശമാം തമസ്സിലും ശാന്തിതൻ വെള്ളിക്കതിർ
വീശിയപോലങ്ങിങ്ങു നരച്ച കാർകുന്തലും
ഓമനനിറംമങ്ങി നിസ്സീമസൗന്ദര്യത്തിൻ
കോമളനിഴൽമാത്രം ശേഷിച്ച വദനവും
പ്രായമൊട്ടധികമില്ലെങ്കിലും താരുണ്യത്തിൻ
മായികപ്രഭയൊക്കെ മാഞ്ഞതാം തനുവെയും
പാർത്തുപാർത്തൊരു സപ്നഭ്രാന്തനെപ്പോലപ്പുമാ-
നോക്കുതെ വിളിച്ചുപോയ് പൊന്നുവെന്നാക്കെ-
(ത്താ
മന്ത്രശക്തിയാലെന്നപോലെയന്നിമിഷത്തിൽ
ചിമ്മിത്തുറന്ന ഹന്ത! ചിന്നവിൻ മിഴിരണ്ടും.
സഞ്ചിതപുണ്യോപമം ചിന്നിയശോഭപൂര-
മന്ത കേനല്കും പ്രേമമൂർത്തിയിലപ്പിച്ചുവം.
ധന്യയായ് തൊഴുകൈപ്പുമൊട്ടുമായുരചെയ്താ-
"ളെൻകാര്യം പൊരുത്തല്വ"മെന്നു സ്വാമിനിയോടും.
സത്വരം ജഗദീശപാദത്തിലണഞ്ഞുപോൾ
ദൃഷ്ടികളുദ്ധവംചേന്നു നിഷ്പ്രഭമായീ മുഖം.

അത്ഭുതമെയ്യിൽവീണ ദീനദീനമായ്കേണ
മന്നിന്റെ മാലിനൃങ്ങളേലാത്ത മണിപ്പൈതൽ.
"ചിന്നവില്ലെങ്കിൽപ്പിന്നെയെന്തിനീവികൻ" യെന്നു
ചൊന്നവൾപൊതിയെടുത്തെറിഞ്ഞുനെരാശ്വത്ഥ
സ്വർണ്ണരത്നങ്ങളം കോരിച്ചൊരിഞ്ഞാലെന്തേഫലം?
സന്തതം സ്നേഹത്തിനു സ്നേഹംതാൻ പ്രതിദാനം.
നേരിയ ചുരുൾപൊന്നു പാടലാംഗുകം മാറി
ദൂരേ കുണയെ തിളങ്ങുന്നൊരു നഗ്നോതിരം
ചഞ്ചലസമീരനാലശോകമഞ്ചീടവേ-
യന്തിനീരദനീങ്ങിത്തങ്കത്താരകംപോലെ.

എന്തിതിൽ രഹസ്യങ്ങളെന്നു നഗ്നനേനോക്കും
തൻപ്രിയയൊട്ട വല്ലപാടുമോതിനാൻ പാവം.
"ഞാനെ ഞാൻ നഗരത്തിൽ പഠിക്കുന്നാളിൽ കൊച്ചു
ചിന്നവെപ്പൊന്നുവെന്നു വിളിച്ച വിനോദത്താൽ.
പിന്നെയെൻ നാട്ടിൽപ്പോകുംനേരത്തുകൊടുത്തുഞാനാ
പൊന്നുമോതിരമ തു മുട്ടപ്പിൻ തുണിത്തുണ്ടം
വത്സരം പതിനാലു പാറെ കഴിഞ്ഞിപ്പോൾ"
അത്ഥപൂർണ്ണമാം നോട്ടമോതുന്ന കഥാശേഷം.
ഹോ മർത്ത്യ! മതി! സ ത്ഥനിരതൻ നീയിന്നിയും
പ്രേമധനുതയെന്നു ജീവനെയലട്ടല്ലേ.

★

---

ഗ്രാമാന്തരീക്ഷത്തിൽ ഇന്ത്യയിലുടനീളം കാണുന്ന ആഹാരപദാർത്ഥങ്ങളുടെ രസവീര്യങ്ങളെക്കുറിച്ചും ഭക്ഷണപാരമ്പര്യങ്ങളെക്കുറിച്ചും ലഘുലേഖകൾവഴി പൊതുജനങ്ങൾക്കു അറിവുണ്ടാക്കിക്കൊടുക്കുന്നതും നന്നായിരിക്കും. പാശ്ചാത്യരോഗ്യവകുപ്പിനും ആവൈദ്യന്മാർക്കും മാത്രമല്ലാ ആ മാർഗ്ഗങ്ങളെ പറഞ്ഞു മനസ്സിലാക്കുവാൻ കഴിവുള്ളതെന്നു തെളിയിക്കേണ്ടതു — കേരളത്തെ സംബന്ധിച്ചേടത്തോളം — കേരളത്തിലെ കേളികേട്ട വൈദ്യന്മാരുടെയും സാമുദായികസേവകന്മാരുടേയും പൊതുപ്രവർത്തകന്മാരുടേയും ഉദ്യോഗസ്ഥന്മാരുടേയും സാമ്പത്തികനിവൃത്തിയുള്ളവരുടേയും സാഹിത്യകാരന്മാരുടേയും പത്രപ്രവർത്തകന്മാരുടേയും ഒഴിച്ചുകൂടാത്ത കടമയാണെന്നു ഇനിയെങ്കിലും ധരിച്ചാൽ നന്നായിരിക്കും: ഇന്നത്തെ രാഷ്ട്രീയപാർട്ടികളെ കൂടുതൽ വർദ്ധിപ്പിച്ചു" — ജാതിവാദം പ്പിച്ചിട്ടുള്ളതുപോലെ — മത്സരിപ്പാൻ ഇടയാക്കാതിരിപ്പാൻ പഴയ ക്രാഫ്റ്റ് ത്രൂഡിക്കാത്തതാൽ "കക്ഷികളും വർദ്ധിക്കും, സിദ്ധാന്തങ്ങളും കൂടും: വാശി വളരും, തമ്മിൽതല്ലി നശിക്കും. പ്രജായത്തം, കോൺഗ്രസ്സും, സ്ഥിതിസമത്വവും മറ്റും പന്ത കടക്കും. പട്ടിണിയും മരണവും തന്നെ തുടർന്നുതന്നെ മാട്ടം. സുന്ദോപസുന്ദന്മാരുടെ പോരാട്ടമാവാതെ — "നാട്ടുകാരെ സ്വായിപ്പിൻ" എന്ന മുദ്രാവാക്യം-ഏറ്റെടുക്കുന്നതു" — കൂടാതെ കക്ഷിത്വം അവസാനിപ്പിക്കുക!



---

രോഗശമനത്തെ നിലനിർത്തുവാൻ അശ്രാന്തപരിശ്രമം ചെയ്യുമെന്നു ആശിച്ചുകൊടയോ?

കേരളത്തിലെ ആയുർവേദവിദ

# കൊല്ലവും വേണാടും

വി. കെ. കൃഷ്ണവാര്യർ ബി. എ. (ആണേഴ്സ്) കോട്ടയം

അതിപ്രാചീനകാലംമുതൽ ഇന്നു കൊല്ലം നഗരത്തിന്റെ കീർത്തി വിദേശരാജ്യങ്ങളിലും വ്യാപിച്ചിട്ടുണ്ട്. ചൈനയിലെ പുരാതനരായ താൻവംശ'രാജാക്കന്മാരുടെ രേഖകളിൽ കൊല്ലം പട്ടണത്തെപ്പറ്റി പരാമർശമുണ്ട്. അക്കാലത്തു ചീനക്കാരായ കച്ചവടക്കാർ കൊല്ലത്തുവന്നു കച്ചവടം നടത്തിയിരുന്നതായി ഈ രേഖകളിൽനിന്നു മനസ്സിലാക്കാം. കൊല്ലവർഷം 27-ാമാണ്ടോടുകൂടി സുലൈമാൻ എന്ന പേർഷ്യൻ സഞ്ചാരി കേരളത്തിൽ വരികയും കൊല്ലം നഗരത്തെപ്പറ്റി അദ്ദേഹത്തിന്റെ കുറിപ്പുകളിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വേണാട്ടരാജാവായിരുന്ന അയ്യനടി തിരുവടികൾ കൊല്ലം 24-ാമാണ്ട് ക്രിസ്ത്യാനികൾക്കു കൊല്ലത്തു തരിസാപ്പള്ളി സ്ഥാപിക്കുന്നതിനു മരുവൻ സപീശോ'യ്ക്കു ഭൂമി ദാനംചെയ്യുന്നതായി ചെപ്പേടുകൾ സാക്ഷ്യംവഹിക്കുന്നു. കൊല്ലവർഷം രണ്ടാംശതകത്തിൽ കൊല്ലത്തു ഭരണംനടത്തിയ സ്ത്രീവല്ലഭൻകോത, ശോഭനമാർത്താണ്ഡൻ എന്നീ വേണാട്ടരാജാക്കന്മാരെപ്പറ്റി ശാസനങ്ങളിൽ പ്രസ്താവമുണ്ട്. വേണാട്ടരാജാവായിരുന്ന സ്ത്രീവല്ലഭൻകോത കൊല്ലത്തു പദ്മനാഭസ്വാമിക്ഷേത്രത്തിലിരുന്നാണ് കൊല്ലം 149-ാമാണ്ട് ആദിച്ചനല്ലൂർ അയിരൂർ ക്ഷേത്രവും വസ്തുക്കളും അട്ടിപ്പേറായി ദാനം ചെയ്യുന്നത്. അതിനാൽ വേണാട്ടരാജാക്കന്മാരുടെ രാജധാനി കൊല്ലവർഷത്തിന്റെ ആദ്യശതകങ്ങളിൽ കൊല്ലമായിരുന്നുവെന്നും രണ്ടാം ശതകത്തിൽതന്നെ പദ്മനാഭപുരംകൊട്ടാരം ഉണ്ടായിരുന്നുവെന്നും മനസ്സിലാക്കേണ്ടിയിരിക്കുന്നു.


കൊല്ലം ഭരിച്ചിരുന്ന വേണാട്ടരാജാക്കന്മാർ കൊട്ടാരക്കര മഹോദയപുരത്തു വാണിരുന്ന സ്ഥാണുരവി, ഭാസ്കരരവി മുതലായ ചക്രവർത്തിമാരുടെ മേൽക്കോയ്മ അംഗീകരിച്ചിരുന്നു. ശോഭനമാർത്താണ്ഡൻ എന്ന വേണാട്ടരാജാവിനുശേഷം കൊല്ലം ഭരിച്ചിരുന്നതു് ഏതു വംശത്തിൽപ്പെട്ട രാജാക്കന്മാരാണെന്നു നിശ്ചിതമായി അറിയുവാൻ തെളിവുകളും ഇനിയും കിട്ടേണ്ടതായിട്ടാണിരിക്കുന്നതു്.

കൊല്ലവർഷം 176 മുതൽ ഒരു ശതവത്സരം നീണ്ടുനിന്ന ചോളരാജാക്കന്മാരുടെ കേരളാക്രമണകാലത്തു വേണാട്ടരാജാക്കന്മാർ ചോളപക്ഷത്തു ചേർന്നതായി ഊഹിക്കുന്നതിനു് തെളിവുകളുണ്ട്. ചോളയുഗാന്ത്യത്തിനുശേഷം വേണാട്ടരാജാക്കന്മാർ വെറും വാഴ്കൈ വാഴികളായിത്തീർന്നതു് മഹോദയപുരത്തെ ചക്രവർത്തിമാരുടെ വിരോധം സമ്പാദിച്ചതുകൊണ്ടായിരിക്കണം. കൊല്ലം 278-ാമാണ്ടു് രാമവർമ്മകുലശേഖരൻ കൊല്ലത്തു പദ്മനാഭപുരത്തിൽവച്ചു് 'രാമേശ്വരം' ക്ഷേത്രത്തിലേക്കു ചില ദാനങ്ങൾ നടത്തുന്നതായി ശാസനത്തിൽനിന്നു മനസ്സിലാക്കാം. ഈ കുലശേഖരചക്രവർത്തി മഹോദയപുരത്തു വാണിരുന്ന കേരളചക്രവർത്തി മാരുടെ വംശപരമ്പരയിൽപ്പെട്ട ആളാണെന്നു് ഊഹിക്കുന്നതിനു ചില തെളിവുകൾ ലഭിച്ചിട്ടുണ്ട്. ചോളരുടെ ആക്രമണകാലത്തു മഹോദയപുരവും കൊല്ലവും ചോളന്മാർ നശിപ്പിക്കുകയുണ്ടായി. രാമവർമ്മ കുലശേഖരനാണു് 'ചാവേറുപട'യുപയോഗിച്ചു ചോളന്മാരുടെ ആക്രമണങ്ങളിൽനിന്നു കോട്ടാറുവരെയുള്ള സ്ഥലങ്ങൾ രക്ഷിച്ചതു്. ഇദ്ദേഹം വേണാട്ടരാജാവായിട്ടാണു് കൊല്ലത്തു ഭരണം നടത്തിയതു്. കുലശേഖരന്റെ പിൻഗാമികളാണു് പിന്നീടു് വേണാട് ഭരിക്കുന്നതു് എന്നും മനസ്സിലാക്കാം.

കൊല്ലവർഷം 7-ാംശതകത്തിൽ ഈ വേണാട്ടുവംശം പലതായി പിരിയുകയും തുപ്പാപ്പൂർ, ദേശിംഗനാടു് എന്നിങ്ങനെ രണ്ടു പിരിവുകൾ ഉണ്ടാകുകയും ചെയ്തു. അങ്ങനെ രണ്ടു വംശക്കാരായിത്തീർന്നതിനുമുമ്പു വേണാട്ടിൽ ചിറവാമൂപ്പനെന്നും തുപ്പാപ്പൂർ മൂപ്പനെന്നും രണ്ടു സ്ഥാനങ്ങളും ഉണ്ടായിരുന്നു. രാജ്യഭരണം നടത്തിവന്നതു ചിറവാമൂപ്പനാണു്. ക്ഷേത്രങ്ങളുടെ ഭരണം നിർവ്വഹിക്കുകയാണു് തുപ്പാപ്പൂർമൂപ്പന്റെ മുമതല. ഉണ്ണുനീലിസന്ദേശത്തിലെ സന്ദേശഹരനായ ആദിത്യവർമ്മ തുപ്പാപ്പൂർമൂപ്പനായതു കൊണ്ടായിരിക്കാം നായകനായതെന്നു തോന്നുന്നു. പദ്മനാഭന്റെ ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽവെച്ചു കണ്ടുമുട്ടുവാൻ സാധിച്ചതു്. ആദിത്യവർമ്മ കൊല്ലത്തു ചെല്ലുമ്പോൾ തന്നത്തിനായി മഹാബ്രാഹ്മണർ കാത്തുനിൽക്കുമെന്നു പ്രസ്താവിക്കുന്നതും തുപ്പാപ്പൂർ മൂപ്പനു് ക്ഷേത്രങ്ങളിലുള്ള അധികാരത്തെയാണു സൂചിപ്പിക്കുന്നതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. തുപ്പാപ്പൂർ മൂപ്പന്മാർ തന്നെയാണു് തിരുവനന്തപുരത്തിനു അടുത്തുള്ള തുപ്പാപ്പൂരായിരുന്നു. കൊല്ലം 7-ാംശതകത്തിൽ മാത്രമേ തുപ്പാപ്പൂർവംശം പദ്മനാഭപുരം തലസ്ഥാനമാക്കി പ്രത്യേകരാജ്യമായിത്തീർന്നുള്ളു. അതുവരെ രണ്ടും വേണാടു് എന്നറിയപ്പെട്ടുവന്നു. അവരുടെ തലസ്ഥാനം കൊല്ലം പട്ടണവുമായിരുന്നു. പ്രാചീന രേഖകളിൽനിന്നു കൊല്ലംനഗരത്തെപ്പറ്റിയും വേണാട്ടുവംശത്തെപ്പറ്റിയും മനസ്സിലാക്കാവുന്ന ചരിത്രം ഇതാണു്.

ചരിത്രരേഖകളിൽനിന്നു യഥാർത്ഥവസ്തുതകൾ മനസ്സിലാക്കാമെന്നിരിക്കെ ഐതിഹ്യങ്ങളെയും ഊഹാപോഹങ്ങളെയും മറ്റും അടിസ്ഥാനമാക്കി ചരിത്രകഥകൾ എഴുതിവിടുകയെന്നതു് ഒരിക്കലും ക്ഷന്തവ്യമായി കരുതപ്പെടാവുന്നതല്ല. കഴിഞ്ഞതലക്കം 'മലയാളരാജ്യ'ത്തിൽ 'പ്രാചീന കൊല്ലംരാജ്യം' എന്ന ശീർഷകത്തിൽ ചരിത്രവസ്തുതകളുടെനേരെ തെറ്റിദ്ധാരണ ഉണ്ടാക്കത്തക്ക ചില ഊഹാപോഹങ്ങൾ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതു കാണുകയുണ്ടായി. ആ ലേഖനത്തിൽ പ്രാചീന കൊല്ലംരാജ്യത്തെപ്പറ്റി പ്രസ്താവിക്കുന്ന കാര്യങ്ങളിലധികവും ചരിത്രവസ്തുതകൾക്കു വിരുദ്ധമാണെന്നു മാത്രമല്ല ചരിത്രം അല്പമെങ്കിലും പഠിച്ചിട്ടുള്ളവർക്കു് അനുഭവപ്പെടുന്നതാണു്. ഒരു തികഞ്ഞ പരിശ്രമശീലിയും ഗവേഷണകുതുകിയുമായ ശ്രീ: ഗോപാലപിള്ളയെപ്പോലുള്ളവർ ചരിത്രവസ്തുതകൾ കണ്ടുപിടിക്കുവാൻ ശ്രമിക്കാതെ അയുക്തിയുക്തമെഴുതിച്ചേർത്തു് പ്രാചീന ചരിത്രവസ്തുതകളുണ്ടെന്നു പറഞ്ഞു പ്രസിദ്ധീകരിക്കുന്നതാണു് അൽഭുതാവഹമായിരിക്കുന്നതു്.

വേണാടെന്നുള്ളതു് കൊല്ലം രാജ്യത്തിന്റെ മറ്റൊരു പേരല്ലെന്നും അതൊരു പ്രത്യേക രാജ്യമായിരുന്നുവെന്നും, അതു തുപ്പാപ്പൂർ സ്വരൂപത്തിന്റെ ഭരണത്തിലിരുന്ന തിരുവിതാംകൂറിന്റെ ഒരു പുരാതന പേരാണെന്നും അദ്ദേഹം പ്രസ്താവിക്കുന്നതു ചരിത്രലക്ഷ്യങ്ങൾക്കു വിരോധമാണു്. കൊല്ലവർഷം രണ്ടാംശതകത്തിൽതന്നെ കൊല്ലം ഭരിച്ചിരുന്നതു വേണാട്ടരാജാക്കന്മാരാണെന്നും അവർ കൊല്ലത്തു പദ്മനാഭപുരത്തിലാണു താമസിച്ചിരുന്നതെന്നും മുൻപറഞ്ഞ ചരിത്രവസ്തുതകളിൽനിന്നു തെളിയുന്നുണ്ടല്ലോ. തുപ്പാപ്പൂർ വംശം കൊല്ലത്തു ഭരിച്ചിരുന്ന വേണാട്ടുവംശത്തിന്റെ ഒരു ശാഖയാണെന്നും ആ രണ്ടു വംശങ്ങളും ചേർപിരിഞ്ഞതു് 6-ാം ശതകത്തിൽ മാത്രമാണെന്നും ചരിത്രലക്ഷ്യങ്ങളും തെളിയിക്കുന്നതായി മുമ്പു പ്രസ്താവിച്ചിട്ടുണ്ട്. ഒന്നാംശതകത്തിൽ കൊല്ലം രാജ്യത്തിന്റെ തലസ്ഥാനം കല്ലടയാണെന്നു പറയു



അപകടത്തിൽനിന്നു രക്ഷയ്ക്ക്"—വിമാനാപകടമോ, കപ്പൽഅപകടമോ സംഭവിച്ചുവരുന്ന രക്ഷാപ്രവർത്തനത്തിനു സഹായിക്കുന്ന ഒരു റേഡിയോയന്ത്രം ഉത്തരഅറ്റ്ലാന്റിക്കിലെ വിദേശ കപ്പലുകളുടെ പരിശോധനയ്ക്കു വിധേയമാക്കിയിരിക്കുന്നു. "സാർ" (Search and Rescue Homing) എന്നാണു് ഇതു അറിയപ്പെടുന്നതു്. അപകടത്തിൽപ്പെട്ട ആളിന്റെ 'ലൈഫ്ജാക്കറ്റിൽ' ഘടിപ്പിച്ചിട്ടുള്ള റേഡിയോബീക്കൺ മുഖേന അന്വേഷണം നടത്തുന്ന വിമാനത്തിലേയ്ക്കു സന്ദേശങ്ങൾ അയയ്ക്കുവാൻ കഴിയുന്നതാണു്.

# ചിന്താരംഗം



കെ. എൻ സച്ചിദാനന്ദൻപണിക്കർ
കീഴ്മർ

(എങ്കിലും ചന്ദ്രികേ—രീതി.)

ആലോചിച്ചാലോചിച്ചാരായുമ്പോൾ
ഈലോകത്തുണ്ടോ യഥാർത്ഥസൗഖ്യം ?
രാവുംപകലുമെന്നപോലെ
പോവുന്ന ദുഃഖസുഖങ്ങൾതന്നെ.
ദുഃഖംകൊണ്ടാവൃതമായിക്കാണും
സൌഖ്യമെന്നുള്ളതുമെയല്ലിപ്പോൾ ?
നാമിതോർക്കുന്നില്ല മായയാലേ
കഷ്ടമേ! കഷ്ടം! പിരിഞ്ഞുപോകും.

എങ്ങുപോയെങ്ങുപോയെങ്ങുപോയി
എങ്ങുനിൽക്കുന്നുമെങ്ങുചെല്ലും
എന്നിനിലകളെയൊന്നുപോലും
മന്നിലൊരുത്തർക്കറിഞ്ഞുകൂടാ:—
ആത്മാഭിമാനത്തിൻ തള്ളലാലേ
ആത്മജ്ഞരാണെന്നഭാവം പാരിൽ
എല്ലാവരിലുംവെച്ചമീതെ ഞാനെ-
ന്നല്ലയോ ലോകത്തിൻ ഭാവനകാം.

വാസ്തവമോർത്താലുലകമെങ്ങ -
ണ്ണാത്മമചിത്തങ്ങളം എങ്ങുനിൽപ്പൂ.
ആത്മാഭിമാനം നിലയ്ക്കുനിർത്താൻ
പാമരസംഘങ്ങൾ വാഴ്ത്തിടുമ്പോൾ,
ഉത്തമചിത്തങ്ങൾ മാലിലാഴ്ന്നു
ഹന്ത! മലധിക്കു ബന്ധനംപോൽ
ഈവിധമോർക്കിൽ പാരിലെങ്ങും
പാവങ്ങൾക്കാശ്വാസമെന്നതെയും ?

ക്രൂരമാം "യാമിനി" വാർകുന്തളം
കെട്ടഴിച്ചീടുമ്പോൾ സൂര്യബിംബം
കേഴുന്നു മൂടലിലാഴ്ന്നിടുന്നു,
ഉയിർക്കുകാണാനുമെത്തിടാതെ

മല്ലുമൊട്ടുകളുപ്പോൾ ചിരിച്ചു
അല്ലലസ്യക്കൊരോണം വന്നു.

അന്നത്തെച്ചന്ദ്രിക പിറന്നുള്ളം
വാനിലുദിക്കും—ചിരിച്ചു പൂക്കും-

വാടിക്കരിഞ്ഞു നിലത്തുണങ്ങു
വീണുചന്ദ്രിക തലോടിടുന്നു.

ധർമ്മമല്ലാത്തുള്ള മാഴ്ചകൾ കണ്ടാ-
ലുള്ളമയ്യുക്കും സഹിക്കാകുന്നോ ?

ഈനിലയ്ക്കീമന്നിലെങ്ങു സൌഖ്യം
ഒന്നുനിനച്ചു നിനച്ചുപോകും.

ആശ്വസിപ്പിക്കുവാനാരുമില്ലേ!"
"വിശ്വപ്രഭയിനി", കേൾക്കുന്നുള്ളം.



---


ഉദാഹരണങ്ങൾ, അടിയളവുവാക്യങ്ങൾ, നക്ഷത്രവാക്യം
മുതലായി കഴിഞ്ഞവർഷത്തേക്കാൾ വളരെ
കൂടുതൽ വിഷയങ്ങൾ അടങ്ങിയിട്ടുള്ളതും,
ജ്യോതിഷപണ്ഡിതർ ഗണിതവിദഗ്ദ്ധമണി ബ്രഹ്മശ്രീ പുലിയൂർ
പി. എസ്. പുരുഷോത്തമൻനമ്പൂതിരി
അവർകളുടെ ശിഷ്യൻ, ശ്രീലാളൻ പാണ്ടനാട്ടിൽ
പി. ആർ. ഗോപാലവാര്യർ അവർകളാൽ
ഗണിക്കപ്പെട്ടതുമായ
ശ്രീരാമവിലാസംപ്രസ്സ് വക
1129-ാമാണ്ടത്തെ
പഞ്ചാംഗം
വില്പനയ്ക്കു തയാറായി!
4 ഫാറം 32 പേജ്. 6 ഫാറം 48 പേജ്.
കച്ചവടക്കാർക്ക് ആകർഷകമായ കമ്മീഷൻ!
മാനേജർ,
ശ്രീരാമവിലാസം പ്രസ്സ് & ബുക്കുഡിപ്പോ,
കൊല്ലം.
ബ്രാഞ്ചുകൾ: തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.


---

# ഓണപ്പുതിപ്പ്

ന്നതും ചരിത്രവസ്തുതകളുമായി പൊരുത്തപ്പെടുന്നില്ല. 149-ാമണ്ടിലുള്ള മാന്വേൽ ശാസനവും 278-ലെ രാമേശ്വരം ശാസനവും അക്കാലത്തെ വേണാടിന്റെ തലസ്ഥാനം കൊല്ലമായിരുന്നുവെന്നും രാജാക്കന്മാർ പനങ്കാവിൽ കൊട്ടാരത്തിലായിരുന്നു താമസിച്ചിരുന്നതെന്നും തെളിയിക്കുന്നു.

"സ്വസ്തിശ്രീ കൊല്ലം തോൺറി നാലാമതർപ്പത്തൊമ്പതാമാണ്ടു തുലാത്തുലം വിയാഴം നിൻറമിരിച്ചിക ഞായിറു ഞായിഴാണ്ട അച്ചുവതി ഇന്നാളാൽ കൊല്ലത്തു പനൈങ്കാവിൽ കോയിലുളുരിയ കൊട്ടിലുകം തിരിച്ചൈങ്കൻകർപ്പടൈപ്പെത്തകക്കും ക്രട്ടംകൂടി ഇന്നന്നതളിയെടത്തുവൈച്ചു."

"സ്വസ്തിശ്രീ കൊല്ലംതോൺറി ഇരുനൂറഴപത്തെട്ടാമാണ്ടെ കന്നിയിൽ വിയാഴം പുക്ക ചിങ്ങ ഞായർ ഒയാഴചൊൻറാനും ഇരണ്ടാമാണ്ടെ ഒണ്ണൈതിർ പതിനേഴാമാണ്ടെ ഇരാമർ തിരുവടി കോയിലതികാരികളായിന ശ്രീ കലശേഖരച്ചക്കിരവത്തികം കൂടക്കേണിക്കൊല്ലത്തു പനൈങ്കാവിൽ കോയിലകത്തിരുന്നരുള ആരിയരോട്ടുവന്ന വിരോതത്തിന പ്രായശ്ചിത്തത്തിന്."

മുകളിൽ കൊടുത്തിട്ടുള്ള മായമ്മി ശാസനത്തിൽനിന്നും രാമേശ്വരംശാസനത്തിൽനിന്നും പനങ്കാവിൽകൊട്ടാരത്തെപ്പറ്റിയുള്ള വിവരങ്ങളും അറിയാവുന്നതാണ്.

നീലകണ്ഠം അഥവാ കല്ലട ഭൂകമ്പനിമിത്തം നശിച്ചിരിക്കണമെന്നും അതിൽപിന്നീടാണ് പനങ്കാവിലേയ്ക്ക് തലസ്ഥാനം മാറിയതെന്നും പ്രസ്താവിക്കുന്നത് ചരിത്രവസ്തുതകൾ ശരിയായി മനസ്സിലാക്കാത്തതുകൊണ്ടാണ്. കൊല്ലവർഷത്തിന്റെ ആദ്യശതകങ്ങളിൽ വേണാടിന്റെ അഥവാ കൊല്ലംരാജ്യത്തിന്റെ തലസ്ഥാനം പനങ്കാവായിരുന്നുവെന്ന മായമ്മി ശാസനവും മറ്റും പനങ്കാവിലേയ്ക്കും കല്ലടനിന്നും തലതെളിവുകളുമുണ്ടു്. 600 സ്ഥാനം മാറിയതെന്നു പറയുന്ന കൊല്ലങ്ങൾക്കുമുൻപുമാത്രമാണ് പ തു ചരിത്രകാരന്മാരുടെ യുക്തിയുക്തമായി തോന്നുവാനിടയില്ല. പനങ്കാവിൽ കൊട്ടാരം എ. ഡി. 1341-ാമതശേഷം പണികഴിപ്പിച്ചു് ഭരിച്ചുകൊണ്ടിരുന്ന രാജാക്കന്മാർ വാസമുറപ്പിച്ചുവെന്നുള്ളതും പ്രസ്താവിക്കുന്നതും വസ്തുവിരുദ്ധമാണെന്നു മേൽപറഞ്ഞ ശാസനഭാഗങ്ങളിൽനിന്നും തെളിയുന്നുണ്ടല്ലോ. ഉള്ളൂർനീലിസന്ദേശത്തിൽ "നേരേ പിന്നെ പ്രിയസഖ! പനങ്കാവനത്തിന്നകംപുക്ക" എന്നുകാണുന്നതുതന്നെ അക്കാലത്തു പനങ്കാവുകൊട്ടാരം പ്രസിദ്ധി പ്രാപിച്ചിരുന്നുവെന്നു തെളിയിക്കുന്നു. ഇങ്ങനെ ചരിത്രലക്ഷ്യങ്ങൾക്കു വിരുദ്ധമായ പ്രസ്താവനകളും പ്രാചീന കൊല്ലംരാജ്യത്തെപ്പറ്റിയുള്ള ആ ലേഖനത്തിൽ കാണുന്നുണ്ട്. ചില ഊഹാപോഹങ്ങളും ഐതിഹ്യങ്ങളുമാണ് ആ ലേഖനത്തിൽ ഉള്ളത്. അവ ചരിത്രവസ്തുതകളായി ഗണിക്കപ്പെടുവാൻ യോഗ്യമുമല്ല: ലക്ഷ്യങ്ങൾ തേടിപ്പിടിച്ചു യഥാർത്ഥചരിത്രം നിർമ്മിക്കുകയല്ലേ ചരിത്രകാരൻ ചെയ്യേണ്ടത്. ഐതിഹ്യപരമ്പരയിൽ ഉൾപ്പെട്ടതാൻ കൊള്ളാവുന്ന ഒരു ലേഖനമാണ് ആതെന്നുപറയുന്നതു കേരളചരിത്രം അല്പമെങ്കിലുമറിയാവുന്നവർ സമ്മതിക്കുമെന്നാണെന്റെ വിശ്വാസം: ഇതുവരെ വെളിച്ചത്തുകൊണ്ടുവന്നിട്ടുള്ള ചരിത്രലക്ഷ്യങ്ങൾ പഠിക്കാതെയാണ് ആ ലേഖനമെഴുതിയിട്ടുള്ളതെന്നു് ആ ലേഖനം വായിക്കുന്ന ആർക്കും ബോദ്ധ്യമാകും.

കലിദിനസംഖ്യയെ 364 കൊണ്ടു ഹരിച്ചാൽ കലിവർഷം കിട്ടുമെന്നു് മലയാളരാജ്യത്തിൽ പ്രസിദ്ധീകരിച്ച വേറൊരുലേഖനത്തിൽ കാണുകയുണ്ടായി. 'ശ്രീകലശേഖരാബ്ദ' എന്നതിന്റെ കലിവർഷം കണക്കാക്കുന്നതിനു കലിദിനത്തെ 364 കൊണ്ടു ഹരിച്ചാൽ മതിയെന്നു പഠിഞ്ഞതുകൊണ്ടാണ് അതു ശരിയായിരിക്കുകയില്ലല്ലോ. അതുണ്ടിനെ 2103890




— തകഴി കെ. രാമവാര്യർ —

15-11-1128 — 21-11-1128.
29-6-1953 — 5-7-1953.

അശ്വതി—ധനം ദുരുപയോഗമായി ചിലവിട്ടുകയാൽ ആവശ്യമായ സമയങ്ങളിൽ നല്ലപോലെ വിഷമിക്കും. വിഷാംശങ്ങൾനിമിത്തം പീഡകളുണ്ടാകും. യത്നത്തിന് അഭ്യുദയമുണ്ടാകും. ചെറിയതരം ലാഭങ്ങൾ ഉണ്ടാകും കാര്യങ്ങൾ ഒരുവിധം നിറവേറ്റുവാൻ കഴിയും. ഗുഹ്യപീഡ കാണാം.

ഭരണി—ചില സംഭവവികാസങ്ങൾ അപവാദത്തിനിടയാക്കും. വിഭിന്നചിന്തകൾ മനസ്സിനെ മഥിച്ചുകൊണ്ടിരിക്കും. കൃത്രിമവും കപടവുംകൊണ്ട് കാര്യംകാണുവാൻ മുതിരും. ശത്രുക്കൾ വർദ്ധിക്കും. പതനഭീതിയുണ്ടാകും.

കാർത്തിക—വ്യാപാരത്തിൽ വിചാരിച്ചപോലെയുള്ള പുരോഗതി ലഭിക്കയില്ല. കാമിതസ്ഥാനങ്ങൾ നഷ്ടപ്പെടും. ഉപയോഗരഹിതമായ സഞ്ചാരം വർദ്ധിക്കും. നഷ്ടവും നിരാശയും വല്ലാതെ മനസ്സിനെ ഞെരുക്കും. കലഹങ്ങളിൽനിന്നും അകലും. സന്താനചിന്തയുദിക്കും.

രോഹിണി—സക്കാര്യമായുള്ള കാര്യങ്ങളിൽ കഴപ്പം വർദ്ധിക്കും. നാല്പാലികനിമിത്തം നഷ്ടമുണ്ടാകും. പരസ്പരവിരുദ്ധമായ ചിന്ത കാര്യക്ഷപ്പം സൃഷ്ടിക്കും. വന്നമാനത്തിൽനിന്നും വ്യയം വർദ്ധിക്കും. സ്ത്രീകൾ ഹേതുവായി സാജനകലഹം ഉണ്ടാകാം.

മകയിരം—സാമൂഹ്യകാര്യങ്ങളിൽ ആസക്തി വളരും. മൈത്രികൊണ്ട് കാര്യലാഭവും സ്ഥാനവും അടിച്ചെടുക്കും. സാഹസങ്ങൾ നടത്തിയും ക്ലേശം സഹിച്ചും സന്താനാഭിലാഷം പൂർത്തിയാക്കാൻ ഉള്ള കഴിവുണ്ടാകും. സഹായികളുണ്ടാകും. സമാധാനം ലഭിക്കും.

തിരുവാതിര—ചുമതലയേറിയ പല കാര്യങ്ങളും തൃപ്തിപൂർവ്വം നിർവ്വഹിക്കും. മേലധികാരികളുടെ വിപ്രിയത്തിനിടവരും. ലാഭമെടുക്കുവൻവേണ്ടി അയോഗ്യമായ നിലപാടുകൾ സ്വീകരിക്കും. ഗാർഹസ്ഥ്യസുഖം കുറയും.

പുണർതം—അഭിലഷിതകാര്യങ്ങളും മന്ദഗതിയിൽക്കൂടിയാണെങ്കിലും പൂർത്തീകരിക്കും. വ്യവസ്ഥാപിതമാർഗ്ഗത്തിൽക്കൂടി ധനമുണ്ടാകും. വിദ്വേഷബുദ്ധി ജനിക്കും. ഉപരിപ്ലവക്കാരുമായി അടുപ്പം സമ്പർക്കപ്പെടും. സന്താനസുഖം വളരും.

പൂയം—ആഗ്രഹഭംഗനിമിത്തം അപമാനവും നഷ്ടവും വന്നുചേരും. ചിലവാഗ്ദാനങ്ങൾക്കു നീക്കുപോക്കുണ്ടാകും. മനസ്സുവ്യസ്ഥത തീരെകുറയും. ഏറെകരമായ ഒരു പരിവർത്തനത്തിന് ഉന്നതവ്യക്തികളുടെ സമ്പർക്കം ഉണ്ടാകും.

ആയില്യം—പ്രശസ്തിയും അഭിമാനവും പ്രതീക്ഷാതീതമായിട്ടുണ്ടാകും. എതിരാളികൾപോലും നല്ലകാര്യങ്ങൾ ഉരുവിടുവാനിടവരും. അനുകൂലമായി എല്ലാകാര്യങ്ങളും വന്നുകൂടും. സന്തോഷവും സമ്പൽസമൃദ്ധിയും ലഭിക്കും.

മകം—മുടങ്ങിക്കിടന്ന കാര്യങ്ങളും പൂർത്തീകരിക്കും. അനർഹമായവിധം സ്വാഗതം ലഭിക്കും. വാതകോപം ശല്യപ്പെടുത്തും. ആഭ്യുദയവും അഭ്യുദയവും പ്രതീക്ഷിക്കാം. ഭാഗ്യോൻമുഖമായ സംഗതികളും അടുത്തുലഭിക്കും.

പൂരം—സഹായികളുടെ നിമിത്തം നഷ്ടവും കലഹവും നേരിടും. അരോഗ്യം കുറഞ്ഞുവരും. നൂതനമായ ചില കൂടപാടുകൾനിമിത്തം വന്നമാനം ഉണ്ടാകും. ചില ഗോപനങ്ങളും തകരാറിനിടവരുത്തും. വ്യവഹാരഹേതുകളും ഉണ്ടാകും.

ഉത്രം—സന്തോഷവാർത്തകൾ ശ്രവിക്കും. രോഗപീഡകളും കായ്വിഘാതത്തെയുണ്ടാക്കും. സാമൂഹ്യകാര്യങ്ങളിൽ ഇടപെട്ട് നിവർത്തിമാർഗ്ഗങ്ങൾ തേടും. സഹോദരന്മാർ ധനവിഷയത്തിൽ ശല്യപ്പെടുത്തും. ചലനഭീതിയുദിക്കും.

അത്തം—ഉന്നതവ്യക്തികൾ ആത്മാർത്ഥമായി സഹായിക്കും. ഋണബാധ്യത വർദ്ധിക്കും. പൊതുജനപിൻതുണ ലഭിക്കും. ജീർണ്ണതകൾ പരിഹരിക്കും. വാഹനംനിമിത്തം നഷ്ടം സംഭവിക്കാതെ സൂക്ഷിക്കണം.

ചിത്തിര—അഭിമാനപൂർവ്വം ഏതു പ്രതിബന്ധത്തെയും തരണംചെയ്യും. അനധികൃതകാര്യങ്ങളിൽ മനസ്സു ചുടുപിടിക്കും. ആഗ്രഹിതരെക്കൊണ്ട് നഷ്ടവും ശല്യതയും വർദ്ധിക്കും. ഉദരാമയങ്ങൾ ഉണ്ടാകും. രക്തസ്രാവം കുറയും. ഇഷ്ടജനവിരഹത്തിനവകാശമുണ്ട്.

ചോതി—പ്രവേശിക്കുന്ന കാര്യങ്ങൾ ഭംഗിയാകുവാൻ നിവൃത്തിക്കാൻകഴിയും. ഭാഗ്യപ്രദങ്ങളായ അനുഭവം സിദ്ധിക്കും. വ്യയം അധികരിക്കും. ഉപജാപങ്ങൾ കാണാം. കാർഷികകാര്യങ്ങളിൽ നഷ്ടംനേരിടും. ചനിവുസംഭവിക്കാം.

വിശാഖം—അഭ്യുദയത്തിനായി നല്ലപോലെ യത്നിക്കും. തൊഴിലിൽ പുരോഗതിയുണ്ടാകും. പൊതുജനപ്രീതിയാർജ്ജിക്കും. വിശ്രമമില്ലാതെ പണിപ്പെടും. അപമാനയമാർഗ്ഗങ്ങളിൽക്കൂടി കാര്യലാഭത്തിന് മുതിരും.

അനിഴം—സന്താനങ്ങളുടെ പെരുമാറ്റത്തിൽ സന്താപം ജനിക്കും. ഗൃഹജനദുരിതാനുഭവങ്ങൾ വ്യയാധിക്യത്തിനിടവരുത്തും. പ്രബലശത്രുക്കളുമായി ഏറ്റുമുട്ടും. ഉദ്ദിഷ്ടകാര്യങ്ങൾക്ക് വിളംബം വന്നുകൂടും. ഭാഗ്യസുഖം കുറവായിത്തീരും.

തൃക്കേട്ട—ദേശീയകാര്യങ്ങളിൽ കൃതലയിട്ടിടപെടുവാൻ പ്രതീക്ഷകൾക്കു കടകവിരുദ്ധമായി പലസംഭവങ്ങളും മനസ്സിനെ മഥിക്കും. അധികൃതരുമായി കലഹിക്കും. വിവാഹഹേതുക്കളിൽ ഭാഗഭാക്കാകും. വേണ്ടപ്പെട്ടവർ വൈകും.

മൂലം—ആവശ്യമില്ലാത്ത അന്തഃഛിദ്രങ്ങൾക്ക് വഴിയിടും. സപ്രയത്നം ഇതരനാമധേയത്തിൽ കൈവരുത്തും. സംഘടനകളെ പുഷ്ടിപ്പെടുത്തും. നയത്താൽ ഏതുകാര്യവും സാധിതപ്രായമാകും. പൊതുസ്ഥാപനങ്ങളെ സഹായിക്കും. ധനാഗമകരണത്താൽ നഷ്ടമോ ക്രയവിക്രയമോകൂടി സംഭവിക്കാം.

പൂരാടം—തുടങ്ങിവച്ച മുടക്കംവന്നിരുന്നകാര്യങ്ങൾ പൂർത്തിയാക്കുവാൻകഴിയും. ചുമതലയേറിയ പല കാര്യത്തിനും കഴപ്പവും പരിവർത്തനവും വന്നുചേരും. അർഹമായവയ്ക്കു വേണ്ടി വാദിക്കും. സക്കാര്യമായി ഒരു സഹകരണബുദ്ധിയുണ്ടാക്കി കാര്യം നിവർത്തിക്കും.

ഉത്രാടം—ആഗ്രഹത്തിന് സാധ്യതയുണ്ടാകും. ആദായം കൃതലയിലാകും. കാർഷികകാര്യങ്ങളിൽ നിരാശയുണ്ടാകും. ധനപരമായകാര്യങ്ങളിൽ ഇടപെടുമ്പോൾ പ്രത്യേകം മനസ്സിരുത്തണം. മംഗളകർമ്മങ്ങളിൽ പങ്കെടുക്കും. ഗൃഹജനങ്ങളുമായി സൈരത കുറയും.

തിരുവോണം—വ്യാപാരം പുഷ്ടിപ്പെടും. അധികൃതർ അനുകൂലികളായിത്തീരും. സ്ഥാനത്തിന് അല്പം വ്യതിയാനമുണ്ടാകും. ക്ഷതമേൽക്കും. അന്യമുതലകൾ സ്വയം സ്വീകരിച്ച് വിഷമിക്കും. പരുഷവാക്കുകൾ ശ്രവിക്കും. ധനം എത്രവന്നാലും മതിയാകുകയില്ല.

അവിട്ടം—ഏതുകാര്യത്തിലും ശത്രുക്കൾ അകാരണമായി വർദ്ധിക്കും. ബന്ധുക്കളുടെ വിദ്വേഷത്തിന് പാത്രമാകും. വ്യവസായവിഷയത്തിൽ നിരാശയുണ്ടാകും. സഹപ്രവർത്തകരുടെ വിനയിൽ ക്ലേശംവർദ്ധിക്കും. പനി ചുമ ഇവ പിടിപെടും.

ചതയം—ഭ്രാതൃകലഹാരണ അനന്താപത്തെ വളർത്തും. വന്നമാനത്തിന് കാലതാമസംനേരിടും. സഹായികൾ അല്പം മന്ദത ഏതുകാര്യത്തിലുമുണ്ടാക്കും. അനാവശ്യമായ ക്ലേശകെട്ടും വ്യയവും നിമിത്തം മനഃപ്രീതി കുറയും. ആവശ്യമില്ലാത്ത വിഷമിക്കും.

പൂരുരുട്ടാതി—സ്വന്തം ചുമതലകൾക്കും മേലിലുംപുറമേ അനേകകാര്യങ്ങളിൽ പ്രവേശിച്ച ക്ലേശിക്കും. ഭരണിയുടെ സ്നേഹപൂർവ്വമായ പെരുമാറ്റം സമാധാനം വളർത്തും. വിചാരിച്ചതിൽകവിഞ്ഞ ലാഭവും ഗുണവും പ്രതീക്ഷിക്കാം.

ഉത്രട്ടാതി—വന്നമാനം വർദ്ധിക്കുന്നതുപോലെ വ്യയവുംകൂടും. സുഖത്തിനുവേണ്ടി ധനം നിർല്ലോഭം വിനിയോഗിക്കും. നാൽക്കാലികനിമിത്തം ചില പീഡയോ പണച്ചെലവോ ഉണ്ടാകാം. മിത്രങ്ങൾ മനഃപൂർവ്വം നഷ്ടപ്പെടുത്തും.

രേവതി—ധനവിഷയത്തിൽ അന്തർമായിട്ടിടപെട്ടാലും തെറ്റിദ്ധാരണയുണ്ടാകും. വന്നമാനത്തിന് സംരക്ഷയിട്ടുവരുത്തും. ഗൃഹത്തിലും സൈരതകുറയും. ശ്രീദോഷം കോപിക്കും. സന്താനരിഷ്ടതയുണ്ടാകും. ഏതുകാര്യത്തിലും ഉന്മേഷം കുറയും.

FOR NEW WATCHES, CLOCKS and REPAIRS also PENS Sales & Service
KRISHNAN NAIR'S WATCH Co
TRICHUR-ERNAKULAM & QUILONS

---

കൊണ്ടു ഗുണിച്ചു 12371 കുറച്ചു 5760 കൊണ്ടു ഹരിച്ചാൽ കൃത്യം കലിദിനം കണ്ടുപിടിക്കാവുന്നതാണ്.

ഐതിഹ്യവും ചരിത്രവും വേർതിരിച്ചു കാണിക്കുകയാണ് ചരിത്രകാരന്റെ കർത്തവ്യം. ഐതിഹ്യം ഐതിഹ്യമായിട്ടും ചരിത്രം ചരിത്രമായിട്ടും ഗണിക്കപ്പെട്ടാലേയുള്ളൂ. ചരിത്രലക്ഷ്യങ്ങൾക്കു വിരുദ്ധമായ പ്രസ്താവനകളെ ഐതിഹ്യമായിമാത്രമേ ഗണിക്കുവാൻ പാടുള്ളൂ.

കിഴക്കുപടിഞ്ഞാറായി [നീണ്ടു നിവർന്നുകിടന്നിരുന്ന ആ റോഡിന്നഭിമുഖമായിട്ടാണു് തച്ചുശാസ്ത്രവുമായി തീരെ ബന്ധമില്ലാത്ത ആ കൊച്ചുചായക്കട സ്ഥിതിചെയ്യുന്നതു്. ഞാനാറോഡിലൂടെ പല സന്ദർഭങ്ങളിലും അങ്ങോട്ടുമിങ്ങോട്ടും യാത്രചെയ്തിട്ടുണ്ടു്. അന്നൊന്നും പ്രസ്തുത ചായക്കട ഞാൻ കണ്ടിട്ടുമുണ്ടു്. എന്നാൽ അപ്പോഴൊന്നും ഞാനതായ ക്കടയെസംബന്ധിച്ചു യാതൊന്നുംതന്നെ ചിന്തിച്ചിരുന്നില്ല. ചിന്തിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. അതു കൊണ്ടുമാത്രം.

എന്നാൽ ഇന്നതായക്കട എന്റെ മുമ്പാകെ ഒരു ചിന്താവിഷയമാണു്. കാരണമുണ്ടു്. എന്താണെന്നാല്ലേ? പറയാം.

പുഞ്ചിരിച്ചുനിന്നിരുന്ന ഒരു സംഭവം. ഞാനും എന്റെ ഏറ്റവുമടുത്ത ഒരു സുഹൃത്തുംകൂടെ ആ റോഡിലൂടെ കിഴക്കോട്ടു് പലതരം വെടികളുംപറഞ്ഞു് അങ്ങിനെ പോകുകയായിരുന്നു. ആ ചായക്കടയ്ക്കടുത്തു് എത്തിയപ്പോൾ സുഹൃത്തു് എന്നെനോക്കി ചോദിച്ചു.

"നിങ്ങളെപ്പോഴെങ്കിലും ആ ചായക്കടയിൽ കയറിയിട്ടുണ്ടോ?"

ഞാൻ നിഷേധാർത്ഥത്തിൽ തലയാട്ടി.

"പോടാകള്ളാ, നീ എന്നോടു് നുണപറയുന്നോ?"

സുഹൃത്തു് ഒന്നു് പുഞ്ചിരിച്ചു.

"നുണയല്ല; സത്യമാണു് പറഞ്ഞതു്."

"നീ നിന്റെ ഭാര്യയെ സാക്ഷിനിർത്തി സത്യംചെയ്യാമോ?"

സുഹൃത്തു് എന്റെ മുഖപടിയുംപ്രതീക്ഷിച്ചുകൊണ്ടു് നിൽക്കുകയാണു്.

ഞാനെന്റെ മാതാപിതാക്കളേയോ, സഹോദരീസഹോദരന്മാരേയോ എന്തുവേണ്ടു ദൈവത്തെ സാക്ഷിനിർത്തി സത്യംചെയ്താൽപോലും ആ പഹയൻ വിശ്വസിക്കുകയില്ല. എന്റെ ജീവനെന്റെജീവനായ ആ പ്രിയപ്പെട്ടവളെസാക്ഷിനിർത്തി സത്യംചെയ്താൽമാത്രമേ മൂപ്പർ വിശ്വസിക്കുകയുള്ളു. ഞാനവളെ സാക്ഷിനിർത്തി കള്ളസത്യം ചെയ്യുകില്ലെന്നാണു് ആ മഹയന്റെ ധാരണ.

ഞാൻ സമ്മതിച്ചു.

"സത്യംചെയ്യാം"

"എന്നാ സത്യംചെയ്താട്ടെ."

"എന്റെഭാര്യയെതന്നാണെ ഞാനിന്നോവരെ ആ കടയിൽ കയറീട്ടില്ലെ"

സുഹൃത്തു് വിശ്വസിച്ചു. അല്ലെങ്കിൽ വിശ്വസിച്ചുവെന്നു് ഞാൻ നിശ്ചയിച്ചു. മൌനസമുദ്രത്തിലാണ്ടുപോയ ഞങ്ങൾ മെല്ലെമെല്ലെ മുന്നോട്ടുനീങ്ങി. ഒടുവിൽ ഞാനാണു് ആ നീണ്ടുനിന്ന മൌനം ഭഞ്ജിച്ചതു്.

"എന്താ അങ്ങിനെ ചോദിക്കുവാൻ?"



"ഓ! ഒന്നുമില്ല."

"എങ്കിലും?"

"അവിടെ കച്ചവടംനടത്തുന്നതാരെന്നറിയാമോ?"

"അറിഞ്ഞുകൂടാ?"

ഉൽക്കണ്ഠാപൂർവ്വം ഞാൻ ചോദിച്ചു.

"ആരാണു്?"

"ഒരു യുവതി."

"യുവതിയോ?"

"ങ്ങും....."

ഞാനത്ഭുതത്തോടെ സുഹൃത്തിന്റെ മുഖത്തേയ്ക്കു് നോക്കി. അയാളും പറഞ്ഞു.

"തനി മഠയത്തം....."

"ങാഹാ!....."

എന്റെ അത്ഭുതം ഒന്നുകൂടിവർദ്ധിച്ചു.

അടുത്തദവണ ഞാനവഴിയെവന്നു. ആ ചായക്കടയിലൊന്നു് കയറേണമെന്നെനിക്കുതോന്നി. ഒന്നരനിമിഷത്തിനുള്ളിൽ ഞാൻ മുന്നോട്ടുവെച്ച ഒരു ചുവടു് ഭയം. അല്ല, ഒരു ശങ്ക. ഞാനാചായക്കടയിലേയ്ക്കു് ഒന്നെത്തിനോക്കി. ആരെയും കാണ്മാനില്ല. പിന്നെയും ആ ഭയം...ആശങ്ക.....ഞാൻ നാലുപാടുമൊന്നു് കണ്ണോടിച്ചു. ങേ... ആരുമില്ല. ഞാനാചായക്കടയിലേക്കു് കയറിച്ചെന്നു. അവിടെ, നിലത്തു്, അയ്യായിരുപ്പുകിംപ്രായംചെന്നിട്ടില്ലാത്ത ഒരു പെൺകിടാവു് ഇരിക്കുന്നു. അവൾ മുല്ലപ്പൂകൊണ്ടുള്ള ഒരു മാല കൊരുക്കുകയാണു്. ഞാൻ കയറിച്ചെന്നപാടെ ചോദിച്ചു.

"ഇവിടെ ആരുമില്ലേ?"

"ഉം.

ആ പെൺകിടാവു് ഉറക്കെ വിളിച്ചു.

"അമ്മേ....."

"എന്താ?....."

ആ കടയുടെ പുറകിൽനിന്നും ഒരു കനാദത്തെ വെല്ലുന്ന ഒരു ശബ്ദം. ആ പെൺകിടാവു് വിളിച്ചുപറഞ്ഞു.

"ഇങ്ങട്ടു് വാ."

വയസ്സു് ഇരുപത്തഞ്ചായെങ്കിലും ഇരുപതിൽകവിഞ്ഞു് തോന്നിക്കാത്ത ഒരു യുവതി ആ കടയിലേയ്ക്കു് കയറിവന്നു. ഞാനവളെ ആകപ്പാടെ ഒന്നു നോക്കി. കാർമേഘപടലസമാനം നീണ്ടുവളർന്നു് കിടക്കുന്ന കുന്തൽ, തിളങ്ങുന്ന നീലക്കണ്ണുകൾ, തുടുതുടുപ്പുള്ള കവിൾത്തടങ്ങൾ, ചെന്തെങ്ങിനെ വെല്ലുന്ന അധരങ്ങൾ, തുടുത്തുയർന്നു നിൽക്കുന്ന കുചകുംഭങ്ങൾ, കടഞ്ഞെടുത്തതുപോലുള്ള കൈകാലുകൾ, തങ്കനിറം അങ്ങിനെ അവൾ ഒരപ്സരസ്സിനേക്കാൾ മനോഹാരിണിയായിരുന്നു.

ഞാനാസൌന്ദര്യം പാനംചെയ്തുകൊണ്ടു് ഏതോ ഒരദൃശ്യലോകത്തിൽ പാർക്കുകയായിരുന്നു.

"ചായവേണോ?"

"ശുകനാദത്തെ വെല്ലുന്ന ആ ശബ്ദം.'

"ഊം....."

ഞാനൊന്നു മൂളി.

അവൾ എരിഞ്ഞുകൊണ്ടിരുന്ന ആ അടുപ്പിലേയ്ക്കു് ഒന്നരണ്ടു് ചിരട്ടകൂടെ എടുത്തിട്ടു. എന്നിട്ടു് ആഞ്ഞുവലിച്ചു 'ഊത്തു'തുടങ്ങി. സപ്തം കഴിഞ്ഞപ്പോൾ തീ ആളിക്കത്തി. അവളാ അടുപ്പിന്നരികെനിന്നും എഴുന്നേറ്റു് ചായമേശയ്ക്കടുത്തുചെന്നു് ചായ തയ്യാറാക്കുവാനുള്ള ഗ്ലാസ്സെടുത്തു. താഴെ ചായമേശയ്ക്കരികിലായിട്ടാണു് "വെള്ള"ത്തൊട്ടി ഇരുന്നിരുന്നതു്. ഗ്ലാസ്സു് കഴുകുവാൻ വെള്ളമെടുക്കേണ്ടതിലേക്കു് അവൾ കുനിഞ്ഞിട്ടു്. അപ്പോൾ ഞാനാ'ഉൗസി'നുള്ളിലൂടെ കണ്ടു; ഏതൊരു യുവഹൃദയത്തേയും ഇക്കിളിപ്പെടുത്തുവാൻ പര്യാപ്തമായ ആ കുചകുംഭങ്ങൾ. ഞാനാകെ കോരിത്തരിച്ചുപോയി.

പുതിയ ചില വികാരവിചാരങ്ങൾ എന്റെ മുമ്പാകെ തലപൊക്കി. എന്തെല്ലാമാണാവികാരവിചാരങ്ങൾ? മജ്ജയും, മാംസവുമുള്ള ഒരു യുവാവിനുണ്ടാകാവുന്ന വികാരവിചാരങ്ങളെന്തെല്ലാമോ, അവ.

എനിക്കു മനസ്സിലായി ഞാനൊരു പിശാചായി മാറുകയാണെന്നു്. എന്റെ ആ വികാരവിചാരങ്ങളെ ഒതുക്കാൻ ഞാൻ വല്ലാതെ പാടുപെട്ടു.

ആ വിപ്ലവകാരി എന്റെ മുമ്പാകെ ഒരു ഗ്ലാസ്സു് ചായ കൊണ്ടുവെച്ചു. ഞാൻ കണ്ണുപറിക്കാതെ ആ സൌന്ദര്യമാസ്വദിക്കുകയാണു്. പെട്ടെന്നവൾ എന്റെ മുഖത്തേയ്ക്കു് നോക്കി. ഞങ്ങളുടെ കണ്ണുകൾതമ്മിലിടഞ്ഞു. നാണക്കേടുകൊണ്ടു് പ്രേതൃക്ഷപ്പെട്ടുത്തിക്കൊണ്ടു് അവളൊന്നു് പുഞ്ചിരിച്ചു. തേന്മഴപൊഴിയുന്ന ഒരു പുഞ്ചിരി!.....

ലജ്ജ എന്നെറാട്ടിക്കളെ പിടിച്ചു് കീഴ്പോട്ടു തള്ളീ. ആ..... അങ്ങിനെയൊരു വല്ലാത്ത സ്വഭാവമാണെനിക്കുള്ളതു്. അപരിചിതയായ ഒരു സ്ത്രീ എന്റെ മുഖത്തേയ്ക്കു് നോക്കിയാൽ ഞാൻ നാണിച്ചു് തലകുനിച്ചുപോകും. അപ്പോൾ ഞാനൊരു ഭീരുവാണോ?

ഞാൻ ചായഗ്ലാസ്സു കയ്യിലെടുത്തു് ഒരിറക്കുകുടിച്ചു. എന്നിട്ടു് ഞാനാ പൂർണ്ണചന്ദ്രനേയും വെല്ലുന്ന മുഖത്തേയ്ക്കുനോക്കി. അവളും വീണ്ടും ആ തേന്മഴപൊഴിയുന്ന പുഞ്ചിരിപൊഴിച്ചിട്ടു് തിരിഞ്ഞുനടന്നു. പുറകിൽ അഴിഞ്ഞുലഞ്ഞുകിടക്കുന്ന ആ കുന്തൽ മെല്ലെനൃത്തംചവിട്ടുന്നു. ആ നടത്തം ഞാൻ കൌതുകപൂർവ്വം നോക്കിക്കൊണ്ടിരുന്നു; അരയന്നത്തിന്റേതുകണക്കെയുള്ള ആ നടത്ത.....എന്റെ മനസ്സിന്നൊരിക്കിളിതോന്നി...ഒരു വല്ലാത്ത ഇക്കിളി!

ഒഴിഞ്ഞഗ്ലാസ്സു് ഡസ്കിന്മേൽവെച്ചു ഞാൻ പോക്കറ്റിൽനിന്നും ഒരൊറ്റ രൂപാനോട്ടെടുത്തു നീട്ടിക്കൊണ്ടു പറഞ്ഞു.

"ബാക്കിതരൂ."

അവൾ വന്നു് നോട്ടുവാങ്ങിയപ്പോൾ ഞങ്ങളുടെ വിരലുകളുടെ അഗ്രങ്ങൾ തൊട്ടു. ഹോ.....മെയ്യാകെ കോരിത്തരിച്ചുപോയി. എന്നെപ്പോലെ അവളും കോരിത്തരിച്ചുകാണുകില്ലേ? മജ്ജയും മാംസവുമുള്ള, വികാരങ്ങളും വിചാരങ്ങളുമുള്ള ഒരു യുവതി ഒരു യുവാവിന്റെ സ്പർശനമാത്രയിൽ കോരിത്തരിച്ചുകാണുകില്ലേ?

അവൾ തിരിഞ്ഞുനടന്നു. അരയന്നത്തിന്റേതുകണക്കെയുള്ള ആ നടത്ത!.....സദാസമയവും അതു് കണ്ടുകൊണ്ടിരിക്കുവാൻ എനിക്കു കഴിഞ്ഞെങ്കിൽ!.....ഹാ! അതൊരു സ്വർഗ്ഗമാണു്!!

അവൾ തിരിച്ചുവന്നു. ഞാൻ കൈനീട്ടി. കുറേ ചില്ലറ അവളുടെ കയ്യിലേക്കു് ഇട്ടുതന്നു. ഞാനാ മുഖത്തേയ്ക്കുനോക്കി; പൂർണ്ണചന്ദ്രനേയും വെല്ലുന്ന ആ മുഖത്തേയ്ക്കു്. അവളെന്റെ മുഖത്തേയ്ക്കും. ആ നാണക്കേടുകൊണ്ടു് പ്രേരിപ്പിച്ചുകൊണ്ടു് അവളൊന്നു് പുഞ്ചിരിച്ചു. കൂടെ ഞാനും.

ഇപ്പോൾ എന്റെമുഖം നാണംകൊണ്ടു് കുനിഞ്ഞില്ല. കാരണം? ങാ!.....എനിക്കറിഞ്ഞുകൂടാ!!.....

ഞാൻ ചില്ലറ പോക്കറ്റിലിട്ടുകൊണ്ടു് അവിടെനിന്നും എഴുന്നേറ്റു് പുറത്തിറങ്ങി റോഡിലെത്തി. അവളും.....ആ സൌന്ദര്യറാണി.....ഞാനാചായക്കടയിലേയ്ക്കു നോക്കി. അവളും ചായമേശക്കരികിലേയ്ക്കു നട

ക്കുന്നു. കണ്ണുകളിൽ കണ്ണുനീരുമുള്ള ആ നടത്തം.....

മനസ്സിനു് അവർണ്ണനീയമായ ഒരു വിഷമം...ഞാൻ നടന്നു. ആ ചായക്കട എന്റെ കൺമുമ്പിൽനിന്നും മാഞ്ഞു. എന്നാൽ മനക്കണ്ണാടിയിൽ അതു കൂടുതലായി തെളിഞ്ഞുവന്നു.

ഞാൻ വീട്ടിലെത്തിയപ്പോഴുണ്ടു് അവിടം നിൽക്കുന്നു.....ആ പഴയ പ്രൈവറ്റുവിടം.....എന്റെ ഭഗവതീ!! എന്നെക്കണ്ടപ്പോൾ അവളൊന്നു പുഞ്ചിരിച്ചു. എനിക്കുതോന്നി അവളെന്നെ പരിഹസിക്കുകയാണോ എന്നു്. ആ പുഞ്ചിരിക്കു് ആ ചായക്കടക്കാരന്റെ പുഞ്ചിരിയുടെ നൂറിലൊന്നു വശീകരണശക്തിയില്ലാ!...

എന്റെ ഭാര്യ എന്നോടെന്തെല്ലാം മേപറഞ്ഞു. എന്തെല്ലാമോ ഭോദിച്ചു. ഞാൻ മറുപടിയൊന്നുംപറഞ്ഞില്ല. അവൾ പുഞ്ചിരിച്ചു; പലപ്രാവശ്യവും. ഞാൻ തിരിഞ്ഞുനോക്കിയില്ല! എന്റെ ഭാവഭേദങ്ങളെ് അവൾ പലതും വിചാരിച്ചിരിക്കണം. എന്തെല്ലാമോയിരിക്കണമവൾ വിചാരിച്ചതു്?

അത്താഴംകഴിഞ്ഞ ഞങ്ങൾ ഉറക്കായിൽ പ്രവേശിച്ചു. അവളപ്പോഴും എന്തെല്ലാമോപറഞ്ഞു ഞാൻ ശ്രദ്ധിച്ചില്ല ഞാൻ, അന്നു്, ആ ചായക്കടയിലായിരുന്നു. അവൾ, ആ ചായക്കടക്കാരി, മാത്രമായിരുന്നു എന്റെ ചിന്താവിഷയം.

എനിക്കവിടെ പോകണം, ആ ചായക്കടയിൽ! എന്റെ സ്നേഹമസൃണമായ വാക്കുകൾകേട്ടു് തന്റെ ഏകദയവ്യഥ അകറ്റുവാൻ വെമ്പൽപൂണ്ടുകിടക്കുന്ന എന്റെ ഭാര്യയെ നിരാശയുടെ നീരുന്നതീച്ചൂളയിലേക്കു തള്ളിവിട്ടിട്ടു് എനിക്കു പോകണം. അവിടെച്ചെന്നു് ആ അകൃത്രിമസൗന്ദര്യത്തെ വാരിക്കോരി പുണരണം! ആ കവിൾത്തടങ്ങളിൽ നിരവധി സ്നേഹമുദ്രകളുപ്പിക്കണം! പിന്നെ.....പിന്നെ...അങ്ങിനെ ആ സൌന്ദര്യം എനിക്കു മതിവരുവോളംആസ്വദിക്കണം! ആസ്വദിച്ചേമതിയാകൂ!!

എന്നിൽ അടങ്ങിയൊതുങ്ങിക്കിടന്നിരുന്ന മൃഗീയത്വം എന്നിലുണർന്നു. ആ നിമിഷത്തെ അടിച്ചമർത്തി മെല്ലെ തലപൊക്കുകയാണു്..... തൊന്നുപരമാർത്ഥം മനസ്സിലാക്കിയില്ല.

ഹോ! എന്തൊരുചൂടു്? തൊണ്ണൂറുഡിഗ്രികടന്നു. കൊതുകുകടിയേറിയകാരണമു് എന്നെ ആശ്ലേഷിച്ചു. ഹാ!...ഹാ!!....എന്തൊരാശ്വാസം! .....എന്തൊരാനന്ദം!!.....

ഞാൻ നടന്നു. നെൽവയലുകൾ പച്ചപ്പട്ടുവിരിച്ച നെൽവയലുകൾ... അങ്ങകലെ, വയലുകൾക്കപ്പുറം, തെങ്ങിൻതോപ്പുകളും. ഞാനൊരു വീതികുറഞ്ഞ വരമ്പിൽ ചെന്നിരുന്നു. അപ്പോഴും മന്ദമന്ദം വീശിക്കൊണ്ടിരുന്ന ആ കുളിർക്കാറ്റു് എന്നെ സ്നേഹപൂർവ്വം തലോടുകയാണു്. ഞാൻ മേല്പോട്ടുനോക്കി. നവോന്മേഷത്തെ പ്രാപിച്ച തലകുനിച്ചുനില്ക്കുന്ന വെള്ളിനക്ഷത്രങ്ങളും, പൊട്ടിച്ചിരിച്ചുനിൽക്കുന്ന ചന്ദ്രികയും, അവിടവിടെയായി കാർമേഘങ്ങളും, വെള്ളിമേഘങ്ങളുമുള്ള നീലാകാശം. അന്തരീക്ഷം തികഞ്ഞ മൂകതയിൽ ലയിച്ചിരിക്കുകയാണു്

ഹാ! എന്തൊരാനന്ദം!!

പൂനിലാവുനിറഞ്ഞ രാത്രിയുടെ തികഞ്ഞ നിശ്ശബ്ദതയിൽ കളിക്കാരന്റെ ഒരു വിജനപ്രദേശത്തു തനിച്ചിരിക്കുക!...അതൊരാനന്ദമാണു്!! സ്വർഗ്ഗീയാനന്ദം!

എന്റെ ആ സ്വർഗ്ഗീയാനന്ദത്തെ കാൻതിനുവാൻ മൂളിപ്പാട്ടുമായി കറുത്തുരുണ്ടുകൊണ്ടു് ഒരു വിജനപ്രദേശത്തു തനിച്ചിരിക്കുക!...അതൊരാനന്ദമാണു്!! സ്വർഗ്ഗീയാനന്ദം!

എന്റെ ആ സ്വർഗ്ഗീയാനന്ദത്തെ കാൻതിനുവാൻ മൂളിപ്പാട്ടുമായി കറുത്തുരുണ്ടുകൊണ്ടു് ഒരു കുഞ്ഞുജീവികം അവിടെ പാഞ്ഞെത്തി കൊതുകുകടം!!

ചന്തക്കടക്കാരി.....

പിന്നേയും എന്റെ ഹൃദയം അങ്ങു് ആ ചായക്കടയിലേക്കു പാഞ്ഞു. അവിടെ പോകണം. ആ സൗന്ദര്യം മതിവരുവോളം എനിക്കു് ആസ്വദിക്കണം! ആസ്വദിച്ചേ മതിയാകൂ!!.....

ഞാനെഴുന്നേറ്റു. പുറകിൽനിന്നൊരുശബ്ദം, ഞാൻ തിരിഞ്ഞുനോക്കി. അവൾ!.....ഞാൻ ഞെട്ടിപ്പോയി.

"നീ എന്തിനിവിടെ വന്നു?"

ഞാൻ ചോദിച്ചു.

"നിങ്ങളെന്തിനിവിടെവന്നു?"

"എനിക്കു പലകാര്യങ്ങളുമുണ്ടാകും. നീ?....."

"എനിക്കും പലകാര്യങ്ങളുമുണ്ടാകും."

"ഈ അർദ്ധരാത്രിയിൽ നിനക്കിവിടെ എന്തുകാര്യം?"

"നിങ്ങൾക്കെന്തുകാര്യം? അതുപോലൊരുകാര്യവും എനിക്കും."

ഞാൻ ചൂളിപ്പോയി. ഒരുവാക്കുപോലുമുച്ചരിക്കുവാൻ ശക്തനാകാതെ ഞാനങ്ങിനെനിന്നു.

ഒരു നിണ്ടമൗനം.....


"വരൂ, നമുക്കു പോകാം."

അവളെന്നെ വിളിച്ചു. ഞാൻ മറുത്തൊന്നുപറഞ്ഞില്ല. അവളുടെ പിന്നാലെ ഒരു യന്ത്രംകണക്കെ ഞാനങ്ങിനെ മുമ്പോട്ടു് നീങ്ങിക്കൊണ്ടിരുന്നു.

അവിടെ, ഞങ്ങളുടെ ശയനമുറിയിൽ എത്തിയപ്പോൾ അവളെന്നെ തുറിച്ചുനോക്കി. ആ നോട്ടം!..... അതിൽ ചില ചോദ്യങ്ങൾ ഉയർന്നുനിൽക്കുന്നതായി എനിക്കുതോന്നി... ...എന്തെല്ലാം ചോദ്യങ്ങൾ?

ഇരുകണ്ണുകളും തീക്ഷ്ണതയോടെ എന്റെമുഖത്തു് എന്നെ അന്വേഷിക്കുന്നു. സഹിക്കുവാൻ കഴിയുന്നതിലധികം ഭയങ്കരമായിരുന്നു ആ നോട്ടം!..... അതിനും മുന്നിൽ ഭയമുപേക്ഷിക്കുന്നു.

"എന്റെ.....അഭിലാഷങ്ങളും... ...പൊൻ കിനാവുകളും.....എല്ലാം ഒന്നോടെ ..... തകരുക.....യാണല്ലോ?"



അവളുടെ വിക്കിവിക്കി ചോദിച്ചു.

ഞാൻ മറുപടി പറഞ്ഞില്ല.

ആ തിളങ്ങുന്ന നീലക്കണ്ണുകളിൽ ജലം നിറഞ്ഞു. തേങ്ങിനിന്നിരുന്ന ആ പുണ്ടകൾ വരണ്ടുണങ്ങി. ഞെട്ടറ്റ ഒരു പുഷ്പംപോലെ അവളുടെ അവിടെക്കിടന്നിരുന്ന ഒരു സോഫയിലേക്കു മറിഞ്ഞുവീണു ഞാൻ ഒരു പ്രതിമകണക്കെ അങ്ങിനെ നിന്നുപോയി.

ശോകമൂകമായ അന്തരീക്ഷം.....

ഹോ! ആ നിശ്ശബ്ദത എന്നെ പേടിപ്പെടുത്തുന്നു.....ഞാനെന്റെ കട്ടിലിൽ കണ്ണുകളടച്ചു കമിഴ്ന്നുകിടന്നു.....

നേരംവെളുത്തു.....

അളിക്കുന്ന എന്റെ ഹൃദയംഭിലാക്കുടം.....

ആ ചായക്കടക്കാരിയുടെ രൂപം എന്റെ മനക്കണ്ണാടിയിൽനിന്നും മാഞ്ഞുപോകുന്നില്ല. അതു കൂടുതൽ കൂടുതൽ തെളിഞ്ഞുവരികയാണു്.

അവളെ എനിക്കു വാരിക്കോരി പുണരണം! ആ കവിൾത്തടങ്ങളിൽ നിരവധി സ്നേഹമുദ്രകളർപ്പിക്കണം! പിന്നെ.....പിന്നെ.....അങ്ങിനെ ആ സൗന്ദര്യം എനിക്കു മതിവരുവോളം ആസ്വദിക്കണം.....ആസ്വദിച്ചേ മതിയാകൂ!!.. ...

ആ വഴിയെ അന്നെനിക്കു പോകേണ്ട ആവശ്യമുണ്ടായിരുന്നില്ല. എങ്കിലും ഞാൻ തിരിഞ്ഞിടന്ന ഉന്നതനാഗരികയെപ്പോലും ദൂരമുള്ള ആ ചായക്കടയിലേക്കു്.

ആ ചായക്കടയുടെ മുൻഭാഗത്തെത്തിയപ്പോൾ തലേന്നുള്ളതിനേക്കാളധികമായ ഭയമോ ലജ്ജയോ എനിക്കുണ്ടായിരുന്നില്ല. ഞാനാചായക്കടയിലേക്കു കടന്നുചെന്നു. അവിടെയുണ്ടു്, ഒരുപരിചിതൻ ഇരിക്കുന്നു. അയാളെന്നെ തുറിച്ചുനോക്കുകയാണു്. ആ ദൃഷ്ടിയുടെ അർത്ഥമെന്താണു്? ഞാൻ സഗൗരവം ഒരു ബഞ്ചിൽ ഇരിപ്പുപിടിച്ചിട്ടു് രാധർക്കൊടുത്തു.

"ചായ"

ചായക്കടക്കാരി എന്റെമുഖത്തേക്കു, ഡസ്കിനുമേൽ, ചായ കൊണ്ടുവന്നു വെച്ചു. ഞാനതെടുത്തു് കുടിച്ചുകൊണ്ടിരിക്കെ ആ അപരിചിതൻ തികഞ്ഞ വെറുപ്പോടെ എന്നെ നോക്കിക്കൊണ്ടു് അവിടെനിന്നും എഴുന്നേറ്റുപോയി. ഞാനും ചായക്കടക്കാരിയും തനിച്ചായി.

ഒഴിഞ്ഞഗ്ലാസ്സു് ഡസ്കിനുമേൽവെച്ചിട്ടു് ഞാൻചോദിച്ചു.

"നിങ്ങളുടെ പേരെന്താ?"

"ലക്ഷ്മി."

"ഭർത്താവില്ലേ?"

"ഇല്ല. മരിച്ചുപോയി."

അവളം നിഷ്കരുണയായിപറഞ്ഞു.

"എത്രനാളായി?"

ഞാൻ ചോദിച്ചു.

"നാലുകൊല്ലംകഴിഞ്ഞു."

"എന്തായിരുന്നു സുഖക്കേടു്?"

"ന്യൂമോണിയ."

"ഭർത്താവിനും ഇതുതന്നെയായിരുന്നോ തൊഴിൽ?"

"അതേ."

ഞാൻ പോക്കറ്റിൽനിന്നും ഒരുറാ രൂപാ എടുത്തു നീട്ടിക്കൊണ്ടു പറഞ്ഞു.

"ബാക്കി തരൂ."

ലക്ഷ്മി വന്നു് എന്റെ കയ്യിൽനിന്നും രൂപാ വാങ്ങിയപ്പോൾ ഞാൻ ചോദിച്ചു.

"ഇവിടെ തനിച്ചുനോ തരമേസം?"

"മകളുണ്ടു കൂടെ"

അവൾ ചായമേശയ്ക്കരികിലേയ്ക്കു നീങ്ങി; ചില്ലായെടുക്കുവാൻ.

ഞാൻ നിശ്ചയിച്ചു.

അവൾ തിരിച്ചുവരുമ്പോൾ അവളെ എന്റെ കൈവലയത്തിനുള്ളിലാക്കി മാറോടുചേർത്തുപിടിച്ചു് ആ കവിൾത്തടങ്ങളിൽ നിരവധിസ്നേഹമുദ്രകളുപ്പിക്കണം. പിന്നെ..... പിന്നെ.....

അപ്പോഴുണ്ടു് അവൾ കയറിവരുന്നു; ലക്ഷ്മിയുടെ മകൾ!

ഞാനാചായക്കടയിലേക്കു കയറിച്ചെന്നപ്പോൾ അവിടെ ഇരുന്നിരുന്ന ആ അപരിചിതനു് എന്നോടെതുക

ണ്ടു വെടുപ്പുതോന്നിയോ, അതുകണ്ടു വെടുപ്പു ലക്ഷ്മിയുടെ മകളോടും എനിക്കു തോന്നി.

നിറഞ്ഞ നൈരാശ്യത്തോടെ ഞാനവിടെനിന്നും ഇറങ്ങി നടന്നു.

പിന്നെയും ഒന്നു രണ്ടു് അവസരങ്ങളിൽ ഞാനവിടെ പോയി ആ അടുങ്ങാത്തമൂർദ്ധന്യവിചാരങ്ങളോടെ.

അവിടെ, ആ ചായക്കട, ഒരു സാന്ത്വനമെനിക്കുതോന്നി. പഴയ അഞ്ചു് ബഞ്ചുകളും, ഒരു ഡസ്കും, ഒരു ചായമേശയും, നല്ല കണ്ണാടിപ്പാട്ടകളും, ഒരു പൂട്ടില്ലാത്ത അലമാരയും, ആവശ്യത്തിലധികം ചായഗ്ലാസും, അഞ്ചു മൺചാഡികളും മാത്രം ഉൾക്കൊണ്ട ആ ചായക്കട!! സ്നേഹവതിയും, സൗന്ദര്യസമ്പന്നയുമായ ഭാര്യ, എന്റെ രക്തത്തിൽനിന്നും ഉടലെടുത്ത രണ്ടു പിഞ്ചുകുഞ്ഞുങ്ങൾ, അഭികാമ്യമായ സമ്പത്തു്, എന്നിങ്ങനെ ഒരുവനു് ആവശ്യമുള്ളതെന്തെല്ലാമോ അവകളെല്ലാം ഉൾക്കൊണ്ട എന്റെ വീടു് ഒരു നരകമായും എനിക്കുതോന്നി!!! എന്തുകൊണ്ടോ. ഇന്നും അതിന്റെ പൊരുൾ എനിക്കജ്ഞാതമാണു്.

ഇരുണ്ടുനിറഞ്ഞ ഒരു രാത്രി. നീലാകാശത്തിൽ ഒരു വെള്ളിനക്ഷത്രം പോലും കാണ്മാനില്ല. കാർമേഘം കൊണ്ടു് അതെല്ലാം മൂടപ്പെട്ടിരിക്കയാണു്. മഴയുടെ ലക്ഷണമെന്നോണം ഒരു തണുത്തകാറ്റു വീശി.

കിഴക്കുപടിഞ്ഞാറായി നീണ്ടുനിവർന്നുകിടന്നിരുന്ന ആ റോഡിലൂടെ ഞാൻ വേഗത്തിൽ നടക്കുകയാണു; എന്റെ ലക്ഷ്യസ്ഥാനമായ ആ ചായക്കടയിലേയ്ക്കു്. ആളിക്കത്തിക്കൊണ്ടിരുന്ന ആ മൂർദ്ധന്യവിചാരങ്ങളുമായി.....

മഴ ചാറിത്തുടങ്ങി, ഝടുതിയിൽ അതു വലുതായി. ഒരു ഫർലോങ്ങോളം ദൂരമുള്ള ആ ചായക്കടയിലേയ്ക്കു ഞാൻ ആഞ്ഞു വലിച്ചുനടക്കുകയാണു്. അവിടെ എത്തിയപ്പോഴേക്കും എന്റെ മുണ്ടും ഷർട്ടും ഒരിഞ്ചുസ്ഥലം പോലും ബാക്കിയില്ലാതെ നനഞ്ഞുകഴിഞ്ഞിരുന്നു.

കയറിച്ചെന്നപാടെ ലക്ഷ്മിയെ വിളിച്ചിട്ടു ഞാൻ പറഞ്ഞു.

"ഒരു മുണ്ടു് തരൂ".

"എന്തുപറ്റി?"

എന്നു ചോദിച്ചുകൊണ്ടു ലക്ഷ്മി ആ ചായക്കടയുടെ കിഴക്കേഭാഗത്തെ "ചായ്പിൽ" പോയി ഒരു മുണ്ടെടുത്തുകൊണ്ടുവന്നു് എനിക്കു തന്നു. ആട്ടം ഞാൻ ഷർട്ടു് ഊരി പിഴിഞ്ഞു, പിന്നെ മുണ്ടും. രണ്ടും അയയിലിടുവാനായി ഞാൻ ലക്ഷ്മിയെ ഏല്പിച്ചു. അവളതു് അയയിലിട്ടു തിരിച്ചുവന്നപ്പോൾ ഞാനൊരു കട്ടിച്ചായയ്ക്കു് ഓർഡർ കൊടുത്തു. അവൾ ഒരു കട്ടിച്ചായ തയ്യാറാക്കി എനിക്കു കൊണ്ടുവന്നു തന്നു.

ഞാനതു കുടിച്ചുകൊണ്ടിരിക്കെ മഴ നിലച്ചു.

കട അടയ്ക്കാറായപ്പോൾ ലക്ഷ്മി എന്നോടു ചോദിച്ചു.

"പോകുന്നില്ലേ?"

"ഇല്ല".

പൊടുന്നനെ എന്റെ ആ മറുപടിയിൽ ലക്ഷ്മിക്കു വല്ല സംശയങ്ങളും തോന്നിയിട്ടുണ്ടോ? ഞാൻ തുടർന്നു.

"മുണ്ടും ഷർട്ടും ഉണങ്ങീട്ടില്ല. ഭയങ്കര ഇരുട്ടു്. വിളക്കില്ല. മഴ ഇനിയും പെയ്യുന്ന ലക്ഷണം. കടയില്ല. എങ്ങിനെ പോകുന്നു?"

"എങ്കിലും....."

ലക്ഷ്മി എന്തോ ആലോചിച്ചു കൊണ്ടു കുനിഞ്ഞിരുന്നു. ഒടുവിൽ ഒന്നും പറയാതെ അടുപ്പിൽകത്തുന്ന മുഖത്തോടെ അവൾ അവിടെനിന്നും പോയി അകത്തുനിന്നും കട അടച്ചുപൂട്ടി. അവളൊരു തലയിണയെടുത്തുകൊണ്ടുവന്നു് ആ വീതികുറഞ്ഞ ഡസ്കിന്റെ ഒരറ്റത്തുവെച്ചു. എന്നിട്ടെന്നോടു ചോദിച്ചു.

"ഡസ്കിന്മേൽ കിടക്കുമോ?"

"ഉവ്വം....."

ഞാനൊന്നും മൂളി. എന്നിട്ടതിന്മേൽ കയറി നിവർന്നുനിവർന്നുകിടന്നു.

ലക്ഷ്മി ഒരു പായനിവർത്തിയിട്ടു. തലയിണയ്ക്കുപകരം ഒരു ചാക്കു മടക്കി പായച്ചുവട്ടിൽ വെച്ചിട്ടു ലക്ഷ്മിയും മകളും അതിൽ കിടന്നു.

വിളക്കുതി.....

ഭയങ്കര ഇരുട്ടു്. എനിക്കുറക്കം വന്നില്ല. നിശ്ശബ്ദത, പേടിപ്പെടുത്തുന്ന നിശ്ശബ്ദത. സൂചി വീണാൽപോലും അതിന്റെ ശബ്ദം കേൾക്കാം. സമയം നീങ്ങിക്കൊണ്ടിരുന്നു.....

ഞാനെഴുന്നേറ്റിരുന്നു.....

അവനു സമ്മതിക്കുമോ?.....

ആ ചോദ്യം എന്നെ വല്ലാതെ വിഷമിപ്പിച്ചു.

അവളും ഒരു സ്ത്രീയാണു്; മജ്ജയും മാംസവുമുള്ള സ്ത്രീ!!

വികാരങ്ങളും വിചാരങ്ങളുമുണ്ടായേക്കാവുന്ന സ്ത്രീ!!

അവനുക്കും ഇഷ്ടമായിരിയുള്ള ആ ഗ്രഹണവും കാണുകില്ലേ?

തനി മാറാതാ.....

സുഹൃത്തിന്റെ അഭിപ്രായം എന്നെ കൂടുതൽ അവശഭരിതനാക്കി. ഞാനെഴുന്നേറ്റു. ലക്ഷ്മിയുടെ പായയിൽ ചെന്നിരുന്നു. ഞാനാ മെയ്യൊക്കെ ഒന്നു തലോടി.

"ആരാ?"

ആ ശബ്ദത്തിനു ഞാൻ ഞെട്ടിപ്പോയി. എങ്കിലുമധൈര്യം കൈവിടാതെ മവലംബിച്ചുകൊണ്ടു പതിഞ്ഞ സ്വരത്തിൽ ഞാൻ പറഞ്ഞു.

"ഞാനാ....."

"എന്താ?....."

"....."

"മിണ്ടാട്ടമില്ലേ?"

"....."

അവൾ എഴുന്നേറ്റിരുന്നു. ഞാൻ പായയിൽനിന്നും എണീറ്റു.

"നിങ്ങളും കരുതി പോലെയുള്ള ഒരുത്തിയല്ല ഞാൻ."

"....."

"ജീവിക്കാൻവേണ്ടി ഞാൻ നല്ല വണ്ണം വേലചെയ്യുന്നുണ്ടു"

"....."

"നിങ്ങളും പോകുന്നോ?"


"....."

"എന്നെ ഒരു പിശാചാക്കി മാറ്റരുതു"".

തികച്ചും ഒരു ഭീരുവായി കഴിഞ്ഞിരുന്ന ഞാൻ അവിടെനിന്നും അടുത്ത "ചായ്പി"ലേക്കു നീങ്ങി. അയലത്തു കിടന്നിരുന്ന എന്റെ മുണ്ടും ഷർട്ടും എടുത്തു ഞാൻ ധരിച്ചു, എന്നിട്ടു കടത്തൂണും പുറത്തു കടന്നു.

അവളും ഒരു സ്ത്രീയാണു്!

ചപലകളെന്നു പുരുഷലോകം വിധിയെഴുതിത്തള്ളിയ സ്ത്രീവർഗ്ഗത്തിൽപെട്ട ഒരുവൾ!!



അഴുപ്പതിപ്പു്



മി: ഡബ്ലസ് ഗാന്ധിസമാധിയിൽ പുഷ്പമാല്യം അർപ്പിക്കുന്നു. ഇടതുനിൽക്കുന്നു സ്റ്റംസ്സനും മാല്യാർപ്പണംചെയ്യുന്നു.

ഇൻഡ്യാസന്ദർശനാവസരത്തിൽ മി: ഡബ്ലസ്സും സ്റ്റംസ്സനും ലോകകാര്യങ്ങളെപ്പറ്റി ശ്രീ. നെഹ്രുവുമായും പഞ്ചവത്സരപദ്ധതിയെ സംബന്ധിച്ചു പ്ലാനിംഗ് കമ്മിഷൻ അംഗങ്ങളും ധനമന്ത്രി ശ്രീ: ദേശമുഖും ആയും ചർച്ചകൾ നടത്തുകയുണ്ടായി. സാമൂഹ്യവികസനപദ്ധതികളുടെ പ്രവർത്തനത്തെപ്പറ്റി അന്വേഷിക്കുന്നതിനായി മി: സ്റ്റംസ്സൻ ഗ്രാമങ്ങൾ സന്ദർശിച്ചു. അമേരിക്കൻ സഹായമായി അനുവദിക്കപ്പെട്ടിട്ടുള്ള 99.9 മില്യൺ ഡോളറിൽ 50648880 രൂപാ ഇൻഡ്യക്കു ലഭിച്ചുകഴിഞ്ഞിരിക്കുന്നു. അടുത്ത സാമ്പത്തികവർഷത്തേയ്ക്കു ഇപ്പോഴത്തേതിൽ ഇരട്ടി സംഭാവന നൽകേണ്ടതാണെന്നു സ്റ്റംസ്സൻ കോൺഗ്രസ്സിനോടു ശുപാർശചെയ്തിട്ടുണ്ടു്.


റബ്ബർ മുദ്രകൾ



വിവിധ ഡിസൈനുകളിലുള്ള റബ്ബർമുദ്രകൾ വളരെക്കാലംഉപയോഗിക്കത്തക്കവിധം മുറപ്രായും ഭംഗിയായും മിതമായ ചാർജ്ജിൽ ഇവിടെ ചെയ്തുകൊടുക്കുന്നതാണു്.

മാനേജർ

ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.

# യോഗസാധനയിലെ ഓങ്കാരധ്വനി

★

— കെ. എം. ബാലകൃഷ്ണൻനായർ എം. എ. ബി. ഓ.

ഭാരതീയർ ഭൗതികപക്ഷത്തിനും ഇന്ന് യോഗശാസ്ത്രം ദുർഗ്രാഹ്യമാണ്. യോഗസാധനകളെപ്പറ്റി അവർ അജ്ഞരാണ്. യോഗസിദ്ധികളേയും തൽഫലങ്ങളേയും അവർ അവിശ്വസിക്കുകയും തുച്ഛമായി കരുതുകയും ചെയ്യുന്നു. അങ്ങനെ യോഗശാസ്ത്രവിശാരദന്മാർ എണ്ണത്തിൽ ചുരുങ്ങിവരുന്നതിനാലാണ് കഴിഞ്ഞ ഒരു നൂണ്ടിലേക്കും മലയാളരാജ്യം ആഴ്ച പ്പതിപ്പുകളിൽ "യോഗശാസ്ത്രം" എന്ന ഒരു ലേഖനപരമ്പര ആർ. സി. ദേവ് തെമ്മണിയുടെ വകയായി കണ്ടത്. യോഗസാധനകളിൽ സിദ്ധാന്തങ്ങളേയും അനുഭവങ്ങളേയും തമ്മിൽ പൊരുത്തപ്പെടുത്തുമ്പോൾ സാധകന്മാർക്ക് പല സംശയങ്ങളും തരണം ചെയ്യേണ്ടിവരുന്നതാണ്. അഭിജ്ഞന്മാർ തമ്മിൽ പരസ്പരധാരണ പുലർത്തുന്നതുകൊണ്ട് ഏറെക്കുറെ സംശയങ്ങളും മാറ്റുവാൻ സാധിക്കുന്നതാണ്.

ആത്മയോഗം പ്രണവത്തോടുകൂടിയാണല്ലോ ശീലിക്കുന്നത്. പ്രണവരഹിതമായ സാധനകൾ നടത്തുന്ന സാധകന്മാരെയും ഞാൻ അറിയുന്നുണ്ട്. എന്നാൽ പ്രധാനമുഖ്യം അർഹിക്കുന്ന ആചാര്യന്മാരെല്ലാം പ്രണവസഹിതമായ യോഗത്തെയാണ് വിധിച്ചിട്ടുള്ളത്. പരമഭക്തനായ ഉദ്ധവർ ആത്മയോഗശിരോമണിയായ ശ്രീകൃഷ്ണനിൽനിന്നും ഈ സംശയത്തെ നിവർത്തിച്ചിട്ടുണ്ട്. ഭഗവാൻ തന്റെ സമാധിക്ക് അല്പം മുമ്പായി ഉദ്ധവർക്കായി ധ്യാനയോഗത്തെ വിശദീകരിക്കുന്നുണ്ട്. അവിടെ

പ്രണവയുക്തമായ പ്രണായാമ-
(ത്തെയേവം
വിനയത്തോടു പത്തുസംഖ്യ ശീലി-
(ച്ചുനിത്യം
(ഭാഗവതം)

എന്നിങ്ങനെയാണ് യോഗസാധനയെപ്പറ്റി സൂചിപ്പിച്ചിട്ടുള്ളത്. പ്രാണനെ ആയാമം ചെയ്യേണ്ടത് പ്രണവത്തോടുകൂടിവേണം എന്നാണല്ലോ ഭഗവാന്റെ മതം.

ഈ പ്രണവോച്ചാരണം സാധകൻ ബോധപൂർവം ചെയ്യേണ്ടതാണോ? അതോ ഓംകാരം ഉച്ചരിക്കപ്പെടുന്നതായി സങ്കല്പിക്കുക മാത്രമാണോ? അതോ ഉള്ളിൽനിന്നും ഓംകാരം കേൾക്കുകയാണോ? അതോ അപ്രകാരം കേൾക്കുന്നതും വെറും തോന്നലാണോ?

കൃഷ്ണൻ ഉദ്ധവരോടു പറയുന്നതു ഇങ്ങനെയാണ്:-

... ... ... ...
മെല്ലവേയഭ്യസിച്ചു വിജിതേന്ദ്രിയ-
(നായി-
ട്ടില്ലെന്നിയേഹൃദ്ഗണിനാദമായുള്ള
പ്രണവസ്വരത്തെയും തന്മനസ്സിനാൽ
പ്രാണനെക്കൊണ്ടു പ്രവേശിപ്പിച്ചു-
(ചെല്ലിപ്പിന്നെ
പ്രണവയുക്തമായ പ്രാണായാമ-
(ത്തെയേവം
... ... ... ...
(ഭാഗവതം)

പ്രാണങ്ങളുടെ സമന്വിതി പാലിച്ചതിനുശേഷം ഇന്ദ്രിയങ്ങളടങ്ങി മനസ്സ് അല്പമൊഴിഞ്ഞു ചലനംകുടാതെ ഏകാഗ്രതയെ പ്രാപിക്കുമ്പോൾ ഹൃദ്യമായിട്ടുള്ള മണിനാദംപോലെ പ്രണവം അകത്തു മുഴങ്ങികേൾക്കുന്നു. അപ്രകാരം കേട്ടുതുടങ്ങുമ്പോൾ പ്രാണനെ താമരനൂലെന്നപോലെ മൃദുവായി സാവധാനത്തിൽ ഉള്ളിൽ പ്രവേശിപ്പിച്ചു പ്രണവത്തെ അനുസന്ധാനംചെയ്യണം എന്നാണല്ലോ ഇതിന്റെ സാരം. പക്ഷേ പ്രണവം അകത്തു മുഴങ്ങുന്നതായി ഇവിടെ വിവക്ഷിച്ചിട്ടില്ലെന്നു വരുമോ. എന്നാൽ ഹൃദ്യമായിട്ടുള്ളതും മണിനാദസദൃശവും ആയ ഓംകാരം ഉള്ളിൽനിന്നും ഉത്ഥാനംചെയ്യുന്നതാണെന്നു കരുതുന്നതാണ് കൂടുതൽ സംഗതം.

അപ്രകാരം ഉള്ളിൽനിന്നും ഉയരുന്ന ഓങ്കാരധ്വനിയിൽ മനസ്സിനെ ലീനമാക്കിയാൽ മതിയല്ലോ. പിന്നെന്തിനാണ് പ്രണവത്തെ ബോധപൂർവം ചൊല്ലുവാൻ ഉപദേശിക്കുന്നത്? ഓംകാരധ്വനിയിൽ ലയിക്കുകയും ഓംകാരത്തെ ബോധപൂർവം ഉച്ചരിക്കുകയുംചെയ്യുന്നത് ഏകകാലത്തു സാധ്യമല്ലല്ലോ.

സാധകൻ ഉള്ളിലെ ഓംകാരധ്വനി അനുഭവവേദ്യമാണ്. ഓംകാരം അകൃത്രിമമായിട്ടതന്നെ പ്രണൻ സദാപി ഉച്ചരിക്കുന്ന മന്ത്രമാണ്.

ഹകാരോ ബിന്ദുസഹിതഃ
പ്രാണാദ്യൽപദ്യതേ ശ്രുതേ
അപാനാകർഷണാത്തത്ര
സകാരശ്ചാഭിജായതേ.

പ്രണൻ ബഹിർഗ്ഗമിക്കുമ്പോൾ കണ്ഠത്തിൽ 'ഹം' എന്ന സ്വരം ഉണ്ടാകും. തുടർന്നുണ്ടാകുന്ന അപാനന്റെ ആകർഷണത്താൽ അവിടെ 'സ' എന്നശബ്ദവും ഉണ്ടാകുന്നു. അങ്ങനെ ഓരോ ശ്വാസോച്ഛ്വാസത്തിലും ഹംസമന്ത്രം അടങ്ങിയിരിക്കുന്നു.

സകാരശ്ച ഹകാരശ്ച
ലോപയിത്വാ പ്രയോജയേൽ
സിദ്ധിം ഒമെ പൂർവ്വരൂപാഖ്യാം
തതോസൗ പ്രണവോഭവേൽ.

യോഗസാധനയുടെഫലമായി പ്രാണനാപാനന്മാർ ഇഡപിംഗല എന്നീ നാഡികളിൽ സമസ്ഥിതിയെ പ്രാപിക്കുമ്പോൾ ഹകാരസകാരങ്ങളും ലോപിക്കുകയും ബിന്ദുമാത്രം ശേഷിക്കുകയുംചെയ്യുന്നു. ഇതാണല്ലോ ഓംകാരം. "ഹൃദ്യനാദനിനാദമയുള്ള" ഈ ഓംകാരത്തിൽ ലയംപ്രാപിക്കുന്ന യോഗി ബോധപൂർവം പ്രണവോച്ചാരണം ചെയ്യേണ്ടതുണ്ടോ?

അനുഭവസ്ഥനായ സാധകൻ ഉള്ളിലെ അഗാധതലത്തിൽനിന്നും സൂക്ഷ്മവും മൃദുവും മുഴങ്ങുന്നതുമായ ധ്വനി കേൾക്കാൻകഴിയും. അതിനെ അനുസന്ധാനംചെയ്യുമ്പോൾ മനോനാശം സംഭവിക്കുന്നതും അനുഭവവേദ്യമാണ്. മൂലാധാരത്തിൽനിന്നും ഉത്ഥാനംചെയ്യുന്നതാണ് ഓംകാരധ്വനിയെന്ന് യോഗശിഖോപനിഷത്തിൽ പറയുന്നുണ്ട്.

"ശിവശക്തി മയം മന്ത്രം
മൂലാധാരസമുത്ഥിതം"

പ്രാണൻ യോഗാവസ്ഥയിൽ മൂലാധാരത്തിൽ പ്രവേശിച്ചു് ഉച്ചരിക്കുന്നതാണ് ഓംകാരമെന്ന് അന്യത്ര പ്രസ്താവംകാണുന്നു.

"പ്രണേനോച്ചാര്യതേ ബ്രഹ്മൻ!
ക്ഷൺമുഖീകരണേന ച"

(യോഗശിഖോപനിഷത്ത്)

ഉത്തരഗീതയിൽ ഭഗവാൻ അജ്ഞാനം യോഗസാധകനും ഉപദേശിക്കുമ്പോൾ ഈ ഓംകാരത്തിന്റെ സ്വഭാവത്തെയും പ്രാധാന്യത്തെയും വിശദീകരിക്കുന്നുണ്ട്.

തൈലധാരാമിവാച്ഛിന്നം
ദീർഘമണ്ടാനിനാദവത്
അവാഗ്യം പ്രണവസ്യാഗ്ര്യം
യസ്മിം വേദാ വേദവിത്"

(ഉ ഗീത)

ഇടമുറിയാതെയൊഴുകുന്ന തൈലധാരപോലെയും ദീർഘമായും മൃദുവായും മുഴങ്ങുന്ന മണിനിനാദംപോലെയും വാങ്മനോതീതമായ സ്വഭാവവിശേഷത്തോടും ഓംകാരം അനുഭവിക്കുമെന്ന കൃഷ്ണൻ വ്യക്തമാക്കുന്നു. സാധകനു വ്യക്തമായി അനുഭവപ്പെടുന്ന ഈ ഓംകാരധ്വനിയോടു് ആത്മാവിനെ രമിപ്പിക്കുന്നതാണ് ധ്യാനയോഗം എന്നതാണ് അദ്ദേഹത്തിന്റെ മതം.

"ആത്മാനമരണിം കൃത്വാ
പ്രണവം ചോത്തരാരണിം
ധ്യാനനിർമ്മഥനാഭ്യാസാ-
ദേവം പശ്യേന്നിഗൂഢവത്"

(ഉ: ഗീത)

നാദാനുസന്ധാനംപോലെ മനോലയത്തിനു ഉപകരിക്കുന്ന മാർഗ്ഗങ്ങൾ വിരളങ്ങളാണ്. ഈ ഓംകാരധ്വനിയാകട്ടെ പ്രാണവായുക്കളുടെ ചലനം ഉള്ളതുവരെമാത്രമേയുള്ളുവെന്നും വായു നിശ്ചേഷം സംഹൃതമാകുമ്പോഴും ഈ നാദം ലയംപ്രാപിക്കുമെന്നും കാണുന്നു.

യോഗസാധകന് വേറേയും പല നാദങ്ങളും അനുഭവിക്കേണ്ടിവരുന്നു. കൈമണികൊട്ടുന്നതായി ആദ്യമാദ്യം കേൾക്കപ്പെടുന്ന മൃദുശബ്ദം വേണുനാദം, മൃദംഗനാദം എന്നിങ്ങനെയുള്ള വിവിധനിലകളെ പ്രാപിച്ചു കഠോരമായും തീരുന്നുണ്ട്. സമുദ്രഗർജ്ജനമോ, ഭേരീനാദമോ യോഗസാധകന്റെ ഉള്ളിൽ മുഴങ്ങിക്കേണ്ടിരിക്കുന്നു. ചില ആചാര്യന്മാർ ഈ നാദഭേദങ്ങളെ പത്തായി തരംതിരിച്ചിട്ടുണ്ട്.

ചിണിതിപ്രഥമഃ, ചിഞ്ചിണീതി ദ്വിതീയഃ ഘണ്ടാനാദസ്തൃതീയഃ ശങ്ഖനാദശ്ചതുർത്ഥഃ പഞ്ചമസ്തന്ത്രീനാദഃ ഷഷ്ഠസ്താലനാദഃ സപ്തമോ വേണുനാദഃ അഷ്ടമോ മൃദംഗനാദഃ നവമോ ഭേരീനാദഃ ദശമോ മേഘനാദഃ നവമം പരിത്യജ്യ ദശമേവാഭ്യസേൽ.

(ഹംസോപനിഷത്ത്)

എന്നാൽ ഈ നാദങ്ങളുംകൂട്ടെ ത്യാജ്യങ്ങളായ യോഗസിദ്ധികളും മാത്രമാണെന്നും അതിനാൽ സാധകൻ അവയെ വിശദീകരിക്കണമെന്നും പ്രത്യേകം അനുശാസനകളും ഉണ്ട്. ശ്രീരാമൻ ഹനുമാന് ഉപദേശിക്കുന്ന കൂട്ടത്തിൽ ഈ നാദങ്ങളെ പരാമർശിച്ചുകൊണ്ട് അവയെ ത്യജിക്കുവാൻ ആവശ്യപ്പെടുന്നു.

ഉക്തമേതന്മഹാനാദഃ പൂർവ്വം പശ്ചാച്ച-
(വിവിധാഃ കപേ
അഭിവൃദ്ധ്യന്ത ഏതസ്യ നാദാസ്തത്സി-
(ദ്ധിസൂചകാഃ
മൃദംഗനാദവൽഘണ്ടാനാദവന്മേഘ-
(നാദവൽ
വീണാനിനാദവച്ഛംഖനാദവത്തേ-
(പ്യനേകധാ
(ശ്രീരാമഗീത)

ശ്രീരാമൻ ഈ നാദങ്ങളിൽനിന്നും വ്യത്യസ്തമായ പ്രണവത്തെ യോഗത്തോടുചേർത്തു് അഭ്യസിക്കുവാൻ പ്രത്യേകം വിധിക്കുന്നു.

സ്വസ്തികാസനമാസ്ഥായ സമാഹിത
(മനാസ്തഥാ
അപാനമൂർദ്ധമുത്ഥാപ്യ പ്രണവേന-
(ശനൈസ്തനൈഃ
(ശ്രീരാമഗീത)

മനസ്സിനു അഗാധമായ ഒരു നാദം സാധകന്റെ ഹൃദയത്തിൽ കേൾക്കുന്നുണ്ട്. ഈ നാദം ഹൃദ്യവും സൂക്ഷ്മവുമാണ്. പക്ഷേ നാദംകേൾക്കുന്നുവെന്നതു വെറും തോന്നലല്ലേ അതോ തോന്നലിനു് സ്ഥിരരൂപം നൽകുവാനായിട്ടായിരിക്കുമോ പ്രണവത്തെ

# അവർക്ക് ബന്ധനമോ?

യദാ യദാഹി ധർമ്മസ്യ
ഗ്ലാനിർഭവതി ഭാരത!
അഭ്യുത്ഥാനമധർമ്മസ്യ
തദാത്മാനം സൃജാമ്യഹം"

ഇങ്ങനെ സംക്ഷേപിച്ച് ശ്രീഭഗവാൻ പറഞ്ഞിട്ടുള്ളതായിട്ടാണ് ഭാരതീയരായ നമ്മുടെയെല്ലാം വിശ്വാസം. ഈ ശ്ലോകം ഉദ്ധരിക്കാത്ത ഒരൊറ്റ പ്രസംഗമെങ്കിലും ഭാരതത്തിന്റെ ഇതിഹാസത്തിൽ നടന്നിരിക്കയില്ല. സ്വതന്ത്രഭാരതത്തിൽ ബ്രഹ്മമനുഷ്യനായ ഏതൊരു വിശിഷ്ട വ്യക്തിക്കും "അവതാര"പ്പട്ടം നൽകുവാൻ അതീവശുഷ്കാന്തി പ്രകടിപ്പിക്കുന്നവരാണ് ഭാരതീയർ. ഒരുകാര്യം മാത്രം നാം ഒന്നു പ്രത്യേകം ശ്രദ്ധിച്ചിരുന്നെങ്കിൽ സംഗതികൾ എത്രയോ അഭികാമ്യമാംവിധം മുന്നോട്ടുപോകുമായിരുന്നു. ധർമ്മഗ്ലാനിയും അധർമ്മാഭ്യുത്ഥാനവും നീക്കി, അധർമ്മനാശവും ധർമ്മസ്ഥാപനവും അനുഷ്ഠിക്കാനുദ്ദേശിക്കപ്പെടുന്ന താദൃശാവതാരങ്ങളുടെ പരിണതഫലം മനുഷ്യത്വാധഃപതനത്തിൽവന്നവസാനിക്കുകയെന്ന ഭയനീയമായ യാഥാർത്ഥ്യം നാം അനുസ്മരിക്കേണ്ടതാണ്. അഥവാ, വീണ്ടും വീണ്ടും ആ മാതിരിയുള്ള അവതാരങ്ങളുണ്ടാകേണ്ടതിന് ഈ അധഃപതനം അത്യാവശ്യമെന്നു വരുമോ!

പ്രകൃതിയെ നിയന്ത്രിക്കുന്ന ആ ലോകമഹാശക്തിക്ക് സ്ഥൂലമായ ഒരു രൂപത്തിൽക്കൂടി മാത്രമേ തത്പാവബോധമുള്ളവൻ സാധ്യമാകൂ എന്നും, അങ്ങനെയുണ്ടാകുന്ന രൂപങ്ങൾ ഉണ്ട് അവതാരങ്ങളെന്നും. ആ അവതാരങ്ങൾ ദേശകാലാദിപരിതഃസ്ഥിതികൾക്കനുകൂലമാംവിധം യുക്തമായ ഉടലെടുക്കുന്നുവെന്നും നമുക്കു കാണാം. ഈ അവതാരങ്ങൾ ഏവിടെ ഉത്ഭവിച്ചാലും ഏതു നാമത്താലറിയപ്പെട്ടാലും അവരുടെയെല്ലാം ആശയങ്ങളും ആദർശങ്ങളും ആഹ്വാനങ്ങളും ഒന്നാണെന്നുള്ളതു് ഒരു പരമതത്ത്വമാത്രമത്രേ. ഓരോ അവതാരത്തേയും ശ്രദ്ധിക്കുക, ഓരോരുത്തരും അതതു പ്രാദേശികനായ സ്വതന്ത്രമായ ഒരു മാർഗ്ഗത്തിലൂടെ ലോകത്തെ നയിക്കുന്നതു കാണാം. ഒരേ ഒരു ലക്ഷ്യത്തിലേയ്ക്കു മാത്രമാണെന്നും നമുക്കു മനസ്സിലാക്കാമല്ലോ. അതാണു ലോകരഹസ്യം, സത്യം ഒന്നേയുള്ളൂ, അതിനു പക്ഷാന്തരമില്ലതന്നെ. ആ സത്യതത്വം എന്തെന്നു മനസ്സിലാക്കിയവരത്രേ അവതാരങ്ങൾ; അവർ മാത്രമാണ് ആരാധനീയർ. ഈ പ്രകാരമുള്ള അവതാരപുരുഷന്മാരിൽ ചിലരാണ് ശ്രീശങ്കരൻ, ശ്രീരാമകൃഷ്ണൻ, ചട്ടമ്പിസ്വാമി, ശ്രീനാരായണൻ മുതലായവർ. ഭാരതപുണ്യത്തിന്റെ വിവിധദേശങ്ങളിലായിട്ടാണ് ഇവരുടെ ഉത്പത്തിയുണ്ടായതെങ്കിലും, ജന്മനിമിത്തമായി ലോകഗുരുക്കന്മാരായിത്തീർന്നതോടുകൂടി ഇവർ ജാതിമതാദികൾക്കതീതന്മാരായിക്കഴിഞ്ഞു. ഈശ്വരതുല്യർ പക്ഷേ ഭേദമില്ലാത്തവർ എന്നെല്ലാം ഈമാതിരി മഹാന്മാരെക്കുറിച്ച് പ്രസംഗിക്കുന്നവർ ആത്മാനം യഥാർത്ഥത്തിൽ അവക്ക് നൽകുകയും വേണം. അല്ലാത്തപക്ഷം അന്യായമായി അവരെ അവഹേളിക്കുകയെന്നതായിരിക്കും ഫലം.

കഴിഞ്ഞ കുറെക്കാലങ്ങളായി പാശ്ചാത്യപരിഷ്കാരസ്വയ്ക്കാരുടെ പ്രചണ്ഡകിരണങ്ങളേറ്റ് അന്ധന്മാരായിത്തീർന്ന ചിലനാസ്തികരായ പൗരസ്ത്യന്മാർ സ്വാതന്ത്ര്യവാതായനങ്ങളിൽ മുഖാഭിമുഖീകരിച്ചുനിന്നു മതവിശ്വാസങ്ങളിൽ കയ്യേറ്റം നടത്തുന്നതായി നമുക്കു കാണുവാനുണ്ട്. വർഗ്ഗീയപ്പിശാചിനെ സസുഖം രക്ഷിക്കുന്നവിധത്തിലുള്ള അജ്ഞാനജനിതമായ ഈ സങ്കുചിതമനസ്കതയുടെ സുവിശാലമായ ഹിന്ദുമതത്തേയും, ബുദ്ധിച്ചിരിക്കയാണ്. അവതാരപുരുഷന്മാരെയെല്ലാം 'കുലമുദ്രകുത്തി' 'ജാതിക്കോട്ടയ്ക്കുള്ളിൽ ബന്ധനസ്ഥരാക്കിവയ്ക്കുകയെന്നതു് മൂഢത മാത്രമല്ല, മഹാദ്രോഹംകൂടിയാണെന്നാണ് എന്റെ വിനീതമായ അഭിപ്രായം. ജാതിവിദ്വേഷം കാരണമായി ഹിന്ദുജനതയ്ക്കു വന്നുകൂടിയ മഹാനാശത്തെ പരിഹരിക്കുവാൻ മാർഗ്ഗമുപദേശിച്ച ലോകഗുരുനാഥന്മാരെത്തന്നെ ജാതിബന്ധനത്തിലാക്കുവാൻ ശ്രമിക്കുന്നതു്, ജീവന്മുക്തന്മാരായ ആ മഹാന്മഭാവന്മാർക്കു് എത്രമാത്രം പരാജയഹേതുകമായിരിക്കുമെന്നതു് ഒന്നു ചിന്തിച്ചു നോക്കുകതന്നെ. ഭാരതീയർക്കുമാനം — ലോകത്തിനു പൊതുവേതന്നെയും — അഭിവന്ദ്യരായി ഭവിച്ചുപോയ ഈ മഹാന്മാരെ ജാതിമതാദികൾക്കതീതന്മാരായിക്കഴിഞ്ഞു. ഈശ്വരതുല്യർ പക്ഷേ ഭേദമില്ലാത്തവർ എന്നെല്ലാം ഈമാതിരി മഹാന്മാരെക്കുറിച്ച് പ്രസംഗിക്കുന്നവർ ആത്മാനം യഥാർത്ഥത്തിൽ അവക്ക് നൽകുകയും വേണം. അല്ലാത്തപക്ഷം അന്യായമായി അവരെ അവഹേളിക്കുകയെന്നതായിരിക്കും ഫലം.

കഴിഞ്ഞ കുറെക്കാലങ്ങളായി പാശ്ചാത്യപരിഷ്കാരസ്വയ്ക്കാരുടെ പ്രചണ്ഡകിരണങ്ങളേറ്റ് അന്ധന്മാരായിത്തീർന്ന ചിലനാസ്തികരായ പൗരസ്ത്യന്മാർ സ്വാതന്ത്ര്യവാതായനങ്ങളിൽ മുഖാഭിമുഖീകരിച്ചുനിന്നു മതവിശ്വാസങ്ങളിൽ കയ്യേറ്റം നടത്തുന്നതായി നമുക്കു കാണുവാനുണ്ട്. വർഗ്ഗീയപ്പിശാചിനെ സസുഖം രക്ഷിക്കുന്നവിധത്തിലുള്ള അജ്ഞാനജനിതമായ ഈ സങ്കുചിതമനസ്കതയുടെ സുവിശാലമായ ഹിന്ദുമതത്തേയും, ബുദ്ധിച്ചിരിക്കയാണ്. അവതാരപുരുഷന്മാരെയെല്ലാം 'കുലമുദ്രകുത്തി' 'ജാതിക്കോട്ടയ്ക്കുള്ളിൽ ബന്ധനസ്ഥരാക്കിവയ്ക്കുകയെന്നതു് മൂഢത മാത്രമല്ല, മഹാദ്രോഹംകൂടിയാണെന്നാണ് എന്റെ വിനീതമായ അഭിപ്രായം. ജാതിവിദ്വേഷം കാരണമായി ഹിന്ദുജനതയ്ക്കു വന്നുകൂടിയ മഹാനാശത്തെ പരിഹരിക്കുവാൻ മാർഗ്ഗമുപദേശിച്ച ലോകഗുരുനാഥന്മാരെത്തന്നെ ജാതിബന്ധനത്തിലാക്കുവാൻ ശ്രമിക്കുന്നതു്, ജീവന്മുക്തന്മാരായ ആ മഹാന്മഭാവന്മാർക്കു് എത്രമാത്രം പരാജയഹേതുകമായിരിക്കുമെന്നതു് ഒന്നു ചിന്തിച്ചു നോക്കുകതന്നെ. ഭാരതീയർക്കുമാനം — ലോകത്തിനു പൊതുവേതന്നെയും — അഭിവന്ദ്യരായി ഭവിച്ചുപോയ ഈ മഹാന്മാരെ ജാതിമതാദികൾക്കതീതന്മാരായിക്കഴിഞ്ഞു. ഈശ്വരതുല്യർ പക്ഷേ ഭേദമില്ലാത്തവർ എന്നെല്ലാം ഈമാതിരി മഹാന്മാരെക്കുറിച്ച് പ്രസംഗിക്കുന്നവർ ആത്മാനം യഥാർത്ഥത്തിൽ അവക്ക് നൽകുകയും വേണം. അല്ലാത്തപക്ഷം അന്യായമായി അവരെ അവഹേളിക്കുകയെന്നതായിരിക്കും ഫലം.

---

ബോധപൂർവ്വം പ്രണയപ്രവേശനത്തോടെന്നിച്ച് ഉച്ചരിക്കുവാൻ വിധിച്ചിട്ടുള്ളതു്".

യോഗീസംബന്ധനത്തിൽ പ്രകടമാകുന്ന ഓംകാരധ്വനിയെപ്പറ്റി ഇപ്രകാരം ചിന്തിച്ചുകൊണ്ടു ഉറങ്ങിയ ഞാൻ ഒരു ഹോട്ടലിൽ അടുത്ത നിമിഷം ആസനസ്ഥനായിത്തീർന്നു. പെട്ടെന്നു ഒരു മഹായോഗി അസഭ്യവാക്കുകളും വർഷിച്ചുകൊണ്ടു — അപ്രകാരമാണ് ഞാൻ അദ്ദേഹത്തെപ്പറ്റി പറഞ്ഞുകേട്ടിട്ടുള്ളതു് — ഏതാനും ചട്ടമ്പികളുടെ അനുഗതനായി അവിടെ പ്രവേശിച്ചു. "ഇദ്ദേഹമാണോ ലബ്ബ്?" എന്റെ അടുത്തിരുന്ന ഒരാളിനോടു ഞാൻ ചോദിച്ചു. "അതെ".

വെളുത്തു പൊക്കംകൂടിയ ആ തേജസ്വി എന്നെ സമീപിച്ചു മുഖപരുക്കുടനെ ചോദിച്ചു.


"ആത്മയോഗം ശീലിക്കുകയാണ് അല്ലേ?"

"അതേ" ഞാൻ ക്ലുപ്തകലയായി ഒന്നും പറഞ്ഞില്ല

അദ്ദേഹം തുടർന്നു "ഓംകാരം ഉള്ളിൽ കേൾക്കുകയല്ല, കേൾക്കുന്നതായി തോന്നുക മാത്രമാണ്."

ഞാൻ കണ്ണുകൾ തുറന്നു. പ്രസിദ്ധനായ ആ ലയയോഗിയെ കണ്ടിട്ടില്ല. പക്ഷേ എന്റെ സംശയം ഇപ്പോഴും നിൽക്കുന്നതേയുള്ളൂ.

ശ്രീ. ആർ. സി. ദേവ് ആരെന്നോ, അദ്ദേഹത്തിനും അദ്ദേഹത്തിന്റെ പ്രതിപത്നിയ്ക്കും തമ്മിൽ എന്തു ബന്ധമുണ്ടെന്നോ എനിക്കു അറിവില്ല. എങ്കിലും അദ്ദേഹത്തിന്റെ അടുത്ത ലേഖനം ഈ ഭാഗത്തെ കുറ്റമറ്റതാക്കുമെന്നു ഞാൻ ആശിക്കുന്നു.



വൈസ് പ്രസിഡന്റ് ഡോ: രാധാകൃഷ്ണന്റെ ബ്രഹ്മാനന്ദത്തിനു വാഷിംഗ്ടണിലെ ഇൻഡ്യൻഎംബസ്സി നടത്തിയസ്വീകരണം. യു. എസ്സ്. സുപ്രീംകോടതി ജസ്റ്റീസ് ഡഗ്ലസ്സുമായി ഡോക്ടർ രാധാകൃഷ്ണൻ കുശലപ്രശ്നം നടത്തുന്നു. അംബാസ്സഡർ ശ്രീ: ജി. എൽ. മേത്തായാണ് വലതുഭാഗം നിൽക്കുന്നത്.

# സാഹിത്യകാരന്മാരുടെ പ്രണയകഥകൾ

★

പുത്തൻകാവു് മാത്തൻതരകൻ എം. എ.

(തുടർച്ച)

ബ്ലേക്കു്, ബേൺസ്, വേർഡ്സ്വത്ത്, ലാംബു്, ഷെല്ലി എന്നീ സാഹിത്യനായകന്മാരുടെ പ്രണയകഥകൾ.

## XII

ചിത്രകാരനും കവിയുമായിരുന്ന വില്യം ബ്ലേക്കു് (William Blake 1757—1822)— ഭാവനാത്മകമായ ചിത്രങ്ങൾ വരയ്ക്കുന്നതിനും, മാധുര്യമുറ്റുന്ന കവിതകളെഴുതുന്നതിനും, അദ്ദേഹത്തിനുണ്ടായിരുന്ന കഴിവു് നിസ്സീമമായിരുന്നു. ഭാവനകൊണ്ടു വിടരുന്ന ബാല്യകാലം അദ്ദേഹത്തിനു് നിരവദ്യസുന്ദരങ്ങളായ അനേകംകാഴ്ചകൾ കാണിച്ചുകൊടുത്തു. എസെക്കിയൽ (Esekiel) പ്രവാചകൻ മരം മരത്തിന്റെ പുറകിലിരിക്കുന്നതു് അദ്ദേഹം കണ്ടുകൊണ്ടുതന്നെ കണ്ണുകൊണ്ടുകണ്ടതാണു്. പക്ഷേ അക്കാര്യം പറഞ്ഞതിനു് അമ്മ അവനെ തല്ലി. ഒരു മരത്തിന്റെ ഇലച്ചില്ലുമുഴുവൻ മാലാഖമാർ നിറഞ്ഞിരിക്കുന്നവിവരം അവൾ അച്ഛനെഅറിയിച്ചു. കള്ളംപറഞ്ഞതെന്ന കാരണത്തിൽ അച്ഛനവനെ കണക്കിലധികം പ്രഹരിച്ചു. അദൃശ്യലോകവുമായി സമ്പർക്കം പുലർത്തുക്കവിധം സമുജ്ജ്വലമായിരുന്ന അദ്ദേഹത്തിന്റെ ഭാവന. പത്താമത്തെവയസ്സിൽ ചിത്രകാരനും, പന്ത്രണ്ടാമത്തെവയസ്സിൽ കവിയുമായ ബ്ലേക്കിന്റെ കഥ അങ്ങനെ നീണ്ടുപോകുന്നു.

പക്ഷേ, അതുപോലും ചെറുപ്പത്തിൽ തന്നെ അദ്ദേഹം പ്രണയിക്കാൻതുടങ്ങിയില്ല. കാരണം, അദ്ദേഹത്തിന്റെ ഹൃദയം ഈശ്വരന്റെ മണിത്തൊട്ടിലായിരുന്നു. അദ്ദേഹത്തിന്റെകവിതകളും വിശ്വപ്രേമത്തിന്റെ പ്രതിധ്വനികളായിരുന്നു. എന്നാൽ പോളിവുഡിന്റെ (Polly Wood) രൂപത്തിലായിരുന്നു ഒരു പ്രത്യേകസന്ദർഭവുമുണ്ടായിരുന്നു. "ഉയർന്ന ജ്ഞാനപ്രാപ്തിയുള്ള ഒരു ഒക്കച്ചെപെൺകുട്ടി" അങ്ങനെയാണദ്ദേഹംപോളിയെപ്പറ്റി പറഞ്ഞിരിക്കുന്നതു്. വാസ്തവത്തിൽ അവൾക്കു് ഉയർന്നജ്ഞാനപ്രാപ്തിയുണ്ടായിരുന്നോ എന്നു സംശയമാണു്. മാതൃഭൂമിയുടെക്കാര്യത്തിലായിരുന്നു അവൾ സചേതനയായി ഇടപെട്ടിരുന്നതിലും അവൾ സ്വന്തകഴിവുകൾ പ്രകടമാക്കി. ബ്ലേക്കു് വളരെസാവധാനത്തിൽ അനുരാഗിച്ചു. അവൾ അതുകേട്ടു പൊട്ടിച്ചിരിച്ചു. ബ്ലേക്കു് അമ്പരന്നുപോയി. അതുസഹിക്കുവാനദ്ദേഹത്തിനുകഴിഞ്ഞില്ല. ഹൃദയഭാരം താങ്ങുവാനാവാതെ അദ്ദേഹം ബാറ്റേർസീ (Battersea) യെന്നസ്ഥലത്തേക്കു് വിശ്രമത്തിനു പോയി. അവിടെ ഒരു പൂക്കാരന്റെമകളുടെ താമസമായി. അയാൾക്കൊരുമകളുണ്ടായിരുന്നു ഒരു കാതറൈൻ (Catherine). പോളിയും അവളുമായി കാഴ്ചയും വെളുപ്പുംപോലുള്ള വ്യത്യാസമുണ്ടായിരുന്നു. ശാന്ത—സൗമ്യ—സ്നേഹസമ്പന്ന—എന്നാലും കാതറൈനതന്നെ ബ്ലേക്കായിരിക്കണം അവളുടെ ഭാവിഭർത്താവെന്നു്. ആ യുവഹൃദയത്തിനെക്കണ്ടപ്പോൾ— അവളുടെ ഹൃദയം വികാരനിർഭരമായി. അധികനേരമങ്ങനെനില്പുവാനവർക്കു കഴിഞ്ഞില്ല. അവർ ബ്ലേക്കിന്റെഭവനത്തിൽനിന്നും ഉടനേ പുറത്തുപോയി.

തന്റെ പ്രണയകഥ ആരോടെങ്കിലും ഒന്നുപറയുക; ചെറുപ്പക്കാർക്കു് അത്രമാത്രം ആശ്വാസകരമായി മറ്റൊന്നില്ല. കാതറൈനോടു് അടുത്തു് ബ്ലേക്കു് തന്റെ പ്രേമകഥ പറഞ്ഞു. വികാരഭരിതയായി അവൾ അതുകേട്ടുകൊണ്ടിരുന്നു. ബ്ലേക്കു് അതുമനസ്സിലാക്കി— അവർക്കു പരസ്പരമുള്ളതു് ഒന്നുതന്നെയാണെന്നു്. അദ്ദേഹം ശകുന്തളയിൽ ചേർത്തിച്ചു. "കാതറൈൻ, നീ എന്നോടു സഹതപിക്കുന്നുണ്ടോ?" — "തീർച്ചയായും" അവൾ മറുപടിപറഞ്ഞു. "എന്നാൽ ഞാൻ നിന്നെ പ്രേമിക്കുന്നു" ബ്ലേക്കിന്റെ വാക്കുകൾ പതറിയിരുന്നു. "ഞാൻ നിങ്ങളെയും" അവൾ പ്രതിധ്വനിച്ചു.

ജീവിതത്തിനു് ഒരുദ്ദേശമുണ്ടെന്നു ബ്ലേക്കിനുതോന്നി. പുലരിക്കുതന്നെ എന്തോ ഒരു പുതിയപ്രകാശം. അദ്ദേഹം ഉടനേ വണ്ടനിലേക്കുപോയി, ഒരു കൈത്തൊഴിൽ ജീവിതം തുടങ്ങുവാനുള്ള പരിപാടികൾ സംഘടിക്കുവാൻ. അടുത്തവർഷം കാതറൈനും ബ്ലേക്കും വിവാഹിതരായി. അതു വിവാഹജീവിതം ഒരാനന്ദകരമായിരുന്നു— ബ്ലേക്കിന്റെ കവിതകളെപ്പോലെതന്നെ.

എന്നാൽ ബേൺസിന്റെ (Burns —1759—1796) കവിതകൾക്കു് ബ്ലേക്കിന്റെ കവിതയുടെ ഛായയില്ല. സമകാലീനരായിരുന്ന ആ രണ്ടുകവികൾ തമ്മിലുള്ള വ്യത്യാസമുണ്ടു് അവരുടെ കവിതകൾക്കുതമ്മിലും. സ്കോട്ട്ലണ്ടിലെ കർഷകയുവതികളെ നിന്നൊട്ടുതുവീഴുന്നതിലുള്ള ഒരുകഴിവു് ബേൺസിന്റെകവിതകൾക്കു സാധ്യത്തമായിരുന്നു. അദ്ദേഹത്തിന്റെ വ്യക്തിത്വത്തിനും ആ കഴിവു് തികച്ചും ജന്മസിദ്ധമായിരുന്നു.

മുപ്പത്തേഴാമത്തെവയസ്സിൽ മരിച്ച ആ കർഷകകവി മുപ്പത്തേഴിലധികം യുവതികളുടെ ഹൃദയം കവർന്നുകഴിഞ്ഞിരുന്നു. പുരുഷത്രുപത്തിന്റെ പ്രതൃക്ഷമൂർത്തിയായിരുന്നു ബേൺസ്. അദ്ദേഹത്തിന്റെ സംസർഗ്ഗത്തിലും കൈവേ പെൺകുട്ടികളുടെ കൊച്ചുഹൃദയങ്ങളിൽ പ്രണയത്തിന്റെ ശ്രുതി മുഴക്കി. ശൃംഗാരവിലാസിനികളായ യുവതികളിൽ അതു വിശ്വവശ്യമായ ഒരു സപ്തസ്വരസംഗീതമായി മാറ്റൊലിക്കൊണ്ടു. സ്കോട്ട്ലണ്ടിലെ പാടങ്ങളിൽ വിയർപ്പൊഴുക്കി പണിയെടുത്തമുകലക്ഷങ്ങളുടെ പ്രതിനിധിയായിരുന്നു ബേൺസ്. അവരെപ്പോലെ അദ്ദേഹവും പണിയെടുത്തു. അവരെപ്പോലെ അദ്ദേഹവും ഇല്ലായ്മയുടെ വല്ലായ്മ നല്ലപോലെ അറിഞ്ഞിരുന്നു. അതിന്റെ കലർപ്പു് അദ്ദേഹത്തെ ഒരു ജനകീയകവിയായി ഉയർത്തി. അവശരുടെ അവകാശങ്ങളെ കവിതയിൽ പകർത്തിയ ആദ്യത്തെ കവിയുമായിരുന്നു ബേൺസെന്നു വേണം പറയാൻ. അദ്ദേഹത്തിന്റെ നാടോടിപ്പാട്ടുകളിൽ നാട്ടുകാർ തങ്ങളേത്തന്നെ കണ്ടു. അവയുടെ അനിയന്ത്രിതമായ പ്രവാഹം അവരുടെ ഹൃദയങ്ങളിൽ ചൂഴിഞ്ഞുകയറി. അവക്കു് അവരേപ്പറ്റിത്തന്നെ ഒരു ബോധമുണ്ടായി. അവർ മറക്കപ്പെടേണ്ട പുഴുക്കളല്ലെന്നും, പൂക്കളും, പുഴുക്കളും പ്രണയവും അവക്കും അവകാശപ്പെടാവുന്നതാണെന്നും അവർ മനസ്സിലാക്കി.

വേദനയുടെ കരിനിഴൽ നിറഞ്ഞ ബേൺസിന്റെ ജീവിതത്തിൽ ആനന്ദത്തിന്റെ നിലാവെളിച്ചം അങ്ങിങ്ങായി ഉദ്ദോഴകിയിരുന്നു. പ്രകൃതിയുടെ സൗന്ദര്യത്തിൽ അദ്ദേഹം തന്നെത്തന്നെ മറന്നിരുന്ന സന്ദർഭങ്ങളിൽ—നാട്ടുവഴിയിലെ പെൺകുട്ടികളും ഓരോരുത്തരായി അദ്ദേഹത്തിനെ പ്രണയശൃംഗങ്ങളുഴിയാൻ പ്രേരിപ്പിച്ചപ്പോൾ അദ്ദേഹം ജീവിതത്തിന്റെ മാധുരി അനുഭവിച്ചു വികാരനിർഭരമായ ഒരു പ്രണയബന്ധമാണു്

'O, my love is like a-
red-red-rose;
That's newly spreing in June',

എന്നു തുടങ്ങുന്ന മനോഹരഗാനമെഴുതാൻ അദ്ദേഹത്തിനു പ്രചോദനംനൽകിയതു്. അദ്ദേഹത്തിന്റെ പ്രസിദ്ധമായ പല പ്രണയഗാനങ്ങളുമുണ്ടു് അങ്ങനെ ഒരു പശ്ചാത്തലമുണ്ടു്.

പ്രകൃതിസൗന്ദര്യം വഴിഞ്ഞൊഴുകുന്ന പ്രദേശങ്ങളിൽക്കൂടി ഒരു ദേശാടനത്തിൽക്കൂടി എന്നപോലെയാണു് വേർഡ്സ്വത്തു് (Wordsworth 1770—1850) നടന്നിരുന്നതു്. അദ്ദേഹത്തിന്റെ സഹജമായ വ്യക്തിത്വത്തിനും, ആ കഴിവു് തികച്ചും ജന്മസിദ്ധമായിരുന്നു.

മുപ്പത്തേഴാമത്തെവയസ്സിൽ മരിച്ച ആ കർഷകകവി മുപ്പത്തേഴിലധികം യുവതികളുടെ ഹൃദയം കവർന്നുകഴിഞ്ഞിരുന്നു. പുരുഷത്രുപത്തിന്റെ പ്രതൃക്ഷമൂർത്തിയായിരുന്നു ബേൺസ്. അദ്ദേഹത്തിന്റെ സംസർഗ്ഗത്തിലും കൈവേ പെൺകുട്ടികളുടെ കൊച്ചുഹൃദയങ്ങളിൽ പ്രണയത്തിന്റെ ശ്രുതി മുഴക്കി. ശൃംഗാരവിലാസിനികളായ യുവതികളിൽ അതു വിശ്വവശ്യമായ ഒരു സപ്തസ്വരസംഗീതമായി മാറ്റൊലിക്കൊണ്ടു. സ്കോട്ട്ലണ്ടിലെ പാടങ്ങളിൽ വിയർപ്പൊഴുക്കി പണിയെടുത്തമുകലക്ഷങ്ങളുടെ പ്രതിനിധിയായിരുന്നു ബേൺസ്. അവരെപ്പോലെ അദ്ദേഹവും പണിയെടുത്തു. അവരെപ്പോലെ അദ്ദേഹവും ഇല്ലായ്മയുടെ വല്ലായ്മ നല്ലപോലെ അറിഞ്ഞിരുന്നു. അതിന്റെ കലർപ്പു് അദ്ദേഹത്തെ ഒരു ജനകീയകവിയായി ഉയർത്തി. അവശരുടെ അവകാശങ്ങളെ കവിതയിൽ പകർത്തിയ ആദ്യത്തെ കവിയുമായിരുന്നു ബേൺസെന്നു വേണം പറയാൻ. അദ്ദേഹത്തിന്റെ നാടോടിപ്പാട്ടുകളിൽ നാട്ടുകാർ തങ്ങളേത്തന്നെ കണ്ടു. അവയുടെ അനിയന്ത്രിതമായ പ്രവാഹം അവരുടെ ഹൃദയങ്ങളിൽ ചൂഴിഞ്ഞുകയറി. അവക്കു് അവരേപ്പറ്റിത്തന്നെ ഒരു ബോധമുണ്ടായി. അവർ മറക്കപ്പെടേണ്ട പുഴുക്കളല്ലെന്നും, പൂക്കളും, പുഴുക്കളും പ്രണയവും അവക്കും അവകാശപ്പെടാവുന്നതാണെന്നും അവർ മനസ്സിലാക്കി.

വേദനയുടെ കരിനിഴൽ നിറഞ്ഞ ബേൺസിന്റെ ജീവിതത്തിൽ ആനന്ദത്തിന്റെ നിലാവെളിച്ചം അങ്ങിങ്ങായി ഉദ്ദോഴകിയിരുന്നു. പ്രകൃതിയുടെ സൗന്ദര്യത്തിൽ അദ്ദേഹം തന്നെത്തന്നെ മറന്നിരുന്ന സന്ദർഭങ്ങളിൽ—നാട്ടുവഴിയിലെ പെൺകുട്ടികളും ഓരോരുത്തരായി അദ്ദേഹത്തിനെ പ്രണയശൃംഗങ്ങളുഴിയാൻ പ്രേരിപ്പിച്ചപ്പോൾ അദ്ദേഹം ജീവിതത്തിന്റെ മാധുരി അനുഭവിച്ചു വികാരനിർഭരമായ ഒരു പ്രണയബന്ധമാണു്

'O, my love is like a-
red-red-rose;
That's newly spreing in June',

എന്നു തുടങ്ങുന്ന മനോഹരഗാനമെഴുതാൻ അദ്ദേഹത്തിനു പ്രചോദനംനൽകിയതു്. അദ്ദേഹത്തിന്റെ പ്രസിദ്ധമായ പല പ്രണയഗാനങ്ങളുമുണ്ടു് അങ്ങനെ ഒരു പശ്ചാത്തലമുണ്ടു്.

പ്രകൃതിസൗന്ദര്യം വഴിഞ്ഞൊഴുകുന്ന പ്രദേശങ്ങളിൽക്കൂടി ഒരു ദേശാടനത്തിൽക്കൂടി എന്നപോലെയാണു് വേർഡ്സ്വത്തു് (Wordsworth 1770—1850) നടന്നിരുന്നതു്. അദ്ദേഹത്തിന്റെ സഹജമായ വ്യക്തിത്വത്തിനും

---

ങ്ങുന്നു എന്നു് ഭഗവാൻ ശ്രീകൃഷ്ണൻ ഗീതയിൽ പറയുന്നു. അളവറ്റ മഹിമ തിങ്ങിത്തുളുമ്പുന്നവരായ അവതാരപുരുഷന്മാരുടെ വ്യക്തിപരമായ പരിധികളിൽ അടച്ചുനിർത്തി വീട്ടുമുട്ടിക്കുന്നതു അനുചിതവും, അന്യഃ ചരിഗ്രഹനകവുമാണെന്ന സമുദായപ്രമുഖന്മാരെന്ന നടിക്കുന്നവരെല്ലാംപേരും അവശ്യം അറിഞ്ഞിരിക്കേണ്ട ഒരു വസ്തുതയത്രേ. രാമണീയകത നിറഞ്ഞ കലവഴിയായും, അന്തസ്സാര സംയുക്തമായ ശാസ്ത്രമാർഗ്ഗേണയും, ഭക്തിജ്ഞാനകർമ്മങ്ങളെ ആത്മയിച്ചു്, മനുഷ്യനെ ആത്മജ്ഞാനത്തിലൂടെ ഭൗതികഭിന്നികാമങ്ങളിൽനിന്നും ബന്ധവിമുക്തനാക്കുകയെന്ന തന്നെ സമുദായസ്നേഹികളുടെ പ്രഥമവും പ്രധാനവും ആയ കർത്തവ്യമെന്ന എല്ലാ സംഘടിത സഹോദരങ്ങളും സ്മരിക്കുമായിരുന്നെങ്കിൽ ഒരു സമുദായവും ഈ ലോകത്തിൽ ഒരു കാലവും അധഃപതിതമാകുകയില്ലായിരുന്നു. ഹിന്ദുക്കളുടെ അധോഗതിക്കു കാരണമായ ജാതിനാശനാർത്ഥം അവതരിച്ച ശ്രീമത് ശങ്കരാചാര്യ ധർമ്മം പരിപാലിക്കുവാൻ ബ്രഹ്മണരും ശ്രീനാരായണധർമ്മം പരിപാലിക്കുവാൻ ഈഴവരും ശ്രീ ചട്ടമ്പിസ്വാമിധർമ്മം പരിപാലിക്കുന്നതിനു നായന്മാരും പ്രത്യേകം ശ്രമിക്കുന്നതിൽനിന്നും ഈ ഉദ്ധരിക്കുന്നവരുടെ ജീവിതതപത്തിന്റെ ഏകതാപം അതു പരിപാലിക്കുവാൻ മുതിരുന്നവർ ഗ്രഹിച്ചിട്ടില്ലെന്നതേ തെളിയുന്നുള്ളൂ. ത്രുപത്തെ ആരാധിക്കുന്ന അന്ധതയിൽ നാം ശബ്ദത്തെ നിരാകരിക്കുന്നതു ക്ഷന്തവ്യമല്ലേ. നേതൃത്വത്തിന്റെ വൈശിഷ്ട്യത്താൽ ആകർഷകരായിട്ട് സമുദായഭിന്നതയെ വർദ്ധിപ്പിക്കുവാനുപയോഗിക്കുന്ന ശക്തിയെക്കൂടി സംഘടിപ്പിച്ചു യോജിപ്പിച്ചു നിത്യമായ ഹിന്ദുമതത്തെയും അതിന്റെ മാസ്റ്റർശികളെയും മോചനസ്ഥരാക്കുവാൻ മേൽപറഞ്ഞ സമുദായങ്ങളും പ്രവർത്തിച്ചു "അദ്വൈത" സിദ്ധാന്തം ലോകത്തിൽ പ്രചരിപ്പിക്കുവാൻ ആത്മശക്തിയുള്ളവരായിത്തീരട്ടെ! (ഹിന്ദുസഹോദരി)

★

ളം ഓരോ വ്യക്തിയും ഓരോ നക്ഷത്രവും സജീവമായിരുന്നു. ഓരോ സന്ദർശനം അവസ്മൃതി മനസ്സുനൽകാറുണ്ട്. പ്രകൃതി മനുഷ്യന്റെ സുഹൃത്താണ്. വഴികാട്ടിയാണ്; ഉപദേഷ്ടാവാണ്, സംരക്ഷകനാണ്, ഒരു വേദനാപനിതകനാണ്, സജീവമായ ഒരു ശക്തിയാണ്. മനുഷ്യന്റെ സ്വഭാവം രൂപീകരിക്കുന്നതുപ്രകൃതിയാണ്. പ്രേറോയുടെ തത്വസംഹിതകളിൽ പ്രചോദിതനായ ആ പ്രകൃതിശാസ്ത്രകന്റെ കവിതകളുടെ ഉള്ളടക്കം അങ്ങിനെ വികസിക്കുന്നു.

അദ്ദേഹം ചെറുപ്പത്തിൽ ഫ്രാൻസിലേക്കൊന്നുപോയി—ഒരു സന്ദർശനത്തിന്. രണ്ടുവർഷക്കാലത്തോളം അദ്ദേഹം അവിടെ താമസിച്ചു. അന്നുവേർഡ്സ്വർത്തും ഒരു ചെറുപ്പക്കാരനായിരുന്നു, ചെറുചെറുക്കളുടെ ചെറുപ്പക്കാരൻ. ഫ്രഞ്ചുവിപ്ലവം അദ്ദേഹത്തെ ഒരു വിപ്ലവകാരിയാക്കി, കുറച്ചുകാലത്തേക്കെങ്കിലും. അക്കാലയളവിലാണ് അദ്ദേഹം ആനറ്റവാലെ (Annette Vallon)നെ കാണാനിടയായത്. ശ്രുഭഭ്രതയുള്ള ഒരു പെൺകുട്ടി—ഭാവഭദ്രത എങ്ങിനെയിരുന്നാലും നമുക്കു ചിന്തിച്ചിട്ടു കാര്യമില്ല. വേർഡ്സ്വർത്തിന്റെ അഭിലാഷങ്ങളും അവർ നിരോധിച്ചു. ചെറുപ്പകാലത്തിന്റെ വികാരതീക്ഷ്ണതകൊണ്ടു പലതും പ്രവർത്തിക്കും പ്രവർത്തിപ്പിക്കും. ആനറാവും വേർഡ്സ്വർത്തും തമ്മിലുള്ള യൗവനത്തിന്റെ മധുരമായ വേണ്ടുവോളം നുകർന്നു. അനുരാഗത്തിന്റെ മധുരാനുഭങ്ങളും ഹൃദയംതുറന്നു പാടി. പക്ഷേ വേർഡ്സ്വർത്തിനു ഫ്രാൻസിൽ അധികംനാൾ താമസിക്കുവാൻ കഴിഞ്ഞില്ല. അദ്ദേഹം ഇംഗ്ലണ്ടിലേക്കു തിരിച്ചു.

ആനറാറ് ഒരു മകൾക്കുവേണ്ടി—ഒരു പെൺകുട്ടിയുടെ. വേർഡ്സ്വർത്തു് അച്ഛൻ അറിഞ്ഞു. അതേ അച്ഛൻ കണ്ടു. അദ്ദേഹത്തിന്റെ മകൾതന്നെ—അദ്ദേഹം സമ്മതിച്ചു. പക്ഷേ അതിന്റെ അമ്മയെ വിവാഹംകഴിക്കുന്നതിനു് അദ്ദേഹം വിസമ്മതിച്ചു. അതു സാധ്യമല്ലെന്നു് അദ്ദേഹം വിശ്വസിച്ചിരുന്നു. അവിടെ ഒരു ഫ്രഞ്ചുവനിത—അദ്ദേഹം ഒരു ഇംഗ്ലീഷുകാരൻ. ഇംഗ്ലണ്ടും ഫ്രാൻസും തമ്മിലുള്ള ബന്ധം അക്കാലത്തു് അത്ര സൗഹാർദ്ദമനോഭാവത്തിലല്ലായിരുന്നു. വേർഡ്സ്വർത്തിന്റെ യൗവനം അങ്ങിനെ നീങ്ങിക്കൊണ്ടിരുന്നു. അദ്ദേഹം മേരി ഹച്ചിൻസൺ (Mary Hutchinson) എന്നൊരു യുവതിയെ വിവാഹംകഴിച്ചു മുപ്പത്തിരണ്ടാമത്തെ വയസ്സിൽ. ആ വിവാഹം സമാധാനസംപൂർണ്ണമായിരുന്നു.

മേരിയെപ്പറ്റി നാം അധികമൊന്നും കേൾക്കുന്നില്ല. വേർഡ്സ്വർത്തു് തന്റെ സഹോദരിയായ ഡോറത്തിയേപ്പറ്റി കവിതകളിൽ പലസ്ഥാനത്തും പ്രസ്താവിക്കുന്നുണ്ട്. സ്നേഹനിർഭരമായ വാക്കുകളിലാണ് ഡോറത്തിയേ (Dorothy) അദ്ദേഹം സ്മരിക്കുന്നതു്. അവൾക്കു് എഴുത്തിയിരിക്കുന്ന എഴുത്തുകളും വികാരനിർഭരം സ്നേഹമസൃണവുമാണ്. ഫ്രാൻസിന്റെ മനഃശാസ്ത്രത്തിന്റെ അഭിജ്ഞകന്മാരെ ഇക്കാര്യങ്ങളെല്ലാംകൂടി വളരെ രസാവഹമായ ഒരഭ്യൂഹത്തിലെത്തിച്ചേക്കുന്നു. വേർഡ്സ്വർത്തു് ഡോറത്തിയേ പ്രേമിച്ചിരുന്നു, പ്രകടിപ്പിക്കാൻ പാടില്ലാത്ത ആ പ്രേമം അദ്ദേഹത്തിന്റെ ഹൃദയത്തിൽ അമർത്തപ്പെട്ടു. അതു് പ്രകൃതിയോടുള്ള ആരാധനയായി രൂപംമാറി. സമുദായത്തേയും, രാഷ്ട്രീയകാര്യങ്ങളേയും, സുഹൃത്തുക്കളേയും, എല്ലാം മറന്നു് ഒരു യോഗിവര്യനേപ്പോലെ, പാറക്കെട്ടുകളുടെയും, മഞ്ഞുകട്ടകളുടേയും, കൊടുങ്കാറ്റിലുലയുന്ന മരച്ചുട്ടങ്ങളുടേയും ഇടയിൽക്കൂടി—വൃക്ഷങ്ങളുടെയും, ഉരുവരുവികളുടെയും, തടാകങ്ങളുടെയും തീരങ്ങളിൽ സഞ്ചരിച്ചു. പന്തലിച്ചു പടരുന്ന മോഹങ്ങളുടെയും കമ്പിളിരുതച്ച കോലാട്ടിൻകുട്ടികളുടേയും, വൃൽത്തകിടിയിൽപതിച്ച പൂക്കുലകളുടെയും സൗഹാർദ്ദം സമർത്ഥിച്ചു, പ്രപഞ്ചം രോമാഞ്ചംകൊള്ളുന്ന ഗാനങ്ങളാലാപിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതു്, അന്ധാനന്ദത്തു് പ്രതിഷ്ഠിതമായ ആ പ്രേമബന്ധമാണ്.

പക്ഷേ ചാൾസ്ലാമ്പും (Charles Lamb-1775-1834), അവിവാഹിതയായിരുന്ന അദ്ദേഹത്തിന്റെ സഹോദരിയുമായി അങ്ങനെ എന്തെങ്കിലുമൊരു ബന്ധമുണ്ടായിരുന്നെന്നു് ഊഹിക്കുവാൻപോലും സാധ്യമല്ല അത്ര പവിത്രമായിരുന്നു അവരുടെബന്ധം. തൃഷ്ണത്തിന്റെയും, സ്നേഹത്തിന്റെയും തനിസ്വരൂപമായിരുന്നു ലാമ്പു്. അദ്ദേഹത്തിന്റെ സഹോദരി ഭ്രാന്തുപിടിച്ചു് ഒരു മനസികവിഭ്രാന്തിയിൽ സ്വന്തം മാതാവിനെ കൊന്നു. ലാമ്പിന്റെ കുടുംബത്തിനു് ഭ്രാന്തു് ജന്മസിദ്ധമായിരുന്നു. അമ്മയേ നശിപ്പിക്കുകയെങ്കിലും കൊല്ലുക! ഒരു മകനു് സഹിക്കുമോ? പക്ഷേ ആരുകൊണ്ടു്? സഹോദരി—ഏകസഹോദരി; അതും ഭ്രാന്തിയായി. ലാമ്പു് വേദനയുടെ തിരിച്ചുകയറിലെത്തി. [illegible] ഹം ഭേദിച്ചുപോയില്ല. സ്വാസനസന്നദ്ധത ലാമ്പിനു് സ്വതസ്സിദ്ധമായിരുന്നു. അദ്ദേഹമെല്ലാം സഹിച്ചു.

ഒരു പ്രേമബന്ധത്തിലദ്ദേഹമേർപ്പെട്ടു. അഞ്ചുവർഷം അതു നീണ്ടുനിന്നു. പക്ഷേ ലാമ്പു് തന്റെ പ്രണയിനിയേ വിവാഹം കഴിക്കാൻ ഒരുമ്പെട്ടില്ല. അതു തന്റെ സഹോദരിയേ ഭ്രാന്തും ഗ്രസിക്കുന്നതിനുമുൻപു്, വഴിയാധാരമാക്കുന്നതിനേപ്പറ്റി ഞെട്ടിയതുകൊണ്ടു്. ഇരുമനസ്സോടെ ലാമ്പിനു് വേണ്ടി അദ്ദേഹം ജീവിതസുഖങ്ങൾ സന്തുലിച്ചു. ആ ത്യാഗത്തിലദ്ദേഹം ജീവിതാനന്ദമനുഭവിച്ചു.

ലാമ്പു്, തന്റെ വിഷാദകലുഷിതമായിരുന്ന ഹൃദയം, വിചാരമധുരവും, വികാരസുന്ദരവുമായ ലേഖനങ്ങൾവഴി വ്യക്തമായി ആവിഷ്കരിച്ചിട്ടുണ്ട്. ചിരിയും കരച്ചിലുമിടകലർന്ന ആ ലേഖനങ്ങളെ, ഇംഗ്ലീഷു സാഹിത്യത്തിലേ ശദ്ധകാരന്മാരാരും തന്നെ ഇതുവരെ കവച്ചുവച്ചിട്ടില്ല. വേദനയും, സഹതാപോദ്ഗ്രഥവും, ധർമ്മികമൂല്യപരിശീലനയും, ജീവിതസ്നേഹവും, വ്യക്തിത്വത്തിന്റെ മുദ്രകത്തിയ ശൈലിയും, ആകെക്കൂടി സമ്മേളിച്ച അദ്ദേഹത്തിന്റെ ലേഖനപരമ്പരകളും അന്തഃസത്തയുടെ ആത്മാർത്ഥമായ ആവിഷ്കരണങ്ങളത്രേ. അതുണ്ടായതുള്ള സ്ഥായിയായ മേന്മ.

## XIII

വിപ്ലവകാരിയായ ഒരു യുവാവു്, സ്വാതന്ത്ര്യപ്രേമിയായ ഒരുസാഹിത്യകാരൻ, സമത്വസുന്ദരമായ ഒരു ലോകം വിഭാവനംചെയ്ത ഒരു സമുച്ചയവാദി, വിപ്രതീത തന്റെ ധിഷണാപ്രഭാവംകൊണ്ടെ അന്ധരിപ്പിച്ച ഒരു ഭാവനാസമ്പന്നൻ—ഇങ്ങനെ നീണ്ടുപോകുന്നു ഷെല്ലിയുടെ (P. B. Shelley-1792-1822) അപദാനങ്ങൾ. പതിനെട്ടുവയസ്സുള്ളപ്പോൾ സസ്സെക്സിലെ (Zastercz) എന്നമതേതരകൃതിയുടെ മനഃശാസ്ത്രവഴിയിൽനിന്നു ഷെല്ലി പ്രേമിക്കുവാനോ വിവാഹിതരായി. ഒരുകന്യ സഹോദരിയായ ഹാരിയറ്റ് ഗ്രോവി (Harriet Grovi)നോടു് ഒരു പ്രത്യേകമമത ആ യുവകവിക്കുതോന്നി. ഹാരിയട്ടിന്റെ ആകസ്മികമായ മരണം അദ്ദേഹത്തെ വളരെയധികം വിഷമിപ്പിച്ചിരിക്കണം.

മതബോധത്തെ അവഗണിച്ചുള്ള "നിരീശ്വരത്വത്തിന്റെ ആവശ്യകത" (The Necessity of Atheism) എന്നലഘുലേഖ എഴുതുകയാൽ ഷെല്ലി കലാശാലയിൽനിന്നും ബഹിഷ്കൃതനായി. ഷെല്ലിക്കുവേണ്ടി വാദിച്ച ഹോഗ്ഗിനും (Hogg) ആ ശിക്ഷതന്നെ ലഭിച്ചു. സ്നേഹിതന്മാർ കുറേക്കാലം ലണ്ടനിൽ താമസിച്ചു. പക്ഷേ ഹോഗ് സുയോർക്കിൽ പോയപ്പോൾ ഷെല്ലിക്ക് നിത്യവൃത്തിക്കുള്ള മാർഗ്ഗം പരിപൂർണ്ണമായി അടഞ്ഞു. ആ യുവകവി പിതാവുമായി പണ്ടേതന്നെ പിണങ്ങിപിരിഞ്ഞതാണ്. ഇക്കാലഘട്ടത്തിൽ അധ്യാപികമാരായിരുന്ന സഹോദരിമാർ ഒരുപെൺകുട്ടിവശം പണം കൊടുത്തയച്ചുകൊണ്ടിരുന്നു. അങ്ങനെയാണ് ഹാരിയറ്റ് വെബ്സ്റ്റോക്കുമായി (Harriet Webstock) ഷെല്ലി പരിചയപ്പെട്ടതു്.

ഷെല്ലി ഹാരിയറ്റിനെ വിവാഹം ചെയ്തു. പക്ഷേ പ്രേമത്തിന്റെപേരിലല്ലായിരുന്നു ആ വിവാഹം, ഹാരിയറ്റിനോടുതോന്നിയ അനുകമ്പയാണതായിരുന്നു ഷെല്ലിയെ അതിനു് പ്രേരിപ്പിച്ചതു്. വിചിത്രതരമായ ഒരു വിവാഹം. ഷെല്ലിതന്നെ വിവരിച്ചിട്ടുണ്ട്. ആ വിവാഹത്തിന്റെ സംഘടയ്ക്കുശേഷം ഷെല്ലിക്കു് വേൽസിലുവച്ചു ഒരെഴുത്തുകിട്ടി. സപത്നിയുടെ മർദ്ദനത്തെ സഹിക്കാനാവാതെ ഹൃദയവേദനയോടുകൂടിയായിരുന്നു ഹാരിയറ്റ് ആ എഴുത്തെഴുതിയതു്. ആത്മഹത്യ അവളുടെ മനസ്സിൽ അല്പം ഞാറിച്ചേന്നിരുന്ന ഒരാശയമായിരുന്നു. അവളുടെ എഴുത്തുകളിലൂടെ ഷെല്ലിക്കതു ഗ്രഹിക്കുവാൻ കഴിഞ്ഞു. അവളുടെ എഴുത്തുകളിൽ മരണത്തിന്റെ മുകരയും, ഭയാനകതയും ചുറ്റിപ്പറ്റിനിന്നിരുന്നു. അവ നിരാശയുടെ നെഞ്ചുനുറുങ്ങുന്ന വിങ്ങലുകളുമായിരുന്നു. ഷെല്ലിക്കതു സഹിക്കുവാൻ കഴിഞ്ഞില്ല. അദ്ദേഹം ലണ്ടനിലെത്തി. ഹാരിയറ്റിനെ കണ്ടു. അവളുടെ ശ്രുഭം നന്നേമാറിയിരുന്നു. ഷെല്ലി അമ്പരന്നു. അദ്ദേഹത്തിനതു ഉൾക്കൊള്ളാനായിത്തീർന്നില്ല. അവളുടെ നിരാശകളിൽ പങ്കുപറ്റുവാൻ അദ്ദേഹം തീരുമാനിച്ചു. ലണ്ടനിലെ ഷെല്ലിയുടെ താമസം ഹാരിയറ്റിന്റെ ആരോഗ്യം വീണ്ടെടുത്തു.


അവർ ലണ്ടനിൽനിന്നും, എഡിൻബറോയിലേക്കു് പലായനംചെയ്തു. അവിടെവച്ചു അവർ വിവാഹിതരായി. ബുദ്ധിപൂർവ്വമായ ഒരു വിവാഹം. കേവലം അനുകമ്പയുടേയും, ആദർശത്തിൻമേലും പേരിൽ ഷെല്ലിയും, അടക്കാൻവയ്യാത്ത ഒരാവേശത്തിന്റെപേരിൽ ഹാരിയറ്റും ആ വിവാഹത്തിനു് വഴിപ്പെട്ടു. എങ്കിലും ആ ദമ്പതിജീവിതം രണ്ടുവർഷത്തേയ്ക്കു് സൗഭാഗ്യകരമായിരുന്നു. അമ്മായിയുടെ ധനസഹായത്തോടുകൂടി അവർ ഒരു സഞ്ചാരജീവിതം നയിച്ചു. യോർക്കിൽ (York) വച്ചു ഹാരിയറ്റിന്റെ സഹോദരിയായ എലിസം അവരോടൊന്നിച്ചെത്തി. താമസിയാതെ ഹാരിയറ്റിനൊരു കുട്ടിയുണ്ടായി. സപത്നിയുടെ ജനനത്തിനുശേഷം ഷെല്ലി ഹാരിയറ്റിനെ ഒന്നുകൂടി വിവാഹം ചെയ്തു—പ്രഥമവിവാഹം അസാധുവായേക്കുമെന്നുള്ള കാരണത്താൽ.

ഷെല്ലിയുടെ ദാമ്പത്യജീവിതത്തിൽ എലിസയുടെ അനധികൃതമായ കൈകടത്തൽ അദ്ദേഹത്തിനു് ഉൾക്കൊള്ളാനായിത്തീർന്നില്ല. കൂടാതെ, ശ്രദ്ധശീലയായിരുന്ന ഹാരിയറ്റ് ഷെല്ലിയുടെ വിപ്ലവകാംക്ഷയുമായി പൊരുത്തപ്പെട്ടിരുന്നില്ല. ഹാരിയറ്റിനു് ഷെല്ലിയെ നിയന്ത്രിക്കുവാനോ അദ്ദേഹത്തിനു വശ്യമായ കലാപരമായ പ്രചോദനം നൽകുവാനോ കഴിഞ്ഞില്ല. അങ്ങനെ ഹാരിയറ്റ് ഷെല്ലിക്കൊരു ഭാരമായിത്തന്നെതീർന്നു.

ഗോഡ്വിന്റെ (Godwin) അദ്ദേഹത്തിന്റെ അക്ഷരംപ്രതി അനുസരിച്ചിരുന്ന ഷെല്ലിക്കു്, അ

(ശേഷം 20-ാംപേജിൽ)








മുകളിലത്തെവരി—ഇടത്തു നിന്നും — 1) ബാറ്റൺ സി ഫെസ്റ്റിവൽ ഗാർഡൻസ് ഉൽഘാടനം - അമേരിക്കൻ ഗായകനായ എഡീ ഫിഷർ ഷീലാ ഹാൻഡ് സുന്ദരിയായ ഉത്സവത്തിന്റെ 'രാജ്ഞി' യായി അഭിഷേകം ചെയ്യുന്നു. 2) രാജ്ഞിയുടെ പുത്രൻ ചാർലസ് രാജകുമാരൻ ബാൽമോറൽ കോട്ടാരത്തിന്റെ മുനാലയം ചേയ്യുകയുന്നത്. 3) പുതി ആനി രാജകുമാരിയും ഭർത്തു പോലെ കയാനോം മാതാവും സഹായിക്കുന്നത്.









4) കിരീടധാരണച്ചടങ്ങിനോടനുബന്ധിച്ചു നടത്തിയ ഒരു പരിപാടിയിൽ അഞ്ചു വയസ്സായ ഒരു ബാലിക പങ്കെടുക്കുന്നു.

താഴത്തെ വരി—1) മാർഗരറ്റ് രാജകുമാരി ഡംബിൾഡൺ പ്രഭുവുമായി ഡാർച്ചെസ്റ്ററിൽനടന്ന ബാളിനു (നൃത്തം)ൽ പങ്കെടുക്കുന്നു. 2) വിൻഡ്സർപ്രഭുവും പത്നിയും തങ്ങളുടെ പട്ടിയുമായി വിനോദിക്കുന്നു. 3 കിരീടധാരണ ചടങ്ങിൽ സംബന്ധിച്ച സുഡാനിലെ ഒരു പ്രമുഖൻ.



# നീലക്കണ്ണുകൾ

(17-ംപേജിൽനിന്നു തുടർച്ച)

ദേഹത്തിന്റെ മകളോട് അനുരാഗം തോന്നിയതിൽ അത്ഭുതത്തിനവകാശമില്ല. മേരിയുടെ ഉല്പതിഷ്ണുത്വം ഷെല്ലിയെ അവളിലേയ്ക്കടുപ്പിച്ചു, ഗോഡ്‌വിനുവേണ്ടി പണപ്പിരിവു നടത്തിയ ഷെല്ലിക്ക് മേരിയുമായി കൂട്ടിമുട്ടുന്നതിനും സന്ദർഭവും, സൗകര്യവുമുണ്ടായി. ഹാരിയറ്റിന്റെ ശോകാത്മകതപം സ്ഫുരിക്കുന്ന മുഖത്തിന്റെ വശ്യത മേരിക്കില്ലായിരുന്നു—മേരിയുടെ ബുദ്ധിശക്തിയും കലാബോധവും ഹാരിയറ്റിനും.

ഷെല്ലിക്കുതോന്നി തന്റെ ആദ്യ വിവാഹം ഒഴിയണമെന്ന്. ഹാരിയറ്റിനതുസഹ്യമായിരുന്നു. അതിന്റെ ചിന്ത അവളെ രോഗശയ്യയിലെത്തിച്ചു. ഷെല്ലി അവളെ പരിചരിക്കുവാൻ മടിച്ചില്ലെങ്കിലും, തന്റെ സ്നിയംതെ, അദ്ദേഹം മേരിയോടും ജീവിതസഹോദരിയായ ജയിൻ ക്ലയറോടുമൊന്നിച്ച് ഫ്രാൻസിലേക്കുപോയി. ഫ്രാൻസിലേക്ക് ഹാരിയറ്റിനെക്കൂടി അദ്ദേഹം ക്ഷണിച്ചു. പക്ഷേ അവളതു നിരസിച്ചു. അതുകൊണ്ടാലും ഷെല്ലി വിദേശപര്യടനം നടത്തി. തിരിച്ചുവന്നപ്പോഴാണ് ഹാരിയറ്റ് തനിക്കുള്ള പണം മുഴുവൻ ചെലവിഷ്ടിയെന്നതദ്ദേഹമറിഞ്ഞതു്. എങ്കിലും വല പ്രാവശ്യവും ഷെല്ലി ഹാരിയറ്റിനെ സന്ദർശിച്ചു. അദ്ദേഹത്തിന്റെ വിരഹമറിഞ്ഞ മരണത്തോടുകൂടി ഷെല്ലിയുടെ സാന്ത്വനത്തിനായി ഭൂമിയിൽ ആരുമുണ്ടായിരുന്നില്ല. അദ്ദേഹം വീണ്ടും യൂറോപ്പിലേയ്ക്കു തിരിച്ചു. മേരിയേയും ജയിൻക്ലയറേയുമൊന്നിച്ചുള്ള ജീവിതം ഇനിയുമിഴഞ്ഞു നീങ്ങി. ജയിൻക്ലയർ ഷെല്ലിയുടെ മുമ്പിൽ ഒരു പ്രശ്നമായിത്തന്നെ നിലകൊണ്ടിരുന്നു. ബൈറന്റെ ഒരു കൂട്ടുകാരിയുടെ മാതാവുകൂടിയായ ആ യുവതിയെ അദ്ദേഹമെങ്ങനെ അനുരണയായി ഉപേക്ഷിക്കും?

ബൈറണും, ഷെല്ലിയും സ്വിറ്റ്സർലണ്ടിൽവച്ചു കൂടിമുട്ടി. അന്യോന്യം ബഹുമാനിച്ചിരുന്ന രണ്ടു യുവകലാകാരന്മാർ — ഇംഗ്ലീഷുസാഹിത്യത്തിനു മറക്കാനാവാത്ത രണ്ടു വിപ്ലവകാരികൾ. ആ സമ്മേളനത്തിനു ശേഷം ഒന്നിച്ചുണ്ടവർ യാത്ര തുടർന്നു, ആ കാലം ആംഗലസാഹിത്യം മറക്കുകയില്ല. ബൈറൺ ചില്ലിനിലെ തടവുകാരൻ (Prisoner of Chillon) എന്ന കൃതിയും ഷെല്ലി മോണ്ട് ബ്ലാങ്ക് (Mont Blank) സൗന്ദര്യശിത (Hymn to Intellectual Beauty) എന്നീ കാവ്യങ്ങളും, മേരി അവളെ—അനശ്വരയാക്കിക്കൊണ്ട് ഫ്രാങ്കെൻസ്റ്റൈൻ (Frankenstein) എന്ന നോവലും എഴുതിത്തീർത്തതു് ഈ കാലഘട്ടത്തിലാണ്. ഒരു ചെറുപര്യടനത്തിനു ശേഷം ലീഹണ്ടിന്റെ (Leigh Hunt) അതിഥിയായി തമസിക്കുമ്പോഴാണ് ഹാരിയറ്റ് മുങ്കിമരിച്ചു എന്ന ദുഃഖവാർത്ത ഷെല്ലിക്കു ലഭിച്ചതു്. ആ മരണാവസരത്തിൽത്തന്നെ മേരിയെ ഷെല്ലി വിവാഹം ചെയ്തു. എങ്കിലും ഹാരിയറ്റിന്റെ സന്താനങ്ങളുടെ മേൽ തനിക്കുള്ള രക്ഷാകർത്തൃത്വം കോടതി നിഷേധിച്ചപ്പോൾ, ഷെല്ലിയുടെ കോപം ആ വിധി പുറപ്പെടുവിച്ച കരങ്ങളുടെനേർക്കു തിരിഞ്ഞു.

മേരിയുടെ സന്നിധ്യത്തിൽ ഷെല്ലിയുടെ കവിത അനർഗ്ഗളമായി പ്രവഹിച്ചു. സ്ഫടികനിർമ്മലമായ ആ കവിതാവാഹിനി ഭാവനയുടെ മയൻ കൊട്ടാരികളിൽനിന്നും ഊഞ്ഞാഴുകി, കാട്ടും മേട്ടും കടന്ന് പാറക്കെട്ടുകളിൽ തട്ടിച്ചിന്നിച്ചിതറി ചരണ്ട് അനാചരതയിലേക്കു ഒഴുകിക്കൊണ്ടിരുന്നു.

1820-ൽ ഷെല്ലി ഒരു പെൺകുട്ടിയെ കണ്ടു ഒരു കന്യകാമഠത്തിന്റെ അസ്വതന്ത്രമായ ഭിത്തികൾക്കുള്ളിൽ ഒതുങ്ങിക്കഴിഞ്ഞുകൂടിയ എമിലിയാ വൈവിയാനി (Emilia Viviani) യെ കവുത്ത കണ്ണാടിക്കൂട്ടിൽ പൂട്ടിവച്ച കനകശലകം, അലംകൃതമായ സൗന്ദര്യത്തിന്റെ പ്രഫുല്ലപ്രഭവം വിശ്വത്തിനു നഷ്ടമാകയാണ്. പ്രപഞ്ചത്തിലുള്ള സകല സൗന്ദര്യത്തിന്റെയും സമഗ്രമായ രൂപം എമിലിയയിൽ ഷെല്ലി ദർശിച്ചു. അദ്ദേഹത്തിനതോന്നി അതങ്ങനെ നഷ്ടമായിക്കൂടെന്ന്. ആ ഏകയേഗമമായ ആഗ്രഹത്തിന്റെ പ്രകടനമാണ് എപ്പിസൈക്കിഡിയൻ (Epipsychidion) എന്ന മനോഹരമായ കാവ്യം. എമിലിയയുടെ നശ്വരമായ സൗന്ദര്യം അദ്ദേഹം അനശ്വരതയിലേക്കുയർത്തി.

പ്രണയം ഷെല്ലിയെ സംബന്ധിച്ചിടത്തോളം തികച്ചും കാവ്യപ്രചോദകമായിരുന്നു. വൈകാരിയുമായിരുന്ന അദ്ദേഹത്തിന്റെ വ്യക്തിത്വം പ്രകാശിതമാവുന്നതിനു് പ്രണയം അപരിത്യാജ്യമായിരുന്നു. അമൃതനിഷ്യന്ദികളായ അദ്ദേഹത്തിന്റെ കാവ്യനിർത്ഝരികളും, യുവഹൃദയങ്ങളെ നിരവദ്യസുന്ദരമായ പ്രണയമധുരിമയിൽ കോരിത്തരിപ്പിക്കുന്നതിന്റെ രഹസ്യം അവയുടെ പിന്നിലെ അനുഭവയഥാർത്ഥ്യങ്ങളാണ്.



വൃക്കം വിരിയുന്നു—നശിക്കുന്നു. അതിന്റെ മനോഹാരിത അല്പ സമയത്തേക്കുമാത്രം. ഈ തെല്ലുസമയത്തിനിടയ്ക്ക് ശലഭങ്ങളും തേനീച്ചകളും അതിന്റെ മധുവും കവർന്നുകൊണ്ടുപോകുവാൻ വരികയായി. ചിലനക്കി തേൻ എടുക്കുന്ന ശലഭമോ, അനുനയവേണ്ടി മധുകരതിവയ്ക്കുന്ന പുഷ്പമോ ഈ നശ്വരമായ സൌന്ദര്യസ്വത്തിനെ കുറിച്ചു ചിന്തിച്ചുവ്യാകുലപ്പെടാറില്ല. നശിച്ചുതിനെപ്പറ്റി ചിന്തിക്കുക അപൂർവ്വമാണ്. ഒന്നു നശിച്ചാൽ മറ്റൊന്ന്! പുരാതനമായ ഈ പാരമ്പര്യം അക്കാലം അതുചിന്തയ്ക്കു വകനൽകാതെ പുലരുകയാണ്.

എന്നാൽ ഇതിൽനിന്നും വ്യത്യസ്തമായ സ്വഭാവമാണ് മനുഷ്യന്റേതു്. ആ സൌന്ദര്യസമ്പത്തു് കവരാൻവരുന്ന ഒരു മധുപം മറ്റൊന്നിനെ വെറുക്കുന്നു—ഹിംസിക്കുന്നു. ഏതും തന്റേതാക്കണമെന്നുള്ള ഒരു ദുർവ്വാസന മനുഷ്യനേയുള്ളൂ. അല്ലെങ്കിലോ? ആ വെപ്പിന്റെ കർമ്മഫലങ്ങൾ പ്രശാന്തമായ ജീവിതയാനത്തെ മുടുകയായി.

ഞാൻ ചിന്തിക്കുകയാണ്. എനിക്കു് ഉറക്കംവന്നില്ല. ഉറക്കമുണരുന്നു തന്നെങ്കിലോ ഉറങ്ങുന്നു എന്നു് ഒരു നിർബന്ധംപോലെ. എന്റെ രോഗം കൂടുകയാണ്. ആരംഭകാലാവസ്ഥമാണ്. എങ്കിലും കൂടുതലാണ്. അതുകേൾക്കുമ്പോൾ പെട്ടെന്ന് ഒരുമുഖം ചുളിവൽ ഉണ്ടാകും. സന്തതാപത്തിൽ പൊതിഞ്ഞ ഒരുപുഞ്ചിരി മനസ്സിലുണ്ട്. അടുത്തെങ്ങും ആ രോഗി ഇല്ലല്ലോ എന്നോർത്തു് ഒരാശ്വാസമുണ്ട്. എങ്കിലും അല്പനേരത്തേക്ക് ഒരു വേദനയാണ്—ഇല്ലേ?

ഇതൊരു കൂടുതൽരോഗാതുപരി ആണ്. ഒരു കൊച്ചുകുന്നിൻമുകളിൽ പണിയിച്ചിട്ടുള്ള ഒരു രണ്ടുനിലക്കെട്ടിടം. ഇൻഡ്യയിലെ ഒരെണ്ണപ്പെട്ട നഗരമായ പാറ്റ്നായിൽനിന്നും അധികം അകലമില്ലാത്ത ഒരു ഗ്രാമപ്രദേശമാണിതു്. കേരളത്തിൽനിന്നും എത്ര അകലമുണ്ടെന്നു് എനിക്കു നല്ലതിട്ടംപോരാ. എന്റെ ജന്മദേശം കേരളമാണ്. "അവിടുത്തെ സുന്ദരകാഴ്ചകൾ ഇന്നും എന്നെ വേട്ടിപ്പിക്കുകയാണ്. ഞാൻ അവയെ മറക്കാൻ ശ്രമിക്കുന്നു.

എനിക്കു് ഇതിനകത്തു കുട്ടുകാരുണ്ട്. ഇതാ ഇപ്പുറിയിൽത്തന്നെ കിടന്നാരുന്നു. ജലാബ്സിംഗ്. രോഗത്തിന്റെ പ്രാധ്യാവട്ടം കഴിഞ്ഞ ഒരു സിക്കുകാരൻ. കൂടുതൽരോഗം അയാളെ കൂടുതൽതീരാരോഗിയാക്കിയിരിക്കുന്നു. ഉറങ്ങുന്നെങ്കിലും ഉണരുന്നതിനുമുമ്പായിലൂടെ വരുന്ന നിലാവെളിച്ചത്തിൽ ആമുഖം എനിക്കു കാണാം. ഏറ്റവുമടുത്ത ആമുഖത്തു് വിണ്ണപ്പാടുകയാണ്. മുകൾ കഴിഞ്ഞുതാഴ്ന്നു് വായേയ്ക്കുചേർന്നു് കട്ടിയുള്ള മുഖം. മുറിയിലെ അന്ധകാരംപോലെ ജലാബ്സിംഗിന്റെ ഹൃദയത്തിലും ശോകത്തിന്റെ കരിനിഴലുകളാണ്. അങ്ങിങ്ങു നരച്ചുതുടങ്ങിയിരിക്കുന്ന ആ പാവപ്പെട്ട നാല്പത്തഞ്ചുകാരന്റെ കൈവിരലുകൾ കൂടുകിപ്പോയി. ദേഹത്തു് അങ്ങിങ്ങുപ്പുകൊച്ചിയപോലെ വ്രണങ്ങളും. അതിൽനിന്നൊഴുകുന്ന രക്തദ്രവകം ആ കിടക്കയിൽവീണ് അയാളുടെ ദേഹവുമായി പറ്റിപ്പിടിച്ചിരിപ്പുണ്ട്. ഇയാളാണ് എന്റെ ഏറ്റവും വലിയ സഖാവു്. ജലാബ്സിംഗിനു കുടുംബമില്ല. ആരുമില്ല. അയാൾമാത്രം. വിരൂപനായ ആ മനുഷ്യന്റെ വളരെ നിർമ്മലമായ സ്നേഹനിർഭരമായ ഒരു ഹൃദയമുണ്ട്. മനുഷ്യരിൽനിന്നും താണവർഗ്ഗത്തിൽനിന്നും കൂടുതൽരോഗികളെങ്കിലും അവരിൽനിന്നും മഹത്തരമായ ഹൃദയചലനങ്ങളും കൂടുതൽരോഗിക്കുണ്ട്.

ഇതൊരു വിചിത്രലോകമാണ്. ബാഹ്യലോകവുമായി ഇതിനകത്തു ഇളവുകൾ സഞ്ചാരമില്ല. ഒരു പ്രത്യേക ജീവിതമാണ് ഇവിടെ കഴിയുന്നതു്. രാത്രിയും പകലും ഞങ്ങൾക്കു വ്യത്യാസമില്ല. വെളിച്ചംവരുന്നു; അതുതീരുമ്പോൾ ഇരുട്ടാകുന്നു എന്നമാത്രം. എപ്പോഴും ഗോഗ്രാനദിയുടെ ഇരമ്പൽ കേൾക്കാം. കളകളെ ചിരിച്ചുകൊണ്ട് അതൊഴുകുകയാണ്. സുഖപ്രദമായ കാലാവസ്ഥ. ഗംഗയുടെ നടുപ്പുധന പോഷകനദികളും ഇതിനടുത്തുവച്ചാണ് ഒന്നാകുന്നതു്. ആ സ്ഥലം താൻകണ്ടിട്ടുണ്ട്. പ്രഭാതത്തിൽ അങ്ങകലെ ധവളശിരിമാലകളുടെ ഭീമാകൃതിയായികിടക്കുന്നതു ഞങ്ങൾക്കു കാണാം. അസ്തമനസൂര്യന്റെ ചെങ്കതിരുകളും ആ വെള്ളവെള്ളത്തുമഞ്ഞിൽക്കുന്നയിൽ പ്രതിഫലിക്കും. ഞങ്ങൾക്കതു കാണാൻ കൗതുകമില്ല.

ഞങ്ങടെ രണ്ടാമത്തെ നിലയിലാണ്. ഒരുകാര്യവശാലും ഞങ്ങൾക്കു താഴേയ്ക്കു ഇറങ്ങാറില്ല. ഇവിടെത്തന്നെ ഹിന്ദുക്കൾ, മുസ്ലിംകൾ, പാഴ്സി, സിക്ക് എന്നിങ്ങനെയുണ്ട്. മതത്തിനും ജാതിക്കും ഞങ്ങൾ വിലകല്പിച്ചിട്ടില്ല. ഞങ്ങടെ ഇടയിൽ പിച്ചക്കാരനും ധനവാനും ഇല്ല. എല്ലാം കൂടുതൽരോഗികൾ എന്ന ഒറ്റപ്പേരിൽ അറിയപ്പെടുന്നു. ധാരാളം നഴ്സുകളും വരും; മരുന്നുതരും, പോകും. നല്ല മനുഷ്യരായ അവർ അവരുടേതായ ലോകത്തിൽ ജീവിക്കുന്നു.

— എൻ. രാമകൃഷ്ണൻനായർ ചിറയിൻകീഴ് —

ഞാൻ അനങ്ങാതെ കിടക്കുകയാണ്. മുതുകിൽ വലിയ വേദനയുണ്ട്. കൈമുട്ട് കിടക്കയിൽ ഊന്നി ഞാനെണീറ്റു. നീളംകുടിയ രാത്രികൾ! അവ ഇഴഞ്ഞിഴഞ്ഞുമാത്രമേ നീങ്ങുകയുള്ളൂ. ജലാബ് സിംഗ് ക്രൂരംവലിക്കുന്നു. ഏതു വലിയ വേദനയും നീറ്റലും അയാൾക്കു നിസ്സാരമാണ്. കഷ്ടരോഗവുമായി അയാളെ പഴകി പരിചയിച്ചുപോയി.

ഒരുതണുത്ത കാറ്റ് ജനലിലൂടെ അകത്തുകടന്ന് ചുവരിൽ തൂക്കിയിരുന്ന കടലാസുപൂക്കളെ അനക്കി. നല്ല കുളിരു്. ഞാൻ പുതപ്പെടുത്തു മൂടി. പതുക്കെയെണീറ്റു വാതിലടച്ചു. നല്ല നിലാവു്! ആ ആത്മാവുകൊട്ടിടം നിലാവിൽ കുളിച്ചു ശുഭ്രമായിക്കിടക്കുന്നു. പ്രാവുകുറുകുന്നതുപോലെ ജലാബ് സിംഗിന്റെ ക്രൂരം കേൾക്കാം. ശോഭ്രായുടെ ഇരമ്പലും. ആത്മാവുകൊട്ടിടത്തിലുള്ള കാറ്റാടിമരങ്ങളിൽ കാറ്റുതട്ടി മറ്റൊരുശബ്ദവും. ആ മരങ്ങളുടെ നീണ്ട നിഴലുകളും ചില ഭയങ്കരമായ പ്രതീതികളും എന്നിലുളവാക്കി. ചന്ദ്രനഭിച്ചുപൊങ്ങുകയാണ്. ഒരു പക്ഷി ചിറകടിച്ചുകൊണ്ടു പറന്നുപോയി. അടുത്ത മുറിയിൽനിന്നു് ഒന്നുരണ്ടു നിശ്വാസങ്ങളുതിർന്നു് പുറത്തേക്കുപോയി. നിറഞ്ഞ പ്രതീക്ഷകളും തകർന്ന സപ്നങ്ങളുമായി മരുകയാണ്. ഞാൻ ഇടനഴിയിലേക്കിറങ്ങി. ആ സിമിൽഗിട്ടതായിൽ ചുമരുചാരിയിരുന്ന മേൽപ്പോട്ടുനോക്കി. വെള്ളിത്തളികപോലെ ചന്ദ്രൻ തിളങ്ങുകയാണ്.

അതിനടുത്തുനിന്നു് നീലിമകലർന്ന ആ കണ്ണുകൾ എന്നെ തുറിച്ചുനോക്കി.

ഈ നീലക്കണ്ണുകൾ എന്റെ ഭാവനയല്ല, ശോഭ്രായുടേതാണ്.

കുളേളക്ക് "ഹോസ്പിറ്റലിന്റെ രണ്ടാമത്തെനിലയിൽവച്ചു" നിലാവുനിറഞ്ഞരാത്രികളിൽ ഞാനും ശോഭ്രായും ചന്ദ്രനെ ഏകാഗ്രമായി നോക്കിക്കൊണ്ടിരുന്നിട്ടുണ്ട്. അതിനടുത്തുകാണുന്ന ആ കടുത്ത അടയാളങ്ങളെനോക്കി ശോഭ്രായുപറയും.

"അതൊരു സുന്ദരിപ്പെണ്ണിന്റെ കണ്ണുകളാ;"

"ഓ! അതൊന്നുമല്ല. അതു കൊമ്പുയത്തിനിൽക്കുന്ന ഒരു മാനിന്റെ രൂപംപോലിരിക്കുന്നു."

"പോടാ! നിനക്കെന്തറിയാം?" തീർച്ചയായും സുന്ദരിയായ ഒരു പെൺകിടാവിന്റെ "നീലിമയാർന്ന കണ്ണുകളാണതു്. നിനക്കൊരു കലാഹൃദയമില്ല." ഞാൻ അധികം തർക്കിക്കയില്ല. എന്നാലും എനിക്ക് ആ തീരുമാനത്തിലെത്തിപ്പറ്റുന്നു.

അങ്ങകലെക്കാണുന്ന അറബിക്കടലിൽ നിലാവുവീണ പാലുപോലെ കിടക്കും. അതിലൂടെ ചക്രവാളപ്പരപ്പിലേക്ക് ദൃഷ്ടിപായിച്ചുകൊണ്ട് ശോഭ്രായുപറയും.

"ചന്ദ്രാ! ഞാൻ നീലക്കണ്ണുകളും ഉള്ള ഒരു പെണ്ണിന്റെ കാമുകനായി. ലോകം അവളെ പഴിപറഞ്ഞു. സമുദായം അവളെ കാറ്റടിച്ചോട്ടിച്ചു. സുമതിയെ ഞാൻ വിവാഹംചെയ്തു. ഞാനവളെ സ്നേഹിച്ചു. അവളുടെ മകനെ എനിക്കു സ്നേഹിക്കാൻ കഴിഞ്ഞില്ല. അതൊരു വെല്ലുവിളിയായിരുന്നു. അവളെ കാറ്റടിച്ചോട്ടിച്ചയവരോടുള്ള ധൈര്യപൂർവ്വമുള്ള ഒരു വെല്ലുവിളി!. ശോഭ്രായെ ഞാൻ പഴിപറഞ്ഞില്ല. കാരണം "സ്നേഹിതന്റെ കാറ്റടിച്ചോട്ടിക്കൽ സ്നേഹിതന്റെ പൊറുക്കണ"മെന്നു അവൻ എന്നെ പഠിപ്പിച്ചു.

സുമതിയുടെ കണ്ണുകളും അഴകുള്ള വയാണ്. നീണ്ടനിന്ന നിലക്കണ്ണുകൾ! പക്ഷെ എനിക്കതു കാണുവാൻ കൊതുകമില്ല. അവയുടെ ആരാധകൻ ശോഭ്രായാണ്. അവളുടെ കണ്ണുകളും മാത്രമല്ല, അവളുടെ മുഖത്തുകാണുന്ന ഒരു നിലിച്ച വൃത്തം മുതൽ അഴകുള്ളതായിരുന്നു. പൈമനപ്പൂവിൽ നീലവണ്ടു പാറിയതുപോലെ.

സുമതി എന്റെ ഭാര്യ ആയി. ഏറ്റിട്ടും ആ ഭാഗ്യോദയം പൂർണ്ണമാകാത്തതുപോലെ എനിക്കൊരു തോന്നൽ. എല്ലാം പൂർണ്ണമായും തന്റേതാകണമെന്നാണല്ലോ മനുഷ്യൻ. അവളുടെ കുട്ടിയെ ഞാൻ ശ്രദ്ധിച്ചില്ല അതിനെ ഞാൻ നോക്കുമായിരുന്നില്ല. ശ്രദ്ധിക്കുമായിരുന്നില്ല. ആരോപാഞ്ഞു, അതു ശോഭ്രായുടെ തനിപ്പകപ്പാണെന്നു്. അതിനെ ഞാൻ വിശ്വസിച്ചു. അങ്ങനെയൊരു ജീവി എന്റെ വീട്ടിലുണ്ടെന്നേ ഞാൻ ധരിച്ചിരുന്നില്ല.

പക്ഷേ അതൊരു മതിൽക്കെട്ടായിരുന്നു. ഞങ്ങളുടെ ദാമ്പത്യബന്ധത്തിന്റെ ഇടയിൽ വളർന്നുപൊങ്ങിയ ഒരു മതിൽക്കെട്ടു്! അതിനെ നശിപ്പിക്കുവാൻ എനിക്കു കഴിവില്ല. ശക്തിയില്ല. ആ ചെക്കൻ എന്നെക്കണ്ടാൽ ഭയന്നോടും. നരിയെ കാണുന്നതുപോലെ. ഞാൻ വീട്ടിലുള്ളപ്പോൾ അതിന്റെ ശബ്ദമേ കേൾക്കുകയില്ല.

പൂക്കൾ കൊഴിഞ്ഞുവീഴുന്നതുപോലെ ദിനരാത്രങ്ങൾ കൊഴിഞ്ഞുവീണുകൊണ്ടിരുന്നു. സുമതി എന്നോടു സംസാരിക്കാറില്ല. ഞാനവളോടും. എന്റെ ഒരു ഭാര്യയെല്ല പാറുന്നതെന്നു തോന്നുകയാണ്. ഭീകരമായ മൂകത. ആ വേലിക്കെട്ടു് ഒരു കാക്കപോലും കരയുകയില്ല! ഒരിടപാടുകാരും തമ്മിൽ ഉരസിയാലും മുട്ടിയാലും ശബ്ദമില്ല! ഒന്നിനും ഒരു കുറവില്ല. പക്ഷേ എന്തോ വലിയ കുറവുണ്ട്. എല്ലാവരും ജീവിക്കുന്നു. അവിടേക്കും ഒരു ഭാരമായി കഴിയാൻ ഞാൻ ഇഷ്ടപ്പെട്ടില്ല.

ജീവിതം നിലകയാണ്. എന്റെ യുവത്വം അതിന്റെ ഉച്ചാവസ്ഥയിൽ



അഡ്മിറൽ റാബർട്ട് ബി. കോർണിഷ് അഡ്മിറൽ വില്യം ഹെച്ച് ലക്കപക്കാരം യു. എസ്. നാവികപ്രവർത്തനങ്ങളുടെ മേധാവിയായി നിയമിക്കപ്പെട്ടിരിക്കുന്നു. (1895 മേയ് 26 ജനനം)

---

മായ നിശ്ശബ്ദതയാണ്.

പാഞ്ഞുപാഞ്ഞുതീരാത്ത കാര്യങ്ങളും പറയാനുള്ളപ്പോൾ ആർക്കുമൊന്നും പറയാനില്ല. ആർക്കും ഒരുവിധേയപ്പെടുവാൻ ഇഷ്ടമില്ല. പൊട്ടാറായ അഗ്നിപർവ്വതത്തിന്റെ ഭാവത്തിൽ അവിടെ മൂകത തങ്ങിനിന്നു. ഒരു വലിയ ചലനം അതു മനസ്സിലായിരുന്നു ഭയങ്കരമായ പൊട്ടിത്തെറിക്കലിനു്.

അവൾ നിശ്ശബ്ദമായിരുന്നു കരയുന്നതു ഞാൻ കണ്ടിട്ടുണ്ട്. ആ നീലക്കണ്ണുകളിൽനിന്നും കണ്ണീർ ഇറ്റിറ്റുവീഴും. എന്തിനാണവൾ കരയുന്നതെന്നു് എനിക്കറിഞ്ഞുകൂടാ. ശോഭ്രായെ അവൾ ചിന്തിക്കുകയായിരുന്നിരിക്കണം. അവളുടെ മകനെ ഞാൻ സ്നേഹിക്കാത്തതിൽ അവൾക്കു് എന്തോ പറയാനുണ്ടായിരുന്നിരിക്കണം. എന്തിനാണവൾ കരയുന്നതെന്നു് എനിക്കു തിട്ടപ്പെടാറില്ല. ഒരു സ്ത്രീയുമായും ഞാനടുത്തു പരിചയിച്ചിട്ടില്ല. അവളുടെ ഹൃദയവ്യാപാരങ്ങളും സസൂക്ഷ്മം മനസ്സിലാക്കാൻ എനിക്കറിഞ്ഞുകൂടാ. ഒരു സ്ത്രീയ്ക്കു വേണ്ടതെല്ലാം ഞാനവൾക്കു കൊടുത്തു ഒരു ഭാര്യയ്ക്കു വേണ്ടതെല്ലാം കൊടുത്തില്ലെന്നു അവൾ ശഠിക്കുമോ എന്തോ. പക്ഷേ ഒരു ഭർത്താവിനു വേണ്ടതെല്ലാം എനിക്കവൾ തന്നില്ലെന്നു ഞാൻ പറയുന്നു. ഏതോ ഒരു വലിയ ഭാരം തലയിലേറ്റിയതുപോലെ അവൾക്കൊരു ഭാവമുണ്ട്. ആ ഭാരം ഞാനായിരിക്കുമെന്നവൾക്കുതോന്നി. പക്ഷേ ആ ഭാരമായി കഴിയാൻ ഞാൻ ഇഷ്ടപ്പെട്ടില്ല.

ജീവിതം നിലകയാണ്. എന്റെ യുവത്വം അതിന്റെ ഉച്ചാവസ്ഥയിൽ

ലും. മാരകമായ യൌവനം എന്നെ പുളകംകൊള്ളിച്ചു. മനഃശ്ശാസ്ത്രജ്ഞമായ യൌവനത്തിന്റെ ആവേശാഗ്രഹങ്ങൾ എന്നെ വെറളിപിടിപ്പിച്ചു. പക്ഷേ സാമൂഹ്യനീതിയുടെ മതിൽക്കെട്ട് അതിനു തടസ്സമാണ്.

എനിക്കു ഭാര്യയുണ്ട്. പക്ഷേ, അവൾ—

ഒരു സ്ത്രീയുടെ യഥാർത്ഥ ഭർത്താവായിരിക്കാൻ ഒരിക്കലേ കഴിയൂ. ഒരു പുരുഷനോടുകൂടിമാത്രം സുമതിക്കുട്ടി കഴിഞ്ഞുപോയി. അവൾ തികച്ചും ഒരമ്മയായിരുന്നു.

എന്റെ വീട്ടിലെ മുകൾനിലയിൽ ഞാനിഷ്ടപ്പെട്ടില്ല. അതിനകത്തുകയറാൻ എനിക്കു വെറുപ്പാണ്. ആ അന്തരീക്ഷം എന്നെ രോഷാകുലനാക്കി.

സാമൂഹ്യനീതിയുടെ മതിൽക്കെട്ട് ഞാൻ നിഷ്പ്രയാസം ചാടിക്കടന്നു. അന്യവീടുകളിൽ ഞാനഭയംതേടി. ചിലർ എന്റെ പണത്തിനുവേണ്ടി കാത്തിരിക്കുകയായിരുന്നു. എന്റെ യുവത്വം അതിനെ തികച്ചും ഉപയോഗപ്പെടുത്തി. പകലും രാത്രിയും ഞാൻ വീട്ടിൽ പോകാതെയായി.

യൌവനം ഒരു പൂമൊട്ടാണ്. തൊട്ടാൽ വാടിപ്പോകുന്ന ഒരു പൂമൊട്ട്! ഞാൻ യൌവനത്തെ നശിപ്പിക്കുകയാണ്. ആ പൂമൊട്ടിൽ അങ്ങനെ പുഴുക്കുത്തുവീണു.

ഞാൻ മദ്യപിച്ചു. മദ്യക്ഷാപ്പിലെ മാരകമായ അന്തരീക്ഷത്തിൽ ഞാൻ സകല മനോവേദനകളും അകറ്റി.

എന്റെ ദേഹം ശോഷിക്കുകയാണ്. എനിക്കു ശരിയായ ആഹാരമില്ല; കുളിയില്ല. എന്റെ പണം തീർന്നു. ശരീരത്തിനു കൂടുതൽ വേദന ഉണ്ടായി. ഞാൻ രോഗിയാകും! ഞാൻ എല്ലാവർക്കും ഒരു ഭാരമാകും! എന്റെ പഴയ പരിചയക്കാർ എന്നോടു പിണങ്ങി. എന്റെ മാറ്റങ്ങളും സുമതി അറിയാതിരുന്നില്ല. ആ വാർത്ത അവളിൽ എന്തു മാറ്റമുണ്ടാക്കി എന്നു ഞാൻ അറിഞ്ഞില്ല.

ഞാനൊന്നും വകവച്ചില്ല. ഒരു രാത്രിയിൽ കൂട്ടുകാരികളുമായി ഞാനടുത്തുകൂടി. വിദേശികൾ പലരും തെരുവിൽ അഭയംതേടാറുണ്ട്.

ഒരു സായാഹ്നത്തിൽ ഞാൻ വീട്ടിൽകടന്നുചെല്ലുമ്പോൾ അമ്മയിയമ്മ ഒരു തേങ്ങിക്കരച്ചിൽ! ആണ് എന്നെ സ്വാഗതംചെയ്തത്. സുമതി കരയുകയാണ്.

ഞാൻ മുറിയിൽ കയറി. മേശപ്പുറത്തൊരു കത്തുകിടന്നു. അപ്രതീക്ഷിതമായിരുന്നു അതു്. ഞെട്ടിപ്പോയി! സുമതിയോടു മറുപടി പോലും, അവളേയും കുഞ്ഞിനേയും കൂട്ടിക്കൊണ്ടുപോകാൻ അവൻ വരുന്നു! ഇരുപതുദിവസം അടുത്തിരിഞ്ഞിട്ട് അവൾക്കു സുഖമാണോ എന്നു ഞാൻ പോയി അന്വേഷിച്ചു മടങ്ങിപോകണമെന്ന്.

എനിക്കു തലകറങ്ങുന്നതുപോലെ തോന്നി! എന്റെ വിവാഹകർമ്മം അറിയാതെ ആ മനുഷ്യൻ വരുകയാണ്! ദൈവമേ!

എന്റെ ഭാര്യയെക്കൊണ്ടുപോകാൻ അവളുടെ ഭർത്താവുവരുന്നെന്ന്!! ഞാൻ വിയർപ്പുകുടഞ്ഞു. ആ കത്തു ഞാൻ സുമതിക്കുകൊടുത്തു. അവൾ അതു വലിച്ചുചീന്തി. ആ നീലക്കണ്ണുകളിൽ വെള്ളംനിറഞ്ഞു. രക്ഷാധീയമായി അവൾ എന്നെനോക്കി. അടുത്തുനിന്നിരുന്ന അവളുടെ മകനെ പൊട്ടിക്കരഞ്ഞു. ആദ്യമായി ഞാൻ അതിന്റെ മുഖത്തുനോക്കുകയാണ്. എന്റെരൂപം കുഞ്ഞിനുണ്ട്. ഞാൻ ഇളകിയില്ല.

"എനിക്കു മതിയായി നിങ്ങളുടെ ജീവിതം. എനിക്കു വിടതന്നേക്കൂ. ഞാൻപോകുന്നു." അവൾ കണ്ണീരൊലിപ്പിച്ചുകൊണ്ടുപറഞ്ഞു. ആ നീലിച്ചവൃത്തത്തിലൂടെ കണ്ണീരൊഴുകി തുടുത്തുവീണു. എനിക്കവിടെ നിൽക്കണമെന്നു തോന്നിയില്ല. ഞാൻ തിരിഞ്ഞുനടന്നു. പടിയിറങ്ങി. അവസാനമായി എനിക്കെന്തോ അവളോടു പറയാനുണ്ടായിരുന്നു.

അങ്ങനെ ഞാൻ നീലക്കണ്ണുകളെ വിട്ടുപിരിഞ്ഞു.

* * *

വർഷങ്ങൾ കഴിഞ്ഞു. എത്രയെന്നെനിക്കു നിശ്ചയമില്ല. അഞ്ചാറു കഴിഞ്ഞുകാണണം.

കേരളത്തിലുടനീളം ഞാൻ സഞ്ചരിച്ചു. ഭാരതമുഴുവനും. ഒരുപക്ഷേ നിങ്ങളെന്നെ കണ്ടുകാണും. ശ്രദ്ധിച്ചുകാണുകയില്ല. ഞാൻ മരിച്ചില്ല. ലോകത്തിനു മാറ്റമുണ്ടായി. എനിക്കും. പലതുമായി ഞാൻ ഇടപഴകി. പലരോടും ഞാൻ സംസാരിച്ചു. ചിലർ എന്നെ സ്നേഹിച്ചു. ചിലർ ആഹാരംതന്നു. ചിലർ തെറി പറഞ്ഞു. മറ്റുചിലർ തല്ലി.

ആഹാരംതന്നവരോടു ഞാൻ നന്ദികാണിച്ചില്ല!

തല്ലുതന്നവരോടു ഞാൻ പ്രതിഷേധിച്ചില്ല!

ഞാൻ ടാജ്മഹാൾ കണ്ടു. കുട്ടുബ്മൈനാർ, കാശി, ബുദ്ധഗയ എല്ലാംകണ്ടു. ഞാൻ അങ്ങനെ പാറ്റ്നായിൽ എത്തി. എങ്ങനെയെത്തിയെന്നു നിശ്ചയമില്ല. യൌവനം എന്നെ വിട്ടുപിരിഞ്ഞു. ഞാൻ ദുർബലനായി രോഗിയുമായി.

ദേഹത്തങ്ങിങ്ങു തടിപ്പുകൾ. വേദന. അങ്ങിങ്ങുനീലിമകൾ.

തടിപ്പുകൾ ക്രമേണ വ്രണങ്ങളായിമാറി. വ്രണങ്ങളിൽ ഈച്ചകൾ വന്നിരുന്നു വേദനിപ്പിച്ചു. ആരും എന്നെ അടുപ്പിച്ചില്ല. എല്ലാവരും അകന്നു. ആരും എന്നെ നോക്കാതായി. മുഖംപൊത്തിക്കൊണ്ട് ഓരോരുത്തർ കടന്നുപോയി. പാറ്റ്നാനഗരത്തിൽ നിരാശ്രയനായി അശരണനായി ഞാൻ അലഞ്ഞുനടന്നു. ഒരു നിരത്തിനരികെ ഞാൻ ചെന്നിരുന്നു. ഒരു ലോറിയിൽ ഒന്നുരണ്ടുപേർ എന്നെക്കയറ്റി ഈ ആശുപത്രിയിലാക്കി. ഇവിടെയുള്ളവർ എന്നെ അകറ്റിയില്ല. എന്നെ കണ്ടപ്പോൾ അവർ മുഖംപൊത്തിയില്ല. അവർ എന്നെ സ്നേഹിച്ചു. പക്ഷേ അവർ മനുഷ്യരിൽനിന്നു തന്നെ കുഷ്ഠരോഗികളും ആയിരുന്നു.

ചന്ദ്രൻ ഉദിച്ചുപൊങ്ങി. ഒരു കൃത്തമോഷ്ടക്കണംവന്നു അതിനെ മൂടി. നിലാവുമങ്ങി. എനിക്കുവിശക്കുന്നു. സ്മരണകളുടെ തിരുമുറിപാടി ഞാൻ അതിനെ ഉറക്കാൻ ശ്രമിച്ചു.

വീണ്ടും നിലാവുപുകഞ്ഞുചിരിച്ചു. ജലാബ്സിംഗ് അപ്പോഴും കുക്കംവലിക്കുകയാണ്. ഞാൻ ചന്ദ്രനെ സൂക്ഷിച്ചുനോക്കി. ഒരു സുന്ദരിപ്പെണ്ണിന്റെ നീലക്കണ്ണുകൾപോലെ അതെന്നെ സൂക്ഷിച്ചുനോക്കി. ഞാൻ സുമതിയെ ഓർത്തു. അവൾ ഗോപിയെ കണ്ടെത്തിയിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

അങ്ങകലെയുള്ള ശ്മശാനത്തിൽ ഒരുചിത എരിഞ്ഞടങ്ങുന്നു. ഒരു തീക്കട്ടക്കുന! ഒരുജീവിതം ഭസ്മമാക്കും ചൊല്ലിപ്പിരിയുകയാണ്.

ഞാൻ വീണ്ടും മുകളിലോട്ടുകണ്ണോടിച്ചു. ചന്ദ്രന്റെ ഒരുവശത്തുകൂടി ഒരു അഗ്നിശലാക പാഞ്ഞുപോയി!





മാർഗരറ്റ രാജകുമാരി നൃത്തംചെയ്യുന്നു—ഡോർചെസ്റ്ററിൽവച്ച് ഒരു ധർമ്മസ്ഥാപനത്തിനുവേണ്ടി നടത്തിയ നൃത്തത്തിൽ രാജ്ഞിയുടെ സഹോദരി മാർഗരറ്റ രാജകുമാരി റാൽഫ്ഡഡ്ലിയുമായി നൃത്തത്തിലേർപ്പെട്ടിരിക്കുന്നു. കിരീടധാരണത്തിനുമുമ്പു നടത്തപ്പെട്ട ഈ നൃത്തത്തിൽ ഏഴുന്നൂറോളം അതിഥികൾ സന്നിഹിതരായിരുന്നു.

# ഡാ: ഗോദവർമ്മ

## വിദ്യാത്ഥിയുടെ അനുസ്മരണകളിൽക്കൂടി

ചെമ്മനം മാത്തുക്കോ, ബി. എ. (ഓണേഴ്സ്)

ഇന്ന് ഒരു വർഷം തികയുന്നു ഞങ്ങളുടെ കലാലയത്തു് ആ സംഭവം നടന്നു. വഞ്ചി നട്ടുകയിലിൽ ഭീകരമായ തിരമാലകൾ പിന്നിട്ടുകൊണ്ടിരുന്നപ്പോൾ അമരക്കാരൻ പെട്ടെന്നു അസ്വസ്ഥനായി. ഹാ, എന്തൊരു സമത്വസംഭവം! ഹൃദയത്തിൽ കനകനെ വേദനയുണ്ടാക്കുന്ന ഓർമ്മകളിൽ ചിലതു് ഞാൻ പകർത്തുകയാണു്.

ഡാ: ഗോദവർമ്മ എന്നെ വിളിച്ചു. ക്ലാസ്സിൽനിന്നു ഞാൻ പ്രൊഫസറുടെ മുറിയിലേയ്ക്കു ചെന്നു.

"എന്താണിന്നു്, മത്സ്യാവതാരമോ?"

"അതെ" ഞാനറിയിച്ചു.

"ഒരു മൂന്നു പദ്യം ബോർഡിലെഴുതണം" പോകുമ്പോൾ എന്നോടായി അറിഞ്ഞുകൊണ്ടു് അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന്റെ കൈയിലുണ്ടായിരുന്ന സിഗാറിന്റെ പുകയിലയെ കുത്തിക്കഴഞ്ഞുനോക്കിയിരുന്നുള്ളൂ. ഞാൻ ജോലി തുടർന്നു.

അതാ ആ ചെരുപ്പിന്റെ കിരുകിരാരവം. അദ്ദേഹം വരികയാണു്.

"നല്ലകൈയ്ക്ഷരമാണല്ലോ" ഒറ നോട്ടത്തിൽ അദ്ദേഹത്തിനു് ഒരു അഭിപ്രായം തോന്നുക സാധാരണമാണു്. ആകൃതിയെ വാചകം തീർന്നപ്പോഴേയ്ക്കും അദ്ദേഹം ബോർഡിന്റെ അടുത്തെത്തിക്കഴിഞ്ഞിരുന്നു. ഞാൻ എഴുതി നിവിർന്നപ്പോൾ അദ്ദേഹം ഇങ്ങനെ വായിച്ചു.

"കിം മത്സ്യാകൃതി മാശ്രിതോസി-

[ദയതേ..."

ഹാ! ഒരക്ഷരത്തെറ്റാല്ലേ അതു്!

"ഓണേഴ്സുകാരന്റെ ലിപിശുദ്ധി." അദ്ദേഹം എന്റെ ചെവിയിൽപിടിച്ചു് വട്ടംകറക്കി. ഞാൻ ഭയിത്തുകൊണ്ടു് വഴങ്ങിയിട്ടിരുന്നില്ല. എന്റെ കൂട്ടുകാർ ക്ലാസ്സിലിരുന്നു അടക്കിച്ചിരിച്ചു. സഹതാപം ചിരിച്ചുകൊണ്ടു് എന്നെ ഞാനിരിക്കുന്ന സ്ഥാനത്തേയ്ക്കു് കടക്കിവിട്ടു. അങ്ങനെ രസകരമായി ഞങ്ങളുടെ ക്ലാസ്സുതുടങ്ങി. ആത്മാർത്ഥതയുടെ കുഴികുത്തുന്ന ഇത്തരം ഏതെങ്കിലും സംഭവങ്ങളില്ലാതെ മിക്കവാറും ഞങ്ങളുടെ ക്ലാസ്സുകൾ ആരംഭിക്കാറില്ല.

അദ്ദേഹം എടുക്കുന്ന ഓണേഴ്സ് ക്ലാസ്സുകൾ പ്രത്യേകതയുള്ളതാണു്. വിഷയത്തിൽ ലയിക്കുകയാണു് അദ്ദേഹത്തിനു് പതിവു്. അതുകൊണ്ടു് ഞങ്ങൾക്കും ആ വിഷയത്തിൽ ലയിക്കുവാൻ സാധിക്കുന്നു. ഞങ്ങൾ സഹൃദയർ. അതു് നളചരിതമോ മത്സ്യാവതാരമോ മറ്റോ ആണെങ്കിൽ പറയേണ്ടതില്ലല്ലോ. കുസേരയിൽത്തന്നെ കാലെടുത്തു ചമ്രംപടിഞ്ഞിരുന്നു്, മേശയുടെ വിളുമ്പിൽ പുസ്തകത്തിന്റെ മുകളറ്റം തൊട്ടുവിച്ചുപിടിച്ചു്, ചുണ്ടെലിയെ മുയിൽ കളിപ്പിക്കുന്നിട്ടിരിക്കുന്ന പൂച്ചക്കുട്ടിയെപ്പോലെ അതിലേയ്ക്കു് തല കുലുക്കിനോക്കി ഏതു കീറാമുട്ടിപ്രശ്നങ്ങളും മാത്രകൊണ്ടു് സമാധാനം കണ്ടുപിടിച്ചു്, മുമ്പിൽ പേനയും തയാറാക്കിയിരിക്കുന്ന ഞങ്ങളോടു് "എഴുതാം, എഴുതാം" എന്നു പറയുന്ന ആ രൂപം ഇപ്പോഴും കൺമുമ്പിൽ വന്നു നിൽക്കുകയാണു്. മിക്കഭാഗത്തിനും അദ്ദേഹത്തിനു് പുതുമയുള്ള വ്യാഖ്യാനം കാണും. സചേതനരൂപനായ കേരളപാണിനിയുടേയും, മാതൃപല വൻപുള്ളികളുടേയും അഭിപ്രായവിഭിന്നതകളും 'തൊഠ', തൊഠ" എന്നു പറഞ്ഞു തള്ളുന്നതു അദ്ദേഹത്തിനൊരു രസമാണു്. മിക്കപ്പോഴും യുക്തിയുക്തമായിരിക്കും. അഥവാ ചിലതിനു് നിങ്ങൾക്കഭിപ്രായവ്യത്യാസം തോന്നിയാൽ അതു പെട്ടെന്നു അദ്ദേഹത്തെക്കൊണ്ടു് തൊഠസമ്മതിപ്പിക്കാമെന്നു വ്യാമോഹിക്കയുമരുതു്.


കിട്ടാവുന്നിടത്തോളം വ്യാഖ്യാനഗ്രന്ഥങ്ങൾ മേശപ്പുറത്തുകൊണ്ടു നിരത്തിയിട്ടിട്ടുണ്ടായിരിക്കും. ചില സന്ദർഭത്തിൽ ഒത്തുനോക്കുന്നതിനു് അവയെടുത്തു് ക്ലാസ്സിലിരിക്കുന്ന അകപ്പുർ നാരായണന്റെയോ ഈശ്വരചന്ദ്രന്റെയോ നേരെ എറിഞ്ഞുകൊടുക്കുന്നതു് സൂക്ഷിച്ചിരുന്നില്ലെങ്കിൽ പിശകുണ്ടാകും. ഇടയ്ക്കിടയ്ക്കു് ശക്തികൂട്ടി കുടകടകടകടകടാ വായനയുടെയിടയിൽ അദ്ദേഹത്തിനു് ഒരു വംക്കിന്റെ അർത്ഥഭേദത്തിനോ ശബ്ദശുദ്ധിനത്തിനോ തെല്ലൊരു സംശയമുണ്ടായെന്നിരിക്കട്ടെ! 'മോനിയർവില്യംസ്" എടുക്കുന്നതിനു് മനസ്സിൽപിള്ള ഓടിക്കൊണ്ടിരിക്കുമ്പോൾ. സംശയം വച്ചുകൊണ്ടിരിക്കുന്നതു് അദ്ദേഹത്തിന്റെ സ്വഭാവമല്ല. പാഞ്ഞുപാഞ്ഞുപോകുന്ന കുട്ടത്തിൽ മീമാംസയെപ്പറ്റിത്തന്നെയാകട്ടെ, കാച്ചുകുടി വിശദമായിട്ടറിയേണ്ടിവന്നാൽ പുസ്തകം വായിച്ചുകൊണ്ടിരിക്കുന്ന സംസ്കൃതവകുപ്പിലെശാസ്ത്രിസാറിന്റെ അടുക്കലേയ്ക്കോടിച്ചെല്ലാൻ അദ്ദേഹത്തിനൊരുമടിയുമില്ല.

"മി: ശാസ്ത്രി, കുപ്പിവങ്ങിത്തരാം, ഈ സംശയമൊന്നു നോക്കിത്തരൂ." തുടർന്നു ആ പണ്ഡിതസമ്പർക്കത്തിന്റെ സംഭാഷണകോലാഹലം ഞങ്ങൾക്കു കേൾക്കുകയായി.

പൃഥ്വി, ശിഖരിണി, സ്രഗ്ധര മുതലായ ചില വൃത്തങ്ങളിൽ മഹാകവി ക്ഷേമേശ്വരനിബിഡമായി രചിച്ചിട്ടുള്ള മേല്പത്തൂരിന്റെ പദ്യങ്ങൾ ക്ലാസ്സിലെ അവസരമുണ്ടാക്കിച്ചൊല്ലുന്നതു അദ്ദേഹത്തിനു് പ്രിയതരമായി കണ്ടിട്ടുണ്ടു്. അതുപോലെ നളചരിതത്തിലെ സംഘർത്തസുഭഗവും സംഗീതസുന്ദരവുമായ വർണ്ണകം തന്റെ പ്രത്യേകമായ രീതിയിൽ വായിച്ചു നിർവൃതിയടിയുന്നതു അതേശ്ലോകത്തിൽ ഞങ്ങളുടെ ഒരു സംഘഗാനത്തിനെന്നപോലെ അദ്ദേഹം പാടിയും 'ഓരുരുടെ മീറ്റിംഗിൽ വരൻ അദ്ദേഹം മറന്നുപോകുന്ന ബാലകൃഷ്ണനോടു് തന്നെ അത്യാവശ്യത്തിനു അന്നു വാങ്ങിച്ച ഒന്നര രൂപാ തിരിച്ചുകൊടുക്കുന്നതിനോ സിഗാറാദി വാങ്ങിക്കാൻ പൂനിന്റെ കൈയിൽ കൊടുത്തുവിട്ട കാശിന്റെ ബാക്കി ഏറാടു വാങ്ങുന്നതിനോ അദ്ദേഹം ഓർത്തില്ലെന്നു വരാം. ക്ലാസിൽ ഹാജരുവയ്ക്കുന്ന ജോലി ഒഴിവാക്കുന്നതിനു് ഒരു വിദ്യാർത്ഥിയെ സ്ഥിരമായി ഏല്പിക്കുകയാണു് പതിവു്.

ഒരു ഒഴിവു കഴിഞ്ഞുകൂട്ടുന്ന ക്ലാസ്സാണെന്നിരിക്കട്ടെ. നിങ്ങളിൽ ഏതെല്ലാം കവിതയെഴുതി, എന്തെല്ലാം പുസ്തകം വായിച്ചു, അതിനെക്കുറിച്ചുള്ള അഭിപ്രായമെന്തു്, എവിടെയെല്ലാം സഞ്ചാരംചെയ്തു?—ഓരോന്നും അദ്ദേഹം കിളുക്കിക്കിളുക്കിച്ചോദിക്കും. മറുപടി പറയുന്നതിനു മടിച്ചുനിൽക്കേണ്ട ആവശ്യമില്ല. അതേ നാണയത്തിൽ നിങ്ങൾക്കതു തിരിച്ചുകിട്ടിക്കൊള്ളും. പരസ്പരഭാഷാശാസ്ത്രജ്ഞന്മാരുടെ സമ്മേളനത്തിൽ അദ്ധ്യക്ഷതവഹിക്കാൻ ഉത്തരഇൻഡ്യയിൽ പോയതും, ഭരണഘടനാവിവർത്തനവിവരങ്ങളും, യാത്രയിലെ രസകരമായ മറ്റു കഥകളും—ഇങ്ങനെ ഒരു നൂറുകൂട്ടം കാര്യങ്ങളും നമുക്കദ്ദേഹത്തെക്കുറിച്ചറിയാൻ അവസരം കിട്ടുന്നതു അപ്പോഴാണു്. അത്യാവശ്യപ്പെട്ട ഒരു ലേഖനമോ റേഡിയോപ്രസംഗമോ തീർക്കാൻ ചിലപ്പോൾ ഞങ്ങളുടെ ക്ലാസ്സു് ഇടയ്ക്കുവച്ചു് അവസാനിച്ചെന്നും വരാം. ഞങ്ങളിലാരെയെങ്കിലും വിളിച്ചിരുത്തി പാഞ്ഞുതന്നെഴുതിക്കുകയാണെങ്കിൽ കുപ്പിക്കിട്ടുമെന്നു തീരുമാനിച്ചുകൊള്ളുകയേവേണ്ടൂ. പക്ഷേ അദ്ദേഹം പറയുന്ന ആവശ്യത്തിൽ എഴുതിച്ചെന്നതാണാണു പാടു്. നീണ്ടനീണ്ട പെരുമ്പാമ്പിനെപ്പോലെ പോകുന്ന നെടുനെടുങ്കൻ വാചകങ്ങൾ! എങ്കിലും ഒരു കുറ്റം നീട്ടിപ്പറയുന്നതിനിടയ്ക്കു പതിനായിരം കുറ്റങ്ങളിൽ ശ്രദ്ധിച്ചാലും അതിന്റെ ഘടനയ്ക്കു തൊടുവരികയില്ല.

ചങ്ങമ്പുഴ പാടിയ "ചാകുന്ന



നെഹ്റുവിശദമാക്കുന്നു—പ്രധാനമന്ത്രി നെഹ്റുവിന്റെ വലത്തായി ഇരിക്കുന്നതു് യു. എസ്. സ്റ്റേറ്റ് സെക്രട്ടറി ജൺ ഫാസ്റ്റർ ഡള്ളസ്സ് ആണു്. അദ്ദേഹത്തിന്റെ ചിത്രമാകാൻ ഒരു ശില്പിയായിയെ ഇൻഡ്യയിൽ തമസിച്ചിട്ടുണ്ടു്. സഹോദരൻ അല്ലഹോബാദ് ആഗ്രികൾച്ചറൽ ഇൻസ്റ്റിറ്റ്യൂട്ടിലും ചേന്നിരുന്നു. ഇടയ്ക്കുവശം ഇരിക്കുന്നതു് യു. എസ്. മ്യൂച്ചുവൽ സെക്യൂരിറ്റി ഏജൻസി ഡയറക്ടർ ഹാരോൾഡ് ഇ. സ്റ്റാസ്സൻ ആണു്. ഇൻഡ്യയ്ക്കു യു. എസ്. നൽകിവന്ന സഹായം ഇരട്ടിക്കേണ്ടതെന്നു ഇദ്ദേഹം യു. എസ് കൺഗ്രസ്സിനോടു ശുപാർശചെയ്തിരിക്കുകയാണു്. ലോകത്തിൽ ഇൻഡ്യ അലങ്കരിക്കുന്ന സ്ഥാനത്തിനുള്ള ഒരംഗീകരണമാണു് സ്റ്റേറ്റ് സെക്രട്ടറിയുടെ സന്ദർശനം. അമേരിക്കയുടെ 140 സംവത്സരത്തെ ചരിത്രത്തിൽ ഇദംപ്രഥമമായിട്ടാണു് സെക്രട്ടറി അഥവാ സ്റ്റേറ്റ് ഇൻഡ്യ സന്ദർശിക്കുന്നതു്.

ഫൈലോളജിക്ലാസ്സുകൾ"ളെക്കുറിച്ചു രണ്ടുവാക്കു്. ഡാ: ഗോദവർമ്മയെ സാഹിത്യരസികനായ ഒരദ്ധ്യാപകനായിട്ടാണു് ഇതുവരെയുമറിഞ്ഞതു്. എന്നാൽ അദ്ദേഹം അതിലുമധികം ശാസ്ത്രജ്ഞനായ ഒരു ശിക്ഷിതവൈയിരുന്നു. ഭാഷാശാസ്ത്രജ്ഞൻ! വ്യാകരണമിഷ്ടപ്പെടുന്ന വിദ്യാർത്ഥികളേപോലും മനംമടുപ്പുണ്ടാക്കുന്ന ഒരു വിഷയമാണു് ഫിലോളജി. "ഡാ: ഗോദവർമ്മയ്ക്കു" അതുപോലെ ആകർഷകമായ മറ്റൊരു വിഷയമില്ലായിരുന്നു. ജന്മസിദ്ധമായ ഒരു വാസനതന്നെയായിരുന്നു അതു്. ദ്രാവിഡഭാഷകളേയും ഇൻഡ്യോയൂറോപ്യൻഭാഷാവംശത്തിലെ പല ശാഖകളേയും സൂക്ഷ്മവും പഠിച്ചിരുന്ന ആ ഭാഷാശാസ്ത്രജ്ഞൻ തെന്നിൻഡ്യൻ ഫിലോളജിസ്റ്റുകളിലെ വെള്ളിനക്ഷത്രമായിരുന്നു. പല ശബ്ദാനുശാസനങ്ങളും കണ്ടുപിടിക്കുന്നതിനു തീവണ്ടിയാത്രയ്ക്കിടയിൽ വിദേശത്തുവച്ചു പേർട്ടഗാലുകാരെക്കണ്ടു സംസാരിപ്പിക്കാൻ അദ്ദേഹം മനഃപൂർവ്വം കണക്കുപോലുമുണ്ടാക്കുന്നു. ക്ലാസ്സിൽ കുട്ടികളെക്കൊണ്ടു ക-ഖ-ഗ-ഘ ചൊല്ലിച്ചും, "Peter Piper picked a peck of pickled pepper"; "തണ്ടു തടിയും തടിയിന്മേലൊരു ചെറുകമ്പുകളും", കാക്കപ്പൂപ്പു-കാക്കപ്പൂപ്പു-കാക്കപ്പൂപ്പു" ഇങ്ങനെ ചില സരസവാക്യങ്ങൾ തെരുതെരെ ആവർത്തിച്ചു ഉച്ചരിപ്പിച്ചും, (സൂചനയും പ്രയോഗമെല്ലാം ക്ലാസ്സിൽ ഇതൊക്കെ പരസ്യമായി ചെയ്യുന്നതിനു് അദ്ദേഹത്തിനു എന്തുമാത്രം മടിച്ചിട്ടുണ്ടു്!) ശബ്ദശാസ്ത്രത്തിന്റെ ശാരീരികവും മാനസികവുമായ വിവിധാംശങ്ങളെ പരിക്ഷണം ചെയ്യുന്ന മിൻപുമുട്ടുകളുടെയും ഉത്തുവണ്ടിക്കാരുടേയും സംഭാഷണങ്ങളും ശ്രദ്ധിച്ചുകൊണ്ടു് അവരറിയാതെ എതുമൈൽ പിന്തുടർന്നെങ്കിലും അദ്ദേഹത്തിനു ക്ലേശമില്ല. ഭാഷാഭേദം കൊണ്ടു ഭാഷാഭേദമുള്ളവരോടു സമുദായത്തിന്റെ സ്വാധീനശക്തി കൊണ്ടു ഭാഷാവൈചിത്ര്യമുള്ളവരോടു പ്രസംഗിക്കുന്നിടയുള്ള മിഠിംഗുകളിൽ, അതു ഏതു പാർട്ടിക്കാരുടേയോ മതക്കാരുടേയോ, ആയിക്കൊള്ളട്ടെ, ഡാ: ഗോദവർമ്മ സന്നിഹിതനായിരിക്കും. എന്തിനു വിസ്തരിക്കുന്നു, നിങ്ങളുടെ മുഖത്തുനോക്കി മധുരമധുരമായി സംഭാഷണം ചെയ്യുമ്പോഴും സ്നേഹിതാ, ഡാ: ഗോദവർമ്മയുടെ കണ്ണു നിങ്ങളും സംസാരിക്കുന്ന വാചകങ്ങളിലായിരിക്കും.

അദ്ദേഹത്തിന്റെ ഫിലോളജിക്ലാസ്സുകളിലെയ്ക്കു മടങ്ങാം. ഞങ്ങളെല്ലാം നല്ല ഫിലോളജിസ്റ്റുകളാകണമെന്ന ധാരണയിലാണു് സാറു് പഠിപ്പിച്ചുപോന്നതു്. പ്രാഥമിക വസ്തുതകളും പലതും പഠിക്കാത്ത വിദ്യാർത്ഥികളും ആ ഇംഗ്ലീഷ് വാചകങ്ങൾ കേട്ടു പകച്ചിരിക്കുന്നു. മന്ദാരം പതുക്കെ ഫ്രീകാൻസിയേറ്റുകൂടി പറയുന്ന നോട്ടുകളും കൂടെ തൊഠിയും കൂടെ ഇടയിട്ടും എഴുതിയെടുക്കുന്നു. ക്ലാസ്സുകഴിഞ്ഞു് നേട്ടെഴുത്തുകാർ എല്ലാവരും ചുറ്റും കൂടിയിരുന്നുവേണം ശരിയായ ഒരു പ്രതിയുണ്ടാക്കുവാൻ. എന്നുവെച്ചു, രണ്ടോ മൂന്നോ മണിക്കൂറിൽ ഫിലോളജി ഏതോ ആഫ്രിക്കൻ വിഷയമാണെന്നു തൊഠിധരിച്ച വിദ്യാർത്ഥികളും മടുത്തു പിന്മാറുന്നു. പ്രാഥമികതത്വങ്ങളെല്ലാം തേടിപ്പിടിച്ചു് ഫിലോളജി സുഗമമായ ഒരു വിഷയമാണെന്നു ബോധ്യപ്പെടുത്തുന്നതിനു നീണ്ട ഒരു പരിശ്രമവും കാലാവധിയും വേണ്ടിവന്നു ഒരോ വിദ്യാർത്ഥിക്കും. നോട്ടുകളിടത്തെല്ലാം കവിത കണ്ടു നടന്ന ചങ്ങമ്പുഴയ്ക്കുപോലും ഫിലോളജിയിൽ കാണുവാൻകഴിഞ്ഞുള്ള വല്ല സംഗതിയും? അദ്ദേഹം പാടി:-"ചാരുന്ന ഫൈലോളജി ക്ലാസ്സുകളും..."

പക്ഷേ ഫിലോളജിക്ലാസ്സുകളും മറ്റൊരു തരത്തിൽ രസകരമാണു്. ഇതുപോലെ അദ്ദേഹം വിഷയഭംഗമുണ്ടാകുമെന്നു ചെയ്യുന്ന പീരീഡുകളില്ല. കടകരഭാഷയിൽ ശവോച്ഛേദനം നടത്താൻ പോയതും, ആ മലവാസികളിൽനിന്നുണ്ടായ അനുഭവങ്ങളും ഞങ്ങൾ ഒന്നിലധികം പ്രാവശ്യം കേട്ടിട്ടുണ്ടു്. അവിടെ കൂട്ടികൾക്കു രോഗംവന്നാലുടനെ പോരിട്ടുന്നില്ലത്രേ! രോഗം വന്നാലോ നൽകുന്നതോ 'കരിയില' 'കല്ലു്' എന്നും മറ്റും അർത്ഥമുള്ള പേരുകളും! എതു വിലപ്പെട്ട ഭാഷാശാസ്ത്രബന്ധങ്ങളും ഭാഷാശാസ്ത്രതത്വങ്ങളുമായിരിക്കും ആവക സംഭാഷണങ്ങൾക്കിടയിൽ അപ്പോഴപ്പോഴായി അദ്ദേഹം പരാമർശിച്ചുവിട്ടുന്നതു്, ഞായർ എന്നപദം തെലുങ്കിലെ നേസറിൽനിന്നു വന്നിട്ടുള്ളതാണു്. മുപ്പതു് നപ്പതാകുന്നു; മമ്മട്ടി നമ്മട്ടിയാകുന്നു; കേരളനെയല്ല നമ്മനം കേളനാക്കിയതു്? ചമ്മന്തിയിൽനിന്നു ചമ്മന്തിയുണ്ടാകുന്നില്ലേ? ഇതൊന്നും തോന്നിയവാസമല്ല. ശാസ്ത്രീയമായ വളർച്ചയുണ്ടായിരുന്നിട്ടു്. ചെറുപ്പത്തിൽ ഒരിക്കൽ അദ്ദേഹം ഉത്തരകേരളത്തിലെ ഒരു ബസ്സുസ്റ്റാൻഡിൽ പോയപ്പോൾ അവിടത്തെ സ്ത്രീയോടു് 'കഞ്ഞാണ്ടി' എന്നു അവരുടെ പേരു് എങ്ങനെ ഉണ്ടായതാണെന്നറിയാമോ എന്നു ചോദിച്ചു നാണിപ്പിച്ചതും, 'കഞ്ഞുചാമുണ്ഡി' എന്നതിന്റെ ത്രുപാന്തരമാണതെന്നു് ആക്ഷത്രിയകന്യകയെബ്രോഹ്മണർ പ്രാപിച്ചുണ്ടായതുംവിവരിക്കുമ്പോൾ ശബ്ദവ്യുത്പത്തിശാസ്ത്രത്തിലെ പല പാഠങ്ങളും ഞങ്ങളെ പഠിപ്പിക്കുകയായിരിക്കും അദ്ദേഹം ചെയ്യുന്നതു്. "ഞാനെ, തെക്കിനിയിൽ ഉണ്ണപ്പോൾ അവരുണ്ടല്ലോ കതകുചാരി നിൽക്കുകയായിരുന്നെന്നേ" ഗ്രന്ഥകർത്താവു് എകാരാന്തമായി ഇടയ്ക്കിടയ്ക്കുപയോഗിക്കുണ്ടായിരുന്ന വാക്കുകൾ അദ്ദേഹത്തിന്റെ സംഭാഷണത്തിന്റെ സ്വാഭാവികതയെ പരിതഃടങ്ങു വലിപ്പിക്കുണ്ടായിരുന്നു. ചിലപ്പോൾശബ്ദം തീരെയങ്ങു താഴും; പിന്നെയതുയരും. അതു കഥപറച്ചിൽ കേൾക്കാൻ ഞങ്ങൾക്കൊരു കൗതുകമായിരുന്നു!

അപൂർവ്വം ചില ദിവസങ്ങളിൽ തികച്ചും കൃത്രിമോത്സാഹനായും അദ്ദേഹത്തെ കാണാറുണ്ടു്. അപ്പോൾ മിണ്ടാട്ടം കുറയും. നിങ്ങളെ കണ്ടാൽ കണ്ണിൽപ്പെടാത്തെ വരികയില്ല. അല്ലെങ്കിൽ അന്നുപോലെ പാഞ്ഞുപോകുന്നതിനിടയ്ക്കും രണ്ടുവാക്കെങ്കിലു നിങ്ങളോടുനേരേ എറിയാതെ കടന്നു പോകുന്നതു് അദ്ദേഹത്തിന്റെ സ്വഭാവമല്ലല്ലോ. ഏതെങ്കിലും ക്ലേശകരമോ ക്ലിഷ്ടതരമോ ആയ സംഗതികളിൽ ചിന്താമഗ്നനാണു് ആ ഹൃദയം അപ്പോഴെന്നു നിങ്ങൾക്കു ധരിച്ചാൽ മതി. പക്ഷേ അതിനെ നിങ്ങൾനിൽക്കുന്നില്ല. ആ ഉത്സാഹവും ആ കർമ്മധീരതയും വീണ്ടെടുക്കപ്പെട്ടതിനു് കഴിയുന്നതും കുറച്ചുസമയമേ വേണ്ടൂ. ഒരു സിഗററ്റു വലിച്ചുതീരുന്നതിനു വേണ്ട സമയത്തിൽ കൂടുതൽ അദ്ദേഹം വെറുതെയിരുന്നു കണ്ടിട്ടില്ല. എപ്പോഴും കർമ്മനിരതനായിരിക്കുന്നതാണു് ഡാ: ഗോദവർമ്മയ്ക്കിഷ്ടം. തുടച്ചയായി ജോലിചെയ്താൽ ക്ഷീണിക്കുന്ന ഒരു പ്രതിഭയുമായിരുന്നു അതു്. ഒരിടത്തു് അഴത്തിൽ മുങ്ങുകയല്ല, വിവിധമേഖലാശയങ്ങളിൽ വലയെറിഞ്ഞു രസിക്കുകയായിരുന്നു ആ സാഹിത്യധീവരനു പ്രിയതരമായിരുന്നതെന്നു മാത്രം.

ഞങ്ങളുടെ സമാജത്തിന്റെ ചുമതലയിൽനടത്തുന്നചർച്ചകൾക്കു സമയമാകുമ്പോഴേയ്ക്കും അദ്ദേഹം അതിടുക്കത്തോടെ ഓടിവരുന്നു. അദ്ദേഹമില്ലാത്ത മീറ്റിംഗുകൾക്കു് ഒരു രസികത്വമില്ല. വിഭാഗനായ ഒരു പ്രസംഗകനല്ലെങ്കിലും സമാജങ്ങളിലും ചർച്ചകളിലും സജീവമായി പങ്കുകൊള്ളുന്നതിൽ വിമുഖനായിരുന്നു ഡാ: ഗോദവർമ്മ. പുറത്തുനിന്നു പ്രസംഗിക്കാൻ വരുന്നവർ അദ്ദേഹത്തെ വളരെയധികം സൂക്ഷിക്കേണ്ടതുണ്ടു്. കാരണം, ആ കലാധർമ്മമർമ്മജ്ഞൻ ഇടയ്ക്കിടയ്ക്കു നിർദ്ദാക്ഷിണ്യം ഉടക്കുകളുകൊണ്ടിരിക്കും.

ചേലനാടൻ പ്രസംഗിച്ച ഒരു മീറ്റിംഗാണു പെട്ടെന്നോർമ്മവരിക. വിഷയമായിരുന്നു കേട്ടില്ലേ? "നളചരിതം ഒരു മുന്നാംകിട കഥകളിയാണ്" ഭാഷയായി. ഡാ: ഗോദവർമ്മ എങ്ങനെ സഹിക്കുവാനാണു്? പ്രസംഗദിവസം വരാൻ തമസിക്കുന്നതിൽ അക്ഷമനെന്നപോലെ കഴിച്ചുകൂട്ടി അദ്ദേഹം. ചേലനാടൻ വന്നു. എല്ലാവരും മീറ്റിംഗിനു സന്നിഹിതരായപ്പോഴേക്കും നാലോ പുസ്തകങ്ങളും മുമ്മിക്കൊണ്ടു് എത്തിയിരിക്കുന്നു ഡാ: ഗോദവർമ്മ. മുഖ്യനു പേരിനുള്ള എന്തൊരുത്സാഹം; അതു പണ്ഡിതകേസരികളുടെ ഉഗ്രമായ ഒരു

# സൽഫാഡയാസിൻ



## സൽഫാഡയാസിൻ പഴയ പരിഷ്കാരത്തിൽപ്പെട്ട ആ ഔഷധം ഇന്നും പരിഷ്കാരത്തിൽ തന്നെ ഇരിക്കുന്നു

വടക്കുപടിഞ്ഞാറൻ യൂറോപ്പിൻ രാജ്യങ്ങളിൽ തീപ്പെട്ടിയും വസ്ത്രധാരണരീതികളിൽ മാറ്റങ്ങളും വന്നതുവെക്കും. എന്നാൽ കഴിഞ്ഞ ദശാബ്ദത്തിൽ സംഭവിച്ച അതിവിപുലമായ വൈദ്യശാസ്ത്രപുരോഗതിയുടെ മദ്ധ്യത്തിൽപ്പോലും ഒരിക്കൽ ഒന്നാമതെത്തെ "അതിശയപ്രയോഗം" എന്നും കണക്കാക്കിയിരുന്ന മരുന്നുകളും പത്തുകൊല്ലങ്ങൾക്കുശേഷം ഇന്നും ആ കാലത്തിൽ എത്തിയിട്ടില്ല.

ഉദാഹരണമായി അടുത്തകാലത്തുണ്ടായ "ഓറിയോമിസിൻ" എന്ന "അതിശയപ്രയോഗം" ചില രോഗങ്ങളുടെ ചികിത്സയിൽ "സൽഫാഡയാസി"നു പകരമായി ഉപയോഗിക്കപ്പെട്ടുണ്ടു്. എന്നാലും, സൽഫാഡയാസിൻ കൂട്ടത്തൽ പ്രയോജനകരമായി ചികിത്സയായി വിധിക്കപ്പെട്ടിട്ടുള്ള രോഗങ്ങളും ഇനിയും എത്രയോ ഉണ്ടു്. കൂട്ടത്തൽ പരിഷ്കാരിയായ "ഓറിയോമിസിൻ" കൊണ്ടു എന്തു കാരണത്താലാണു തങ്ങളെ ചികിത്സിക്കാത്തതെന്നു പല രോഗികളും പലപ്പോഴും ഡോക്ടർമാരോടു് ചോദിക്കാറുണ്ടു്.

പുതിയ വൈദ്യശാസ്ത്രപരങ്ങളായ കണ്ടുപിടുത്തങ്ങളും നിർബ്ബന്ധമായും പഴയ ചികിത്സാരീതികളെ നശിപ്പിച്ചുതിനുപകരം നിൽക്കുന്നില്ല. വിഷമമേറിയ സന്ദർഭങ്ങളിൽ അതുകൊണ്ടു ചികിത്സചെയ്യാം, അതുപോലെതന്നെ കൂട്ടത്തൽ ഫലപ്രദമായ ചികിത്സക്കായി പഴയ കണ്ടുപിടുത്തങ്ങളുമായി അടുപ്പമുണ്ടാക്കുകയും ചെയ്യാം. മരുന്നുകളെ ഉപയോഗിക്കുന്നതിനു "ആൻറിബയോട്ടിക്സ്" കൊണ്ടുള്ള ചികിത്സയിലേക്കുണ്ടായ പെട്ടെന്നുള്ള മാറ്റത്തിനു ഇന്നത്തെ ചരിത്രം എങ്കിലും ഇതിനു നിദാനമായി പല രോഗങ്ങൾക്കുമെതിരായ ആയുധങ്ങളിൽ ഏറ്റവും പ്രധാനമായ ഒന്നായി "സൽഫാഡയാസിൻ" അമേരിക്കൻ സൈനമിഡ് കമ്പനിയുടെ ലാഡർലിലാബോറട്ടറീസ് വകുപ്പിൻറെ പുതിയ വൈദ്യശാല ബോംബെയ്ക്കുള്ള ബൽസറിൽ ഉൽഘാടനം ചെയ്യപ്പെട്ടതോടെ അവിടെ നിന്നു തരക്കുന്ന പ്രധാന മരുന്നുകളുടെ ഏണ്ണത്തിലും "ഓറിയോമിസിനും" "സൽഫാഡയാസിനും" ഒരുപോലെ ഉണ്ടെന്നുള്ള പരമാർത്ഥംതന്നെ "സൽഫാഡയാസിൻറെ" പ്രാധാന്യത്തെ ചിട്ടപ്പെടുത്തുന്നു.

രസതന്ത്രപരമായ സൽഫോനെമൈഡ്സ് എന്ന പേരിലറിയപ്പെടുന്ന മരുന്നുകളുടെ കുടുംബത്തിൽപ്പെട്ടതാണു് "സൽഫാഡയാസിൻ" രണ്ടാംലോകമഹായുദ്ധകാലത്തു സാംക്രമികരോഗങ്ങൾക്കു ഉടൻ ഫലം നൽകുന്ന ഒരു ചികിത്സയുടെ അടിയന്തിരാവശ്യം പട്ടാളക്കാർക്കും നാട്ടുകാർക്കും നേരിട്ടപ്പോഴാണു് ഈ സംയോഗങ്ങളും പ്രസിദ്ധങ്ങളായതു്. ആ കാലത്തു ഏകദേശം പത്തുകൊല്ലങ്ങൾക്കുമുമ്പു്—ഈ സംയോഗങ്ങളും "മഹാൽഭുതമായ" സൽഫാ ഔഷധങ്ങളും എന്ന പേരിൽ പ്രശംസിക്കപ്പെട്ടു.

കാലക്രമേണ 'സൽഫാ' ഔഷധങ്ങൾകൊണ്ടുള്ള അനുഭവങ്ങൾ വളർന്നുവന്നതോടെ, അതിൻറെ കാര്യകാരണങ്ങൾ പരിമിതികളും പ്രത്യക്ഷപ്പെടാൻ തുടങ്ങി. എന്നാൽ സാംക്രമികരോഗങ്ങളുടെ ചികിത്സാമേഖലകളിൽ ഏറ്റവും ഉപയോഗപ്രദമെന്ന നിലയിൽ "സൽഫാഡയാസിൻ" ഇന്നും നിലകൊള്ളുന്നു. ക്രമമായ രീതിയിൽ കൊടുത്തൽ ശരീരം 'സൽഫാഡയാസി"നെറെ നേരെ എടുപ്പത്തിൽ 'സഹിഷ്ണുത" കാണിക്കുന്നുവെന്നു് ആയിരക്കണക്കിനു രോഗചരിത്രങ്ങൾ തെളിയിച്ചിട്ടുണ്ടു്. അതേസമയംതന്നെ മാറ്റു 'സൽഫാ" ഔഷധങ്ങൾകൊണ്ടും ചിലപ്പോൾ ചില "ആൻറിബയോട്ടിക്"കൊണ്ടുതന്നെയും അനിഷ്ടഫലങ്ങളെ കൊടുക്കുന്നു.

ഒരു മരുന്നു ഫലവത്താകണമെങ്കിൽ അതു ശരീരത്തിലെ ദ്രാവകവസ്തുക്കളിലും മാംസപേശികളിലും ശീഘ്രമായി പ്രവേശിക്കണം. ധാരാളമായ തോതിലും ഏറിയസമയത്തേക്കും അതു് ശരീരദ്രാവങ്ങളിൽ സ്ഥിതിചെയ്യുകയുംവേണം. ഈ കഴിവുകളുടെ അഭാവം പല ഔഷധങ്ങളുടേയും പ്രയോജനത്തിനെതിരായി പ്രവർത്തിക്കുന്നുണ്ടു്. പരീക്ഷണശാലയിൽവച്ചു് ഫലപ്രദമായി തോന്നുന്ന പല ഔഷധങ്ങളും ശരീരത്തിൽ കുത്തിവെക്കപ്പെടുമ്പോൾ ഒന്നുകിൽ ശരീരത്തിൽ വേണ്ടതുപോലെ അലിയാതെ ഒരുമാതിരി ചേർന്നുകിടക്കുകയോ അല്ലെങ്കിൽ പല ശൂന്യങ്ങളായ ഘടകങ്ങളുമായി പെട്ടെന്നു പിരിഞ്ഞുപോകുകയോ ചെയ്യുന്നതായിക്കണ്ടും. മറ്റു സന്ദർഭങ്ങളിൽ അവ വേഗത്തൽ ശരീരത്തിൽനിന്നു അപ്രത്യക്ഷപ്പെടുന്നു. "സൽഫാഡയാസിൻ" നമുക്കെടുത്തു നോക്കുകയാണെങ്കിൽ ഈ ആവശ്യമായ സംഭ്രമകരം വളരെ അധികമായുണ്ടു്. ദേഹത്തിൽ കുത്തിവച്ചാൽ അതു് ഉടൻതന്നെ ശരീരമെല്ലാം വ്യാപിക്കുകയും സംക്രമികബാധിതമായ നേരങ്ങളിലും സൗഖ്യം നൽകുന്നതിനു് ആവശ്യമായ ശക്തിയിലും വേണ്ടതായ സമയത്തേക്കും ശരീരത്തിൽ സ്ഥിതിചെയ്യുകയും ചെയ്യുന്നു.

ഇപ്രകാരം വളരെയധികമായ അനുകൂലസ്വഭാവവിശേഷങ്ങൾ ഉള്ള "സൽഫാഡയാസിൻ" പരിഷ്കാരത്തിൽനിന്നു് മാറ്റമില്ലാതെ സ്ഥിതിചെയ്യുന്നതിൽ ഏതെങ്കിലും അത്ഭുതമുണ്ടോ?

### രോഗത്തിനെതിരായ ഇന്ത്യയിലെ സമരം

ഇൻഡ്യയിൽ അനിതരസാധാരണമായ രോഗങ്ങളിലൊന്നാണു് "ബാസിലറിഡിസൻറി" എന്ന വയറുകടി. ഇതു വയറിളക്കത്തിൻറെ അതിതീവ്രമായ ഒരു രൂപമാണു്. ഇതുണ്ടാക്കുന്നതു സൂക്ഷ്മദർശിയായ ഒരു ജീവിയായ "ബാസിലസ്"" എന്നു പറയുന്ന ഒരു സസ്യം കാരണമാണു്. ഈ വിഷജീവികൾ സാംക്രമികബാധിതമായ വെള്ളം ഭക്ഷണം മുതലായവയിൽ കാണപ്പെടുന്നു. രോഗബാധിതനായ ആളിൽനിന്നു ശ്രദ്ധിക്കാതിരിക്കുമ്പോഴോ, മലത്തിലൂടെ ഈ വിഷാണുക്കൾ കലരാൻ ഇടയാകുന്നതുമാണു് അങ്ങിനെ സാംക്രമികബാധ തുടർന്നുകൊണ്ടുപോകുകയും ചെയ്യുന്നു. "ബാസില്ലിറിഡിസൻറിയെ പരാജയപ്പെടുത്തുന്നതിൽ സൽഫാഡയാസിൻ രണ്ടുതരത്തിൽ ഫലപ്രദമാണെന്നു തെളിഞ്ഞിരിക്കുന്നു. ഒന്നാമതായി "ബാസില്ലിറി" ഡിസൻറിപിടിപെട്ട രോഗിയിലെ സംക്രമികബാധയെ അതു് തടഞ്ഞുനിർത്തുകയും പിന്നീടു് നശിപ്പിക്കുകയുംചെയ്യുന്നു. രണ്ടാമതായി രോഗം പകരുന്നിടയുള്ള ആളുകളെ അതു് കുഞ്ഞുരക്ഷിക്കുന്നു.

ഈ രാജ്യത്തിലെ ജനലക്ഷങ്ങളെ ആക്രമിച്ചു നശിപ്പിക്കാൻസംഗതിക്കുന്ന ഭയങ്കരമായ രോഗങ്ങളാണു് "ബ്യുബോണിക്കു" എന്നും "ന്യുമോണിക്കു" എന്നും പറയുന്ന രണ്ടുതരം പ്ലേഗുകളും. ഈ രോഗങ്ങളെ സംബന്ധിച്ചും ഒരു സുശക്തമായ "രോഗാണുസംഹാരി" എന്ന നിലയിൽ 'സൽഫാഡയാസിൻ' അതിൻറെ കഴിവിനെ തെളിയിച്ചിട്ടുണ്ടു്.

---

സംഘട്ടനം എല്ലാവരും പ്രതീക്ഷിച്ചു. എങ്കിലും അഭിനയചതുരമായ കയ്യേങ്ങളിലേക്കു ചേലനാടൻ തന്ത്രപൂർവ്വം പ്രസംഗം തിരിച്ചുവിട്ടതിനാൽ ആ ഏറുമുട്ടൽ അത്രകണ്ടു ശക്തിമത്തായില്ല. ചേലനാടനും ശോഭവർമ്മയും ഇനിയും നമുക്കില്ലല്ലേ!

ഉടയംതെ വേഷത്തോടെ ഡാ: ശോഭവർമ്മ ഒരിക്കലും സിംഹാസനത്തിലിരുന്നില്ല. പുറം പടവിയുടെ കോട്ടകെട്ടി ഇതരരെയും തന്നെയും രണ്ടു ലോകത്തിൽ നിർത്തിയില്ല. പുതിയ ആശയഗതികളോടു് ഇതുപോലെയിണങ്ങുന്ന 'പഴഞ്ചൊല്ലുകളുടെ രാജാവിനെ കണ്ടിട്ടുമില്ല. സമഭാവനയും മനശ്ശുദ്ധവും ആ ഏറ്റായലുവിൽ നിറഞ്ഞു തുളുമ്പിനിന്നതാൻ 'തിരുമേനി'യാണെന്നോ അതുടെയെങ്കിലും മേലധ്യക്ഷനാണെന്നോ അദ്ദേഹം അറിഞ്ഞിരുന്നേയില്ല. അതേ, ലളിതലളിതമായ ഒരു ജീവിതം! അവസാനംവരെ മുണക്കുടുത്തിയ ഒരു വിദ്യാർത്ഥിയായിരുന്നു, പോരെ ലവനെപ്പോലെ സംഘസികനായ ഒരു രാഷ്ട്രീകുബാലനായിരുന്നു അദ്ദേഹം. ആ രീതി ഇഷ്ടപ്പെടാത്തവർ കണ്ടെന്നുവരാം. പക്ഷേ വിഷയത്തിൽ ലയിച്ചിരുന്ന തലയാട്ടി പരിസരത്തെയും മറന്നു പഠിപ്പിക്കുന്ന ആ ഗുരുവരനെ—ജനബ്ബുലമായ നിരത്തുകളിൽവച്ചുകണ്ടാലും കൈകൂട്ടി വിളിച്ചു്, 'വല്ല വണ്ടിയും കയറിച്ചാകാതെ ഇങ്ങു മാറിനില്ലു്" എന്നു പറഞ്ഞു പിടിച്ചു് ഒപ്പം നടത്തി, തമാശകളും പറഞ്ഞുപോയി 'സേവിയ'റിലോ ഗ്രീൽഡിലോ കയറി കപ്പികുടിപ്പിക്കുകയും, വിദ്യാർത്ഥിയുടെ രുചിക്കുന്ന അതേ തീപ്പെട്ടിക്കോലിൽനിന്നുതന്നെ സിഗാറോ കത്തിക്കുകയും ചെയ്യുന്ന പ്രിയതരനായ 'സുഹൃത്തിനെ"—അദ്ദേഹത്തിൻറെ വിദ്യാർത്ഥികൾക്കു മറക്കുവാൻ നിവൃത്തിമില്ല. എന്നിട്ടും ഞങ്ങൾ അദ്ദേഹത്തെ ഒരു ഗുരുവിനെപ്പോലെ ആദരിക്കുകയും ഭയപ്പെടുകയും ചെയ്തില്ല. ഉവ്വു്, തീർച്ചയായും ഉവ്വു്. അക്കാര്യത്തിൽ ആ ജീവിതം ഒരു സാധനപാഠമായിരുന്നു.

ഞാൻ നിർത്തുകയാണു്. പല വശങ്ങളും പരാമർശിക്കാതെ വിടുകയേ പറ്റൂ.

അതാ നോക്കു—അല്പം പൊക്കം കുറയുന്നേന്നിച്ചു്, നെറ്റിത്തടത്തിലേയ്ക്കു പിണങ്ങിവീഴുന്ന പീലിത്തലമുടിയെ വലത്തുകൈകൊണ്ടൊതുക്കിവച്ചു്, അല്പം ഇരുണ്ടു് ഉരുണ്ടൊതുങ്ങിയ ശരീരത്തിൽ മുഴുപ്പും ജ്ഞാനവും ധരിച്ചു്, ചിന്തയോ കൃത്രിമമായൊരു ഗൗരവമോ സ്ഫുരിക്കുന്ന മുഖത്തിൽ ഒരു ചെറിയ മുറിമീശയുമിണക്കി, കഴത്തൊരല്പം ഒടിച്ചിട്ടു്, കൈയൊരല്പം അകത്തിവിരിച്ചു് ആ ഹാൻഡ്ബാഗും പിടിച്ചു് ചെയ്പ്പിൻറെ കിരുകിരുശബ്ദമുളവാക്കി മുകുമുകുക്കോടെ നടന്നുവരുന്നതു് അദ്ദേഹമല്ലേ?

അതേ, അദ്ദേഹം തന്നെ.

---

ഞാൻ ക്ലാസ്സിലേയ്ക്കു ചെല്ലട്ടെ.

ഹാ! ഇനി എല്ലാം ഭാവനയിലെ ചിത്രങ്ങൾ മാത്രം!



# തല താഴ്ത്തു



മലയേഷ്യാ രാമകൃഷ്ണപിള്ള

1

താഴ്ത്തു നീ യെവനസ്സേ,
നിൻതല; മനശ്ശ്വനൻറെ
കാൽത്തൂരമ്പൊട്ടുക്കും നി-
നച്ചിയിൽ പതിച്ചല്ലോ.
പാഴാറ യന്ത്രത്തിൻറെ
ക്രൂരൻകാലുകൾ,മന്നിൻ
തഴുകിക്കടത്തിന്മേൽ
വിജയക്കൊടി നാട്ടി.

തപ്പു വാതകംപോലെ
നിതരാം വികസിക്കും
മർത്ത്യൻറെ യദമ്യമാ-
മുൽഗതിവാഞ്ഛാവേഗം,

അധരീകരിച്ചല്ലോ
നിന്നെയും—ഹിമാദ്രിത-
ന്നധ്യക്ഷ്യം മനുമാർഗ്ഗ-
മെന്നാത്മശിരസ്സെയും.

മേല്പോട്ടു, വീണ്ടും മേല്പോ-
ട്ടെന്നഞ്ഞു ബ്രഹ്മാണ്ഡത്തിൻ
മേൽത്തട്ട് കാണാൻ പായും
ബുദ്ധിയാം മഹാഗ്രഹം,

കാൽമുഴുവട്ടിലേയ്ക്കാഴ്ത്തു
നിന്നെയും താഴ്ത്തിപ്പൊങ്ങും
കാഴ്ച സുന്ദരം, ഭയ-
നോഹിതം, ഭയാനകം!

ഒലിതൻവേഗത്തെയും
വെന്നപോകുമപ്പോക്കി-
ന്നെലിക കുഞ്ഞാനവ-
ല്ലുക്കുത്തനോട്ടങ്ങൾപോലും.

2

പ്രഥമമായ്, ശൈലേന്ദ്ര-
ശൃംഗമേ, മർത്തൻതന്ന
പാദചുംബനത്തെയി-
ന്നൊട്ടുകൈക്കൊൾവൂ നീ.

മനുവേലുന്നോ, സൃഷ്ടി
തൊട്ടുകാത്ത നിൻ സച്ഛ-
കനുകാതത്തേഞ്ചുലാൽ
തീണ്ടിനാൻ നരനെന്നായേ".

* ഹിമദേവൻതന്നഭൂ-
മംശ്രീകമപോലും നിൻറെ
വിമലയതനെറ്റി-
മേൽ പതിഞ്ഞിരിക്കില്ല.

പാഴ്മണ്ണിൻ പിറവിയും
മനവപാദങ്ങളുമതൻ
തഴമനിന്നെയുന്നതുത്തേ
യാദ്യമായ്ത്തലോടവേ,

പ്രാഞ്ചിപ്രാഞ്ചിയക്കൊച്ചു-
കാൽകളുവന്നണഞ്ഞുനിൻ-
പ്രാചീനവിജനതപം
ചെറുതു ഭഞ്ജിക്കുവേ,

സാന്ദ്രശുഭ്രമേയനാ-
ക്രാന്തപൂർവ്വമാം നിൻറെ
സാമ്രാജ്യത്തിലും നര-
ലോകം ഹാ, കയ്യേറവേ,

ഉത്തുംഗതമായേതൊരു-
വികാരം നിനക്കുള്ളി-
ലുത്ഭൂതപ്രകർഷമോ,
ഹർഷമോ, വിദ്വേഷമോ?

3

ഹാ, ഹാസിച്ചുനീ യദ്രി-
ശിരസ്സേ, മർത്യൻതൻറെ
സഹസികൃത്തേ പത്തു-
പ്രാവശ്യം തുവെണ്മഞ്ഞാൽ.

പത്തുപ്രാവശ്യം നിൻറെ
ദുർഗ്ഗശൈപുരത്തിനെ-
യെത്തിനോക്കിയിട്ടവൻ
താന്തനായ് മടങ്ങിനാൻ.

തരിമ്പും ക്ലൃപ്തക്കൊതെ
തൻതലവീണ്ടുംപൊക്കി
യെന്മാമവന്നെ നീ
പുച്ഛിച്ചുതോൽക്കി, യെന്നാൽ,

പാരിൽനിൻ വെൺചൈട-
പോലെ, ചിൽനഭസ്സെങ്ങുമേ
പനിപ്പോളകം, ചീവം
വൽകാറിലിതിരവേ,

വാനിൻറെ തുണം നിന്നേ-
ലിന്നവൻ നിൽപ്പു, പാരിൻ
പ്രാണവായുവും തൻറെ
പാദേയഭണ്ഡം പേറി.

മൻപുതൻപഥിവന്നോ-
ചെന്നിണം, വെറിത്തിരേ-
മുൻപിലച്ചിച്ച തെച്ചി-
പ്പൂങ്കുലയവന്നിപ്പോൾ.

'തോറ്റപേയ്' മഹാഖാത്യ'
മെന്നല്പിയാമെയ് പുൽകി-
ക്കാറാപുഴമ്പും പുള-
മൂതുന്നു നിൻ വാനത്തിൽ.

4

താഴ്ത്തു നീ യെവനസ്സേ,
നിൻതല; മനശ്ശ്വനൻറെ
കാൽത്തൂരമ്പൊട്ടുക്കുംനി-
നച്ചിയിൽ പതിച്ചല്ലോ.
വാനിൻറെ നിസ്സീമമാ-
മാഴത്തിൽ ശീർഷംപൂർത്തീച്ച
വാണനിൻ യവനിക
നീക്കിയതനത്തിൻ കൈകളും,

നാന്മുകളിലാണേ
ചിൽപരം പൊരുളിൻറെ
നേർമ്മം ചീന്തും ജ്ഞാന-
വിജ്ഞാനവികാസംപോൽ.

നീട്ടാറ വിശ്വഗ്രന്ഥ-
ത്തിൻറെ ദുർഗ്രഹമാകെ-
മേടൊന്നുകുടപ്പാറി-
ച്ചുറിഞ്ഞുകൊണ്ടാൻ മർത്യൻ.

അക്ഷീണമാം തൽബുദ്ധി
പിന്നെയുമടങ്ങാതെ,
യുൽക്ഷേപിക്കുകയാണേ
നീളുന്ന ജിജ്ഞാസയേ.

കാലംനെയ്തിട്ട കുട്ടി-
മഞ്ഞിൻകംബിളംകൊണ്ടേ
മേലാകെപ്പുതച്ചെഴും
സ്ഥാവരകിരീടമേ,

കൂമ്പിട്ടുകൊണ്ടല്പേനീ
വിശ്വത്തിൻ ചെങ്കോലേന്താൻ
വെമ്പുമീ വളരുന്ന
വാമനൻതൻ തൃക്കാൽക്കൽ.

* Snow-mountain, ബുദ്ധമതപ്രധാനമായ ഈ സ്ഥലം ഹിമാലയത്തിൻറെ അധിത്യകകളിൽ അധിവസിച്ചുവരുന്നതായി ഇപ്പോഴും വിശ്വസിക്കപ്പെടുന്നു.

---

വൈദ്യശാസ്ത്രമേകരണത്തിൽ പാസ്ച്ചൂറെല്ലോസിസ് സെപ്റ്റിസിമിയാ എന്ന പേരിലറിയപ്പെടുന്ന രോഗത്തെ സംബന്ധിച്ചിടത്തോളം ഈ മരുന്നു പ്രയോഗിച്ചതിൻറെ ഫലമായി മരണത്തേതു 91 ശതമാനത്തിൽനിന്നു 21 ശതമാനത്തിലേക്ക് താണുവന്നിരിക്കുന്നുവെന്നു റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. മദ്രാസ് സംസ്ഥാനത്തിൽ പ്ലേഗ്ബാധിതരായ 206 പേരിൽ 'സൽഫാഡയാസിൻ' കൊണ്ടുള്ള ചികിത്സ നടത്തിയതിൽ ഏറ്റവും നല്ല ഫലമാണു അനുഭവപ്പെട്ടതു്. പ്ലേഗുരോഗികളുമായി അടുത്തു പെരുമാറേണ്ടിവരുന്നവരുടെ രക്ഷയ്ക്കായി ഈ മരുന്നുപയോഗിക്കുകയെന്നതാണു വളരെയേറെ ആശാസ്യമായ പ്രവർത്തനം. അതുകാരണം പ്ലേഗുരോഗികളെ പൂർണ്ണമായി അകറ്റേണ്ടുന്ന ആവശ്യമില്ലെന്ന വാസ്തവം ഈ പ്രവർത്തനക്രമത്തിൻറെ ഉപയോഗശൂന്യതയെ ബലപ്പെടുത്തുന്നു.

കോളറയുടെ കാര്യത്തിലാണെങ്കിൽ ഉടൻതന്നെ രക്തദ്രവകം അല്ലെങ്കിൽ "പ്ലാസ്മ"യും മറ്റും കുത്തിവച്ചിട്ടു രോഗത്തിനെതിരായി സമരംചെയ്യാൻ ശരീരത്തെതന്നെ തയ്യാറാക്കുക എന്നതാണു രോഗശമനത്തിനുള്ള ഏറ്റവുംനല്ല നടപടികളിലൊന്നു". ഈ നടപടിക്രമം സ്വീകരിക്കുന്നതോടുകൂടി 'സൽഫാഡയാസി'ൻറെ പ്രവർത്തനം വളരെവേഗത്തിൽ കോളറയെ ഭേദമാക്കുമെന്നാണു് അറിയപ്പെട്ടുന്നതു്".

"ഗൊണോറിയാ" എന്ന ജനനേന്ദ്രിയരോഗത്തിനു ഏറ്റവുമധികം പറ്റിയ മരുന്നായി ഇപ്പോൾ കണക്കാക്കപ്പെട്ടുന്നതു് പെനിസില്ലിൻ ആണു് "ചാൻക്രോയിഡ്" ലിംഫോഗ്രാൻലോമാവെനീറിയം" ചില ജനനേന്ദ്രിയരോഗങ്ങൾക്കു "മറിയൊമിസി"ൻറെ ഉപയോഗവും വളരെ ഫലവത്താണു". എങ്കിലും ഈ സുഖക്കേടുകൾക്കും രോഗശമനകാരിയായ ഒരു മരുന്നെന്നനിലയിൽ "സൽഫാഡയാസിൻ" ഇനിയും ഗണിക്കപ്പെട്ടുന്നു. പ്രത്യേകിച്ചും "ആൻറിബയോട്ടിക്സ"കളുടെ ഉപയോഗിക്കുമ്പോൾ അനിഷ്ടഫലങ്ങൾ പ്രദർശിപ്പിക്കുന്നവർക്കു ഇതു് ഏറ്റവും പ്രയോജനകരമാണു".

ഈ മരുന്നിൻറെ ഏറ്റവും പ്രധാനമായ ഒരു ഉപയോഗം പെനിസില്ലിൻ സ്ട്രെപ്റ്റോമൈസിൻ മറിയോമിസിൻ ആൻറിബയോട്ടിക്കുകളുടെകൂടെ കൊടുക്കുക എന്നുള്ളതാണു". അതു് "ആൻറിബയോട്ടിക്സ"കളുടെ രോഗാണുസംഹാരികമായ ശക്തിയെ വർദ്ധിപ്പിക്കുന്നു. കൂടാതെ പലപ്പോഴും സംഭവിക്കാവുള്ളതുപോലെ എതെങ്കിലും ഒരു "ആൻറിബയോട്ടിക്സ"നെതിരായി ശക്തി പ്രാപിച്ച രോഗാണുക്കളെ അമർത്താനും നശിപ്പിപ്പാനും "സൽഫാഡയാസി"ൻറെ കൂട്ടുപയോഗം ഏറ്റവും ഫലപ്രദമാണു".

ലാടർലിയുടെ ബൽസംറിലെ മരുന്നുനിർമ്മാണശാല "സൽഫാഡയാസിനും" "മറിയോമിസിനും" ഉല്പാദിപ്പിക്കുന്നുവെങ്കിലും ഇന്ത്യയിലെ ഡോക്ടർമാർക്കു വൈദ്യശാസ്ത്രത്തിലെ രണ്ടു പ്രബലങ്ങളായ "അണുസംഹാരികളെ"യാണു വേഗംതന്നെ ലഭിക്കുന്നതു". ഒറ്റയ്ക്കും അല്ലെങ്കിൽ മറ്റു മരുന്നിൻറെകൂടെയുമുള്ള ഇവയുടെ ഉപയോഗം ഇന്ത്യയിലെ ആരോഗ്യനില ഉയർത്തുന്നതിനു് ഏറ്റവും പ്രയോജനകരമായിരിക്കും.




# അനസ്ഥ്യവൈദ്യചന്ദ്രിക

(നീറ്റുപ്രയോഗങ്ങളുടെതുടങ്ങിയതു്)

ഗ്രന്ഥകർത്താവു:—വടയാറുകോട്ട പരമേശ്വരൻപിള്ള

വില രൂ: 1 ണ. 8.

ശ്രീരാമവിലാസം പ്രസ്സ് & ബുക്ക്ഡിപ്പോ, കൊല്ലം.






എം. സി. കൃഷ്ണൻനമ്പൂതിരി
(1209)

## സ്വർണ്ണസ്വപ്നം

★

വഴിയരികിലുള്ള സപ്പുക്കാവിന്റെ മുൻവശത്തു് പതിവുപോലെ ആ കുട്ടികളം കളിച്ചുകൊണ്ടിരിക്കയാണു്. അന്നു് ആ വൈകുന്നേരംവരെ പട്ടിണിയിൽ കഴിഞ്ഞുകൂടിയ കുട്ടനും ശശിയുടെ നിർബന്ധംമൂലം കളിക്കാൻവന്നിട്ടുണ്ടു്. കുറേടിച്ചുകൂട്ടിയിരുന്ന കരിയിലക്കൂനയുടെ മുകളിൽ ഏതോ ഒരനക്കം ശശിയുടെ ശ്രദ്ധയിൽപെട്ടു. കുട്ടികളം എല്ലാം അതിനു ചുറ്റും ഓടിക്കൂടി. മുകളിലത്തെ ഒന്നുരണ്ടിലകളം ഇളകിയുയരുന്നു.

"എടാ കരിയിലയ്ക്കു് ജീവനുണ്ടോ?" ശശി ചോദിച്ചു.

"പിന്നില്ലേ?" ചന്ദ്രൻ പറഞ്ഞു. കുട്ടൻ എതിർത്തു "ആരാപറഞ്ഞതു് കരിയിലയ്ക്കു് ജീവനുണ്ടെന്നു്."

"ഞങ്ങളുടെ സാറുപറഞ്ഞതു്" ചന്ദ്രൻ അഭിമാനത്തോടുകൂടി പറഞ്ഞു. "കരിയിലയും മണ്ണുംകൂട്ടയും കൂടി ഒരിക്കൽ കൂശിക്കുമ്പോയെന്നു്, കേട്ടോ?"

കുട്ടൻ—അതും വെറുംപച്ചക്കള്ളമാണു്. കൂലിപ്പണിക്കാരിയായ കൂശിക്കുപോയിപോലും.

സോമൻ പെട്ടെന്നു് ചാടിക്കയറി പറഞ്ഞു "ചേരപോന്നതോ, അപ്പോം പോകുന്നതിനു കൂലിവേണോ?"

കുട്ടന്റെ തക്കം അവിടെതീർന്നു. ചന്ദ്രൻ കരഞ്ഞുകിടന്ന കൈയും കാലും തറയിൽ തൊടാതെ ഇഴഞ്ഞും കൂടികൊണ്ടുപ്പോയി കരിയിലയ്ക്കു് ജീവനുണ്ടെന്നു് എല്ലാവരും സമ്മതിച്ചു. കുട്ടൻ മാത്രം പറഞ്ഞില്ല.

ഒന്നുരണ്ടു ചെറിയ പുള്ളികളം കരിയിലക്കൂനയുടെ വിടവിൽക്കൂടി മിന്നിമറയുന്നു. "പുള്ളിപ്പുഴ" "പുള്ളിപ്പുഴ" കുട്ടികളം ആർത്തുവിളിച്ചു പുഴുവിനെ കുത്തിയെടുത്തു വെളിയിൽ ഇട്ടു. "ശ്" പുഴു തലയുയർത്തി ക്ഷണംവിരിച്ചു് നില്പായി. കുട്ടൻമാത്രം നിന്നിടത്തുനിന്നു അനങ്ങിയില്ല. മാരകമുള്ളവർ പാമ്പുകടന്നു. മനുഷ്യരെ പറ്റുവിയായ ആ പാമ്പിൻകുഞ്ഞിനെ കൊല്ലുവാൻതന്നെ കുട്ടൻ തീരുമാനിച്ചു. അവൻ വടിയുയർത്തി. പക്ഷേ എന്തോ ഒന്നോർത്തിട്ടെന്നപോലെ വെറുപ്പോടുകൂടി വടി ദൂരെ എറിഞ്ഞു. അവനു് എന്തെന്നില്ലാത്ത ഒരു ദയയു് അതിന്മേൽ ഉണ്ടായി. അവൻ വിചാരിച്ചു: —"കഷ്ടം ഇതിന്റെ അമ്മ ഇപ്പോളം ഇവനേ കാത്തിരിക്കയായിരിക്കും. ഇവനും ഇനി ഏന്നേപ്പോലെതന്നെ പട്ടിണിയായിരിക്കും. മനുഷ്യനേപ്പോലെ വെളിയിൽ ഇറങ്ങാൻപോലുംവയ്യാ" കുട്ടൻ ഏതോ ചിലതൊക്കെ ആലോചിച്ചുറച്ചു. അവന്റെ പിഞ്ചുഹൃദയത്തിൽ മാതൃവാത്സല്യത്തിന്റെ അലകളം ഇളകി, പാമ്പിൻകുഞ്ഞു് തലതാഴ്ത്തി അനക്കമില്ലാതെകിടന്നു.....

സൂര്യൻ മറഞ്ഞു. പൂർണ്ണചന്ദ്രൻ ഉദിച്ചുയർന്നു. കാവിലെ തമിർപടപ്പുകളം പൂനിലാവിൽ പുഞ്ചിരിച്ചു. നീലാകാശത്തിൽ വെള്ളിനക്ഷത്രങ്ങളം മിന്നിമിന്നിത്തിളങ്ങി. ഒരു ഇളംകാറ്റ് സപ്പുക്കാവിനോടു് ഏതോ രഹസ്യങ്ങളം പറഞ്ഞുകൊണ്ടു സ്ഥലംവിട്ടു. കാവിലെ വള്ളിക്കുടിലുകളിൽ കുട്ടൻ ഏതോ അന്വേഷിച്ചുനടക്കയാണു്. കരയുന്ന അമ്മപ്പാമ്പിനേ. അവന്റെ കയ്യിൽ ഒരു ഇലപ്പൊതിയുണ്ടു്. അതിനുള്ളിൽ ആ പാമ്പിൻകുഞ്ഞു് ഇരുന്നു പരിഭ്രമിക്കയാണു്. പവിത്രമായ ആ ദയയുടെമുൻപിൽ അവന്റെ എല്ലാഭയങ്ങളും അപ്രത്യക്ഷമായി. ഒരു മൂറ്റാൻ പന്നിപോലി അവന്റെ കാലിന്മേൽക്കൂടി ഓടിമറഞ്ഞു. കുട്ടൻ ഞെട്ടിയില്ല. ഭയന്നില്ല. അവൻ അമ്മപ്പാമ്പിനേ തിരയുകയാണു്. അതിനെവീട്ടു് അന്വേഷിക്കുകയാണു്. ഏതോ ഒന്നു് അവന്റെ പാദത്തിന്റെ അടിയിൽക്കൂടി കടന്നുപോയി. അതും അവൻ വകവച്ചില്ല. അഥവാ അവൻ അറിഞ്ഞിരിക്കയില്ല. അമ്മിളിപ്പാമ്പാവൻ കാഞ്ഞിരക്കാറിയുടെ മൂട്ടിൽ ഉണ്ടായിരുന്ന ഒരുപുനം കുട്ടനു കാണിച്ചുകൊടുത്തു. ഇലപ്പൊതിയുടെ വായകാറി പുനത്തിനോടടുപ്പിച്ചു. ആ ചെറുപാമ്പു് പുനത്തിനുള്ളിൽ പിടഞ്ഞുകയറി. ആത്മസംതൃപ്തിയുടെ ഒരു ജ്വാല അവന്റെ ഹൃദയത്തിൽ മിന്നിപ്പൊങ്ങി.

അവന്റെ ചുറുചുറുക്കും അവൻ മറന്നു. അവൻ ഭയന്നു് തിരിഞ്ഞോടി. ഏതോ ഒന്നു് അവന്റെ കാലിൽച്ചാറി. "എന്റെ അമ്മേ"! എന്ന ഉച്ചത്തിൽ വിളിച്ചുകൊണ്ടു അസ്വസ്ഥചേതനായ ആ ബാലൻ അവന്റെ കുടിലിലേക്കോടി. ഓടിയെത്തിയ കുട്ടിയേ കെട്ടിപ്പിടിക്കുവാൻ കൈ നീട്ടിയമാതാവിന്റെ പാദങ്ങളിൽ ആ ചെറുബാലൻ ബോധരഹിതനായി നിലംപതിച്ചു. അവരുടെ നിലവിളികേട്ടു് അയൽപക്കക്കാർ ഓടിയെത്തി. പക്ഷേ കുട്ടന്റെകാലിൽ കിടന്നു തിളങ്ങുന്ന ആ സ്വർണ്ണസ്വപ്നത്തെ തൊടുവാൻ ആരുണ്ടു ധൈര്യപ്പെടുന്നു?

എത്ര പരിശോധനകൾക്കുശേഷമാണു് കുട്ടന്റെ കാലിൽ ചുറ്റിയതു് സ്വർണ്ണമാലയാണെന്നു് അവന്റെ അമ്മ സമ്മതിച്ചതു്! കുട്ടനും അമ്മയും ഇപ്പോഴും ജീവിച്ചിരിപ്പുണ്ടു്. കുട്ടന്റെ അമ്മ ആ വിചിത്രമായ മാല ഇപ്പോഴും ക്ഷേത്രത്തിലെ എഴുത്തു പരിശോധിക്കുപതിവാണു്.

സഹോദരരേ, ആത്മാർത്ഥമായ സേവ നിഷ്ഫലമാകയില്ല. നിങ്ങളും കുട്ടനേപ്പോലെ സഹജീവികളോടു ദയയും, സ്നേഹവും ഉള്ളവരായിത്തീരുക.

കെ. ബി. അരവിന്ദാക്ഷൻപിള്ള
(അ: നം: 829).

★

## സ്വർണ്ണത്താറാവു്

★

പണ്ടു് ഒരു കൃഷിക്കാരൻ അയാളുടെ മൂന്നുപുത്രന്മാരോടുകൂടി ഒരു ഗ്രാമത്തിൽ പാർത്തിരുന്നു. ഒരു ദിവസം അവരിൽ മൂത്തമകൻ കാട്ടിൽ വിറകുവെട്ടുന്നതിനുപോയി. വിറകുവെട്ടുന്നതിനു മുമ്പായി അവൻ ഭക്ഷണം കഴിക്കുന്നിരുന്നപ്പോൾ ഒരു ചെറിയ മനുഷ്യൻ അവിടെവന്നു "എനിക്കും കുറച്ചുതരൂ" എന്നു് അപേക്ഷിച്ചു. അയാൾക്കു് അവൻ ഒന്നും കൊടുത്തില്ല. "നോക്കിക്കൊള്ളൂ" എന്നു പറഞ്ഞു് ചെറിയമനുഷ്യൻ പോയി. കൃഷിക്കാരന്റെ മകൻ വിറകുവെട്ടാൻ കോടാലിപൊക്കിയപ്പോൾ കോടാലി കാലിൽകൊണ്ടു് അവന്റെ കാൽമുറിഞ്ഞു. അവൻ തിരിയെ പോന്നു. പിറേറദിവസം രണ്ടാമത്തെ മകൻപോയി, അയാളും ജ്യേഷ്ഠനെപ്പോലെ മുറിവുമായി മടങ്ങി.

അടുത്തദിവസം മൂന്നാമത്തെ മകൻ കാട്ടിലേക്കുപോയി. അവനും ഭക്ഷണംകഴിക്കുന്നിരുന്നപ്പോൾ മുൻപറഞ്ഞ ചെറിയ മനുഷ്യൻ അവിടെവരികയും ആഹാരത്തിൽ പങ്കു് ചോദിക്കുകയുംചെയ്തു. ഉടൻതന്നെ അവൻ ആഹാരത്തിൽ പകുതിഭാഗം അയാൾക്കു കൊടുത്തു. ആ വൃക്ഷത്തിലുള്ള ഒരുപോടിൽ ഒരുസാധനം താൻ വച്ചിട്ടുണ്ടെന്നും അതു് അവൻ എടുത്തുകൊള്ളുന്നുമെന്നും പറഞ്ഞിട്ടു് ചെറിയമനുഷ്യൻ പോയി. കൃഷിക്കാരന്റെ മകൻ അവിടെ ചെന്നുനോക്കിയപ്പോൾ കണ്ടതു് ഒരു സ്വർണ്ണത്താറാവിനെയായിരുന്നു. അയാൾ അതു് എടുത്തുകൊണ്ടു പട്ടണത്തിലേയ്ക്കുപോയി. ആ രാജ്യത്തിലെ രാജകുമാരി തന്റെ അമ്മയുടെ ചരമത്തിൽ മുഴുകിക്കഴിയുകയായിരുന്നു. രാജകുമാരിയെ ചിരിപ്പിക്കുന്നയാൾക്കു് തക്കതായ സമ്മാനം കൊടുക്കുമെന്നു രാജാവു് വിളംബരംചെയ്തിരുന്നു. കൃഷിക്കാരന്റെ ഇളയപുത്രൻ സ്വർണ്ണത്താറാവിനെ കക്ഷത്തിൽവച്ചുകൊണ്ടു് നടക്കുകയായിരുന്നു. അതുകണ്ടു ഒരു സ്ത്രീക്കു് ആ പക്ഷിയിൽ അത്യാഗ്രഹമുണ്ടായി. അവൾ അതിനെ ചെന്നുപിടിച്ചു. അവളുടെ കൈയ് അതിൽ ഒട്ടിപ്പോയി. അവളെ പിടിച്ചുമാറ്റാൻ മാതൃസ്നേഹം അടുത്തു. അവരുടെ അനുഭവവും അത്തഥന്നെ. ഇതുകണ്ടു ഒരു വൃദ്ധൻവന്നു അതിനെ വിടുവിക്കാൻശ്രമിച്ചു. അയാളുടെ കൈയും ഒട്ടിപ്പോയി. ഈ സംഭവം രാജകുമാരി മാളികയിൽ ഇരുന്നുകൊണ്ടു് കാണുകയും തീവണ്ടിപോലെ പോകുന്ന ഈ കൂട്ടികണ്ടു് പൊട്ടിച്ചിരിക്കുകയുംചെയ്തു. രാജാവു് സന്തോഷിച്ചു് ഗ്രാമീണനെ വരുത്തി അയാൾക്കു് ധാരാളം ധനം സമ്മാനമായി നൽകി. അയാൾ കാണിച്ച ദയയാണല്ലോ ഇതിനെല്ലാം കാരണം.

കുമാരി അംബുജം (493)

## ബുദ്ധിചാതുര്യം

★

നേരം ഇരുട്ടി. അങ്ങിങ്ങ് ദീപങ്ങളും എരിയുന്നുണ്ട്. വേലു ഭാര്യയുമൊത്ത് കോലായിലിരുന്ന് വർത്തമാനം പറഞ്ഞുതുടങ്ങി.

ഒരു കള്ളൻ വീട്ടിനുള്ളിൽ പ്രവേശിക്കുന്നതു വേലു കണ്ടു. ബഹളം കൂട്ടുന്നതു അപകടമാണെന്ന് അയാൾക്കുതോന്നി. ബുദ്ധിമാനായ അയാൾ പെട്ടെന്നു ഒരു വിദ്യ എടുത്തു. അയാൾ ഭാര്യയോടുപറഞ്ഞു:

"എടീ, ഞാൻ മരിച്ചുവെന്നും നമ്മുടെ ഈ കുഞ്ഞിനു ഗോപാലൻ എന്നതന്നെ പേരിടണം.....അവനെ നീ 'ഗോപാലാ; ഗോപാലാ...' എന്നതന്നെ വിളിക്കണം. അവൻ ആദ്യമൊക്കെ വിളികേട്ടില്ലെങ്കിൽ— 'ഗോപാലാ—ഓടിവരു, ഓടിവരു, ഗോപാലാ...' എന്നു വിളിക്കണം."

"ഗോപാലാ ഓടിവരു" എന്നിങ്ങനെ ഉച്ചത്തിൽ രണ്ടുതവണകൂടി വേലു വിളിച്ചു. അയൽവാസക്കാരനായ ഗോപാലൻ ഇതുകേട്ട് വടിയുമായി ഓടിയെത്തി. വേലു പതുക്കെ കള്ളനെ ചൂണ്ടിക്കാണിച്ചുകൊടുത്തു.

ബലവാനായ ഗോപാലൻ കള്ളനെ പിടിച്ചുകെട്ടി. വേലുവിന്റെ ബുദ്ധിചാതുര്യത്തിൽ ആളുകളെല്ലാം അയാളെ അനുമോദിച്ചു.

വൈ. തോമസ് (60)
കിളികൊല്ലൂർ.

★

## ഫൗണ്ടൻപേന

ആധുനികമനുഷ്യരുടെ നിത്യോപയോഗസാധനങ്ങളിൽ മുഖ്യമായ ഒരു പങ്കു ഫൗണ്ടൻപേനയ്ക്കുണ്ട്. ഫൗണ്ടൻപേനയുടെ കണ്ടുപിടിത്തത്തിനുമുമ്പ് ആളുകൾ സ്റ്റീൽപേനയാണുപയോഗിച്ചിരുന്നതു. അതു് ഇന്നും ധാരാളം ഉപയോഗിച്ചുവരുന്നുണ്ടെങ്കിലും കൂടുതൽ പ്രചാരവും ഉപയോഗവും ഫൗണ്ടൻപേനയ്ക്കുണ്ട്. ഫൗണ്ടൻപേന ഉണ്ടാക്കിയതു 1848 ലാണ്. റബ്ബറും ശണ്ഡകവുമാണ് ഇതിനുപയോഗിക്കുന്നതു്. ഇതിന്റെ നിബ്ബുംകൂടി അതുകാലത്തു സ്വർണ്ണംകൊണ്ടാണ് നിർമ്മിച്ചിരുന്നതു്. സ്വർണ്ണം പെട്ടെന്നു തേഞ്ഞുപോകുമെന്നുള്ളതുകൊണ്ട്, സ്വർണ്ണവും വെള്ളിയും ചേർത്തുണ്ടാക്കിനോക്കി. അതും പെട്ടെന്നു തേഞ്ഞുപോകുകയാണുണ്ടായതു്. പലതും പരീക്ഷണാനന്തരത്തിനുശേഷം 1822-ാംമാണ്ടിൽ ജോൺഐസക് ഹോക്കിൻസ് എന്ന ഇംഗ്ലീഷുകാരനായ ഒരു എൻജിനീയർ സ്വർണ്ണനിബ്ബിന്റെ അഗ്രത്തിൽ ഇറിഡിയം ഘടിപ്പിക്കാമെന്നു കണ്ടുപിടിച്ചു. ഇറിഡിയം വളരെ കാഠിന്യമുള്ള ഒരു ലോഹമാണ്.

കെ. രാമൻപിള്ള, വെഞ്ഞാറമൂട്,
(62) വയസ്സ് 14.

★

## കലാകാരന്റെ കണ്ടുപിടിത്തം

★

വളരെക്കാലം മുൻപു് ഒരിടത്തു ഒരു കലാകാരനുണ്ടായിരുന്നു. അതി മനോഹരങ്ങളായ അനേകം ചിത്രങ്ങൾ വരച്ച ആ കലാകാരൻ, ലോകത്തിലെ ഏറ്റവും സുന്ദരമായ വസ്തുവിനെ ചിത്രീകരിക്കുവാൻ ആഗ്രഹിച്ചു. എന്നാൽ അതു് എന്താണെന്നു അദ്ദേഹത്തിനു് അറിവില്ലായിരുന്നു. അതേപ്പറ്റി ചിന്തിച്ചുകൊണ്ടു് പൊതുനിരത്തിൽക്കൂടി ഒരുദിവസം അദ്ദേഹം സഞ്ചരിക്കുമ്പോൾ ഒരു മതപുരോഹിതനെ കാണുവാനിടയായി. കലാകാരൻ പുരോഹിതനോടു് "ലോകത്തിലെ ഏറ്റവും സുന്ദരമായ വസ്തുവേ ചിത്രീകരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ അതു് എന്താണെന്നു് എനിക്കറിവില്ല. നിങ്ങൾക്കറിയാമെങ്കിൽ പറഞ്ഞുതന്നാൽ വലിയ ഉപകാരമായിരിക്കും" എന്നു പറഞ്ഞു. "അതിനെന്താണോ പ്രയാസം?" പുരോഹിതൻ പറഞ്ഞു. "ഏതൊരു മതപുസ്തകത്തിലും, ഏതൊരു മതത്തിലും നിങ്ങൾക്കതിനെ കണ്ടെത്തുവാൻ കഴിയും. അതിനെ 'വിശ്വാസം'എന്നു പറയുന്നു. അതുപോലെ സുന്ദരമായ മറ്റൊന്താണു് ഈ ലോകത്തിലുള്ളതു്?"

കലാകാരൻ പുരോഹിതനോടു് യാത്രപറഞ്ഞുപിരിഞ്ഞു. അധികദൂരം പോകുന്നതിനുമുൻപു് അദ്ദേഹം ഒരു നവവധുവിനെ കണ്ടെത്തി. "ലോകത്തിലെ ഏറ്റവും സുന്ദരമായ വസ്തു എന്താണെന്നു നിങ്ങൾക്കറിയാമോ?" കലാകാരൻ അവളോടു ചോദിച്ചു. "അതു എല്ലാവർക്കും അറിയാവുന്ന കാര്യമല്ലേ?" അവൾ പറഞ്ഞു. "പ്രേമം"; അതുതന്നെ ഏറ്റവും സുന്ദരമായതു്. 'പ്രേമ'മില്ലെങ്കിൽ സൗന്ദര്യമില്ല. അതില്ലെങ്കിൽ ലോകവുമില്ല."

കലാകാരൻ തന്റെ യാത്രതുടർന്നു. കുറേദൂരംപോയപ്പോൾ ഒരു പട്ടാളക്കാരൻ അദ്ദേഹത്തിനു നേരെവരുന്നതുകണ്ടു. ആ പട്ടാളക്കാരനോടും അതേ ചോദ്യംതന്നെ അദ്ദേഹം ചോദിച്ചു. പട്ടാളക്കാരൻ പറഞ്ഞു. "ലോകത്തിൽ ഏറ്റവും സുന്ദരമായതു 'സമാധാന'മാണ്. സംശയമില്ല."

"വിശ്വാസത്തേയും, പ്രേമത്തേയും, സമാധാനത്തേയും ഞാൻ ചിത്രീകരിക്കുന്നതെങ്ങനെ?" കലാകാരൻ ചിന്തിച്ചു. ഒടുവിൽ ഇച്ഛാഭംഗത്തോടെ അദ്ദേഹം സഹ്യാദ്രിയിലേയ്ക്കു തിരിച്ചുപോയി.

വീട്ടിനകത്തു പ്രവേശിച്ചപ്പോൾ ലോകത്തിലെ ഏറ്റവും സുന്ദരമായ 'വിശ്വാസം' തന്റെ സന്താനങ്ങളുടെ നേത്രങ്ങളിൽ അദ്ദേഹം കണ്ടു. തന്റെ ഭാര്യയുടെ നേത്രങ്ങളിൽ 'പ്രേമ'വും അദ്ദേഹം ദർശിച്ചു. ഒടുവിൽ 'സമാധാനം' സംഭവനത്തിലും അദ്ദേഹത്തിനു കാണുവാൻ കഴിഞ്ഞു. ഇതുമെല്ലാം കണ്ടുകഴിഞ്ഞപ്പോൾ ലോകത്തിലെ ഏറ്റവും സുന്ദരമായ വസ്തുവിനെ അദ്ദേഹം ചിത്രീകരിക്കുവാൻതുടങ്ങി. ചിത്രം പൂർത്തിയായപ്പോൾ അതു് 'വീടു്' ആണെന്നു് അദ്ദേഹത്തിനു മനസ്സിലായി. അങ്ങനെ, ലോകത്തിലെ ഏറ്റവും സുന്ദരമായ വസ്തു വീടാണെന്നു് ആ കലാകാരൻ കണ്ടുപിടിച്ചു.

എൽ. ശങ്കരനാരായണൻപോറ്റി,
കോട്ടവട്ടം. (അ: നം:192)

---

(ഇംഗ്ലീഷിൽനിന്നു്)

★

## കുട്ടിച്ചേച്ചിക്കുള്ള കത്തു്

പ്രിയപ്പെട്ട കുട്ടിച്ചേച്ചിക്കു്,

പൊന്നുചേച്ചീ, ചേച്ചിയോടു് വളരെനാളുകളായി ചോദിക്കാൻ ആഗ്രഹിക്കുന്ന ഒരു സംശയം പറയട്ടെയോ? ചേച്ചിക്കു് പെൺമക്കളുണ്ടോ ചേച്ചീ. ഉണ്ടെങ്കിൽ ഞങ്ങളെ അറിയിക്കാത്തതെന്തു്? ചേച്ചി, ഞാൻ പാസ്സായി. VI-ഫോമിൽആണു്. ചേച്ചിയുടെ മകനും ഏഴുക്ലാസ്സിലാണു് പഠിക്കുന്നതു്? പേരെന്താണു്? ബാലപംക്തിയിലെ അംഗമാണോ? എന്നെല്ലാം അറിയിക്കണേ? ചേച്ചിയുടെ പ്രിയപ്പെട്ട അനുജത്തി.

കുമാരി ഡി. ശാന്ത 608.

★

## കന്യാകുമാരി

★

പ്രിയപ്പെട്ട കുട്ടിച്ചേച്ചിക്കു്,

ഞാൻ അടുത്തകാലത്തു് മനോഹരമായ കന്യാകുമാരി സന്ദർശിച്ചു. കന്യാകുമാരിയിലെ പ്രകൃതിരമണീയമായ കാഴ്ച കാണേണ്ടതുതന്നെയാണു്. അവിടെയാണു് ബങ്കാൾ ഉൾക്കടലും അറേബ്യൻകടലും ഇൻഡ്യൻ മഹാസമുദ്രവും സന്ധിക്കുന്നതു്. കിഴക്കു് സമുദ്രത്തിൽനിന്നും സൂര്യൻ രാവിലെ പൊങ്ങിവരുന്നതും വൈകിട്ടു സമുദ്രത്തിലേയ്ക്കു മായുന്നതും കാണേണ്ട കാഴ്ചതന്നെയാണു്. നീലനിറമായ വെള്ളത്തിൽനിന്നും സ്വർണ്ണംകൊണ്ടുണ്ടാക്കിയ പന്തുപോലെയാണു് ബാലസൂര്യൻ ഉദിച്ചുയരുന്നതു്. എന്നാൽ സായാഹ്നസൂര്യൻ കടലിനുള്ളിൽ മറയുന്നതു പടിഞ്ഞാറെ ആകാശം മുഴുവൻ വിവിധവർണ്ണങ്ങൾകൊണ്ടു അലംകൃതമാക്കിയശേഷമാണു്. സൂര്യന്റെ ഓരോ ഭാഗവും കൂടുതലായിട്ടു മറയുന്നതു കാണാൻ വളരെ കൗതുകമുണ്ടു്. കന്യാകുമാരിയിൽ കഴിയുന്നതിനു ഏറ്റവും പാടിയ സമയം മഴക്കാലമില്ലാത്ത സായാഹ്നമാണു്. മേടമാസത്തിലെ വെളുത്തവാവുദിവസമാണു് ഞാൻ കന്യാകുമാരിയിൽ പോയതു്. അന്നു വൈകിട്ടു സൂര്യൻ പടിഞ്ഞാറെ കടലിൽ അസ്തമിക്കുന്നതും അതേ സമയത്തു കിഴക്കേക്കടലിൽനിന്നും ചന്ദ്രൻ ഉദിച്ചുയരുന്നതും കണ്ട കാഴ്ച ഞാൻ ഒരിക്കലും മറക്കുകയില്ല. കടപ്പുറത്തുള്ള പാറകളിൽ അലതല്ലുന്ന കാഴ്ചയും മനസ്സിനെ ആനന്ദിപ്പിക്കുന്നതാണു്. ആ കടപ്പുറത്തുകൂടെ പല തരത്തിലുള്ള മണ്ണുകളും ഉണ്ടു്. കറുപ്പും, ചുമപ്പും, മഞ്ഞയും, വെളുപ്പും നിറത്തിലുള്ള മണ്ണുകൊണ്ടാണു് കടപ്പുറം നിറഞ്ഞിരിക്കുന്നതു്. നെടിയരി, നവരി, പൊടിയരി പോലുള്ള മണൽത്തരികളും അവിടെ ശേഖരിക്കാൻ കിട്ടും. ഇൻഡ്യയുടെ നാനാഭാഗങ്ങളിൽനിന്നും ഭക്തന്മാരെ ആകർഷിക്കുന്ന കന്യാകുമാരി ദേവീക്ഷേത്രം തെക്കേ അറ്റത്തു സ്ഥിതിചെയ്യുന്നു. ക്ഷേത്രത്തിന്റെ കിഴക്കും തെക്കുമുള്ള കടൽത്തീരത്തു് കന്യാതീർത്ഥം, സ്ഥാണുതീർത്ഥം, മാതൃതീർത്ഥം, പിതൃതീർത്ഥം മുതലായ പല തീർത്ഥങ്ങളും ഉണ്ടു്. മാതൃതീർത്ഥത്തിലാണു് ഞാൻ കുളിച്ചതു്. എന്റെ സഹോദരീസഹോദരന്മാരിൽ പലരും കന്യാകുമാരി കണ്ടിട്ടില്ലായിരുന്നു. അവരെ കന്യാകുമാരി കാണാൻ പ്രേരിപ്പിക്കുന്നതിനാണു് ഇതു് എഴുതുന്നതു്.

എന്നു്
ചേച്ചിയുടെ കൊച്ചനുജത്തി,
എൽ. ലളിതകുമാരി നായർ (700)
വയസ്സു് 11.

★

## എനിക്കൊരു സംശയം

★

കൊച്ചനുജൻ പി. ഗോപി (നായർ 1001)യുടെ സംശയം അടിസ്ഥാനരഹിതമാണു്. പുസ്തകം അച്ചടിപ്പിച്ചു് പ്രസിദ്ധപ്പെടുത്തുന്നതിനു് ആരുടെയും അനുവാദം ആവശ്യമില്ല. (പത്രാധിപർ)

★

---


## വായനക്കാർ എഴുതുന്നു

★

കഴിഞ്ഞലക്കം മലയാളരാജ്യം ആഴ്ചപ്പതിപ്പിൽ ആലപ്പുഴ ഷാഹിദിന്റെ ഒരു സാധാരണപ്രണയം, എന്ന ചെറുകഥ ഞാൻ വായിച്ചു. സാഹിത്യസംബന്ധമായും വളരെ തെച്ചുമായിട്ടുണ്ടു്. എങ്കിലും ആ നെവീസയുടെ ഭാവി എന്തായിരിക്കുമെന്നാണു് എന്റെ മനസ്സിലുള്ള വിഷമം. ഏതായാലും മനഃക്യാവസ്ഥയിൽ ഇങ്ങനെയൊക്കെ വരാൻ ഇടയുണ്ടു്.

പി. ഭാർഗ്ഗവി.

★



## * അംഗങ്ങളുടെ പേരുവിവരം

(തുടർച്ച)

1489 എസ്. കൃഷ്ണകുമാരി, C/o എ. പി. കുട്ടപ്പൻനായർ, ഫിൽഡ്ഓഫീസർ, മാവേലിക്കര. (ചെറുകഥ)

1490 വി. ഡി. നാരായണൻനായർ, വല്യട്ടത്തു്, കായംകുളം, തിരുവല്ലം. (പുസ്തകപാരായണം)

1491 കെ. രവീന്ദ്രബാബു, വിഭ്യാസദനം, ഉൾട്ടുമ്പലം, നെയ്യാറ്റിൻകര. (കവിത)

1492 സി കെ. വത്സല, C/o സി. ജി. കേശവൻ, ഗവൺമെൻറ്പ്ലീഡർ, കൊല്ലം. (സംഗീതകല)

1493 സി. കെ. ജയചന്ദ്രൻ, ടി ടി ടി (പുസ്തകവായന)

1494 കെ. എൻ. സച്ചിദാനന്ദൻ, കളരിക്കൽവീട്ടു്, കീഴൂർ, കുന്നംകുളം. (കവിത)

1495 എസ്. മുന്നികൃഷ്ണൻനായർ, ഹൃഷീകേശമന്ദിരം, കവടിയാർ, തിരുവനന്തപുരം. (പന്തുകളി)

1496 എസ്. ശശീന്ദ്രൻ, പുത്തൻപുര, കുളർകോട്ടു്, ആലപ്പുഴ, C/o സനാതനപുരം. (തീപ്പെട്ടിലേബൽസൂക്ഷിക്കൽ)

1497 വി. ബാലകൃഷ്ണൻ; കണ്ണാട്ടയ്യിൽവീട്ടു്, കുളർകോട്ടു്, ആലപ്പുഴ. C/o സനാതനപുരം. (തീപ്പെട്ടിലേബൽസൂക്ഷിക്കൽ)

1498 ലക്ഷ്മിക്കുട്ടിയമ്മ, കൊറിക്കുടവീട്ടു്, ആറാവയ്ക്കോരി, പുത്തൂർ. (വായന)

1499 മീലാമ്മ, മാടത്തിൽ, പെരുമനത്തുകര, വൈക്കം. (ചെറുകഥ)

1500 എൻ. ഗോപിനാഥപിള്ള, കണ്ണമ്പള്ളിൽവീട്ടു്, പെരിങ്ങിലിപ്പുറം തെക്കു്, എണ്ണയ്ക്കാടു്. (ലേഖനമെഴുത്തു്)

1501 ഈ. ഷംസുദ്ദീൻ, വെളിയിൽവടക്കതിൽവീട്ടു്, കന്നിമേൽ, കിളികൊല്ലൂർ, കൊല്ലം.

1502 എം. അരവിന്ദബാബു, മങ്ങാട്ടവീട്ടു്, പുളിക്കീഴു്, തിരുവല്ല. (ചെറുകഥ)

1503 പി. ഗോപാലകൃഷ്ണനാശാരി, പുതുവയലിൽവീട്ടു്, കന്നിമേൽ, കിളികൊല്ലൂർ.

1504 കെ. പി. ബാലഗോപാലൻനായർ, കാക്കനാട്ടു് ഹൗസ്സു്, കുമാരനല്ലൂർ, കോട്ടയം.

1505 എൻ. ഗോപാലകൃഷ്ണപിള്ള, ഫോം II ബി. ഡിവിഷൻ എസ്സു്, ഡി. വി. ശാല ആലപ്പുഴ.

1506 എസ്സു്. രാജഗോപാലൻനായർ, ഉണ്ണത്തിൽവീട്ടു് T. C. 1273 കൈതമുക്കു്, തിരുവനന്തപുരം (ചെറുകഥ)

1507 എൻ. ലക്ഷ്മണക്കമ്മത്തു് C/o എൻ. ശ്രീനിവാസക്കമ്മത്തു്, നീലേശ്വരം.

1508 യു. ദാമോദരനായ്ക്കു് C/o യു. വെങ്കിടേശ്വരനായ്ക്കു്, നീലേശ്വരം

1509 യു. ബാലചന്ദ്രനായ്ക്കു്, ടി ടി ടി

1510 എൻ. രാമദാസക്കമ്മത്തു് C/o എൻ. ശ്രീനിവാസക്കമ്മത്തു്, നീലേശ്വരം.

1511 ടി. എം. വാസുദേവൻപിള്ള, തച്ചേത്തു് ലക്ഷ്മിവിലാസം ഏലൂർ, ഉദ്യോഗമണ്ഡലം, ആലുവാ. (സ്റ്റാമ്പുശേഖരണം)

1512 എം. എൻ. നാരായണൻനമ്പൂതിരിപ്പാടു്, മംഗലത്തുമന, നീണ്ടൂർ

1513 എൽ. രാജമ്മ, ശങ്കരമംഗലം, അവണൂർ, കൊട്ടാരക്കര.

1514 എൽ. തങ്കമ്മ, ടി ടി ടി

1515 എൽ. പൊന്നമ്മ, ടി ടി ടി

1516 കെ. ഇന്ദിരാഭായി, ഫോം VI ബി. ഈ. എച്ചു്. എസ്സു്. ഫോർ ഗേൾസ്സു്, മാവേലിക്കര. (തുടരും)

# വിദ്യാഭ്യാസപദ്ധതികൾ

★

## സ്വാർത്ഥമനൽ രാജാജിവരെ ഒരു വിക്ഷണം

★

മല്ലിശ്ശേരി കരുണാകരൻ, പൊവ്വ

വിദ്യാഭ്യാസത്തിന്റെ ഉദ്ദേശം എന്തായിരിക്കണം അതു സാധിക്കുന്നതിനു എന്തു മാറ്റമാണവലംബിക്കേണ്ടതു് എന്നതിനെസംബന്ധിച്ചു പല അഭിപ്രായങ്ങളുമുണ്ടു്. വസ്തുവത്തിൽ വിദ്യാഭ്യാസം മനുഷ്യൻ സ്വയം സമ്പാദിക്കുന്ന ഒരു ചേതനയാണു്. മറ്റൊരുവിധത്തിൽപറഞ്ഞാൽ പരമവ്യക്തനം പരിണതിക്കും അനുസരിച്ചു മനുഷ്യസമുദായം നേടിക്കൊണ്ടേയിരുന്ന അനുഭവസമ്പത്തുമാണു് വിദ്യാഭ്യാസം. അതൊരു ജീവിതകൃത്യമാണു്.

വ്യക്തിയുടേയോ, സമുദായത്തിന്റെയോ, ഭരണകൂടങ്ങളുടേയോ പരമ്പരാഗതത്തിനും അതുപോലെതന്നെ പരിതഃസ്ഥിതിക്കുമനുസരിച്ചാണു വിദ്യാഭ്യാസം എന്നും മുന്നോട്ടു് നീങ്ങിയിട്ടുള്ളതു്. വിദ്യാഭ്യാസം നേടുക എന്നതു വ്യക്തിപരമായ കാര്യമാണെങ്കിലും വിദ്യാഭ്യാസം നൽകുക എന്നതു് ഒരുത്തരത്തിൽ അതതുകാലത്തെ സമുദായമോ സർക്കാരോ യുക്തമെന്നു കരുതുന്ന ക്രമത്തിനനുസരിച്ചാണു് ഉണ്ടായിട്ടുള്ളതെന്നു ചരിത്രദൃഷ്ട്യാ നോക്കുമ്പോൾ കാണാവുന്നതാണു്?

കൃസ്തുവിനും 700 വർഷങ്ങൾക്കു മുമ്പു സ്പാർട്ടയിൽ നൽകിയിരുന്ന വിദ്യാഭ്യാസം കഠിനസൈനികവൃത്തി പ്രധാനമായിരുന്നു. ശത്രുക്കളാൽ ചുറ്റപ്പെട്ട ഒരു പരിതഃസ്ഥിതിയിൽ അതു സ്വാഭാവികവുമാണു്. ഏഴുവയസ്സിനുശേഷം കുട്ടികളെ ഫൈഡോനമസ്സു് എന്ന ഉദ്യോഗസ്ഥനെ ഏല്പിക്കുന്നു. പതിനഞ്ചുവയസ്സുവരെ അയാളോടൊപ്പംതന്നെ താമസിക്കുന്നു. അക്കാലത്തു പുല്ലിൽകിടന്നുറങ്ങുക, സപ്പും മാത്രം ഭക്ഷിച്ചു വിശപ്പുകഴിയുക. നിത്യവും കവാത്തുനടത്തുക സംഹിതയിൽ കാണാത്ത സ്ഥാനമൊന്നുമുണ്ടായിരുന്നില്ല. പതിനെട്ടുവയസ്സുമുതൽ ഇരുപതുവയസ്സുവരെ യുദ്ധകലാഭ്യസനം, ആയുധമേന്തി ആർട്ടുമസ്സ്വേദിയിൽവെച്ചു കഠിനമായ ചമ്മട്ടിപ്രഹരം നിശ്ചലമായും നിശ്ശബ്ദമായും സഹിച്ചുകൊണ്ടു സഹിഷ്ണതപ്രദർശിപ്പിക്കുക (അടിയേറ്റു മരിക്കുകപോലും സാധാരണമാണു്.) ഒരു പരീക്ഷണമാണു്. മുപ്പതുവയസ്സിനുശേഷമാത്രം വിവാഹം. ദുർബലരായ കുട്ടികളെ കൊന്നുകളയുക പതിവായിരുന്നു. ഇതിന്റെയെല്ലാം ഫലമായി മികച്ച യോദ്ധാക്കളുണ്ടായെങ്കിലും ധിഷണാശാലികൾ കാവായിരുന്നു

ഏതൻസ്സിലെവിദ്യാഭ്യാസമാവട്ടെ കലാപ്രധാനമായിരുന്നു. സാഹിത്യം സംഗീതം മുതലായവയുടെ പൂർത്തൽഫലമായുണ്ടായി. അവിടെ ഉണ്ടായിരുന്ന രണ്ടുതരം വിദ്യാലയങ്ങളിൽ ഒന്നിൽ സംഗീതം. കല, സാഹിത്യം മുതലായവയും മറ്റതിൽ ദേഹസേവനപരമായ വിഷയങ്ങളും പഠിപ്പിച്ചുവന്നു. തൽഫലമായുണ്ടായ പരിതഃസ്ഥിതിയിൽനിന്നു ധീരദേശാഭിമാനികളോടൊപ്പം സോക്രട്ടീസ്, അരിസ്റ്റോട്ടൽ, പ്ലേറ്റോ മുതലായ തത്വചിന്തകന്മാരും വിദ്യാഭ്യാസവിചക്ഷണന്മാരും ജന്മമെടുത്തു.

റോമിലെ വിദ്യാഭ്യാസം ആദ്യം ഗ്രീക്ക് സമ്പ്രദായത്തിനനുസരിച്ചും പിന്നെ ഗ്രീസിൽനിന്നു വിമുക്തമായതിനുശേഷം സ്വന്തമായ ചില പരിവർത്തനങ്ങളോടെയും പുരോഗമിച്ചു. കളിക്കും വ്യായാമത്തിനും പ്രാധാന്യം കൂടി. ഗണിതം, ജ്യാമിതിശാസ്ത്രം, പ്രസംഗകല മുതലായവയും പഠിപ്പിച്ചുവന്നു. ക്രിസ്തുമതപ്രചരണത്തോടെ സന്യാസവൃത്തി പരലോകചിന്തനംമുതലായവ വർദ്ധിച്ചു. അതിനനുസരിച്ചുള്ള വിദ്യാഭ്യാസം പള്ളികളിൽവെച്ചുമായി. ബൈബിൾ പഠനത്തിനും പ്രാർത്ഥനയ്ക്കും പ്രാധാന്യംകൂടി, അദ്ധ്യാപകന്മാർ പാതിരിമാരായിത്തീർന്നു. സാധാരണ ജനങ്ങൾക്കും വിദ്യാഭ്യാസം കിട്ടിത്തുടങ്ങി. ഇസ്ലാമിന്റെ പ്രചാരം മാറ്റു ചില പരിവർത്തനങ്ങളും വരുത്തി.

ഭാരതത്തിലാവട്ടെ, യജ്ഞത്തിനും മന്ത്രത്തിനും പ്രാധാന്യമുണ്ടായിരുന്ന വൈദികകാലത്തു അതിനനുസരിച്ചു വിദ്യാഭ്യാസമാണു് നൽകപ്പെട്ടിരുന്നതു്, ഗുരുകുലം മുഖേന. ഗുരുവിനു സമുദായത്തിൽ അത്യുന്നതസ്ഥാനമാണുണ്ടായിരുന്നതു്. ഗുരുശുശ്രൂഷകൊണ്ടു ശിഷ്യതപമുള്ള, രാജകുമാരനായാലുംകൊള്ളാം. ഗുരു ബ്രാഹ്മണനായിരുന്നു. ശിഷ്യന്മാർ എങ്ങിനെയുള്ളവരായാലും ഗുരുസന്നിധിയിൽ ഒന്നുപോലെയായിരുന്നു. എന്നാൽ സമുദായത്തിൽ ജാതിവ്യവസ്ഥ വന്നതോടെ അനിന്നസരിച്ച മാറ്റം, ഗുരുശിഷ്യബന്ധത്തിലും പഠനക്രമത്തിലും പഠനകാലാവധിയിലും, വന്നു. ശൂദ്രർക്കുവട്ടെ പഠിപ്പിനുള്ള തൊരേർപ്പാടും ഇല്ലാതെയായി. ഏകലവ്യനൊരുകഥ പ്രസിദ്ധമാണല്ലോ. എന്നാലും എന്തുതന്നെസംഭവിച്ചാലും ശിഷ്യന്റെ ഗുരുഭക്തിക്കു യതൊരുകുറവും വന്നിരുന്നില്ല. പഠിപ്പു വരമൊഴിമുഖേന. ഗുരുവിന്റെ ആശീർവാദംതന്നെയായിരുന്നു സർട്ടിഫിക്കറ്റ്.

ഈ വൈദിക അഥവാ ബ്രാഹ്മണ, വിദ്യാഭ്യാസത്തിനു ശേഷം ബൌദ്ധവിദ്യാഭ്യാസം പ്രാധാന്യമർഹിക്കുന്നു. വൈദികവിദ്യാഭ്യാസസമ്പ്രദായത്തിന്റെ ഒരു മഹാവിഭാഗമായിരുന്നുഅതു്. ജാതിഭേദമില്ല; ബ്രാഹ്മണർക്കു മാത്രമല്ല യോഗ്യരായ ആർക്കും അദ്ധ്യാപകരാവാം. വിദ്യയുടെ കവാടം സകലർക്കുമായി മലർക്കെ തുറന്നുകിടന്നു. ബുദ്ധഭിക്ഷുക്കളും വിഹാരങ്ങളിൽവെച്ചു വിദ്യാഭ്യാസം നൽകിപ്പോന്നു. എട്ടുവയസ്സുമുതൽ പന്ത്രണ്ടുകൊല്ലം ഗുരുശുശ്രൂഷ ചെയ്യുകൊണ്ടു വിഹാരങ്ങളിൽ താമസിക്കുക, ഭിക്ഷാടനം നടത്തി കഴിക്കുക. ആ പന്ത്രണ്ടുകൊല്ലവും ഒരുതരത്തിൽ ഭിക്ഷുജീവിതംതന്നെ. പഠനം അധികവും ചോദ്യോത്തരരൂപത്തിലും വരമൊഴിയിലുംതന്നെ. പക്ഷെ ചിലേടത്തു വരമൊഴിയിലും നൽകിപ്പോന്നു. വിഷയം, വ്യാകരണം, ശില്പം, കല, ചികിത്സ, തത്വശാസ്ത്രം മുതലായവ. വിനോദങ്ങൾക്കു മല്ലയുദ്ധം സ്ഥാനമില്ല.

ഇസ്ലാമിന്റെയും മുസ്ലിം ഭരണാധികാരികളുടെയും വരവും അവരുടെ മതപ്രചരണശ്രമവും കാരണം വിദ്യാഭ്യാസത്തിൽ മറ്റൊരു മാറ്റം സംഭവിച്ചു. മക്തബും മദരസയും തുറക്കപ്പെട്ടു; അതോടൊപ്പം ഖുർആൻ പഠനവും ആരംഭിച്ചു. പള്ളിയോടുചേർന്നുള്ള മക്തബിൽവച്ചു മതപുരോഹിതൻ ഇസ്ലാമിനെയും ഖുർ-ആനെയുംകുറിച്ചു പഠിപ്പിച്ചുപോന്നു. മക്തബിനെക്കാൾ ഉയർന്ന മദരസയിൽവെച്ചു നീതി, തത്വശാസ്ത്രം, ഗണിതം, നിയമം മുതലായവയും പഠിപ്പിക്കപ്പെട്ടു. പക്ഷെ മദരസയിൽ അധികസമയവും ചിലവഴിച്ചിരുന്നതു അറബിയും അന്നത്തെ രാജഭാഷയായ പേർസ്യൻ മാഷയും പഠിപ്പിക്കുന്നതിനായിരുന്നു. മുസ്ലിമിങ്ങളുടെ ഭരണശക്തി വർദ്ധിച്ചതോടെ ചില ഹിന്ദുക്കളും അറബിയും പേർസിയും പഠിച്ചു. അതുപോലെതന്നെ ചില മുസ്ലിമിങ്ങളും സംസ്കൃതവും പഠിച്ചു. അങ്ങിനെ സംസ്കാരികവും സാഹിത്യപരവുമായ ചില കൊള്ളക്കൊടുക്കലും നടന്നു.

ഭാരതീയ ഇസ്ലാമീകസംസ്കാരങ്ങളുടെ ഭിന്നമായും കൂടായുമുള്ള ഈ പ്രവാഹത്തിൽ ഇംഗ്ലീഷുഭാഷയും സംസ്കാരവും ഒരു ജേതാവിന്റെ പ്രൌഢിയോടുകൂടെ കടന്നുവന്നു. തങ്ങളുടെ സംസ്കാരത്തോടും സമ്പ്രദായങ്ങളോടും കൂറും ഭക്തിയുമുള്ള ഒരു ഉദ്യോഗവർഗ്ഗത്തെ സൃഷ്ടിക്കുകയായിരുന്നു അവരുടെ ഇവിടുത്തെ വിദ്യാഭ്യാസലക്ഷ്യം. ഇതിൻ അറബി സാഹിത്യങ്ങളോടു അവർക്കു പുച്ഛമായിരുന്നു. "ഇന്ത്യയിലേയും അറേബ്യയിലേയും സമസ്തസാഹിത്യത്തെക്കാളും എത്രയോ മീതെയാണേ് യൂറോപ്പിലെ ഒരു ചെറുഗ്രന്ഥശാല" എന്നു പറഞ്ഞ മെക്കാളെയുടെ അതേ പുച്ഛമനോഭാവം അവർ സൃഷ്ടിച്ച വിദ്യാസമ്പ്രദായത്തിനും കൂടിവെയ്ക്കുവാൻ അവർക്കു കഴിഞ്ഞു.

പതിനെട്ടാംനൂറ്റാണ്ടിൽ റൂസോ (1712—1778) വിന്റെ കാലത്തോടുകൂടി വിദ്യാഭ്യാസരംഗത്തിൽ കാര്യമായ മാറ്റം സംഭവിച്ചു. അതുവരെയുണ്ടായിരുന്ന വിദ്യയ്ക്കുവേണ്ടി വിദ്യാർത്ഥികൾ എന്ന ധാരണ മാറി വിദ്യാർത്ഥികൾക്കുവേണ്ടി അയിരിക്കണം വിദ്യ എന്ന ബോധം വളർന്നുതുടങ്ങി.

സാമുദായികമായ സുഖത്തിനും ശാന്തിക്കും പ്രകൃതികമായ വ്യവസ്ഥ ആവശ്യമാണെന്നു റൂസോ കണ്ടു. ഈ ഒരു ബോധത്തോടെ അദ്ദേഹം അന്നു നിലവിലുണ്ടായിരുന്ന വിദ്യാഭ്യാസവ്യവസ്ഥയേയും സമുദായത്തേയും ഭരണകൂടത്തേയും എതിർത്തു. അദ്ദേഹം പ്രകൃതിവ്യവസ്ഥയ്ക്കനുസരിച്ചും നൈസർഗ്ഗികമായ, ഒരു വിദ്യാഭ്യാസവ്യവസ്ഥ വിഭാവനംചെയ്തു. അദ്ദേഹം ഇച്ഛത്തിൽ ആഹ്വാനം ചെയ്ത "പ്രകൃതിയിലേക്കു മടങ്ങുക" എന്നു്. കാരണം പ്രകൃതിയിൽനിന്നു ലഭിക്കുന്ന വസ്തുക്കളെല്ലാം സുന്ദരങ്ങളാണു്. മനുഷ്യന്റെ കയ്യിൽകിട്ടുമ്പോഴാണു് അവ വികൃതമാവുന്നതു്. നമുക്കു് ഇഷ്ടമുള്ളതെല്ലാം എഴുതിച്ചേർക്കുന്ന ഒരു സ്ലേറ്റാണല്ലൊ കുട്ടിയെന്നും, കുട്ടിയെ പ്രകൃതിയിലേക്കുവിടുക, അവൻ പ്രകൃതിയുടെ വിശാലമായ മടിത്തട്ടിൽനിന്നു ജ്ഞാനം ജ്ഞാനം ചെയ്യട്ടെ എന്നും അദ്ദേഹം വീണ്ടും വീണ്ടും ഉൽഘോഷിച്ചു.

പ്രസിദ്ധ ജർമ്മൻ വിദ്യാഭ്യാസവിദഗ്ദ്ധനായ പെസ്റ്റലോസ്സി (1746-1826) റൂസ്സോവിന്റെ ആശയത്തിനു ഒരു നവീനരൂപംനൽകി.

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം മനുഷ്യനെ സ്വതന്ത്രനും സ്വയംപര്യാപ്തനുമാക്കുകയാണെന്നു പെസ്റ്റലോസ്സി വിശ്വസിച്ചു. അതിനുവേണ്ടി അദ്ദേഹം ഒരു പുതിയ വിദ്യാഭ്യാസരീതി ആവിഷ്കരിച്ചു. അതിന്റെ അടിസ്ഥാനതത്വങ്ങൾ ഇവയാണു്.

1. കുട്ടിയുടെ സ്വാഭാവികവളർച്ചയ്ക്കനുസരിച്ചു വിദ്യാഭ്യാസം നൽകുക.
2. കുട്ടിയുടെ ഇന്ദ്രിയങ്ങളുടെ വികാസത്തിനു പ്രാധാന്യം കൊടുക്കുക.
3. കുട്ടിയുടെ ചുറ്റുപാടുകളിൽനിന്നു വിദ്യാഭ്യാസം നൽകുക.
4. കുട്ടിയുടെ സ്വാഭാവികവാസനകൾക്കനുസരിച്ചു വിദ്യാഭ്യാസം നൽകുക.
5. കുട്ടിയുടെ സ്വാഭാവികവാസനകൾക്കനുസരിച്ചു വിദ്യാഭ്യാസം നൽകുക.

(5-ംപേജിൽനിന്നും തുടർച്ച)

മദ്രാസ് സർക്കാരുദ്യോഗത്തിൽനിന്നു പ്രസിദ്ധപ്പെട്ടുവാനിരിക്കുന്ന ഡോ: രാഘവന്റെ ഗ്രന്ഥം ഈ പുസ്തകത്തിന്റെ ഏഴിരട്ടിയുണ്ടായിരിക്കുമെന്നു വിശ്വസിക്കുന്നു.

ഒരു സംഗീതജ്ഞനെക്കുടിയായ ഡോ: രാഘവൻ ജൂൺ 29-ംനു ബ്രസൽസിൽവച്ചു് സംഗീതവിദ്യാഭ്യാസത്തെക്കുറിച്ചുലോകിക്കാൻ കൂട്ടുന്നയുന്നതും സമ്മേളനത്തിലും സൈബീരിൽ പാരീസിൽ സമ്മേളിക്കുന്ന സംഗീതകുകിക പൗരസ്ത്യസമ്മേളനത്തിലും പങ്കെടുക്കുന്നതാണു്.

★

അദ്ദേഹം കുട്ടിയെ ഒരു വിത്തിനോട് പമിച്ചു. വിത്തിൽവൃക്ഷം അടങ്ങിയിരിപ്പുണ്ടല്ലോ. കുട്ടിയുടെ വ്യക്തിത്വത്തിന്റെ വികാസത്തിനു ശരിയായ, സ്വാഭാവികമായ സാഹചര്യം ഉണ്ടായിരിക്കുക ആവശ്യമാണ്. നമുക്കിഷ്ടമുള്ളതു് നിറയ്ക്കുവാനുള്ള ഒരു ഒഴിഞ്ഞ കുപ്പിയല്ല കുട്ടിയെന്നു പറഞ്ഞുകൊണ്ടു് അദ്ദേഹം കുട്ടിയെ കൂട്ടുതൽ വ്യക്തമാക്കി. കുട്ടിയുടെ പൂർണ്ണമായ വികസനത്തിനും, ഉള്ളിൽ ഒളിഞ്ഞുകിടക്കുന്ന കഴിവുകളെ പൂർണ്ണമായ ശക്തിയിൽ പുറത്തു കൊണ്ടുവരുന്നതിനും ജ്ഞാനേന്ദ്രിയങ്ങളെ തികച്ചും ഉപയോഗപ്പെടുത്തുന്ന ഒരു വ്യവസ്ഥ അദ്ദേഹം ആവിഷ്കരിക്കുകയും ചെയ്തു. അതിൽ പുസ്തകത്തേക്കാൾ വസ്തുക്കളെ നേരിട്ടു കണ്ടുകൊണ്ടുള്ള അനുഭവനിരീക്ഷണത്തിനാണ് പ്രാധാന്യം. അങ്ങിനെ കുട്ടി ബാഹ്യലോകത്തിലെ യഥാർത്ഥവസ്തുക്കളുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ജ്ഞാനം നേടുന്നു. അദ്ധ്യാപകനാവട്ടെ ബൌദ്ധികവികാസത്തിനുതകുന്ന അവസരം പ്രദാനംചെയ്യുന്നു. പെസ്റ്റോളജിയെ മാറ്റ വിദ്യാഭ്യാസവിദഗ്ദ്ധരും ഏറ്റെടുത്തു.

പക്ഷേ പെസ്റ്റോളജിയുടെ പല തിയിൽ മനശ്ശാസ്ത്രപരമായ ചില കുറവുകളുണ്ടായിരുന്നു. ആ കുറവുകളെ പരിഹരിച്ചുകൊണ്ടു ജർമ്മനിയിലെ പ്രസിദ്ധ മനഃശ്ശാസ്ത്രജ്ഞനായ ഹെർബ്ബർട്ട് (1776—1841) കൂടുതായ പലതും ചെയ്തു. മനസ്സ് എങ്ങിനെയാണ് ജ്ഞാനം ഗ്രഹിക്കുന്നതു എന്നു അദ്ദേഹം വിശദമായി വിശകലനംചെയ്തു. അതനുസരിച്ചു അഞ്ചു സോപാനങ്ങളടങ്ങുന്ന ഒരു പഠനക്രമവും അദ്ദേഹം നിർദ്ദേശിച്ചു. നിരീക്ഷണത്തിനു അത്യധികമായ പ്രാധാന്യം നൽകി.

പക്ഷേ ഹെർബ്ബർട്ട്, പെസ്റ്റോളജിയുടെ, പ്രകൃതിയുമായുള്ള ഊന്നുബന്ധത്തെ ഏറ്റവും ക്ലാസ്സുമുറികളിലൊതുക്കിക്കളഞ്ഞു. ഇതിനു ഫ്രോയിബൽ (1753—1852) എതിരേയിരുന്നു. കുട്ടികളുടെ പ്രകൃതിയുമൊത്തുള്ള സ്വാഭാവികവികാസത്തെ അദ്ദേഹം കൂടുതൽ ഇഷ്ടപ്പെട്ടു. അദ്ദേഹം ഹെർബ്ബർട്ടിനെപ്പോലെ വിദ്യാഭ്യാസം മനസ്സ് ഗ്രഹിക്കുന്ന ഒരു വസ്തുവായിട്ടല്ലാ വികാസത്തിനുള്ള ക്രിയയായിട്ടാണ് കരുതുന്നതു്.

അങ്ങിനെ വിദ്യാഭ്യാസം ചിലപ്പോൾ സാധ്യമായും ചിലപ്പോൾ സാധനമായും മാറിക്കൊണ്ടിരുന്നതാണിക്കാലം. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തെസംബന്ധിച്ചും പലേ അഭിപ്രായങ്ങളും ഉണ്ട്. വിദ്യാഭ്യാസോദ്ദേശം "സത്യം ദർശിപ്പിച്ചു അതിനനുസരിച്ചു പെരുമാറുവാൻ പഠിപ്പിക്കയാവണം" (സോക്രട്ടീസ്) 'വ്യക്തിത്വവികസനമാവണം' (പ്ലേറ്റോ) "സുഖപ്രാപ്തിയാവണം" (അരിസ്റ്റോട്ടിൽ) "സാർവ്വഭൌമമായ തിപ്പേ" (ശങ്കരാചാര്യർ) കുട്ടിയെ എഴുത്തിനും വായനയ്ക്കുംവേണ്ടി ബലികഴിക്കുകയല്ല അവന്റെ വികസനം പ്രകൃതിക്കനുകൂലമാക്കിത്തീർക്കുക (റൂസ്സോ) വ്യക്തിയെ സ്വാവലംബിയാക്കി മുക്തിക്കു് യോഗ്യനാക്കിത്തീർക്കുക (ഗാന്ധിജി) എന്നുതുടങ്ങി ശാരീരികമെന്നും മൈതികമെന്നും, സംസ്കാരികമെന്നും ജീവിതപൂർണ്ണതയെന്നും, ജീവികോപാർജ്ജനമെന്നും പലതരത്തിലായി പലരും കരുതിവന്നു.

ഉദ്ദേശം എന്തായാലും അതു സാധിക്കേണ്ടമാർഗ്ഗത്തെസംബന്ധിച്ചു, പ്രകൃതിയിലേക്കുമടങ്ങുക എന്ന റൂസ്സോവിന്റെ ആഹ്വാനത്തെത്തുടർന്നു പല നവീനപദ്ധതികളും ജന്മമെടുത്തു. അവയിൽ ചിലതിലേക്കു സപ്തമായി കണ്ണോടിക്കാം.


റൂസ്സോ പ്രഖ്യാപിച്ചതിങ്ങനെയാണ്: കുട്ടിയുടെ മനസ്സ് ജന്മനാ നിർമ്മലമാണ്. കുട്ടിയുടെ വികസനത്തിനു പൂർണ്ണമായ സ്വാതന്ത്ര്യംനൽകണം. വിദ്യാഭ്യാസം അവന്റെ ആവശ്യത്തിനനുസരിച്ചുള്ളതാവണം കുട്ടിയുടെ സ്വാഭാവികമായ കൌതുകവും ഭാവനയും പൂർണ്ണമായും ഉപയോഗപ്പെടുത്തണം. സ്വയം ചിന്തിക്കുന്നതിനുള്ള സ്വാതന്ത്ര്യംനൽകണം. ഉപദേശമല്ല അനുഭവപാഠമാവണം അടിസ്ഥാനം. അതിനു പ്രകൃതിയിലേക്കു മടങ്ങുക. പക്ഷേ റൂസ്സോ ഇവയ്ക്കൊരു വ്യവസ്ഥിതരൂപം നൽകിയില്ല.

റൂസ്സോവിന്റെ അഭിപ്രായങ്ങൾക്കു് ഒരു വ്യവസ്ഥിതരൂപം നൽകാൻ ആദ്യമായി ശ്രമിച്ചതു പെസ്റ്റോളജിയാണ്. സ്വയം ഒരദ്ധ്യാപകനായിരുന്ന അദ്ദേഹം തന്റെ വിദ്യാലയത്തിൽവെച്ചു പരീക്ഷണംനടത്തി. കൂട്ടുതൽ ഗവേഷണത്തിനുള്ളമാർഗ്ഗവും തുറന്നു. ചില അദ്ധ്യയനവിധികളും അദ്ദേഹം ഉണ്ടാക്കി. കുട്ടിയെ നിരീക്ഷണംചെയ്യാൻ നിശ്ചയിച്ചു. അദ്ധ്യയനത്തിന്റെ അടിസ്ഥാനംതന്നെ നിരീക്ഷണത്തിൽ പടുത്തുകെട്ടി. പുസ്തകജ്ഞാനത്തെക്കാൾ വസ്തുനിരീക്ഷണം വഴി അനുഭവജ്ഞാനത്തിനു പ്രാധാന്യം കൈവന്നു. എങ്കിലും പഠനക്രമത്തിനു വേണ്ടത്ര ഒരു വ്യവസ്ഥിതരൂപം അദ്ദേഹവും നൽകിയില്ല.

ഹെർബ്ബർട്ട് മുഴുവൻകാര്യങ്ങളും മനഃശാസ്ത്രാടിസ്ഥാനത്തിൽ വീക്ഷിച്ചു. മനസ്സ് ജ്ഞാനത്തെ എങ്ങിനെ ഗ്രഹിക്കുന്നു എന്ന തന്റെ അന്തർബോധസിദ്ധാന്തപ്രകാരം; കുട്ടിയുടെ പൂർവ്വസഞ്ചിതജ്ഞാനത്തോടു കോർത്തുകൊണ്ടു് നവീനവിജ്ഞാനത്തെ ഘടിപ്പിക്കുവാനുള്ള പദ്ധതി അദ്ദേഹം ആസൂത്രണംചെയ്തു. അതിൽ വിഷയങ്ങളുടെ അന്യോന്യശ്രേയിതത്വത്തിനും നിരീക്ഷണത്തിനും അത്യധികമായ പ്രാധാന്യം കല്പിക്കപ്പെട്ടു. ഇവയെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ടു് അഞ്ചുസോപാനങ്ങളുള്ള ഒരു പഠനക്രമം മനഃശാസ്ത്രാടിസ്ഥാനത്തിൽ അദ്ദേഹം തയ്യാറാക്കി. പക്ഷേ തുറന്ന പ്രകൃതിയെ ഉന്നംവച്ചുകൊണ്ടുള്ള റൂസ്സോവിന്റെയും പെസ്റ്റോളജിയുടേയും പ്രയാണത്തെ ഹെർബ്ബർട്ട് ഏറ്റവും ക്ലാസ്സുമുറികളിലൊതുക്കിക്കളഞ്ഞു.

ഫ്രോയിബൽ ആവട്ടെ വീണ്ടും പ്രകൃതിയിലേക്കുതന്നെ തിരിഞ്ഞു. സൃഷ്ടിയുടെ സർവ്വപദാർത്ഥങ്ങളിലും ഒരു ശാശ്വതസത്യം വർത്തിക്കുന്നുണ്ടെന്നും ആ ഒരു സർവ്വഭൌമികൈകതത്ത്വത്തിലോട്ടെത്തുകയാവണം വിദ്യാഭ്യാസത്തിന്റെ ഉദ്ദേശമെന്നും അദ്ദേഹത്തിനഭിപ്രായമുണ്ട്. അതിനു കുട്ടിയുടെ സൈസ്വഭാവത്തിനു വികസിപ്പിക്കുക, പഠനത്തിനു സ്വതന്ത്രമായ സാഹചര്യമുണ്ടായിരിക്കുക, ഇതിനെ രണ്ടിനെ കൂട്ടിയിണക്കുന്ന കണ്ണിയായ കളിയിൽക്കൂടെ പഠനം സാധിക്കുക, സാമൂഹ്യബോധം വളർത്തുക, ക്രിയാത്മകമായ അഭിവ്യക്തി സാധിക്കുക മുതലായവ ആവശ്യമാണ്. അതിനായി അദ്ദേഹം ഇരുപതോളം ഉപകരണങ്ങളും നിർമ്മിച്ചു. മനുഷ്യന്റെ ജന്മനാഉള്ള മൂലപ്രേരണകളിൽ (Instinoto)കൂടി, അവയെ തികച്ചും ഉപയോഗപ്പെടുത്തിക്കൊണ്ടു് കാര്യം നേടാമെന്നും അദ്ദേഹം കണ്ടു. കുട്ടികളുടെ സാമാന്യവൃത്തി (General Tendencies കളിൽ കളിയെ, "സ്വയം നിയന്ത്രിതഇച്ഛനക്രിയ" യെ ജ്ഞാനാർജ്ജനത്തിനുള്ള പ്രധാനസാധനമായിഅദ്ദേഹംകരുതി. ഇവയുടെയെല്ലാം അടിസ്ഥാനത്തിലുള്ളതാണ് അദ്ദേഹത്തിന്റെ 'കിൻഡർഗാർട്ടൻ" പദ്ധതി. അതനുസരിച്ചു്, വിദ്യാലയം തോട്ടവും അധ്യാപകൻ തോട്ടക്കാരനുമത്രെ. പ്രകൃതിയുടെ മടിയിൽ കുട്ടികൾക്കു കൂട്ടുചേർന്നുകഴിയുന്നതിനുള്ള പൂർണ്ണസ്വാതന്ത്ര്യമുണ്ട്.

ഇറാലിക്കാരിയായ മേഡം മേരിയ മോണ്ടിസോറി 1870)യും അവരുടെ പദ്ധതിയും പ്രസിദ്ധമാണല്ലോ. മോണ്ടിസോറിപദ്ധതി കുട്ടിയുടെ പൂർണ്ണമായ വ്യക്തിത്വവികസനത്തെ സംബന്ധിച്ചിടത്തോളം മനശ്ശാസ്ത്രപരമാണ്. (അതിന്റെ ചില വശങ്ങളെ ചില മനശ്ശാസ്ത്രവിഭാഗമെന്നും പറഞ്ഞിട്ടുണ്ട്.) അതിനനുസരിച്ചു ഒരു പഠനയന്ത്രവും (ഡയഡക്ടിക് ആപരേറ്റസ്) അവർ നിർമ്മിച്ചു. ഓരോ കുട്ടിക്കും അവനവന്റെതായ ഒരു വ്യക്തി വൈശിഷ്ട്യമുണ്ടെന്നും. അതു വികസിപ്പിച്ചു അവനിൽ പൂർണ്ണമായ വ്യക്തിത്വവികാസം സാധ്യമാക്കുക, അതിനൊത്ത സാഹചര്യം സൃഷ്ടിക്കുക, കുട്ടി തന്റെ രുചിക്കൊത്തകാര്യം ഇഷ്ടാനുസരണം ചെയ്യുക, സമയനിഷ്ഠയമൊന്നുമില്ല. അദ്ധ്യാപിക (അദ്ധ്യാപകനെക്കാൾ അദ്ധ്യാപിക യ്ക്കാണ് പ്രാധാന്യം) മാർഗ്ഗനിർദ്ദേശികമാത്രം. പഠനകാര്യത്തിൽ വൈയക്തികമായ കളിക്കു വലിയ പ്രാധാന്യമുണ്ട്. പക്ഷേ അനുകരണത്തിനു സന്ദർഭം കുറവാണ്. പെൺകുട്ടികൾക്കു് ഭക്ഷണം പാകംചെയ്യൽ തുന്നൽവേല മുതലായ വീട്ടുകാര്യങ്ങളിൽ പരിശീലനംനൽകുക.


ഉഷാ ഫാനുകൾ

പ്രതിരിധിത്ത പ്രവർത്തനശേഷി സ്ട്രീംലൈൻചെയ്തു വെടിപ്പായി നിർമ്മിച്ചതു്. കുറഞ്ഞ കാൻറ് ചിലവുള്ളതും ഏറ്റവും ശേഷിമത്തായ മോട്ടോറും. എല്ലാ സ്ഥലങ്ങളിലും അഴകും സുഖവും വർദ്ധിപ്പിക്കുന്നു. 60", 56", 48". 36"—220 വോൾട്ട് 50 സൈക്കിൾസ്.

ജയ് എൻജിനിയറിംഗ് വർക്സ് ലിമിറ്റഡ്,

കല്ലൂട്ട.

സർക്കിൾസെയിൽസ് ഓഫീസ്: 7, സെക്കൻറ് ലൈൻബീച്ച് മദ്രാസ്-1.

തെന്നിന്ത്യയിലെ ഏജൻറുമാർ:—

അലൈഡ് ഇൻഡസ്ട്രിയൽ ഡിസ്ട്രിബ്യൂട്ടേഴ്സ് ലിമിറ്റഡ്,

7 സെക്കൻറ് ലൈൻബീച്ച്, മദ്രാസ്-1.




# പശ്ചാത്താപം

★

ഗ്രന്ഥകർത്താ,
ഡോ: പി. കെ. വറുഗീസ്, എം. ബി. ബി. എസ്.
കണ്ണാത്തുപത്തി – കൊല്ലം.

വി. ശ്രേ: 2.

സംസ്കൃതത്തിൽ വ്യാകരണം ശരിക്കഭ്യസിച്ചാൽ പിന്നെ നിബന്ധനകളുടെ നിശിതനിയന്ത്രണംകൊണ്ട് ശ്വാസംമുട്ടിക്കുന്നതാണ് അതിലെ നടകപ്രസ്ഥാനം. വ്യാകരണം ദിശാസ്രുങ്ങളും കാവ്യങ്ങളും സംസ്കൃതത്തിൽ നിബന്ധനംചെയ്യുന്നതിനുള്ള കഴിവ് മലയാളികൾ വേണ്ടത്ര പ്രകടമാക്കിയിരുന്നെങ്കിലും നാടകനിർമ്മാണത്തിൽ വാജ്യംവരിക്കാൻ അവയ്ക്കിന്നോളം സാധിച്ചിട്ടില്ല എന്നുള്ളതു് ഈ ന്റെ ദുഷ്കൃതത്തിനു് മതിയായ തെളിവാണ്. എന്നാൽ എസ്. ഡി. റെഡ്യാരുടെ കാലത്തുള്ള വിദ്യാഭിവർദ്ധിനി പുസ്തകയിവർപ്പട്ടിക പരിശോധിക്കുന്നപോ രാജാജി പ്രാഥമിക വിദ്യാഭ്യാസരംഗത്തിലും അപ്രധാനമല്ലാത്ത ഒരു ചുവടുവെച്ചിരിക്കുന്നു. അതുപ്രകാരം വിദ്യാർത്ഥികളെ രണ്ടു ക്ലിപ്തറായി തരംതിരിക്കുന്നു. ഗാന്ധിയൻ പദ്ധതിയിൽ തൊഴിലും പഠനവും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. അതിൽ സ്വന്തംപ്രയത്നംകൊണ്ടു് ഉപയോഗപ്രദമായ ഒരുവസ്തു രൂപംകൊള്ളുന്നതു കണ്ടുകൊണ്ടാണ് കുട്ടി വിഷയങ്ങൾ പഠിക്കുന്നതു്. രാജാജി പദ്ധതിയിൽ തൊഴിലും വിദ്യാഭ്യാസവും രണ്ടായിട്ടും രണ്ടിടത്തായിട്ടും തരംതിരിച്ചിരിക്കുന്നു. ഒന്നിൽ പഠിപ്പിക്കുന്നതിനായി പഠിച്ച അദ്ധ്യാപകനിൽകൂടി തൊഴിൽ പരിശീലിക്കുന്നു, മറ്റതിൽ ജീവിക്കുന്നതിനായി പഠിച്ച തൊഴിലുമായി താദാത്മ്യംപ്രാപിച്ചു, തൊഴിൽവിദഗ്ദ്ധനിൽകൂടി പഠിക്കുന്നു. ഒന്നു ഏറക്കുറെ പ്രേരകമാണ്, മറ്റേതു സ്വയംപ്രേരയാണ്. വസ്തുജ്ഞാനത്തിൽകൂടി വിഷയജ്ഞാനം എന്നതത്വം കുറെക്കൂടി മനഃശാസ്ത്രപരമാണ്. ബാല്യാവസ്ഥയിലുള്ള ചെറുകുട്ടികളെ വളരെ മണിക്കൂറുകളോളം സ്കൂളിൽ അടച്ചിടുക എന്നതു മനശ്ശാസ്ത്രവിരുദ്ധവുമാണ്. കൃഷിയുമെന്തു സ്വതന്ത്രമായി കളിച്ചുവളരുന്നതിനു വേണ്ടത്ര സമയം കുട്ടികൾക്കു കിട്ടേണ്ടതാണ്. കാലദേശാവസ്ഥകൾകൊണ്ടു കാര്യമായി ചിന്തിക്കപ്പെടേണ്ട ഒന്നാണ് രാജാജി പദ്ധതി.

★

വിദ്യാഭ്യാസത്തിൽ ഗാന്ധിജി പ്രോജക്ട് പദ്ധതി ആവിഷ്കരിച്ചു. അതു കുട്ടികളുടെ രചിക്കും മൂലപ്രേരണകൾക്കും (Instics) അനുസരിച്ചു രചനാത്മകപ്രവൃത്തിക്കു് വലിയ പ്രാധാന്യംനൽകി. അതു സാമൂഹ്യവും അനുകരണാത്മകവുമാണ്. (മോണ്ടിസോറി പദ്ധതിയിലില്ലാത്തതുന്നതും അതുതന്നെയാണ്.) സ്വാഭാവികമായ ഒരു പരിതഃസ്ഥിതിയുടെ പരിധിയിൽ പൂർണ്ണതപ്രാപിക്കുന്ന ഒരു സമസ്യാത്മകകൃത്യമാണ് ഈ പ്രോജക്ട് ഉദാഹരണമായി തല്പ്രവർത്തനത്തെക്കുറിച്ചു പഠിപ്പിക്കേണമെന്നുണ്ടെങ്കിൽ ഒരു കൃത്രിമപ്പാലംപ്പിസ്സ് സൃഷ്ടിക്കുക. വിദ്യാർത്ഥികൾതന്നെ പോസ്റ്റ്മാസ്റ്ററും പോസ്റ്റ്മാനും മറ്റുമായഭിനയിക്കുക. കത്തു്, കമ്പി, പാർസൽ മുതലായവ അയയ്ക്കുന്നും അവ വിതരണംചെയ്യുന്നും സചിത്രീകരിക്കുന്നുംഎല്ലാം ആ അഭിനയത്തിൽനിന്നുള്ള അനുഭവത്തിൽനിന്നു പഠിക്കുന്നു.

മിസ്സ് ഹൊലൻ പാർഖ്ഹർസ്റ്റിന്റെ ഡാൾട്ടൻപദ്ധതി വൈയക്തികമാണ്. ക്ലാസ്സുമുറിതന്നെ ഗവേഷണശാലയുടെ രൂപത്തിലാണ്. അദ്ധ്യാപകനിൽനിന്നു ഭാവിലെ നിർദ്ദേശങ്ങളും സഹീകരിച്ചുകൊണ്ടു സ്വയം വായിച്ചുപഠിച്ചു വൈകുന്നേരം അദ്ധ്യാപകനു തന്റെ അനുഭവങ്ങൾ സമർപ്പിക്കുക. വാർഷികപരീക്ഷയില്ല. മൂന്നുമണി ഗ്രാഹ്യങ്ങളിരിക്കും. അവയിൽ പുരോഗതി കുറിച്ചുവെക്കപ്പെട്ടും. ഇതു മുതിർന്നകുട്ടികളെ ഉദ്ദേശിച്ചുള്ളതായതുകൊണ്ടു് അധികം വിവരിക്കുന്നില്ല.

ഐ അമേരിക്കനഗരത്തെ അഭിമുഖീകരിച്ച സ്ഥലചുറ്റുപാടുകളുടേയും സാമ്പത്തികതൊഴിലുകളുടേയും നേരിട്ടനുഭവത്തിനു അവിടത്തെ വിദ്യാഭ്യാസവകുപ്പിലെ ഒരു ഉദ്യോഗസ്ഥനായ മിസ്സർ ബർട്ട് ആവിഷ്കരിച്ച പദ്ധതിയാണ് ഗ്രെപദ്ധതി. അതനുസരിച്ചു സാധാരണയിലും ഇരട്ടിവിദ്യാർത്ഥികളെ ക്ലാസിൽപ്രവേശിപ്പിക്കാം, ഷിഫ്റ്റായിട്ടു്. ഒരുവിഭാഗം വിദ്യാർത്ഥികൾ ഒരുനിശ്ചിതസമയം പഠിച്ചുകഴിഞ്ഞാൽ വ്യായാമം കളി, കൈത്തൊഴിൽ എന്നിവപഠിക്കാനായിക്കൂടാസ്സിനുപുറത്തുപോകും, മറ്റൊരുവിഭാഗം അപ്പോൾ ക്ലാസ്സിൽ പ്രവേശിക്കും. ക്ലാസ്സിനു പുറത്തുവച്ചു കൈത്തൊഴിൽ മുതലായവ പരിശീലിക്കുവഴി കുട്ടികൾ സമുദായസമ്പർക്കം പുലർത്തുകയും സ്വയം സമുദായോപയോഗമുള്ള വ്യക്തികളായി വികസിക്കുകയുംചെയ്യുന്നു.

ഡോക്ടർ ഡെക്രോളി (ബൽജിയം) യുടെ അഭിപ്രായപ്രകാരം വിദ്യാഭ്യാസം നേടേണ്ടതു ജീവിതത്തിൽനിന്നുതന്നെയാണ്. ഡെക്രോളിപദ്ധതിയിൽ സ്കൂളിലെയും വീട്ടിലെയും സഹചര്യം ഒന്നായിരിക്കണം. പുസ്തകാദ്ധ്യയനം പാടില്ല. കുട്ടികൾ തങ്ങിക്കൊത്ത വിഷയങ്ങൾ അനുഭവത്തിൽനിന്നു പഠിക്കണം; അനുഭവങ്ങൾ കുറിച്ചുവെയ്ക്കണം, അങ്ങിനെ ആവശ്യമായ പുസ്തകങ്ങൾ സ്വയം രചിച്ചുകൊണ്ടുപോകുന്നു. ഇങ്ങിനെ കുട്ടികൾ രചിച്ച ചില പുസ്തകങ്ങൾ അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഇന്ത്യയെ സംബന്ധിച്ചു വളരെ പ്രധാനമർഹിക്കുന്ന ഒന്നാണ് ഗാന്ധിജിയുടെ അടിസ്ഥാനവിദ്യാഭ്യാസപദ്ധതി. ഇംഗ്ലീഷുവിദ്യാഭ്യാസം ഇന്ത്യയ്ക്കു് ചില നേട്ടങ്ങളും വരുത്തിയിട്ടുണ്ടെങ്കിലും അതു ഇന്ത്യൻസമുദായത്തെ വ്യക്തമായ രണ്ടു ഭാഗങ്ങളായി തരംതിരിച്ചിട്ടുണ്ട്. തൊഴിലെടുക്കുന്നവനും ഇലികപിടിക്കുന്നവനും സമുദായത്തിൽ ഹൃദയൈക്യമില്ലാത്ത അകന്നുനില്ക്കുന്ന രണ്ടു ധ്രുവങ്ങളാണ്. ഇംഗ്ലീഷുവിദ്യാഭ്യാസം നേടി, പാശ്ചാത്യസംസ്കാരത്തിലും ചിന്താഗതിയിലും മുഴുകിക്കഴിയുന്ന ഒരു ശരാശരി അഭ്യസ്തവിദ്യന്റെ ദൃഷ്ടിയിൽ പടേത്തുപണിയെടുക്കുന്നവനും തൊഴിലെടുത്തുകഴിയുന്നവനും അസ്പൃശ്യരാണ്; അധഃകൃതരാണ്. ഇംഗ്ലീഷു വിദ്യാഭ്യാസം നേടിയവൻ യാതൊരുതൊഴിലുമെടുക്കാതെ മനഃപൂർവം അലഞ്ഞുതിരിഞ്ഞാലും അതു സ്വയം മാന്യതനടിക്കുകയും സമുദായം അതു വകവെച്ചുകൊടുക്കുകയുംചെയ്യുന്നു. എന്നാൽ തൊഴിലിലൂടെ, കൃഷിയിലൂടെ ഏർപ്പെട്ട മനുഷ്യനായി ജീവിതംനയിക്കുന്ന ഒരാൾക്ക് സമുദായത്തിലുള്ള സ്ഥാനം ഒരു തിരിച്ചിടയാളംമാത്രമാണ്. ഇത്തരം ഒരു സ്ഥിതിവിശേഷവും, ഭാരതത്തിന്റെ പ്രത്യേകതയും ഭാരിദ്ര്യവും അതുപോലെതന്നെ ആധുനികമനസ്സും സ്വയം എല്ലാം മുൻനിർത്തിയാണ് ഗാന്ധിയൻ വിദ്യാഭ്യാസപദ്ധതി ആവിഷ്കൃതമായിട്ടുള്ളതു്.

ഇതുസംബന്ധിച്ചു ഗാന്ധിജി 1937 ജൂലയിൽ "ഹരിജനി"ൽ ഇങ്ങിനെ എഴുതി. "വിദ്യാഭ്യാസം എന്നതുകൊണ്ടു ഞാൻ ഉദ്ദേശിക്കുന്നതു കുട്ടിയുടെ ശരീരികവും ബൌദ്ധികവും നൈതികവുമായ വികാസമാണ്. കുട്ടിയുടെ ഉള്ളിൽ ഒളിഞ്ഞുകിടക്കുന്ന സൌന്ദര്യത്തെ പുറത്തുകൊണ്ടുവരിക എന്നതുതന്നെയാണ് വിദ്യാഭ്യാസം. വിദ്യാഭ്യാസം അക്ഷരജ്ഞാനമല്ല. അക്ഷരജ്ഞാനം ആദിയോ അന്തമോ അല്ല. അതു സ്ത്രീക്കോ പുരുഷനോ വിദ്യാഭ്യാസംനേടാൻ സഹായകമാകുന്ന ഒരു സാധനംമാത്രമാണ്. അതുകൊണ്ടു വിദ്യാഭ്യാസം തുടങ്ങിവാൻ ഞാൻ ആഗ്രഹിക്കുന്നതു അക്ഷരജ്ഞാനത്തിൽനിന്നല്ല, "കായ്ത്തിൽനിന്നാണ്. കുട്ടി വല്ലതുചെയ്യുൻപഠിക്കയോലം, വല്ല സാധനവും നിർമ്മിച്ചുതുടങ്ങുമ്പോൾമാത്രമാണ് അവന്റെ വിദ്യാഭ്യാസം ആരംഭിക്കുന്നതു". ഇതുപ്രകാരം പിന്നീടു രൂപമെടുത്ത അടിസ്ഥാനവിദ്യാഭ്യാസപദ്ധതിയനുസരിച്ചു കുട്ടികൾക്ക് അതുതന്നെ ഏഴുകൊല്ലം സൗജന്യവും നിർബന്ധവുമായ വിദ്യാഭ്യാസം ലഭിക്കുക, അദ്ധ്യയനഭാഷ മാതൃഭാഷയായിരിക്കുക, പ്രാദേശിക കൈത്തൊഴിലിൽകൂടി വിഷയങ്ങൾ പഠിപ്പിക്കുക, കഴിയുന്നതും സ്വാവലംബനമായിരിക്കുക എന്നതാണുദ്ദേശം. ഇതുസംബന്ധിച്ചു ചില ശുപാർശകൾകൂടി ചില ചില്ലറ പരിഷ്കരണങ്ങൾ ചെയ്തതല്ലാതെ കാര്യമായൊന്നുംചെയ്തില്ല.

ഗാന്ധിയൻപദ്ധതി യോഗ്യരായ അദ്ധ്യാപകന്മാരുടെ അഭാവത്തിൽ തികച്ചും അപ്രായോഗികമെന്നു വിധിയെഴുതി ചിലർ. കാരണം വിഷയവുമായി താദാത്മ്യം പ്രാപിക്കാതെ പഠിപ്പിച്ചുകൊണ്ടു കാര്യമില്ല. തീച്ചൂ. കൈത്തൊഴിലുമായി ഹൃദയപൂർവം മമതയിൽത്തിക്കൊണ്ടു പഠിപ്പിക്കുവാൻ വേണ്ടത്ര അദ്ധ്യാപകന്മാരെ കിട്ടുമോ? കിട്ടുമാറാക്കുമോ? ചോദ്യമാണ്. കഴിയുന്നതും സ്വാവലംബനം! വാക്കു മധുരമുള്ളതുതന്നെ. പക്ഷേ അതു യഥാർത്ഥ്യമാക്കുന്നതു മോ? എന്നാലെയാണ് കോടിക്കണക്കു മാതൃയിൽത്തന്നെ ചിലതുടെ ചോദ്യങ്ങളും സംശയങ്ങളും. പക്ഷേ നിന്നേടത്തുതന്നെ നിശ്ചലമായോ? അതെന്നുപറഞ്ഞാലും, ഏതെല്ലാം തരത്തിൽ എത്രത്തോളം നിലവിലുള്ള പ്രശ്നങ്ങളെയൊ പദ്ധതികളേയെ തന്റെ സ്വന്തം പ്രതികൊണ്ടു് അടിയേടെ പിടിച്ചുകുലുക്കുന്നതിൽ അതിസമർത്ഥനായ



# ലോകവൃത്താന്തഗതി

അതിപ്രധാനമെന്നു സംഭവങ്ങളും നിറഞ്ഞ ഒരു വാരമാണ് ഇക്കഴിഞ്ഞതു്. ലോകത്തേയും ഭാരതത്തേയും സംബന്ധിക്കുന്നതും ഈ കാലഘട്ടത്തിൽ സംഭവിച്ചു. നേട്ടങ്ങളെക്കാളേറെ നഷ്ടങ്ങൾ പേറിയ ഒരു വാരമായിരുന്നു അതു്.

കൊറിയയിൽ സിംഗ്മാൻറീ ചെയ്ത ഒരു വഞ്ചന, സമാധാനപ്രതീക്ഷകളോടെ കഴിഞ്ഞ ലോകത്തെ ഒട്ടാകെ ഞെട്ടിച്ചുകളഞ്ഞു. റീയുടെ സഹായിയും രക്ഷകനുമായ അമേരിക്കയെപ്പോലും ആ സംഭവം പരിഭ്രമിപ്പിച്ചു. അവിടത്തെ ഒന്നരണ്ടു പത്രങ്ങളും അല്പംചില വ്യക്തികളും ഒഴികെ എല്ലാവരും റീയുടെ ആ പ്രവൃത്തിയെ നിന്ദിക്കുകയുണ്ടായി. ഒക്ടോബറിയായിലുള്ള കമ്യൂണിസ്റ്റുകാരല്ലാത്ത കൊറിയക്കാരിൽ ലക്ഷത്തിലധികം പേരെയാണു് റീ മോചിപ്പിച്ചുകളഞ്ഞതു്. അവരിൽനിന്നു് പട്ടാളത്തെയും റിക്രൂട്ടുമെൻറും അദ്ദേഹം നടത്തി. ഈ സംഭവത്തിൻറെ പിന്നിൽ അമേരിക്കയുടെ വിദേശാഭിലാഷങ്ങളുണ്ടെന്നായിരുന്നു റഷ്യയുടെ ആരോപണം. പക്ഷേ, ഇതു ശരിയാണെന്നു പറഞ്ഞുകൂടാ. തൻറെ അഭിപ്രായത്തെപ്പറ്റിയും റീ തിരിഞ്ഞടിച്ചു

ഹേളനമായി അവ അധ്യാപികയുണ്ടെന്നുചെയ്തതു്. ആ സമരപരിപാടിക്കു വേണ്ട അണിനിരക്കലിൽ ഉൽലോഭിച്ചുതായിരിക്കണം ശ്രീ. കെ. എം. ഡാനിയലിൻറെ ശംഖനാദം.

ശംഖനാദം പഞ്ചസഹസ്രങ്ങളെക്കൊണ്ടു പ്രപഞ്ചനംചെയ്തിരിക്കയാണു്. ആദ്യത്തെ കലാപ്രേക്ഷണം വിശാലമായ ഗ്രന്ഥപരിചയത്തിൻറെയും പരിണതപ്രജ്ഞയുടെയും പരിസ്പന്ദനമാകുന്നുണ്ടു് പരമസ്വീയും പാശ്ചാത്യവും ആയ ആ ചായ്വുവ്യത്യാസങ്ങളുടെ സിദ്ധാന്തപരതികളുടെ അനാക്രമണികമായിപ്പോകുന്ന ആ ചിന്താഗതി വെറും പകപ്പെഴുത്തലായി കലാശിക്കാതെ അതിനെ സ്വന്തം പ്രതിയിൽ പുനഃപരിശോധനചെയ്തുപരിശീലനാർഹമാക്കിത്തീർക്കുന്നതിലാണു് ഗ്രന്ഥകാരൻ നമ്മുടെ അഭിനന്ദനം നേടിയിട്ടുള്ളതു്, ഈ കലാതത്പ്രതിപാദനത്തിൽ അദ്ദേഹം ഭാവമാണു് ജീവൻ, എന്ന അസന്ദിഗ്ദ്ധമായി വെളിപ്പെടുത്തുന്നു. സംഗീതത്തിൻറെ രൂപവും, ചിത്രദർശികളുടെ വർണ്ണാഞ്ചിതരേഖകളും സാഹിത്യത്തിൻറെ പദവലിയും ഭാവസ്പന്ദിതമാകണം എന്നു പുരക്കും. അല്ലെങ്കിൽ അവ നിസ്തേജമാണു്, നിർഗ്ഗുണമാണു്, നിഷ്പ്രയോജനമാണു്, നിരർത്ഥകമാണു് എന്നിങ്ങനെ തൻറെ ഉറച്ചനിലയെ ഉറപ്പിച്ചു പറയാതെ അടങ്ങുന്നില്ല. കലാലോകത്തിൻറെ വ്യാപ്തിയിൽ ഉള്ളൂരിൻറെ ഉമാകേരളത്തിലെ ഒരു ചിത്രഭംഗത്തിനു സ്ഥാനമില്ലായ്കയില്ല, പക്ഷേ അതിൽ, ആ കുണ്ടുപിടിത്തത്തിൽ ഒരു പുതുമ വ്യഞ്ജിക്കുന്നില്ലെന്നതും. സുകുമാരകലകളായി പ്രകീർത്തിക്കപ്പെടുന്ന സംഗീതസാഹിത്യാദികളുടെ കലാംശത്തെ പ്പറ്റി ലേഖകൻ താരതമ്യപഠനം ചെയ്തു സമപ്രാധാന്യതയിൽ വച്ചിരിക്കുന്ന അവയ്ക്കു് സ്ഥാനഭ്രംശം വരുത്തിയതിനോടു പലരും യോജിക്കുമെന്നു തോന്നുന്നില്ല. കണ്ണശ്ശഗീതശ്ലോകങ്ങളുടെ പ്രസിദ്ധപദ്യത്തെ ഉപോദ്ബലകമാക്കി സംഗീതത്തിനു തരംതാഴ്ത്തൽ കല്പിക്കുന്ന ശ്രീ. കെ. എം. ഡാനിയൽ നമോനമസ്തേ സ്തുതിമാതൃവത്സലേ മമോത്സവസംഗീതകലാനടേ എന്ന മഹാകവി പാടിയതു ഒന്നനുസ്മരിക്കുന്നതുകൊള്ളാം. സാഹിത്യത്തിൻറെ പ്രയോജനം ഹൃദ്യമാകുന്നതുകൊണ്ടാണെന്നും സന്ദേശലബ്ധിയാണെന്നുമുള്ള വിവരദോഷക്ഷങ്ങളെ പ്രതിക്ഷേപിച്ചു ചിത്തൈകഗ്രത എന്ന സ്ഥാപിക്കുന്നതിൽ അദ്ദേഹത്തിൻറെ ബുദ്ധിബലത്തെ പ്രശംസിക്കാതെവയ്യ. കവിഭാവനയും ചിന്താബന്ധുരമായ സാഹിത്യച്ചായയിൽത്തന്നെ വിലമതിക്കപ്പെടണം. സിമ്പോളിസം, ഗീതകം എന്നീ പ്രസ്ഥാനങ്ങളുടെ ലക്ഷണങ്ങളും അവയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ജി. തുടങ്ങിയവരുടെ കവനങ്ങൾക്കുള്ള വിലയിരുത്തലുകളും ലേഖകൻറെ നിരൂപണവിചക്ഷണതയ്ക്കു് നിദാനം സാക്ഷ്യംവഹിക്കുന്നു. ജീവാത്മാവിനെയും പരമാത്മാവിനേയും പരമർശിക്കുന്നതാണെന്ന വൈതാളിക വ്യാഖ്യാനധിക്കാരത്തോടുകൂടി ദിഗ്ജയത്തിനിറങ്ങിയ ചിലരുടെ കവിതകളെ ബന്ധിച്ചു നിവൃത്തി അവയുടെ അന്തസ്സാരശൂന്യത വെളിപ്പെടുത്തിയതിനു ഒരു പരിഷന്നിലോകം അദ്ദേഹത്തിനു ണ്ടായിട്ടെന്നുവരാം. ഒരു കലാകാരൻറെ തികഞ്ഞ ആത്മാർത്ഥതയും തെളിഞ്ഞ സപ്രത്യയസ്ഥൈര്യവും ഈ ശംഖനാദത്തിൻറെ സവിശേഷതകളാണു്. സാഹിത്യതത്ത്വങ്ങളുടെ സമുന്നതപീഠവിലേക്കു പ്രവേശിക്കുന്നഗ്രേഹിക്കുന്ന ചിന്താശീലന്മാർക്കു ഈ ഗ്രന്ഥം അത്യന്തം സഹായമായിരിക്കും. —സി. എം. പി.

---

# ശംഖനാദം

★

ഗ്രന്ഥകർത്താ

കെ. എം. ഡാനിയൽ എം. ഏ.,

പ്രസിദ്ധകർമ്മാർ

അസോസ്യേറേറഡ് പബ്ലിഷേഴ്സ്

കോട്ടയം

വി: ക്ര: 1. അ. 4.

ഏ. ആർ. തിരുമേനിയുടെ സംഹിതൃസംഹൃനിർമ്മിതിക്കുശേഷം മലയാളത്തിൽ ഏതദിച്ഛയകമായ ചട്ടുകം പണ്ഡിതലോകത്തിനു അഭിമതി വഴിച്ചു. ആ പ്രാഭാതനഫലമായി പല സാഹിത്യഗ്രന്ഥങ്ങളും ഇതിനകം ജന്മമെടുക്കയുണ്ടായിട്ടുണ്ടു്. എന്നാൽ സംസ്കൃതാചാര്യന്മാരെപ്പോലെ രീതിഗുണരസധ്വനികളെ പ്രധാനമാക്കി സപ്രത്യയത്തോടുകൂടി സമതം സ്ഥാപിക്കാനുള്ള ശ്രമമായിരുന്നില്ല അതു്. മലയാളത്തിൽ ചൂടുപിടിച്ച ഒരു വാദപ്രതിവാദമുണ്ടായിയെന്നു കേട്ടിട്ടുള്ളതു ചിതിയക്ഷരപ്രസംഗത്തിനിടയിലാണു്. അതു കേവലം ഒരു കുടുംബകലഹം മാത്രമായിരുന്നു. അടുത്തകാലത്തു രച്ചപ്പാടുകളായ ഒന്നാണു ഭാവഭേദതയും ത്രപഭേദതയും. വാദത്തിൻറെ ഉൾക്കാമ്പുമനനദണ്ഡമായ സിദ്ധാന്തസ്ഥാപനമായിട്ടല്ല, വ്യക്തിഗതമായ അവക്ഷേപം ഇന്നത്തെ ചെറുകഥാനിർമ്മാണബിഭ്രാണതയെ അഭിശയിക്കുന്ന ഒരു നാടകീയയുഗംതന്നെ അക്കാലത്തു ഉളവാക്കി സൃഷ്ടിച്ചിരുന്നുവെന്നുകാണാം. ശാകുന്തളവിവർത്തനത്തിലും സമരാമയുടെ നാടകങ്ങളുടെയിലും നിറഞ്ഞ പ്രചാരത്തിലും സംശ്ലേതമായ ഈ നാടകഭ്രാന്തു കുറഞ്ഞുണ്ടാൽ ഉലക്കകൊണ്ടടിച്ചു സുഖംവരുത്തുകയാണുണ്ടായതു്. സംസ്കൃതത്തിൻറെ വാഴ്ച വിട്ടൊഴിഞ്ഞു് ഇംഗ്ലീഷുഭരണം ഏർപ്പെട്ടതോടുകൂടിയുണ്ടായ ശൈഥില്യവും ലാഘവവും നാടകപ്രകൃതത്തെ ആ വഴിക്കു തിരിച്ചു. സംസ്കൃതത്തിലെ കീറാമുട്ടികൾപോലെയും പോകാതെ വെറും ശബ്ദത്തിൽത്തന്നെ നാടകമാകാതെ നവനവമായ സംസ്കൃതത്തിലെ ഒരു അവിഭാജ്യാവടകമായ ശ്ലോകങ്ങളും മലയാളത്തിൽ ഇന്നു വൃത്തഭംഗംകൂടാതെ എഴുതി ഒപ്പിക്കുന്നതിനു് വശമുള്ളവരും വളരെ വിരളമായി. ഈ ദശാപരിണതിയിൽ ശബ്ദപ്രധാനമായ നാടകനിർമ്മാണം മലയാളത്തിൽ നമുക്കവശ്യമായി എന്നു വിചാരിക്കപ്പെടേണ്ടിവന്നു. സർദാർ കെ. എം. പണിക്കരുടെ ഭീഷ്മർ, മണ്ഡോദരി, ധ്രുവസ്വാമിനി തുടങ്ങിയ നാടകങ്ങളും ഉപര്യുക്തമായ വിചാരത്തിനു് ഭേദഗതി വരുത്തി. എന്നാലും ആ ശ്രേഖയിൽ തുടർന്നു പരിശ്രമിക്കുന്നതിനു് പലവിധ അസ്വാധീനതകളും കൊണ്ടായിരിക്കണം ആരും മുന്നോട്ടുവരാതിരുന്നിട്ടുള്ളതു്.

ഡാ: പി. കെ. വർഗീസ് സംസ്കൃതനാടകങ്ങളെ അക്ഷരശഃ അനുവർത്തിച്ചുകൊണ്ടല്ലെങ്കിലും ബുദ്ധ്യുപദിഷ്ടമായ പരിഷ്കാരപരിധിയെ സ്വയം അവലംബിച്ചു രചിച്ചിട്ടുള്ളതാണു് പാശ്ചാത്യപരം എന്ന ഈ നവീനനാടകം. ക്രൈബിളിലുള്ള യൂത്പുത്രൻറെ കഥയെ, അങ്ങനെ പ്രഖ്യാതമായിരുന്ന ഇതിവൃത്തത്തെതന്നെ നാടകകർത്താവു സ്വതന്ത്രമായ അംശീകരിച്ചിരിക്കുന്നു. 10 രംഗങ്ങളിലായി വിപുലപ്പെടുത്തിയിരിക്കുന്ന കഥാവസ്തുവിൽ കഥാപാത്രങ്ങളധികവും സ്വകനേധർമ്മസന്താനങ്ങളാണു്. തന്മയീഭവസ്ഫുരണംകൊണ്ടു് അവ സജീവങ്ങളുമായിട്ടുണ്ടു്. ബൈബിളിലെ പ്രസ്തുതകഥതന്നെ ഒരുവക സിംബോളിസത്തിൽപെട്ടുന്നതാണെന്നു് ആത്മതത്പരനേപക്ഷകന്മാരെ പറഞ്ഞു മനസ്സിലാക്കേണ്ടതില്ല. അങ്ങനെ മഹത്തായ അന്തസ്സത്തയുള്ള ഒരു സുപ്രസിദ്ധകഥയെ ഗ്രന്ഥകർത്താവിൻറെ ആദർശപ്രതിപത്തിയിൽ ആവർത്തിച്ചു ക്ഷീരബലപോലെ വീര്യവും ഓജസ്സും വരുത്തുകയാണു് ചെയ്തിട്ടുള്ളതു്. ഒരോ പദത്തിലും ആദർശത്തിൻറെ അന്യൂനമായ സൗരഭം നമുക്കു ശ്വസിക്കാൻ സാധിക്കാതെവരികയില്ല. ആദർശപ്രിയതത്തിൻറെ സംപ്രീകൃതമായ അസാധാരണപ്രഭാവമായില്ലേ എന്നു ശങ്കിക്കുന്നവർ നാടകകർത്താവിൻറെ അയത്നലളിതമായ പ്രതിപാദനശൈലിയെപ്രശംസിക്കുന്നതെ ചെയ്യും. ആനന്ദാംശികമായ ശൃംഗാരാദിരസങ്ങളെ അശ്ലീലവിശ്ലഥിതമാകാതെ സൂക്ഷിക്കുന്നതിലും സംഭാഷണത്തിൽ സാഹിത്യഭംഗി കടത്തിവിടാതെ സ്വാഭാവികത പാലിക്കുന്നതിലും അദ്ദേഹത്തിൻറെ ഔചിത്യം വിജയംനേടുന്നുണ്ടു്:

കീറിത്തുന്നിയമുണ്ടിനാലേരമഠച്ചും-
പാഭോചുംബം കുരിശ്ശേകം
ചാർത്തി വിയർത്തൊലിച്ചുഴ
ന്നുഷ്ണസ്നേകൻനയിക്കുന്നിതാ
ക്രിസ്റ്റുക്കുമവനു,ലെല്ലുമുറിയെ
പ്പുവം പണിഞ്ഞാലതി
ന്നേറെക്കിട്ടുവതന്തിനേരമുരിയെ
ച്ചോറിനു നെല്ലെന്നമാം.

എന്നിങ്ങനെ അധ്യാപിക്കുന്ന വിഭാഗത്തിൻറെ അവശതകളിൽ അദ്ദേഹത്തിൻറെ അനുകമ്പാദൃഷ്ടി പതിയാതെപോകുന്നില്ല. ഇതിവൃത്തത്തിൻറെ പ്രശസ്തികൊണ്ടും പ്രതിപാദനസരളത്വംകൊണ്ടും ശ്രീ: പി.കെ. വർഗീസ് സാഹിത്യലോകത്തിൽ സമാജ്ഞിച്ചിട്ടുള്ള യശസ്സിനു അവതംസം ചാർത്തുകയാണു ഈ നാടകം ചെയ്തിട്ടുള്ളതെന്നു നിസ്സംശയം പറയാം. ഡാ: എസ്. കെ നായർ (മദ്രാസ്സ്) ശവേഷ്ണനിപുണവും നിത്രപണവിചക്ഷണവുമായി എഴുതിയിരിക്കുന്ന അവതാരികയും ശ്രീ വടക്കുംകൂറിൻറെ അഭിപ്രായ സൽസരണിയും ഈ ഗ്രന്ഥത്തിൻറെ മൂല്യത്തെ അനവദ്യകനാ ബോധ്യപ്പെടുത്തുന്നതാണു്.

—:*:—

എന്നുള്ളതാണു ശരി. ഈ കഴഞ്ഞ പ്രശ്നത്തിനു പരിഹാരം ഉണ്ടാക്കുവാൻ അമേരിക്കതന്നെ കിണഞ്ഞു പരിശ്രമിക്കുകയാണു്. ജനറൽ മാക്ക്ലാക്കും മാവോ പ്രമുഖന്മാരും റീയെ സമീപിച്ചു സംഭാഷണം നടത്തി. ഐസൻഹോവർ നേരിട്ടും റീയുമായി സമ്പർക്കത്തിൽ ഏർപ്പെട്ടു എന്നും റിപ്പോർട്ടുണ്ടായിരുന്നു. ഫലമായി സന്ധിയിൽ ഒപ്പുവയ്ക്കാനുള്ള സന്നദ്ധത റീ പ്രകടിപ്പിച്ചിട്ടുണ്ടു്. പക്ഷേ സ്വീകാര്യമല്ലെന്നു തോന്നത്തക്ക ചില വ്യവസ്ഥകളും അദ്ദേഹം നിർദ്ദേശിച്ചിട്ടുണ്ടു്. വിദേശഭടന്മാരെല്ലാം ഭക്ഷിണകൊറിയ വിടണമെന്നുള്ളതാണു് ഒന്നു്. മോചിപ്പിച്ച തടവുകാരെ തിരിച്ചുപിടിക്കുകയില്ല. ഭക്ഷിണകൊറിയായും അമേരിക്കയും തമ്മിൽ സന്ധിക്കുമുമ്പായി പരസ്പര രക്ഷാഉടമ്പടി ഒപ്പുവയ്ക്കണം.

റീയുടെ ഈനില റിപ്പോർട്ടിയേഷൻ കമ്മിഷന്റെ അദ്ധ്യക്ഷസ്ഥാനത്തേയ്ക്കും അഡ്വൈസർസ്ഥാനത്തേയ്ക്കും നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഇൻഡ്യയ്ക്കു വിഷമം ഉളവാക്കിട്ടുണ്ടു്. പ്രധാനമന്ത്രി നെഹ്റു കെയ്റോവിൽവച്ചു് ഈ വിവരംപ്രസ്താവിക്കുകയുംചെയ്തു. അവരെ തടുകുകരെ പിരിച്ചയയ്ക്കുന്നതോടെ വിജയപ്രതമാകണമെങ്കിൽ, സമരകക്ഷികളെല്ലാം സന്ധിവ്യവസ്ഥകളനുസരിക്കുവാൻ തയ്യാറാകണമെന്നു് അദ്ദേഹം പറഞ്ഞു.

* * *

ഫറൂക്കിനെ സ്ഥാനഭ്രഷ്ടനാക്കിയതിനെത്തുടർന്നു് ഈജിപ്തിൽ പടിപടിയായി വന്നുകൊണ്ടിരുന്നമാറ്റങ്ങളും, ഈജിപ്തു് ഒരു റിപ്പബ്ലിക്കായി പ്രഖ്യാപിക്കപ്പെട്ടതോടെ പരിവർത്തനത്തിന്റെ പാരമ്യത്തിലെത്തിയിരിക്കുന്നു. നജീബു് സ്വയം പ്രസിഡണ്ടായി പ്രഖ്യാപിച്ചിരിക്കുന്നു. മൂന്നുവർഷത്തിനകം ഒരു ഭരണഘടനയും തെരഞ്ഞെടുപ്പും ഉണ്ടാക്കുന്നതാണെന്നും പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ടു്. ഈജിപ്തിന്റെ ഈ പുതിയപദവിയെ മറ്റരാഷ്ട്രങ്ങളും ഏതുപ്രകാരം സ്വീകരിക്കുമെന്നു അറിവായിട്ടില്ല. എങ്കിലും കാലതാമസം നേരിട്ടാലും ഒരേരാജ്യമായി ഈമാറ്റത്തെ അംഗീകരിക്കുന്നതെതരമില്ല. ഇന്ത്യയും പാകിസ്ഥാനും ഈ നിലയെ അംഗീകരിച്ചതിന്റെ സൂചനയായി, ആ രാജ്യങ്ങളിലെ പ്രധാനമന്ത്രിമാർ ജനറൽ നജീബുമായി നടത്തുന്നസംഭാഷണങ്ങളിൽനിന്നു വ്യക്തം. ഇറാൻ ഈജിപ്തിന്റെ റിപ്പബ്ലിക്കുപദ്ധതിയെ സന്തോഷിയോടെ അംഗീകരിച്ചുകഴിഞ്ഞു. ബ്രിട്ടൻ ഏതുനിലസ്വീകരിക്കുന്നു എന്നതാണു് പ്രധാനപ്രശ്നം. എന്തെന്നാൽ സുദ്ധാന്റെയും സൂയസ്സിന്റെയും കാര്യത്തിൽ ഈജിപ്തിനോടു് ഏതുയും ബന്ധപ്പെട്ടിരിക്കുന്ന രാജ്യം ബ്രിട്ടനാണു്.

ഈജിപ്തിന്റെ ഈ പുതിയപദവി സ്വാഭാവികമായിത്തന്നെ ഫറൂക്കിനെ തൂത്തുപിടിപ്പിച്ചിട്ടുണ്ടു്. അനുള്ളതാണു് ഒരുകാരണം. തന്റെ ദേഹം ഇതംഗീകരിക്കുകയില്ലെന്നു വെളിപ്പെടുത്തിക്കഴിഞ്ഞു. 16 മാസംപ്രായമുള്ള തന്റെ പുത്രനെ അപായപ്പെടുത്താനുള്ള ശ്രമങ്ങൾ നടക്കുമെന്നു അദ്ദേഹം ഭയപ്പെടുന്നു. സ്വന്തം ജീവൻതൃജിച്ചും കിരീടവകാശിയായ രാജകുമാരനെ സംരക്ഷിച്ചുകൊള്ളണമെന്നു് അദ്ദേഹം കാവൽക്കാർക്കു് ആജ്ഞനൽകിയിട്ടുണ്ടു്.

* * *

സൂയസ്സ് പ്രശ്നത്തെസംബന്ധിച്ചു് ബ്രിട്ടനും ഈജിപ്തും ആയി ഒരു ധാരണഉണ്ടാക്കുവാൻ കാമൺവെൽത്ത് സമ്മേളനംകഴിഞ്ഞു മടങ്ങുംവഴി കെയ്റോയിൽവച്ചു് ഇന്ത്യനും പാകിസ്ഥാനും പ്രധാനമന്ത്രിമാർ ശ്രമിച്ചു. അവർ ഒന്നിച്ചും വെവ്വേറെയായും നജീബിനെ കണ്ടു സംഭാഷണങ്ങളും നടത്തി. അവരുടെ സംഭാഷണഫലങ്ങളും എന്തായി എന്നു് അറിവായിട്ടില്ല. എങ്കിലും പരിശ്രമങ്ങളും ശുഭമായി കലാശിക്കുമെന്നാണു് പ്രധാനമന്ത്രിമാരുടെ പ്രതീക്ഷയെന്നുള്ളതിനു സൂചനകളുണ്ടു്.

* * *

ബർമുഡാ സമ്മേളനം ജൂലൈ 8-നു നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. സമ്മേളനത്തിലെ ഒരുകക്ഷിയായ ഫ്രാൻസിനു് ഇനിയും ഒരു പ്രധാനമന്ത്രിയുണ്ടായിട്ടില്ല. സമ്മേളനത്തിയതിക്കുമുമ്പു കക്ഷികളിലെത്തമ്മിൽ ഒരു ധാരണയിലെത്തി ഒരു പ്രധാനമന്ത്രിയെ അധികാരത്തിൽവരുത്താൻകഴിയുമെന്നാണു് പ്രസിഡണ്ടു് ആറിയേനിന്റെ പ്രതീക്ഷ. പീനെയെ പ്രധാനമന്ത്രിയാക്കാനുള്ള അവസാനശ്രമവും പരാജയപ്പെട്ടു. ബർമുഡാസമ്മേളനത്തിനുമുമ്പു് ഒരു പ്രധാനമന്ത്രിയെ കണ്ടുപിടിക്കാൻകഴിയുന്നില്ലെങ്കിൽ ഇപ്പോഴത്തെ കാവൽ ഗവൺമെണ്ടിന്റെ പ്രധാനമന്ത്രിയായ മെനിമെയെയെ ബർമുഡാസമ്മേളനത്തിനു നിയോഗിക്കുന്നതായിരിക്കും.

കംബോഡിയായിലെ സംഭവവികാസങ്ങളും ഫ്രാൻസിനെ തലവേദനയുണ്ടാക്കുന്നതിനു കാരണമാക്കിയിട്ടുണ്ടു്. അക്കാരണത്താലും ഒരു പ്രധാനമന്ത്രിയെ ഉടൻ അവിടെ പ്രതിഷ്ഠിക്കേണ്ടതായിട്ടാണിരിക്കുന്നതു്. തായ്ലണ്ടിലേക്കു കടന്നുകളഞ്ഞിരുന്ന കംബോഡിയാരാജാവു് തിരിയെ നാട്ടിൽചെന്നെത്തിയിട്ടുണ്ടു്. തന്റെ നാട്ടിന്റെ സ്വാതന്ത്ര്യസ്വാഭാവനാത്മാണു് താൻ രാജ്യംവിട്ടതെന്നു് രാജാവു് നേരത്തെ പറഞ്ഞിരുന്നു. എന്നാൽ അദ്ദേഹം പെട്ടെന്നു തിരിയെച്ചെല്ലാനുള്ള കാരണങ്ങളും അജ്ഞാതമായിരിക്കുന്നു. അഭ്യൂഹങ്ങളെ അടിസ്ഥാനമാക്കി ഇതിനുള്ള രണ്ടുകാരണങ്ങളും പറയപ്പെട്ടുവരുന്നു. തായ്ലണ്ടിൽ താമസിച്ചുകൊണ്ടു് ഫ്രാൻസിനെതിരായി പ്രക്ഷോഭണംനടത്താൻ ആ ഗവൺമെന്റു സമ്മതിക്കുകയില്ലെന്നുള്ളതാണു് ഒരുകാരണം. തന്റെ അഭാവത്തിൽ, ഫ്രഞ്ചുഗവൺമെണ്ടു തന്നെ സ്ഥാനഭ്രഷ്ടനാക്കിയാലോ എന്ന രാജാവിന്റെഭയമാണു് രണ്ടാമത്തേതു്.

* * *

ശ്രീനഗറിൽ തടങ്കലിൽഇരിക്കവേ ഡോ: ശ്യാമപ്രസാദ്മുക്കർജി നിര്യാതനായതു് ഇന്ത്യയ്ക്കുനേരിട്ട ഒരു വലിയ അത്യാഹിതമാണു്. സമുന്നതനായ ഒരു രാഷ്ട്രീയനേതാവും; നിസ്വലനായ ഒരുദേശാഭിമാനിയും, സർവ്വോദരണീയനായ ഒരു വിദ്യാവിചക്ഷണനുമാണു് ഇതുമൂലം ഇൻഡ്യയ്ക്കു നഷ്ടപ്പെട്ടതു്. ഒരു പ്രതിപക്ഷനേതാവു് പാർലമെന്റേറിയൽ എന്നീനിലകളിൽ അചുംബിതമായ ഒരു സ്ഥാനമാണു് അദ്ദേഹത്തിനുണ്ടായിരുന്നതു്. അദ്ദേഹത്തിന്റെ അനുയായികളും പ്രതിയോഗികളും ഒരുപോലെ ഈ നഷ്ടത്തെഓർത്തു ദുഃഖിക്കുകയും ചെയ്യുന്നു.

ഇന്ത്യയും പാകിസ്ഥാനുംതമ്മിൽ കാഷ്മീരിന്റെകാര്യത്തിൽ, സംഭാഷണംനടക്കുവാനിരിക്കുന്ന ഈ ഘട്ടത്തിൽ ഡോ: മുക്കർജി നിര്യാതനായതു് ഇന്ത്യയെസംബന്ധിച്ചു പ്രത്യേകിച്ചും ഒരു അത്യാഹിതമാണു്. അസാധാരണമായ പരിതഃസ്ഥിതിയിൽ സംഭവിച്ച അദ്ദേഹത്തിന്റെ മരണം കാഷ്മീരിന്റെനേക്കു് ഒരുവിഭാഗം ജനങ്ങളെ കേംപാകുലരാക്കുകയില്ലെ എന്നു് ശങ്കിക്കപ്പെട്ടുന്നുണ്ടു്. കാഷ്മീർ പ്രശ്നത്തിനു് ശാശ്വതമായ പരിഹാരം ഉണ്ടാക്കുവാൻ അദ്ദേഹത്തിന്റെ രക്തസാക്ഷിത്വം കാരണമായിത്തീരാൻ പാടില്ലാതെയുമില്ല:

* * *

ശാസ്ത്രജ്ഞരായ ജൂലിയസ് റോസൻബർഗ്ഗിനേയും എതൽ റോസൻബർഗ്ഗിനേയും എതൽറോസൻബർഗ്ഗിനേയും വധിച്ചതു് ലോകമെങ്ങുമുള്ള പുരോഗമനചിന്തകരുടേ മനസ്സിൽ അമേരിക്കയുടെനേരെ വയിച്ച അമർഷം ഉളവാക്കിയിരിക്കുന്നു, രണ്ടാം ലോകമഹായുദ്ധകാലത്തു റഷ്യയ്ക്കു ആറ്റംരഹസ്യം വെളിപ്പെടുത്തികൊടുത്തു എന്നതാണു് അവരുടെ പേരിലുള്ള ആരോപണം. വധശിക്ഷയ്ക്കു വിധിച്ചിട്ടു് നാലുകൊല്ലമായി എങ്കിലും അനുഭവിച്ചിലും, കാരുണ്യത്തിനു വേണ്ടിയുള്ള മുറവിളിയും മാത്രം കാരണം വധശിക്ഷ നടപ്പിൽവരുത്തിരിക്കുകയായിരുന്നു. ജസ്റ്റീസ് ഡഗ്ലസ് ഇതിനിടയിൽ ഉന്നയിച്ച വാദനിയമതടസ്സങ്ങളും ഈ സംഭവം ലോകത്തിന്റെമുമ്പാകെ പ്രത്യേക ശ്രദ്ധാവിഷയമാക്കി. കരുതിക്കൂട്ടിയുള്ള ഒരു വധമായിട്ടാണു് ഈ ശിക്ഷയെ കമ്മൂണിസ്റ്റ്രാജ്യങ്ങളും കണക്കാക്കുന്നതു. ഈ സംഭവത്തെ പ്രതിഷേധിക്കുന്ന പ്രകടനങ്ങളും എല്ലാരാജ്യങ്ങളിലും നടന്നു. വിശ്വോത്തരായ ഈ ശാസ്ത്രജ്ഞന്മാർ യൗവനത്തിന്റെ പ്രഭാതത്തിൽ എത്തിയിരുന്നതേ ഉണ്ടായിരുന്നുള്ളു. ജൂലിയസിനു് 35-ാം വയസ്സിലും എതലിനു് 37-ാം വയസ്സിലാണു വധശിക്ഷ നടപ്പിൽ വരുമ്പോഴുള്ള പ്രായം. ഇതിൽനിന്നു് ജയിലിലടയ്ക്കുമ്പോഴും ആരോപിക്കപ്പെട്ടിരിക്കുന്ന 'കുറ്റം' ചെയ്യുമ്പോഴും അവർ എത്ര ചെറുപ്പമായിരുന്നു എന്നു് കാണാവുന്നതാണു്. പത്തും ആറും വയസ്സുള്ള രണ്ടു പുത്രന്മാർ ഇവർക്കുണ്ടു്. ജൂലിയസിന്റെ വൃദ്ധയായ മാതാവും ജീവിച്ചിരിക്കുന്നു. പുത്രരിൽ മൂത്തയാൾമാത്രം മാതാപിതാക്കളുടെ വധവൃത്താന്തം ഗ്രഹിച്ചിട്ടുണ്ടു്. ഒരു റേഡിയോപ്രക്ഷേപണത്തിൽനിന്നു് സ്വയം ഗ്രഹിച്ചതാണതു്. രണ്ടാമന്റെ വിശ്വാസം മാതാപിതാക്കൾ ഇപ്പോഴും ജീവിച്ചിരിക്കുന്നു എന്നാണു്.

* * *

കേരളലിയിക്കുന്ന ഒരത്യാഹിതമാണു് പൊന്നാനിത്താലൂക്കിലുള്ള അങ്ങാടിപ്പുറം സ്കൂളിനു നിലംപതിക്കുകയും സംഭവിച്ചതു്. അഞ്ചു പിഞ്ചുപൈതങ്ങളും കാറ്റിന്റെകിഴിവീണു ഭിത്തിക്കടിയിൽപെട്ടു് ചതഞ്ഞു മരിച്ചുപോയി. മറ്റനേകർക്കു് ഗുരുതരമായ പരുക്കുകളുംപറ്റി. മരിച്ചുപോയ ഒരു കുട്ടിയുടെ പിതാവു്, സംഭവം കേട്ടമാത്രയിൽ ഭ്രാന്തനായിപോയി.

നർമദാനദിയുടെ ഒരു പോഷകനദിയായ ശബരിയിൽ കഴിഞ്ഞ ശനിയാഴ്ച ഒരു വള്ളവും ഒരു ചങ്ങാടവും മുങ്ങുകയാൽ തൊണ്ണൂറോളം പേർ മരിച്ചുപോയി.

ജപ്പാനിൽവച്ചു് ഒരു അമേരിക്കൻ സൈനികവിമാനം തകരുകയാൽ, 140 പേരോളം പേർ തൽക്ഷണം മരിച്ചു. ലോകത്തുണ്ടായിട്ടുള്ളതിലേക്കു് ഏറ്റവും വലിയ വിമാനാപകടമാണിതു്.

മദ്ധ്യാസിനപ്പുറമുള്ള കടലിൽ മുന്തറോളം മുകളിക്കു നേരിട്ടുമായിരുന്ന ജീവാപായം ശവമെൻറിന്റെയും സൈനികവകുപ്പിന്റെയും അവസരോചിതമായ പ്രവർത്തനഫലമായി ഒഴിവാക്കപ്പെട്ടു. ഒരു ജീവൻപോലും ഈ അപകടത്തിൽ നഷ്ടപ്പെട്ടില്ല; നശീകരണക്കപ്പൽ എന്ന വകുപ്പിൽപെട്ട ഒരു വാഹനമാണു് ജീവരക്ഷാപരമായ ഈ പ്രവർത്തനങ്ങളിൽ പ്രധാനപങ്കുവഹിച്ചതെന്നുള്ളതു് കേൾക്കുന്നവർക്കു് ഒരു വൈചിത്ര്യം പോലെതോന്നും.

* * *

എറണാകുളത്തുകൂടിയ കോൺഗ്രസ്സമ്മേളനങ്ങളും പ്രതീക്ഷിച്ചതുപോലെ സംഘടനാപ്രധാനങ്ങളായ തീരുമാനങ്ങളൊന്നും ചെയ്തില്ല. തമിഴ്നാട്ടുകോൺഗ്രസുമായുള്ള ബന്ധം തീരുമാനിക്കുന്ന പ്രശ്നം പി. സി. സി-യുടേയും പാർലമെൻറി പാർട്ടിയുടേയും സംയുക്തയോഗത്തിനുവിട്ടു. പാലക്കാട്ടുവച്ചുനടന്ന മലബാർപ്രദേശ് കോൺഗ്രസ് സമിതിയുടെ തീരുമാനം തങ്ങൾക്കു് സ്വീകാര്യമല്ലെന്ന അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു.

—o—

(2-ാംപേജിൽനിന്നു തുടർച്ച)

യുംചിന്നിപ്പിക്കുന്നതിനു വഴിതെളിച്ചു. ഈ ദുർവ്യയത്തിനു കൂട്ടുനിൽക്കുവാൻ കഴിയുകയില്ലെന്നു വിചാരിച്ച് വർഷാ വിവാഹത്തിൽ നിസ്സഹകരിച്ചു. അവളുടേയും രാജിന്റെയും പേരിലുള്ള അക്കൗണ്ടിൽനിന്നു പണം എടുക്കുന്നതിനുള്ള ചെക്കുബുക്കിൽ ഒപ്പിട്ടുംവെച്ച് അവൾ അവളുടെ ജോലിക്കുപോയി. എന്നാൽ രാജ് അതുകാണുന്നില്ല. തുടർന്ന് രാജ് വർഷായെ തെറ്റിദ്ധരിക്കുന്നു. അവസാനം അയാൾ അവളെ ഗൃഹത്തിൽനിന്നു ബഹിഷ്കരിക്കുന്നു; അവളുടെ ബുദ്ധിമുട്ടി ശേഷംപോലിന്റെ സഹായത്താൽ രാജ് കണ്ടുപിടിക്കുന്നു. ആ സ്നേഹിതന്മാർതമ്മിലുള്ള ആത്മാർത്ഥത കൂടുതൽ സുദൃഢമാകുന്നു. വർഷാ തന്റെ ഉദ്യോഗം രാജികൊടുത്തു. അവൾ തന്റെ മകനേയും ഭർത്താവിനേയുംകുറിച്ചുള്ള സ്മരണയിൽ ദുഃഖാർത്തയായി കഴിയുന്നു. ഇതിനിടയിൽ രാജിന്റെ മകൻ രോഗാർത്തനാകുന്നു. ഡാക്ടറന്മാർ രക്ഷയില്ലെന്നുപറഞ്ഞു് ഉപേക്ഷിക്കുന്നു. മകനെ രക്ഷിക്കുന്നതിനായി വർഷാ അവിടെ എത്തിച്ചേരുന്നു. മനസ്സില്ലാമനസ്സോടെ രാജ് അതിനു അനുവദിക്കുന്നു. വർഷായുടെ രോഗശുശ്രൂഷയിൽ മകൻ രക്ഷപ്രാപിക്കുന്നു. തുടർന്ന് രാജിനു വർഷായുടെ പേരിലുണ്ടായ തെറ്റിദ്ധാരണകളും നീങ്ങുന്നു. അവർ പരസ്പരം യോജിച്ച് ജീവിതം വീണ്ടും തുടരുന്നു. ഇതത്രെ കഥയുടെ ചുരുക്കം.

കഥയിൽ യുക്തിക്കും ബുദ്ധിക്കും യോജിക്കാത്തതും നിരക്കാത്തതുമായ പല സംഭവങ്ങളും കണ്ടെത്താവുന്നതാണ്. ആകപ്പാടെ കഥയ്ക്ക് കൃത്രിമത്വത്തിന്റെ ഒരു ആവരണമുണ്ട്. ഔദ്യോഗികജീവിതം നയിക്കുന്ന വനിതകളും അഹങ്കാരികളും ഭർത്താക്കന്മാരെ ധിക്കരിക്കുന്നവരുമായിരിക്കുമെന്നാണ് കഥയിൽക്കൂടി ചൂണ്ടിക്കാണിച്ചിരിക്കുന്നതു്. ലേഡി ഡാക്ടറായ വർഷായുടേയും അഭിഭാഷകനായ രാജിന്റേയും ജീവിതചിത്രീകരണം അഭികാമ്യമായനിലയിലല്ല നിർവഹിച്ചിരിക്കുന്നതു്. വിവാഹത്തിനുശേഷം പതിവായി ഭാര്യാഭർത്താക്കന്മാർ ആരോഗ്യസംരക്ഷണത്തിനുവേണ്ടി പ്രത്യേകമുറികളിൽ ശയിക്കുന്നതും ഭർത്താവു് ഭാര്യയുടെമുറിയിൽ പ്രവേശിച്ചാലുടൻ അവൾ കോപാക്രാന്തയായി ഭർത്താവിനെ ആ മുറിയിൽനിന്നു ആട്ടിപ്പായിക്കുന്നതും രാവിലെയും വൈകിട്ടും കൃത്യം ഒരുമണിക്കൂർമാത്രം ഭർത്താവുമായി സഹകരിക്കുന്നതും സംസാരിക്കുന്നതുമെല്ലാം വളരെ വിചിത്രമായിട്ടുണ്ട്. നിത്യജീവിതത്തിൽ അശേഷം സംഭവിക്കാൻ ഇടയില്ലാത്ത പശ്ചാത്തലത്തിൽക്കൂടിയാണ് കഥ മുന്നോട്ടുനീങ്ങുന്നതു്. കഥാനായകനായ ഐ. സി. കപൂർ മനഃശ്ശാസ്ത്രജീവിതത്തിന്റെ സ്വഭാവവിശേഷങ്ങളെക്കുറിച്ചു് വേണ്ടത്രത്തിൽ പഠനംനടത്തി കഥകൾ രചിക്കേണ്ടതാണെന്നു് അദ്ദേഹത്തിനു ഒരു മുന്നറിയിപ്പുനൽകാതെ നിവൃത്തിയില്ല.

അഭിനയത്തെ സംബന്ധിച്ചിടത്തോളം ചിത്രം വലിയ അഭിപ്രായമൊന്നും അർഹിക്കുന്നില്ല. വർഷായുടെഭാഗം മുനവർസുൽത്താന വലിയ വൃത്തികേടുകൂടാതെ അഭിനയിച്ചിട്ടുണ്ട്. രോഗശയ്യയിൽകിടക്കുന്ന മകനെ ചികിത്സിക്കുന്നരംഗത്തിൽ മുനവർസുൽത്താന വികാരഭരിതയായി അഭിനയിച്ചിട്ടുണ്ട്. രാജിന്റെ ഭാഗത്തിൽ അജിത് സ്വാഭാവികതയോടെ അഭിനയിച്ചിട്ടുണ്ട്. മജ്നു സാധാരണരീതിയിൽ അഭിനയിച്ചിട്ടുണ്ട്. മനോരമ (ശോഭി) ഒരുവർ ആക്ട് ചെയ്തു വഷളായിട്ടുണ്ട്. ജീവൻ അഭിനയത്തിൽ മോശപ്പെട്ടിട്ടില്ല. മറ്റുള്ള നടീനടന്മാർ പ്രത്യേക പരിഗണന അർഹിക്കുന്നില്ല. സംഭാഷണങ്ങളും ഗാനങ്ങളും മേന്മയർഹിക്കുന്നവയാണ്. ഡാൻസുരംഗങ്ങൾക്കു വേണ്ടത്ര ഹൃദ്യത ലഭിച്ചിട്ടില്ല. ഫോട്ടോഗ്രാഫിയും സൗണ്ട് റിക്കാർഡിംഗും മോശപ്പെട്ടിട്ടില്ല. ആദ്യന്തം അസംഭാവ്യമായ ഈ കഥയെ അർഹിക്കുന്ന ഗൗരവത്തിൽ ഐ. സി. കപൂർ സംവിധാനം നിർവഹിച്ചിട്ടുമുണ്ട്. ഒരു കാഴ്ചക്കെന്ന നിലയിലും ഡയറക്ടറെന്ന നിലയിലും ഐ. സി. കപൂർ ഈ ചിത്രത്തിൽ ഭേദനീയമായി പരാജയപ്പെട്ടിരിക്കുകയാണ്. കഥയിൽ നിരവധി വൈകല്യങ്ങളുണ്ടെങ്കിലും ഒന്നുരണ്ടു നല്ലരംഗങ്ങളും ഏതാനും ശ്രുതിമധുരങ്ങളായ ഗാനങ്ങളുമുള്ളതുകൊണ്ട് തരംഗ് ഒരുപ്രാവശ്യം കാണുന്നതു് ഒരു നഷ്ടമായി കരുതാവുന്നതല്ല.

★

# വാർത്തകൾ

★

മ്യൂസിക് ഡയറക്ടർ സി. രാമചന്ദ്ര രണ്ടാഴ്ചക്കാലമായി തക്കം ഒരുയോഗപൂർപ്പാടനം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഇന്ത്യൻ, ഫ്രാൻസ്, സ്പെയിൻ, ഇറാലി തുടങ്ങിയ രാജ്യങ്ങളിലെ പ്രസിദ്ധ ഗായകരെ എല്ലാം രാമചന്ദ്ര സന്ദർശിക്കുന്നതായിരിക്കും.

* * *

എസ്സ്. ഫാസിൽ പാകിസ്ഥാനിൽ നിർമ്മിക്കുന്ന "ഗുഡി മുഹബത്ത്" എന്ന ചിത്രത്തിന്റെ ആവശ്യത്തിലേക്ക് പിന്നണിഗാനങ്ങളും പാടുമെന്ന് ലതാമങ്കേഷ്കർ സമ്മതം നൽകിയിരിക്കുന്നു.

* * *

എസ്സ്. കെ. ഒരു സംവിധാനം ചെയ്യുന്ന എസ്സ്. കെ. ഫിലിംസിന്റെ "നാസ്സ്" എന്ന ചിത്രം പൂർത്തിയാക്കുവാൻ നളിനി ജയ്വന്ത്, അശോക്കുമാർ, മുറാദ്, എസ്സ്. നസീർ, അൽനസീർ, മീനാ തുടങ്ങിയ താരങ്ങളും ഈ ചിത്രത്തിൽ അഭിനയിക്കുന്നു. അനിൽബിശ്വാസാണ് സംഗീതരചന.

* * *

"ആംഖ്മിച്ചോല" എന്ന ചിത്രം നിർമ്മിച്ചിട്ടുള്ള നസ്സീംസിനിക്കാണ് മോഹൻപിക്ചേഴ്സിന്റെ "ലൈലാ" എന്ന ചിത്രം സംവിധാനംചെയ്യുന്നതു്.

* * *

മോസ്കോയിൽവെച്ചു് ആരംഭിക്കുന്ന റഷ്യൻ ചലച്ചിത്രോത്സവത്തിൽ പ്രദർശിപ്പിക്കുന്നതിൽ ബിമൽറോയിയുടെ "ബീഗംഹസ്മിൻ" എന്ന സംഗീതചിത്രം തിരഞ്ഞെടുത്തിരിക്കുന്നു. ഇന്ത്യാസാംസ്കാരത്തിൽ ബിമൽറോയി തന്റെ ചിത്രവുമായി റഷ്യയിലേക്കു തിരിക്കുന്നതാണ്. ഈ ചിത്രം ക്രിസ്തുമസ്സിൽ ലൈല പന്ത്രണ്ടാംതീയതി റിലീസ് ചെയ്യുന്നതാണ്. ജീവൽപ്രശ്നങ്ങളെല്ലാം ഈ ചിത്രത്തിൽ വിദഗ്ദ്ധമായി കൈകാര്യംചെയ്തിട്ടുണ്ട്.

* * *

കിരീടധാരണമഹോത്സവംസംബന്ധിച്ച് എലിസബത്തു മഹാരാജ്ഞി ഇംഗ്ലണ്ടിലെ നടന്മാർക്കും സിനിമാപ്രവർത്തകർക്കും ബഹുമതിബിരുദങ്ങളും നൽകിയിരിക്കുന്നു. ഷേക്സ്പീയർ നാടകങ്ങളും അഭിനയിക്കുന്ന നാടകനടനായ ജോൺഗീൽഗഡിനു "നൈറ്റ് ഹുഡ്" സ്ഥാനം നൽകി. ഒരു ചലച്ചിത്രനടനായ അൽസ്റ്റീർ സിമ്മിനും ഡയാക്ടറായ ഡേവിഡ് ലീനിനും സി. ഒ. ബി. സ്ഥാനവും നൽകിയിരിക്കുന്നു.

* * *

ബോംബയിൽ ആന്ധേരി സ്റ്റുഡിയോയിൽ മുറുമീവിട്ടോൺ കമ്പനിക്കാർ നിർമ്മിക്കുന്ന മജ്ബൂരി എന്ന ചിത്രത്തിന്റെ മുഹൂർത്തകർമ്മം നിർവഹിച്ചിരിക്കുന്നു. ശ്യാമ, ബൽരാജ് സഹാനി, ജീവൻ, കുമാർഗോപു തുടങ്ങിയവർ അഭിനയിക്കുന്ന ഈ ചിത്രം റാം ഡയണി സംവിധാനംചെയ്യുന്നു.

* * *

ബോംബെടാക്കീസ് വർക്കേഴ്സ് നിർമ്മിക്കുന്ന "ബന്ധൻ" എന്ന ചിത്രത്തിന്റെ ആവശ്യത്തിലേയ്ക്കായി കടലിൽനിന്നു മത്സ്യംപിടിക്കുന്ന ചില രംഗങ്ങൾ ഷൂട്ടുചെയ്തു ചേർത്തിരിക്കുന്നു. വെറോസോവയിൽവെച്ചാണ് ഈ രംഗങ്ങൾ ഷൂട്ടുചെയ്തതു്. ദേവാനന്ദിന്റെ നേതൃത്വത്തിൽ ഒരു സംഘം മുക്കുവർ കടലിൽചെന്നു് മത്സ്യംപിടിക്കുന്നതാണ് ചിത്രീകരിച്ചിരിക്കുന്നതു്. മുക്കുവരുടെ ഒരു പാട്ടു പാടിക്കൊണ്ടാണ് മത്സ്യം പിടിക്കുവാൻ കടലിലേയ്ക്കു വഞ്ചികളിൽ അവർ തുഴഞ്ഞുപോകുന്നതു്. ഡയാക്ടർ പാണി മഞ്ജുദാരും ക്യാമറാമാൻ റോക്കിയും ആർട്ടുഡയറക്ടർ ബോജ് വാണിയുമെല്ലാം കടലിൽ ബോട്ടുകളിൽ സഞ്ചരിച്ചാണ് രംഗങ്ങളെല്ലാം ഷൂട്ടുചെയ്തിട്ടുള്ളതു്.

* * *

ബംഗാളിലെ പ്രസിദ്ധ കവിയായ രാസിനസ്സുംഇസ്ലാം ചികിത്സാർത്ഥം ഇംഗ്ലണ്ടിലേക്കു കപ്പൽകയറിയിരിക്കുന്നു. മഹാകവിയുടെ സാമ്പത്തികനില വളരെ ശോചിച്ചതാണ്. അദ്ദേഹത്തിനു് ആവശ്യമായ സാമ്പത്തികസഹായങ്ങളും ചെയ്തുകൊടുക്കുന്നതിനു് ബങ്കുളിലെ കലാപ്രേമികളും തീരുമാനിച്ചിരിക്കുന്നു. അനിൽബിശ്വാസ്, ബിമൽറോയി, നരേന്ദ്രശർമ്മാ, സുനിൽ ബിശ്വാസ് എന്നിവർ ചേർന്ന് ധനം ശേഖരിക്കുന്നതിനു് ഒരു കമ്മിറ്റിയും രൂപവൽക്കരിച്ചിട്ടുണ്ട്. ചൌധുരിയാണ് കമ്മിറ്റിയുടെ ചെയർമാൻ.

* * *

മിസിസ് സരസ്വതീബായി അവർ പത്തിരണ്ടാമത്തെ വയസ്സിൽ നാസിക്കിൽവെച്ചു് പരലോകം പ്രാപിച്ചിരിക്കുന്നു. സരസ്വതിബായി ഇന്ത്യൻ ചലച്ചിത്രവ്യവസായത്തിന്റെ പിതാവു് എന്ന അപരാഭിധാനത്താൽ അറിയപ്പെടുന്ന ദാദാസാഹിബ് ഫാൽക്കേയുടെ പത്നിയായിരുന്നു. പരേതയ്ക്ക് അഞ്ചു പുത്രന്മാരും രണ്ടു പുത്രിമാരുമുണ്ട്.

* * *

പദ്മപ്രൊഡക്ഷൻസിന്റെ "വൈമാനിക്" എന്ന ചിത്രം കല്ലൂട്ടയിൽ റിലീസ് ചെയ്തിരിക്കുന്നു. പദ്മാദേവിയാണ് ഈ ചിത്രത്തിന്റെ നിർമ്മാതാവു്. ശ്യാംചക്രവർത്തിയാണ് ചിത്രം സംവിധാനംചെയ്തിരിക്കുന്നതു്. ഭിക്കു്, ഗോയി, അശീത് ബാരൻ, മഞ്ജുദേ, കരുബീഹുപ്പു ഛാബ്രി ബിശ്വാസ്, പദ്മാദേവി, നിതീഷ് മുക്കർജി തുടങ്ങിയ പ്രഗൽഭതാരങ്ങളാണ് ഈ ചിത്രത്തിൽ അഭിനയിച്ചിട്ടുള്ളതു്. വ്യോമയാനകഥയെ ആസ്പദമാക്കിയുള്ള പ്രഥമചിത്രമാണ് "വൈമാനിക്" എന്നുള്ളതും പ്രത്യേകം പ്രസ്താവയോഗ്യമാണ്.

* * *

നേതാജി സുഭാഷ്ചന്ദ്രബോസിന്റെ ജീവചരിത്രവും ഐ. എൻ. എ. ചരിത്രവും ചേർത്ത് ഒരു ചിത്രം "നേതാജിസപ്ലസ്" എന്ന പേരിൽ ബംഗാളിൽ ടെമ്പിൾ ആഫ് ആർട്ട് എന്ന സ്ഥാപനക്കാർ നിർമ്മിച്ചുതുടങ്ങിയിരിക്കുന്നു.



# യഥാർത്ഥമായ മിൽക്ക്മെയിഡ്

## പാൽട്ടിന്നിന്റെ അടയാളം




അൻപതു വർഷക്കാലമായി മിൽക്ക്മെയിഡ് പാലിന്റെ ശാശ്വതമായ ഗുണങ്ങളെപ്പറ്റി ഇൻഡ്യൻ ജനത മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ട്. എപ്പോഴും ഏറ്റവും ഗുണമുള്ള സാധനങ്ങൾതന്നെ വാങ്ങുക. മിൽക്ക്മെയിഡ് പാൽ നിങ്ങളുടെ വിശ്വാസം ആർജ്ജിച്ചു കഴിഞ്ഞിട്ടുള്ളതാണു്.

നല്ല പാൽ ആരോഗ്യത്തിനു് അത്യന്താപേക്ഷിതമാണു്. അതിനാൽ സുരക്ഷിതമായ മിൽക്ക്മെയിഡ് പാൽ ധാരാളം കുടിക്കുക.

വിശദവിവരങ്ങൾക്കു്
"നെസ്സിൽസ്" പ്രോഡക്റ്റ്സ് (ഇൻഡ്യ) ലിമിറ്റഡ്,
പോസ്റ്റ്ബോക്സ് നമ്പർ 180, മദ്രാസ്
എന്ന വിലാസത്തിൽ എഴുതുക.


Edited, printed and pnblished by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.